# വെൺമണിപ്രസ്ഥാനം:
# ഒരു സാംസ്കാരിക പഠനം

കാലിക്കറ്റ് സർവ്വകലാശാല
മലയാള-കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

ജയശ്രീ കെ. എം.

മലയാള – കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2015

**ഡോ. വി. അനിൽകുമാർ**
പ്രൊഫസർ
മലയാള-കേരളപഠന വിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പിഎച്ച്.ഡി ബിരുദത്തിനു വേണ്ടി **ജയശ്രീ കെ.എം.** സമർപ്പിക്കുന്ന **വെൺമണിപ്രസ്ഥാനം: ഒരു സാംസ്കാരിക പഠനം** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല
26-03-2015

**ഡോ. വി. അനിൽകുമാർ**
**(അനിൽ വള്ളത്തോൾ)**

# സത്യവാചകം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി സമർപ്പിക്കുന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ല എന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാല
26-03-2015

**ജയശ്രീ കെ.എം.**

ആത്മവിശ്വാസവും ധൈര്യവും പകർന്ന് പഠനം പൂർത്തിയാക്കാൻ പ്രോത്സാഹിപ്പിച്ച അനിൽ വള്ളത്തോൾ മാഷിന്.....

എസ്.കെ.വസന്തൻ മാഷ്, ഡോ.ആദർശ്.സി എന്നിവരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾക്ക് ....

പൊന്നാനി എം.ഇ.എസ്.കോളേജ് മാനേജ്മെന്റിന്, സഹപ്രവർത്തകർക്ക്.....

കാലിക്കറ്റ് സർവ്വകലാശാല മലയാള വിഭാഗത്തിലെ ഗവേഷക സുഹൃത്തുക്കൾക്ക്....

തൃശ്ശൂർ സാഹിത്യ അക്കാദമി ലൈബ്രറി, അപ്പൻ തമ്പുരാൻ സ്മാരക ലൈബ്രറി, കോഴിക്കോട് സർവ്വകലാശാല മലയാള വിഭാഗം ലൈബ്രറി, പൊന്നാനി എം.ഇ.എസ്.കോളേജ് ലൈബ്രറി, ആലുവ യു.സി. കോളേജ് ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാർക്ക്....

ഡി.ടി.പി വർക്ക് ഭംഗിയായി ചെയ്തു തന്ന 'ബിന'യിലെ ജീവനക്കാർക്ക്........

**നന്ദി**

# ഉള്ളടക്കം


| | | പുറം |
|---|---|---|
| | ആമുഖം | 1 – 8 |
| അധ്യായം 1 | സംസ്കാരപഠനം എന്ന ആശയം | 9 – 32 |
| അധ്യായം 2 | വെൺമണിപ്രസ്ഥാനം | 33 – 77 |
| അധ്യായം 3 | മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിൽ വെൺമണി പ്രസ്ഥാനത്തിന്റെ ഇടപെടൽ | 78 – 114 |
| അധ്യായം 4 | ആധുനികതയുടെ മൂല്യാങ്കനം വെൺമണിക്കവിതകളിൽ | 115 – 201 |
| അധ്യായം 5 | പദ്യത്തിൽനിന്ന് ഗദ്യത്തിലേക്ക് | 202 – 229 |
| | ഉപസംഹാരം | 230 – 232 |
| | അനുബന്ധം 1. ശീവൊള്ളിസ്മരണ: ഇടശ്ശേരി ഗോവിന്ദൻ നായർ | 233 – 237 |
| | അനുബന്ധം 2. പ്രസ്ഥാനനായകർ<br>കോവിലകങ്ങൾ<br>കോവിലകത്തെ തമ്പുരാട്ടിമാർ | 238 – 249 |
| | അനുബന്ധം 3. ലേഖനം (ഗവേഷണ ജേർണലിൽ പ്രസിദ്ധീകരിച്ചത്) | 250 – 256 |
| | സഹായകഗ്രന്ഥങ്ങൾ | 257 – 268 |

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

# ആമുഖം

പത്തൊൻപതാം നൂറ്റാണ്ട് കേരളീയ സമൂഹ പരിസരത്തിൽ അനേകം മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച കാലമാണ്. ഫ്യൂഡൽ സാമൂഹ്യ വ്യവസ്ഥയിൽനിന്ന് കുതറിമാറി ഒരു പുതിയ സാമൂഹ്യവ്യവസ്ഥയിലേക്ക് ജനസമൂഹം ചുവട് വെയ്ക്കുന്നതും തിരുവിതാംകൂർ-കൊച്ചി-മലബാർ എന്നിങ്ങനെ മൂന്നായി പിരിഞ്ഞു കിടന്നിരുന്ന ദേശങ്ങൾ കേരളമെന്ന പൊതു ദേശരൂപീകരണത്തിന്റെ സാധ്യതകളെ അന്വേഷിക്കുന്നതും ഈ കാലഘട്ടത്തിലാണ്. നവോത്ഥാന ചിന്തകളും അതിനനുസൃതമായ പുതിയ മൂല്യബോധവും വ്യാപകമാകുന്നതും ഇക്കാലത്തുതന്നെ. ഈയൊരു സവിശേഷ സാംസ്കാരിക സന്ദർഭത്തിലാണ് മലയാള സാഹിത്യത്തിൽ വെൺമണി പ്രസ്ഥാനം രൂപപ്പെട്ടു വരുന്നത്. ഈ പ്രസ്ഥാനം സാഹിത്യരചനാപാരമ്പര്യത്തിലും ആസ്വാദന നിലവാരത്തിലും പരിവർത്തനം വരുത്തി എന്നതുപോലെ പ്രധാനമാണ് അതിനനുഗുണമായ ഒരന്തരീക്ഷം രൂപപ്പെടുത്തി എന്നതും. പാരമ്പര്യമായി നിലിനിന്നുപോന്നതിനെ പുതുതായി വളർന്നു വന്ന സാംസ്കാരിക പരിസരം മാറ്റിമറിക്കുന്നതിന്റെ തുടർച്ചയാണ് സാഹിത്യ നവോത്ഥാനത്തിന് കാരണമായ വെൺമണിപ്രസ്ഥാനത്തിന്റെ സ്ഥാപനം.

സമൂഹത്തിലെ മാറ്റം സംസ്ക്കാരത്തിലും മാറ്റം സൃഷ്ടിക്കും. മാറുന്ന സമൂഹത്തിനനുസരിച്ച് സാഹിത്യസംസ്കാരത്തിലും മാറ്റം വരുത്താനാണ് വെൺമണിക്കവികൾ ശ്രമിച്ചത് എന്ന തിരിച്ചറിവിലാണ് 'വെൺമണിപ്രസ്ഥാനം: ഒരു സാംസ്ക്കാരിക പഠനം' എന്ന വിഷയം ഗവേഷണത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

**പഠനലക്ഷ്യം**

കൊളോണിയൽ ഇടപെടലുകളുടെ ഫലമായി കേരളത്തിൽ അച്ചടി, പത്രമാധ്യമങ്ങൾ, കമ്പിത്തപാൽ, തീവണ്ടി, ഇംഗ്ലീഷ്‌വിദ്യാഭ്യാസം, കൃഷി, വ്യവസായം,

നിയമവ്യവസ്ഥ എന്നിവ വ്യാപകമാകുന്നതും പദ്യത്തിനു പകരം ഗദ്യം സാഹിത്യ ഭാഷയാകുന്നതും അവർണ്ണവിഭാഗങ്ങൾ ഉയിർത്തെഴുന്നേൽക്കുന്നതും ഒരു പൊതുമണ്ഡലം രൂപപ്പെടുന്നതും ദൂരവ്യാപകമായ മാറ്റങ്ങൾക്ക് വഴിവെക്കുന്നുണ്ട്. ഇത്തരം ഒരു സാമൂഹിക-സാംസ്കാരിക-ചരിത്ര സന്ദർഭത്തിൽ ഫ്യൂഡൽ സമുദായാംഗങ്ങളായിരുന്ന വെൺമണിക്കവികൾ സ്വീകരിച്ച പുതിയ ലോകബോധം എങ്ങനെയാണ് അവരുടെ രചനകളിൽ പ്രകടമായത് എന്ന അന്വേഷണം പഠനം ലക്ഷ്യമാക്കുന്നു. കേരളീയ സമൂഹത്തെയും കൊളോണിയൽ ആധുനികതയുടെ ഫലമായി ഉണ്ടായ നവോത്ഥാനത്തെയും ഈ കവികൾ കൃതികളിൽ എത്രമാത്രം ഉൾക്കൊണ്ടു എന്നതും പഠനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കേരളത്തിൽ വളർന്നുവന്ന പൊതുമണ്ഡലവുമായി ഇടപഴകി ദേശീയപ്രസ്ഥാനത്തിലേക്കും ദേശീയബോധത്തിലേക്കും വികസിക്കുന്ന ഒരു തലം കൂടി വെൺമണിക്കവികൾ സൃഷ്ടിച്ചതെങ്ങനെ എന്ന പരിശോധനയും പഠനം വിഭാവനം ചെയ്യുന്നു. പദ്യാധിഷ്ഠിതമായിരുന്ന മലയാള സാഹിത്യം ഗദ്യത്തിലേക്ക് വഴിമാറുമ്പോൾ ആ വികാസത്തിലേക്ക് വെൺമണിക്കവികൾ ചേർന്നുപോകുന്നതിന്റെ സാംസ്കാരിക പരിസരം കൂടി പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**പഠനത്തിന്റെ പ്രസക്തി**

വെൺമണിപ്രസ്ഥാനം എന്നത് പല തെറ്റിദ്ധാരണകൾക്കും വിധേയമായിട്ടുള്ള ഒരു സാഹിത്യപ്രസ്ഥാനമാണ്. 'മൂരിശൃംഗാരക്കാർ'എന്നത് വെൺമണിക്കവികളെക്കുറിച്ച് വ്യാപകമായി പ്രചരിക്കപ്പെട്ട ഒരഭിപ്രായമാണ്. പിന്നീട് കൊളോണിയൽ സദാചാര സങ്കല്പമനുസരിച്ച് രൂപപ്പെട്ട കേരളീയ സമുദായ വ്യവസ്ഥയിൽ ഇവരുടെ സാഹിത്യ സംഭാവനകൾ പാടേ വിസ്മരിക്കപ്പെടുകയാണുണ്ടായത്. അതുകൊണ്ടു തന്നെ വെൺമണിക്കവികളുടെ രചനകൾ സംരക്ഷിക്കാനോ അവരുടെ സംഭാവനകൾ വേണ്ടവിധത്തിൽ തിരിച്ചറിയാനോ അവരുടെ കൃതികളെ ആഴത്തിൽ പഠിക്കാനോ ആരും തയ്യാറായിട്ടില്ല. നടന്നിട്ടുള്ള പഠനങ്ങൾ അവർ

ജീവിച്ച സാമൂഹിക-സാംസ്കാരിക അന്തരീക്ഷത്തെ പരിഗണിക്കാതെ ഉള്ളതുമായിരുന്നു. കേരളീയ നവോത്ഥാനകാലത്തിന്റെ ആരംഭം അടിസ്ഥാനമായെടുത്ത് വെൺമണിക്കവികളുടെ രചനകളെയും സാംസ്കാരിക പ്രവർത്തനങ്ങളെയും സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രത്തിനനുസൃതമായി പരിശോധിക്കുന്നുവെന്നതാണ് ഈ പഠനത്തിന്റെ പ്രത്യേകത. വെൺമണിമാർ ജീവിച്ച സമൂഹവും അവരുടെ സാഹിത്യവും തമ്മിലുള്ള ബന്ധം അടയാളപ്പെടുത്താനുള്ള ശ്രമവും ഈ പഠനത്തിലുണ്ട്. മലയാള സാഹിത്യത്തിന്റെ വളർച്ചയിൽ ഏറെ പങ്കു വഹിച്ചിട്ടുള്ള വെൺമണിക്കവികളെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യവും ഈ പഠനത്തെ പ്രസക്തമാക്കുന്നു.

**പഠനമേഖല**

കൊ.വ. 1010-ാമാണ്ടിൽ കൊടുങ്ങല്ലൂർ ഗുരുകുലം കേന്ദ്രമാക്കി മലയാളഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആരംഭിച്ച പ്രസ്ഥാനമാണ് വെൺമണിപ്രസ്ഥാനം. 1050-ാമാണ്ടോടെ അഭിവൃദ്ധിപ്രാപിച്ച ഈ പ്രസ്ഥാനത്തെയും ഇതിലുൾപ്പെട്ട പ്രധാന കവികളെയും സാമാന്യമായി പരിചയപ്പെടുത്തുകയും അവർ മലയാള സാഹിത്യത്തിൽ വരുത്തിയ പരിവർത്തനങ്ങളെ സൂക്ഷ്മാംശത്തിൽ നിരീക്ഷിക്കുകയുമാണ് പൊതുവിൽ ചെയ്യുന്നത്. അതോടൊപ്പം വെൺമണിക്കവികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ സഹായിക്കുന്ന വസ്തുനിഷ്ഠമായ തെളിവ് എന്ന അർത്ഥത്തിൽ ഇവരുടെ കവിതക്കത്തുകളെയും ആശ്രയിക്കുന്നുണ്ട്. വെൺമണി മഹന്റെ *പൂരപ്രബന്ധം*, നടുവത്തച്ഛന്റെ *അഷ്ടമിയാത്ര*, നടുവം മഹന്റെ *ഗാന്ധി, ഗാന്ധിവിജയ പ്രാർത്ഥനാശതകം, ആശ്രമപ്രവേശം* എന്നീ കൃതികളെയാണ് പ്രധാനമായും പഠനത്തിനായി പരിഗണിച്ചിരിക്കുന്നത്. നവോത്ഥാന ആശയങ്ങൾ ഉൾക്കൊള്ളുന്ന കാവ്യങ്ങൾ എന്നതാണ് ഈ തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡം. വെൺമണിക്കവികളിൽ നവോത്ഥാനാശയങ്ങൾ അന്വേഷിക്കാൻ കഴിയുന്ന മറ്റ് രചനകളെയും പ്രാധാന്യമനുസരിച്ച് ഉൾക്കൊള്ളാൻ ശ്രമിച്ചിട്ടുണ്ട്.

**പൂർവ്വപഠനങ്ങൾ**

'വെൺമണിപ്രസ്ഥാനം' എന്ന വിഷയം പലതരത്തിൽ പഠനവിധേയമായിട്ടു ണ്ട്. ഇതിലെടുത്ത് പറയേണ്ടത് അകവൂർ നാരായണന്റെ *വെൺമണിപ്രസ്ഥാനം* (2000) എന്ന ഗ്രന്ഥമാണ്. ഉള്ളൂരിന്റെ *കേരള സാഹിത്യ ചരിത്രവും* (1964) കോയി പ്പിള്ളി പരമേശ്വരന്റെ *സുവർണ്ണയുഗം* (1955) എന്ന ഗ്രന്ഥവും വെൺമണിപ്രസ്ഥാ നത്തെ സമഗ്രമായി പഠനവിധേയമാക്കുന്നുണ്ട്. ചമ്പാടൻ വിജയന്റെ *വെൺമണി യുടെ പിറകെ* (1973), പി.കെ.ആര്യൻ നമ്പൂതിരിയുടെ *നടുവം കവികൾ* (1977), ശീവൊള്ളി നാരായണന്റെ (എഡി) *വെൺമണികൃതികൾ* (1991), പി.എസ്.വാര്യ രുടെ *ഒറവങ്കരയും വെൺമണിപ്രസ്ഥാനവും* (1992), കെ.ടി.രാമവർമ്മയുടെ *കുഞ്ഞി ക്കുട്ടൻതമ്പുരാൻ* (1998), എം.വി.വിഷ്ണുനമ്പൂതിരിയുടെ *കുഞ്ഞിക്കുട്ടൻതമ്പുരാൻ* (1998), അകവൂർ നാരായണന്റെ *വെൺമണി* (2005), കടലായിൽ പരമേശ്വരന്റെ *സാഹിത്യനവോത്ഥാനത്തിന് കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സംഭാവന* (2011), ടി.എൻ. സതീശന്റെ *ഒറവങ്കരക്കവിത* (2012) തുടങ്ങിയവയും ഭാഗികമായ ചില നിരീക്ഷണ ങ്ങൾ ഉൾക്കൊള്ളുന്നു.

എം.ലീലാവതിയുടെ *മലയാളകവിതാസാഹിത്യചരിത്രം* (2002), എരുമേലി പരമേശ്വരൻപിള്ളയുടെ *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ* (2006), എൻ.കൃ ഷ്ണപിള്ളയുടെ *കൈരളിയുടെ കഥ* (2002) എന്നിങ്ങനെയുള്ള സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിലും വെൺമണിപ്രസ്ഥാനത്തെകുറിച്ച് സാമാന്യമായി വിവരിക്കുന്നുണ്ട്.

വെൺമണി മഹന്റെ *പൂരപ്രബന്ധം* എന്ന കൃതിയെ മുൻനിർത്തിയുള്ള വി. സി. ശ്രീജന്റെ 'പൂരപ്രബന്ധം' (*അർത്ഥവാദങ്ങൾ,* 2006) എന്ന ലേഖനം *പൂരപ്രബ ന്ധ*ത്തെ പുതിയ കാഴ്ചപ്പാടിൽ അവതരിപ്പിക്കാനുള്ള ശ്രമമാണ്.

വെൺമണിപ്രസ്ഥാനത്തെക്കുറിച്ച് ശ്രദ്ധേയമായ മറ്റൊരു നിരീക്ഷണം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'മാതൃഭാഷ മലയാളം' എന്ന പംക്തിയിൽ പി.കെ. തിലക് 2015 ജനുവരി മുതൽ എഴുതുന്ന ലേഖനങ്ങളാണ്. വെൺമണിപ്രസ്ഥാനം

മലയാള കവിതയിൽ, വെൺമണി ഭാഷയും സംസ്കാരവും, മഹൻ നമ്പൂതിരിയും മണിപ്രവാളവും, പൂരപ്രബന്ധം ഒരു സാംസ്കാരിക രേഖ, കവിപുഷ്പമാല, ചിലങ്ക കെട്ടിയ വെൺമണി, അംബോപദേശം ചരിത്രത്തിലൂടെ, വെൺമണിയുടെ തനതുശീലുകൾ എന്നിങ്ങനെയുള്ള ലേഖനങ്ങൾ വെൺമണിപ്രസ്ഥാനത്തെ അവർ ജീവിച്ച കാലവുമായി ബന്ധപ്പെടുത്തി വിലയിരുത്തുന്നുണ്ട്. വെൺമണിപ്ര സ്ഥാനത്തെ സമഗ്രമായി ദർശിച്ചുകൊണ്ടുള്ള ഒരു സാംസ്കാരികപഠനത്തിന്റെ അനിവാര്യത വ്യക്തമാക്കുന്നതാണ് മേൽപറഞ്ഞ പഠനങ്ങളെല്ലാം.

**പഠനരീതി**

കേരളീയസമൂഹത്തിലെ നിർണ്ണായകമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച കാലഘട്ടത്തിൽ ജീവിച്ച വെൺമണിക്കവികൾ ആ മാറ്റങ്ങളോട് എങ്ങനെയാണ് പ്രതിപ്രവർത്തിച്ചത് എന്നും സമൂഹത്തിലെ പരിവർത്തനങ്ങളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട് നവോത്ഥാന പരിസരത്തെ എങ്ങനെയാണ് കാവ്യങ്ങളിൽ ആവിഷ്ക രിച്ചതെന്നും പ്രബന്ധത്തിൽ വിലയിരുത്തുന്നു. സംസ്കാരപഠന സമീപനമാണ് പഠനത്തിനായി സ്വീകരിച്ചിരിക്കുന്നത്. സാഹിത്യകൃതികളെ സമകാലിക സംസ്കാ രത്തിന്റെയും ചരിത്രത്തിന്റെയും ആവിഷ്ക്കാരമായി മനസ്സിലാക്കാൻ ശ്രമിക്കുന്നു. നവോത്ഥാനപരിസരത്തിൽ ജീവിച്ച കവികളിൽ ഓരോരുത്തരുടെയും ആവി ഷ്ക്കാര രീതികളിൽ ഓരോ തരത്തിൽ പ്രകടമായ മാറ്റങ്ങളെ തിരിച്ചറിയുകയും ഭാഷയിലും സാഹിത്യരൂപങ്ങളിലും അവർ വരുത്തിയ പരിഷ്കാരങ്ങളെ അടയാള പ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഒപ്പം നവോത്ഥാനത്തിന്റെ ആവിഷ്ക്കാരരൂപമായ ഗദ്യസാഹിത്യത്തിന്റെ വളർച്ചയിൽ വെൺമണിക്കവികൾ നൽകിയ സംഭാവനകളെ വിലയിരുത്തുവാനും ശ്രമിക്കുന്നുണ്ട്. ഇത്തരത്തിൽ കേരളീയ സമൂഹത്തിൽ വന്ന മാറ്റങ്ങളെ അടിസ്ഥാനമാക്കി വെൺമണിപ്രസ്ഥാനത്തിന്റെ വികാസപരിണാമങ്ങളെ വിശദീകരിക്കുന്ന രീതിയിലാണ് പ്രബന്ധം മുന്നോട്ട് പോകുന്നത്.

പ്രബന്ധസ്വരൂപം

ആമുഖം, ഉപസംഹാരം എന്നിവക്കു പുറമെ അഞ്ച് അധ്യായങ്ങളാണ് പ്രബന്ധത്തിൽ ഉള്ളത്. ആമുഖത്തിൽ പഠനത്തിന്റെ ലക്ഷ്യം, പഠനത്തിന്റെ പ്രസക്തി, പഠനമേഖല, പൂർവപഠനങ്ങൾ, പഠനരീതി, പ്രബന്ധസ്വരൂപം എന്നിവ വിശദീകരിക്കുന്നു.

ഒന്നാം അധ്യായത്തിൽ സംസ്കാരപഠനം എന്ന ആശയത്തെയും വെൺമണിപ്രസ്ഥാനത്തെ സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രങ്ങൾക്കനുസരിച്ച് വിലയിരുത്തേണ്ടതിന്റെ ആവശ്യകതയേയും വിശദീകരിക്കുന്നു.

വെൺമണിപ്രസ്ഥാനത്തിന്റെ ഉത്ഭവവും വളർച്ചയും അതിനുകാരണമായ കൊടുങ്ങല്ലൂർ ഗുരുകുലത്തിന്റെ സ്ഥാപനവും രണ്ടാമധ്യായത്തിൽ പരാമർശിക്കപ്പെടുന്നു. അതോടൊപ്പം വെൺമണിപ്രസ്ഥാനത്തിൽപ്പെട്ട പ്രധാനകവികളെയും അവരുടെ കൃതികളെയും ഈ അധ്യായത്തിൽ പരിചയപ്പെടുത്തുന്നുണ്ട്.

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിൽ വെൺമണിക്കവികളുടെ സംഭാവനകൾ വിലയിരുത്തുകയാണ് മൂന്നാമധ്യായത്തിൽ ചെയ്യുന്നത്. വെൺമണിക്കവികൾ കാവ്യഭാഷയിൽ വരുത്തിയ പരിഷ്ക്കാരങ്ങളും കാവ്യരൂപത്തിൽ വരുത്തിയ പരിഷ്ക്കാരങ്ങളും പ്രത്യേകം എടുത്തുപറയുന്നുണ്ട്. കാവ്യഭാഷയിൽ വരുത്തിയ പരിഷ്ക്കാരങ്ങളിലൂടെ സാഹിത്യത്തിൽ ജനാധിപത്യം സാധ്യമായതും കാവ്യരൂപത്തിൽ വരുത്തിയ പരിഷ്ക്കാരങ്ങളിലൂടെ ആത്മാവിഷ്ക്കാരത്തിനായി പുതിയ സാഹിത്യ രൂപങ്ങൾ അവതരിപ്പിക്കാൻ സാധ്യമായതും ഈ അധ്യായത്തിൽ പരാമർശിക്കുന്നു. പദ്യരൂപത്തിലുള്ള വിമർശനങ്ങൾ, യാത്രാവിവരണ കാവ്യങ്ങൾ, വർണ്ണനാത്മക കാവ്യങ്ങൾ, കഥാകാവ്യങ്ങൾ, കവിതക്കത്തുകൾ, പച്ചമലയാള കൃതികൾ എന്നീ പുതിയ കാവ്യരൂപങ്ങളെ പരിചയപ്പെടുത്തുന്നതോടൊപ്പം വെൺമണിക്കവികൾ രചിച്ച മംഗളശ്ലോകങ്ങൾ, ഛായാശ്ലോകങ്ങൾ,

ഭാഷാനാടകങ്ങൾ, പരിഭാഷകൾ എന്നിവയെയും സാമാന്യമായി ഈ അധ്യായ ത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നവോത്ഥാനാശയങ്ങളുടെ കടന്നുവരവ് കേരളത്തിലെ ജനവിഭാഗങ്ങളുടെ ജീവിതക്രമത്തിൽ വരുത്തിയ മാറ്റങ്ങളും ആ മാറ്റങ്ങളോട് വെൺമണിക്കവികൾ പുലർത്തിയ മനോഭാവവും നാലാമധ്യായത്തിൽ വിശകലന വിധേയമാക്കുന്നു. ബ്രിട്ടീഷ് ഭരണത്തോടും ഇംഗ്ലീഷ് ഭാഷയോടും ഈ കവികൾക്കുണ്ടായിരുന്ന താല്പര്യത്തേയും ബ്രിട്ടീഷുകാർ നടപ്പിൽ വരുത്തിയ പരിഷ്ക്കാരങ്ങളെ കാവ്യ ത്തിൽ അടയാളപ്പെടുത്താനുള്ള ശ്രമത്തെയും ഈ അധ്യായത്തിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. ഗാന്ധിയും സ്വാതന്ത്ര്യസമരവും ദേശീയപ്രസ്ഥാനത്തോടുള്ള ചായ്‌വും കേരളമെന്ന ദേശബോധവുമെല്ലാം എപ്രകാരമാണ് വെൺമണിക്കവിക ളിൽ പ്രകടമാകുന്നതെന്നും പിൽക്കാല മലയാള സാഹിത്യത്തിന്റെ വികാസത്തിൽ വെൺമണിക്കവികൾ വഴികാട്ടികളായതെങ്ങനെ എന്നതും ഈ അധ്യായത്തിലെ പഠനവിഷയമാണ്.

പദ്യത്തിൽനിന്ന് ഗദ്യത്തിലേക്ക് വെൺമണിക്കവികൾ ആകൃഷ്ടരായതിന്റെ സാംസ്കാരിക പശ്ചാത്തലമാണ് അഞ്ചാമധ്യായത്തിൽ വിശദീകരിക്കുന്നത്. കൊടുങ്ങല്ലൂർ ഗുരുകുലത്തിന്റെ ജനകീയ മുഖവും ഇതിൽ പരാമർശവിഷയമാകു ന്നുണ്ട്. കേരളവർമ്മപ്രസ്ഥാനം, രാജരാജവർമ്മപ്രസ്ഥാനം, മലയാള മനോരമ സ്ഥാപനം, പ്രാസവാദം, ഭാഷാപോഷിണി സഭ, ഭാരതവിലാസം സഭ എന്നിങ്ങനെ സാഹിത്യ പോഷണത്തിനായി അക്കാലത്ത് പ്രവർത്തിച്ച വ്യക്തികളെയും സ്ഥാപ നങ്ങളെയും വിശകലനം ചെയ്ത് വെൺമണിപ്രസ്ഥാന കവികൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ ഗദ്യവികാസത്തിൽ പങ്കാളികളായതിന്റെ ചരിത്രം ഈ അധ്യായ ത്തിൽ നിരീക്ഷിച്ചിട്ടുണ്ട്.

അഞ്ച് അധ്യായങ്ങളിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളെ ഉപസംഹാര ത്തിൽ ക്രോഡീകരിക്കുന്നു.

അനുബന്ധം ഒന്നിൽ ശീവൊള്ളിയെക്കുറിച്ച് ഇടശ്ശേരി ഗോവിന്ദൻ നായർ എഴുതിയ 'ശീവൊള്ളിസ്മരണ' എന്ന കവിതയും അനുബന്ധം രണ്ടിൽ പ്രസ്ഥാനനായകർ, കോവിലകങ്ങൾ, കോവിലകത്തെ തമ്പുരാട്ടിമാർ എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങളും അനുബന്ധം മൂന്നിൽ 'വെൺമണിപ്രസ്ഥാനം -സാംസ്കാരിക പഠന സമീപനം' എന്ന പഠനവും ഉൾക്കൊള്ളിച്ചിരിക്കുന്നു.

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

# അധ്യായം 1

# സംസ്കാരപഠനം എന്ന ആശയം

ലളിതമായ നിർവ്വചനങ്ങൾകൊണ്ട് വിശദീകരിക്കാനാവാത്ത വിധം സങ്കീർണ്ണമായ ആശയമാണ് സംസ്കാരം (Culture) എന്ന പദം ഉൾക്കൊള്ളുന്നത്. ഭാരതീയ പാരമ്പര്യമനുസരിച്ച് 'സംസ്കാരം' എന്നത് മനുഷ്യമനസ്സിന്റെ ഔന്നത്യത്തെയും ഗുണവിശേഷങ്ങളെയും ശുദ്ധിയേയും മഹത്വത്തെയും സൗന്ദര്യബോധത്തെയും ആത്മീയശക്തിയെയും ബൗദ്ധികമായ വികാസത്തെയും കുറിക്കുന്നു. സംസ്കാരത്തെക്കുറിച്ചുള്ള ഈയൊരു ധാരണ പാശ്ചാത്യലോകത്തും പണ്ടേ പരിചിതമായിരുന്നു എന്നത് യവനചിന്തകരുടേയും ഫ്രാൻസിസ് ബേക്കന്റെയും പ്രബന്ധങ്ങളിലെ പരാമർശങ്ങളിലൂടെ വ്യക്തമാകുന്നുണ്ട്.[1]

ഇംഗ്ലീഷിൽ വിത്തുകളെയും ചെടികളെയും സംസ്കരിച്ചെടുക്കുന്ന പ്രക്രിയയെ സൂചിപ്പിക്കാനാണ് കൾച്ചർ (Culture) എന്ന പദം ആദ്യം പ്രയോഗിച്ചു തുടങ്ങിയത്. പതിനെട്ടാം നൂറ്റാണ്ടോടെ ആത്മാവിഷ്ക്കാരത്തെ സൂചിപ്പിക്കാനും മനുഷ്യമനസ്സിന്റെ വികാസത്തെ കുറിയ്ക്കാനും കൂടി പ്രസ്തുത പദം ഉപയോഗിക്കാൻ തുടങ്ങി.

ഇന്ന് പ്രധാനമായും മൂന്ന് വ്യത്യസ്താർത്ഥങ്ങളിലാണ് ഇംഗ്ലീഷിൽ ഈ പദം പ്രയോഗിക്കുന്നത്.

ഒന്ന്: ഒരു വികസിതമായ മാനസികാവസ്ഥ (ഉദാ: സംസ്കാരമുള്ളവൻ).

രണ്ട്: ഈ അവസ്ഥയിലേക്കുള്ള വികാസ പ്രക്രിയ (ഉദാ: സംസ്കാരത്തിലുള്ള താത്പര്യം, സാംസ്കാരിക പ്രവർത്തനങ്ങൾ).

---

1 പി.പി.രവീന്ദ്രൻ. 'സംസ്കാരവും ജാതിബാധ്യതകളും', *ആധുനികാനന്തരം വിചാരം വായന* (കറന്റ് ബുക്സ്, തൃശ്ശൂർ, 1999) പുറം 85.

മൂന്ന്: ഈ പ്രക്രിയക്ക് സഹായകമാവുന്ന ഉപാധികൾ (ഉദാ: കല, മാനുഷിക ബൗദ്ധികവ്യാപാരങ്ങൾ)[2].

ഒരു ജനതയുടെ മുഴുവൻ ജീവിതരീതി (The whole way of life) എന്ന നിലയിൽ 'സംസ്കാരം' എന്ന പദത്തിന് അർത്ഥം കൈവരുന്നത് പതിനെട്ടാം നൂറ്റാണ്ടിന് ശേഷമാണ്. ഇരുപതാംനൂറ്റാണ്ടിന്റെ അവസാനദശകത്തിലാണ് പാശ്ചാത്യലോകത്ത് 'സംസ്കാരം' ഒരു പഠനവിഷയമാവുന്നത്. മഹത്തായതെന്ന് ആഘോഷിക്കപ്പെടുന്നത് മാത്രം പഠിക്കുക, സാമ്പ്രദായികമായ രീതികൾക്കകത്തു മാത്രം പഠനമേഖല പരിമിതപ്പെടുത്തുക എന്നതിൽ നിന്ന് വ്യത്യസ്തമായി അലിഖിതവും സാഹിത്യേതരവും പാരമ്പര്യേതരവുമായ ദിശകളിലേക്കു കൂടി പഠിതാക്കളുടെ ശ്രദ്ധ തിരിഞ്ഞത് ഈ കാലത്താണ്. ഏതു കൃതിയും നിലനിൽക്കുന്ന ഭൗതികസാഹചര്യങ്ങളുടെ സൃഷ്ടിയാണ് എന്ന ആശയത്തിനാണ് ഇവർ ഊന്നൽ നൽകിയത്.

സംസ്കാരത്തെ ഒരു പഠനവിഷയമെന്ന നിലയിൽ പരിഗണിക്കുന്നതിന് കാരണമായത് റിച്ചാർഡ് ഹോഗാർട്ട് ആണ്. റിച്ചാർഡ് ഹോഗാർട്ടിന്റെ *സാക്ഷരതയുടെ ഉപയോഗങ്ങൾ* (Uses of literacy) എന്ന പുസ്തകം ബ്രിട്ടനിലെ തൊഴിലാളികളിൽ സാക്ഷരതയുടെ വ്യാപനം അവരുടെ ജീവിതരീതികളിലും വിശ്രമസമയങ്ങളിലും എന്തെല്ലാം മാറ്റം വരുത്തി എന്ന് വിശദമായി പരിശോധിക്കുന്നു. ഒരു പുതിയ അവബോധം അവരുടെ സാമൂഹിക ഇടപെടലുകളിൽ ചെലുത്തിയ സ്വാധീനം അടയാളപ്പെടുത്തുക വഴി സാംസ്കാരിക പഠനത്തിന്റെ ഒരു മാതൃക കാണിക്കുകയാണ് ഹോഗാർട്ട് ചെയ്തത്.

സംസ്കാര പഠനപദ്ധതിയിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയത് റെയ്മണ്ട് വില്യംസാണ്. അദ്ദേഹത്തിന്റെ *സംസ്കാരവും സമൂഹവും* (Culture and

[2] ടി.കെ. രാമചന്ദ്രൻ, 'കേരളത്തിലെ സാംസ്കാരിക രംഗം: ഒരു മാർക്സിയൻ വിശകലനം', *കാഴ്ചയുടെ കോയ്മ*, (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006) പുറം 45.

Society) എന്ന കൃതി വ്യാവസായിക വിപ്ലവവും പുതിയ ജനാധിപത്യബോധവും ബ്രിട്ടനിലെ ഉപരിവർഗ്ഗങ്ങളുടെ ജീവിതാവസ്ഥകളിലും സാമൂഹിക സാംസ്കാരിക ബന്ധങ്ങളിലും ഉണ്ടാക്കിയ മാറ്റങ്ങൾ നിരീക്ഷിക്കുകയുണ്ടായി. അതോടൊപ്പം താഴേക്കിടയിലുള്ള ജനങ്ങളുടെ സാഹിത്യ സാംസ്കാരിക വൈജ്ഞാനികാവസ്ഥ കളെ പഠനവിധേയമാക്കാനും അദ്ദേഹം മുതിർന്നു.

ഹോഗാർട്ടും റെയ്മണ്ട് വില്യംസും സാധാരണ തൊഴിലാളികുടുംബ പശ്ചാ ത്തലത്തിൽ നിന്നും വന്നവരാണെന്നതാണ് താഴേത്തട്ടുകാരുടെ ജീവിതാനുഭവങ്ങ ളുടെ പശ്ചാത്തലത്തിലേക്ക് ഇവരുടെ ശ്രദ്ധ കടന്നുചെല്ലാനിടയാക്കിയത്.

സാംസ്കാരിക പഠനപദ്ധതി ആവിഷ്ക്കരിക്കുന്നതിന് മാർക്സിസവും സോഷ്യലിസവും റെയ്മണ്ട് വില്യംസിനെ സ്വാധീനിച്ചിരുന്നു. സാംസ്കാരിക ഭൗതികവാദം (Cultural materialism) എന്ന ആശയത്തിന് രൂപം നൽകാനിടയായ സാഹചര്യം ഇതായിരുന്നുവെന്ന് പറയാം.

ഓരോ കാലഘട്ടത്തിലെയും സാഹിത്യകൃതികളെ ചരിത്രഘട്ടങ്ങളുമായി ബന്ധപ്പെടുത്തി അവയുടെ സാംസ്കാരിക പശ്ചാത്തലത്തെ പുനർനിർമ്മിക്കു കയും അതുവഴി സാഹിത്യ നിർമാണപ്രക്രിയയെ വിശകലനം ചെയ്ത് കൃതികളെ അടയാളപ്പെടുത്തുകയും ചെയ്യാൻ വില്യംസിന്റെ ആശയങ്ങൾ സഹായിച്ചു.

സംസ്കാരപഠനത്തിൽ എടുത്തുപറയേണ്ട മറ്റൊരു പേരാണ് ഇ. പി. തോംസന്റേത്. *ഇംഗ്ലീഷ് തൊഴിലാളി വർഗ്ഗത്തിന്റെ രൂപീകരണം* (Making of the English working class, 1963) എന്ന സാംസ്കാരിക ചരിത്ര പുസ്തകം അദ്ദേഹ ത്തിന്റേതാണ്. 'വർഗ്ഗം' എന്ന സമാന അനുഭവങ്ങളും സമാനസ്വത്വവുമുള്ള ഒരു ജനസമൂഹത്തെ അവതരിപ്പിക്കുക വഴി സാമ്പത്തികാടിത്തറയിലൂന്നിയ ഒരു വർഗ്ഗ സമൂഹത്തെ സംസ്കാരസ്വരൂപമായി പരിഗണിക്കാൻ തോംസനു കഴിഞ്ഞു. കീഴാള വർഗത്തിന്റെ സംസ്കാരചരിത്രപരമായ ഈ പഠനശ്രമത്തിലൂടെ

മാർക്സിസ്റ്റ് സംസ്കാര വിചാരത്തെ പുനർനിർവചിക്കാൻ തോംസൺ ശ്രമിച്ചു. ചരിത്രപരമായ സംസ്കാര പഠനത്തിലൂടെ (Historical Cultural studies) സംസ്കാര പഠനത്തിന് കൃത്യമായ ഒരടിത്തറ ഉറപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. മാർക്സിസ്റ്റ് സാംസ്കാരിക പഠനരംഗത്ത് തോംസന്റെ സംഭാവനകൾ വിലപ്പെട്ടതാണ്.

സ്റ്റുവർട്ട് ഹാളിന്റെ ആശയങ്ങളും ഈ മേഖലയിൽ എടുത്തുപറയേണ്ടതാണ്. എഴുതിയതോ അച്ചടിച്ചതോ ആയ ഒരു പഠനത്തിൽ ഉപഗൂഹനം ചെയ്തിരിക്കുന്ന ഒന്നല്ല അർത്ഥമെന്നും അത് വായിച്ചെടുക്കുന്ന ആളുടെ രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലവും പരിശീലനവും അനുസരിച്ച് സൃഷ്ടിച്ചെടുക്കുന്ന ഒന്നാണെന്നും ഉള്ള ഹാളിന്റെ കണ്ടെത്തൽ വളരെ പ്രധാനമാണ്.

ബ്രിട്ടനിലാണ് സംസ്കാരപഠനം വികാസം പ്രാപിച്ചതെങ്കിലും ജർമനിയിലെ ഫ്രാങ്ക്ഫർട്ട് നഗരത്തിൽ 1923 ൽ സ്ഥാപിക്കപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ചുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച പലരുടെയും ആശയങ്ങൾ സാംസ്കാരിക പഠനപദ്ധതിയെ സ്വാധീനിച്ചിട്ടുണ്ട്. ഫ്രഞ്ച് മാർക്സിസ്റ്റ് ചിന്തകൻ ലൂയി അൽതുസറിന്റെ ആശയങ്ങളും ആധുനിക സാംസ്കാരിക പഠനമേഖലയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് വിപ്ലവനേതാവും ചിന്തകനുമായ അന്തോണിയോ ഗ്രാംഷിയുടെ ആശയങ്ങൾ അദ്ദേഹത്തിന്റെ മരണാനന്തരം വീണ്ടെടുക്കപ്പെടുകയും വ്യാപകമായി ചർച്ച ചെയ്യുകയുമുണ്ടായി.

ഇവരുടെയെല്ലാവരുടെയും ചിന്തകളിൽ മാർക്സിയൻ സ്വാധീനം പ്രകടമാണെങ്കിലും ഇവർ മാർക്സിസത്തെ സംസ്കാര പഠനത്തിൽ പ്രയോഗിച്ചത് വ്യത്യസ്തരീതികളിലാണ്. എന്നാൽ സമൂഹം, ചരിത്രം, രാഷ്ട്രീയം ഇവയെല്ലാം

സംസ്കാരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യത്തിൽ ഇവരെല്ലാം ഏകാഭിപ്രായക്കാരായിരുന്നു.

**സംസ്കാരവും മാർക്സിയൻ കാഴ്ചപ്പാടും:അടിത്തറ/മേൽപുര സങ്കല്പം**

> *മനുഷ്യൻ വ്യക്തി എന്ന നിലയിലും സാമൂഹ്യജീവി എന്ന നിലയിലും ഉപജീവനത്തിനായി ഏർപ്പെടുന്ന ഉത്പാദന പ്രവൃത്തികളുടെ ഘടനയാണ് അടിത്തറ. അതിനനുസരിച്ച് നിയമം, മതം, ആചാരം, മൂല്യബോധം മുതലായവ ഉൾക്കൊള്ളുന്ന മേൽപ്പുര രൂപം കൊള്ളുന്നു. മനുഷ്യപുരോഗതി ഉത്പാദനരീതികളിൽ വരുത്തുന്ന മാറ്റങ്ങൾ അനുസരിച്ച് മേൽപുരയും അതായത് സംസ്കാരവും മാറിക്കൊണ്ടിരിക്കുന്നു.*[3]

ഇതാണ് മാർക്സ് സംസ്കാരത്തിന് നൽകിയ ലളിതമായ വ്യാഖ്യാനം. പിന്നീടുള്ളവർ ഇതിനെ തെറ്റിദ്ധരിച്ച് സാമ്പത്തികാടിത്തറയുടെ മേൽ ഉയർന്നുവരുന്ന ജീവിത പ്രക്രിയയുടെ ഭാഗമായി സംസ്കാരത്തെ ബന്ധപ്പെടുത്തി. എന്നാൽ സാമ്പത്തികാടിത്തറ മാത്രമല്ല, പ്രത്യയശാസ്ത്രപരവും സാംസ്കാരികവുമായ കാരണങ്ങൾ സമൂഹത്തെ പരിവർത്തനപ്പെടുത്തുന്നതിൽ പങ്കുവഹിക്കുന്നുണ്ട് എന്നതാണ് സംസ്കാരപഠനത്തെ ശ്രദ്ധേയമാക്കുന്നത്. '*അർത്ഥശാസ്ത്ര വിമർശത്തിനൊരു സംഭാവന*' (A Contribution to the Critique of Political Economy) എന്ന ഗ്രന്ഥത്തിൽ മാർക്സ് ഇത് വിശദീകരിക്കുന്നുണ്ട്.[4]

> *സാമൂഹ്യമായ ഉത്പാദന പ്രക്രിയയിലേർപ്പെടുന്ന മനുഷ്യർക്ക് തങ്ങളുടെ ഇച്ഛയ്ക്ക് അതീതവും ഒഴിച്ചുകൂടാനാവാത്തതുമായ പര*

---

[3] പി.ഗോവിന്ദപിള്ള, 'സാംസ്കാരികപഠനം: പുതുമ, പഴമ, പ്രസക്തി', *സംസ്കാരപഠനം, ചരിത്രം, സിദ്ധാന്തം പ്രയോഗം* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2011) പുറം 38.

[4] Marx, Karl, *A Contribution to the Critique of Political Economy* (Progress Publishers, Moscow, 1982).

*സ്പരബന്ധങ്ങളിലേർപ്പടേണ്ടിവരും. ഈ ഉത്പാദനബന്ധങ്ങളാ കട്ടെ അതതുകാലത്തെ ഉത്പാദനശക്തികളുടെ വികാസത്തിന്റെ തോതനുസരിച്ചുള്ളവ ആയിരിക്കുകയും ചെയ്യും. ഈ ഉത്പാദന ബന്ധങ്ങളുടെ ആകെത്തുകയാണ് സമൂഹത്തിന്റെ സാമ്പത്തികഘ ടന. ഈ അടിത്തറക്കുമേൽ നിയമപരവും രാഷ്ട്രീയവുമായ ഒരു ഉപരിഘടന പൊന്തിവരുന്നു. സാമൂഹ്യബോധത്തിന്റെ സവിശേഷരൂ പങ്ങൾ ഇതിനോട് ഒത്തുപോകുന്നവ ആയിരിക്കും. ഭൗതിക ജീവി തത്തിലെ ഉത്പാദന രീതിയാണ്, സാമൂഹ്യ-രാഷ്ട്രീയ-ബൗദ്ധിക ജീവിതത്തെ പൊതുവെ നിർണയിക്കുക. മനുഷ്യരുടെ അസ്തിത്വം അവരുടെ ബോധത്തെ നിർണയിക്കുകയല്ല, മറിച്ച് അവരുടെ സാമൂ ഹ്യാസ്തിത്വം അവരുടെ ബോധത്തെ നിർണയിക്കുകയാണ് ചെയ്യു ന്നത്.*[5]

സാമ്പത്തികമായ അടിത്തറയും സാംസ്കാരികമായ മേൽപുരയും പരസ്പര സ്വാധീനം ചെലുത്തുകയും നിരന്തരമായി പ്രതിപ്രവർത്തിക്കുകയും ചെയ്യുമെന്നും മാർക്സ് കരുതി.

സാമൂഹിക പരിവർത്തനങ്ങളിൽ ആശയങ്ങൾക്കും പ്രത്യയശാസ്ത്രത്തിനും അധികാരഘടനകൾക്കും ഉള്ള പങ്ക് അന്റോണിയോ ഗ്രാംഷി ചർച്ചചെയ്യുന്നുണ്ട്. പ്രത്യയശാസ്ത്രം (ideology), മേൽക്കോയ്മ (hegemony) എന്നീ പരികല്പനകളി ലൂടെ ഗ്രാംഷി വിപ്ലവകരമായ സാമൂഹ്യപരിവർത്തനത്തെ അടയാളപ്പെടുത്തുന്നു. സംസ്കാരം വർഗപരമായ ആധിപത്യത്തിന്റെ ഉപകരണമായി മാറുന്നതിനെപ്പറ്റി ഗ്രാംഷി ആലോചിച്ചു. അധീശ/ഭരണവർഗം കൈവരിക്കുന്ന സാമൂഹ്യസമ്മതിയു മായി ബന്ധപ്പെടുത്തി മേൽക്കോയ്മ (hegemony) എന്ന ആശയം രൂപപ്പെടുത്തി

[5] സുനിൽ. പി. ഇളയിടം. 'സംസ്കാരവിമർശനം: മാർകിസ്റ്റ് പാഠങ്ങൾ', *സംസ്കാരപഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം*, പുറം 115.

യെടുത്തു. മേധാവിവർഗത്തിന്റെ ആശയങ്ങൾ സാമൂഹ്യാധിപത്യം കൈവരിക്കുന്നിടത്ത്, മേലാളന്മാരുടെ ലോകാവബോധത്തെ പൊതുസമൂഹത്തിന്റെ സാമൂഹ്യബോധമായി പരിവർത്തിപ്പിച്ചെടുക്കുന്ന തന്ത്രം ഗ്രാംഷി ദർശിച്ചു. ഭരണവർഗത്തിന്റെ ആശയങ്ങൾ സാമാന്യജനത്തിന്റെ ബോധമായി പരിവർത്തനം പ്രാപിക്കുന്നത് സാംസ്കാരിക മണ്ഡലത്തിൽ ചെലുത്തുന്ന പ്രേരണ നിമിത്തമാണ്. ഇത്തരത്തിൽ സംസ്കാരത്തെ വിശകലനം ചെയ്യുകയാണ് ഗ്രാംഷി ചെയ്തത്.[6]

**സംസ്കാര പഠനപദ്ധതിയുടെ വികാസം**

മാർക്സിസ്റ്റ് കലാ-സാഹിത്യനിരൂപണങ്ങളിലാണ് സാംസ്കാരിക പഠനപദ്ധതിയുടെ ആദിരൂപങ്ങൾ തെളിഞ്ഞു കാണുന്നത്. സാഹിത്യബാഹ്യമായ കാരണങ്ങൾ കൂടി വിശകലനം ചെയ്തു വേണം ഒരു സാഹിത്യകൃതിയുടെ മഹത്വം നിർണയിക്കേണ്ടത് എന്ന വാദമാണ് മാർക്സിസ്റ്റ് നിരൂപണത്തിന്റെ മുഖ്യാശയം. ഇതിനു ചുവടുപിടിച്ച് വളർന്നുവന്ന സാംസ്കാരികപഠനരീതി മാർക്സിസത്തിന്റെ ആശയാവലികൾക്കും അക്കാദമികമായ വിഷയങ്ങൾക്കും പുറത്തുചാടി പുതിയ മേഖലകൾ പഠനവിധേയമാക്കി. സംസ്കാരത്തെ പ്രയോഗമായി കാണുക എന്നതിലേക്ക് പഠനരീതി മാറി. ഓരോയിടത്തുമുള്ള രാഷ്ട്രീയ-ചരിത്ര പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സാംസ്കാരിക പഠനപദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടു. യൂറോപ്യൻ അനുഭവങ്ങളെ മുൻനിർത്തിയുള്ള സാംസ്കാരിക പഠനപദ്ധതിയിൽ നിന്നും വ്യത്യസ്തമായി പുതിയ സങ്കല്പനങ്ങളും കാഴ്ചപ്പാടുകളും സാംസ്കാരിക പഠനപദ്ധതിയെ പുതിയ രൂപപ്പെടലുകൾക്ക് നിർബന്ധിച്ചു. പാശ്ചാത്യ സംസ്കാരപഠനപദ്ധതിയെ അതേപടി അനുകരിക്കുകയല്ല, ഓരോ ദേശവും അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ചരിത്രപരവും പ്രത്യയശാസ്ത്രപരവുമായ വ്യത്യാസങ്ങൾക്കനുസരിച്ച് പഠനപദ്ധ

[6] Gramsci, Antonio, *Selection from the Prison notebooks* (Lawrence and Wishart, London, 1976).

തിയെ നവീകരിക്കുക എന്നതാണ് സാംസ്കാരിക പഠിതാവ് നേരിടുന്ന വെല്ലു വിളി.

**സംസ്കാര പഠനം മലയാളത്തിൽ**

ബ്രിട്ടനിൽ ആരംഭിച്ച് പല വഴികളിലൂടെ വ്യത്യസ്ത വ്യാഖ്യാനങ്ങളിലൂടെ വ്യത്യസ്ത നാടുകളിലൂടെ സഞ്ചരിച്ച് സംസ്കാരപഠനം എന്ന ആശയം കേരളത്തി ലെത്തുന്നത് മാർക്സിസ്റ്റ് ചിന്തകളുടെ തുടർച്ചയായിത്തന്നെയാണ്. ദേശീയ പ്രസ്ഥാനത്തിന്റെയും കർഷക പ്രസ്ഥാനത്തിന്റെയും ഭാഗമായി കേരളത്തിലെ ജാതി-ജന്മിവ്യവസ്ഥയ്ക്ക് ഇളക്കം തട്ടുകയും ജനകീയ സംസ്കാരത്തിലൂന്നിയ ഒരു സമൂഹ സൃഷ്ടിക്ക് തുടക്കം കുറിക്കുകയും ചെയ്തത് മാർക്സിസ്റ്റ് ആശയങ്ങ ളിലൂടെ വളർന്നുവന്ന പുതിയ സാമൂഹ്യബോധമാണ്. ഇടതുപക്ഷ ചിന്തകരിലൂടെ സംസ്കാരപഠനമെന്ന ആശയം ചർച്ചചെയ്യപ്പെടുകയും മലയാളത്തിൽ സജീവ മായ ചലനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഇടതുപക്ഷ ചിന്തകർ കലാ-മാധ്യമ പഠനങ്ങളിൽ സംസ്കാരപഠനത്തിന്റെ ആശയാവലികളെയും ചിന്താധാരകളെയും ഉപയോഗിച്ചു.

> *1980-കളിൽ കലാ-മാധ്യമ പഠനങ്ങളിലാണ് ഈ ചർച്ച ഇന്നുപറ യുന്ന തരത്തിലുള്ള സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രത്തിനക ത്തുവെച്ച് ആരംഭിച്ചതെന്നു പറയാം. ആശയ പ്രചരണങ്ങളിൽ നിന്ന് പാഠപഠനങ്ങളിലേക്കുള്ള ചുവടുവെയ്പ്പിന്റെ തുടക്കമാണിത്. അതിന്റേതായ പദാവലികളെയും ആശയാവലികളെയും ചിന്തക ളെയും ഇതിനായി ഉപയോഗിച്ചു. ഗ്രാംഷി, അൽതുസർ എന്നീ ചിന്തകരുടെ പേരുകൾ, പ്രത്യയശാസ്ത്രം, പുനരുത്പാദനം, അധീ ശത്വം, പുരുഷാധിപത്യം, ആൺ കാഴ്ച, മനുഷ്യകേന്ദ്രിത വാദം, സവർണത എന്നിങ്ങനെയുള്ള സങ്കല്പനങ്ങൾ ഇവയെല്ലാം ചേർന്നു പുതിയ പദകോശം രൂപപ്പെട്ടു. ഇതുൾക്കൊള്ളുന്ന സിനിമ*

*ഉൾപ്പടെയുള്ള പോപ്പുലർ കൾച്ചറിനെ സംബന്ധിച്ച പഠനങ്ങൾ എൺപതുകളിൽത്തന്നെ മലയാളത്തിൽ വന്നു*[7]

ആദ്യഘട്ടത്തിൽ തികച്ചും ഇടതുപക്ഷ രാഷ്ട്രീയസാഹചര്യങ്ങളിൽ നിന്നും രൂപപ്പെട്ടുവന്ന സാംസ്കാരിക പഠനപദ്ധതി പിന്നീട് സംസ്കാരത്തെ പാഠ്യ വസ്തു എന്ന നിലയിൽ നോക്കിക്കാണുകയും അക്കാദമികമായ താത്പര്യങ്ങൾക്ക് വഴങ്ങുന്ന ഒന്നായി രൂപം പ്രാപിക്കുകയും ചെയ്തു.

പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിൽ സംസ്കാരപഠനത്തിന് മലയാള ത്തിൽ വളരെയധികം പ്രചാരം ലഭിച്ചു. സംസ്കാര പഠനം എന്നാൽ നിലവിലുള്ള സംസ്കാര സവിശേഷതകളുടെ പഠനമല്ല. സംസ്കാരത്തെക്കുറിച്ചുള്ള പഠനം എന്ന നിലയിലാണ് ആദ്യകാലത്ത് സംസ്കാരപഠനം എന്ന ആശയം വിലയിരുത്ത പ്പെട്ടത്.

*സംസ്കാരത്തെക്കുറിച്ചുള്ള പഠനം, സംസ്കാരം എന്ന സവിശേഷ മണ്ഡലത്തെ മുൻകൂറായി വിഭാവനം ചെയ്യുന്നുണ്ട്. ഇത് കലകളും സാഹിത്യവും മറ്റും ഉൾപ്പെടുന്ന ഒന്നാവാം. ദേശീയമായ മൂല്യങ്ങളു ടേയും പാരമ്പര്യത്തിന്റെയും ലോകമാവാം. ഗോത്രാചാരങ്ങളും രക്തബന്ധങ്ങളും ഉൾപ്പെടുന്ന, അതിനോട് ചുറ്റിപ്പറ്റി നിൽക്കുന്ന ജീവിതക്രമങ്ങളുടെ മേഖലയാവാം. ഏത് നിലയിൽ മനസി ലാക്കിയാലും സംസ്കാരത്തിന്റെ സവിശേഷമണ്ഡലം ഇവിടെ വേറിട്ടുതന്നെ നില്ക്കുന്നുണ്ട്. അങ്ങനെ കലാസാഹിത്യ വിമർശന ങ്ങളെയും ദേശീയപാരമ്പര്യത്തെയും ദേശസംസ്കൃതിയെയും കുറി ച്ചുള്ള പഠനങ്ങളും നരവംശശാസ്ത്രപരമായ ഗവേഷണങ്ങളു മെല്ലാം 'സംസ്കാര'ത്തെ വെവ്വേറെ നിലകളിൽ വിശകലനം*

[7] പി.പവിത്രൻ, 'സംസ്കാരപഠനത്തിന്റെ മൂന്നാംലോകവഴി', *സംസ്കാര പഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം*, പുറം 99.

*ചെയ്യാൻ തുടങ്ങുന്നു. ഇത്തരം പഠനങ്ങൾക്ക് ഉപയുക്തമായ സൈദ്ധാന്തിക സമീക്ഷകളും രീതിപദ്ധതികളും വികസിപ്പിച്ചു കൊണ്ടുവരുന്നതിൽ ആധുനിക സാമൂഹ്യ വിജ്ഞാനവും മാനവപഠനങ്ങളും വളരെയേറെ വിജയിച്ചിട്ടുമുണ്ട്. ഇതു വഴി 'സംസ്കാര' ത്തെക്കുറിച്ചുള്ള പഠനാന്വേഷണങ്ങൾ ആധുനിക സമൂഹത്തിന്റെ വൈജ്ഞാനിക പ്രവർത്തനങ്ങളുടെ പ്രധാനഭാഗമായിത്തീരുകയും ചെയ്യുന്നു.*[8]

സംസ്കാരത്തെക്കുറിച്ചുള്ള പഠനം (Study of culture) എന്നതിൽ നിന്നു മാറി സംസ്കാരം എന്ന നിലയിലുള്ള പഠനമായി (Cultural studies) സമീപന രീതി മാറുമ്പോൾ സംസ്കാരത്തിന്റെ സവിശേഷമണ്ഡലം ഇല്ലാതാവുകയും മാനുഷികമായ ജീവിതപ്രയോഗങ്ങളെ ആകെ ഉൾക്കൊള്ളുന്ന ഒന്നായി സംസ്കാര പഠനം മാറുകയും ചെയ്യുന്നു. ഇവിടെ സംസ്കാരം ഒരു പ്രക്രിയയായി മാറുന്നു. സംസ്കാര പഠനം എന്നാൽ ജീവിതത്തിന്റെ സർവ്വ മേഖലകളെയും പ്രതിഫലിപ്പിക്കുന്ന ഒന്നായിത്തീരുന്നു. വിജ്ഞാനപ്രവർത്തനമടക്കം എല്ലാം മനുഷ്യർ തമ്മിലുള്ള ബന്ധത്തിന്റെ പശ്ചാത്തലത്തിൽ വിശദീകരിക്കപ്പെടുകയും ചെയ്യുന്നു.

*സമഗ്ര ജീവിത രീതി (The whole way of life) എന്ന് റെയ്മണ്ട് വില്യംസ് സംസ്കാരത്തെ നിർവ്വചിക്കുന്നതിലെ പ്രധാന താത്പര്യവും ഇതുതന്നെയാണ്. അങ്ങനെ വരുമ്പോൾ സംസ്കാരത്തിന്റെ വിശേഷമണ്ഡലം ഇല്ലാതാവുകയും ആശയങ്ങളും അനുഭൂതികളും സാമൂഹ്യപ്രയോഗങ്ങളും ഭൗതികാസ്പദങ്ങളുമെല്ലാം വിപുലമായ ഒരു ബന്ധവ്യവസ്ഥയ്ക്കുള്ളിൽ പരസ്പരം ആശ്രയിച്ചും പരസ്പരം പൂരിപ്പിച്ചും നിലകൊള്ളുന്നവയായിത്തീരുകയും ചെയ്യും.*

---

[8] സുനിൽ പി. ഇളയിടം. 'സംസ്കാര വിമർശം: സാധ്യതകളും ബാധ്യതകളും', ദേശാഭിമാനി, 27 നവംബർ 2011.

*സംസ്കാരം ഈ ബന്ധവ്യവസ്ഥയാണെന്നു വന്നാൽ മേൽപറഞ്ഞവ എല്ലാം തന്നെ ഈ ബന്ധവ്യവസ്ഥയിൽ പങ്കുചേർന്ന് സ്വജീവിതം കൈവരിക്കുന്നവയായിത്തീരും. ഇങ്ങനെ വിപുലമായ ഒരു ബന്ധവ്യവസ്ഥയുടെ ഭാഗമെന്ന നിലയിൽ അർത്ഥവും അസ്തിത്വവും കൈവന്ന ആശയാനുഭൂതികളെയും ജീവിതപ്രയോഗങ്ങളെയും ഭൗതിക സാമഗ്രികളെയും ആ ബന്ധവ്യവസ്ഥയിൽ ഉൾപ്പെടുത്തി പഠിക്കുകയാണ് സംസ്കാരം എന്ന നിലയിലുള്ള പഠനം. കലയും സാഹിത്യവും മുതൽ കളിയും ഭക്ഷണശീലങ്ങളും വരെയും ശാസ്ത്രവും തത്വചിന്തയും മുതൽ തെരുവ് ജാഥയും സിനിമാപോസ്റ്ററുകളും വരെയും സംസ്കാരം എന്ന ബന്ധവ്യവസ്ഥയുടെ ഭാഗമായാണ് നിലനിൽക്കുന്നതെന്ന കാഴ്ചപ്പാടാണ് ഇവിടെയുള്ളത്. ഈ ബന്ധവ്യവസ്ഥയുടെ ഭാഗമെന്ന നിലയിൽ അവയുടെ നിലനിൽപ്പിന്റെ അർത്ഥവും ചരിത്രവുമാണ് സംസ്കാര പഠനം അന്വേഷിക്കുന്നത്. അപ്പോഴാണ് അത് സംസ്കാരം എന്ന നിലയിലുള്ള പഠനമാവുക.*[9]

അഭിജാതജീവിതമൂല്യങ്ങളെ സംരക്ഷിക്കുന്ന, അവയുടെ മഹത്വം ഉദ്ഘോഷിക്കുന്ന സംസ്കാരം എന്ന ആശയത്തെ തള്ളിക്കളയുകയും ഏതു തരത്തിലുള്ള ആവിഷ്കാരത്തെയും മനുഷ്യബന്ധങ്ങളുടെ പ്രത്യക്ഷീകരണങ്ങളായി വിശദീകരിക്കുകയും അങ്ങനെ ഒരു പുതിയ സംസ്കാരവ്യവസ്ഥയെ സ്ഥാപിക്കുകയും ആണ് സംസ്കാരപഠനം ചെയ്യുന്നത്.

നാടോടിവിജ്ഞാനീയവും സ്ത്രീവാദവും ദളിത് വാദവും പരിസ്ഥിതി വിജ്ഞാനീയവും മാധ്യമപഠനവും സിനിമയും തുടങ്ങി ഏതു വിഷയവും സംസ്കാരപഠനത്തിന്റെ ഭാഗമാവുന്നത് ഇങ്ങനെയാണ്.

---

9 ടി.

**സാഹിത്യകൃതികളും സംസ്കാരപഠനവും**

ഭാഷ സംസ്കാരത്തിന്റെ പ്രകടനമാവുമ്പോൾ ഭാഷയുടെ സവിശേഷ പ്രയോഗമായ സാഹിത്യം സംസ്കാരത്തിന്റെ പ്രതിനിധാനമാവുന്നു. പരമ്പരാഗതമായ സാഹിത്യപഠനമേഖലയിൽ വിള്ളലുകളുണ്ടാക്കിക്കൊണ്ടാണ് സാംസ്കാരിക പഠനം സാഹിത്യത്തിൽ ഇടപെടുന്നത്,

> *സാംസ്കാരിക പഠനത്തിൽ ഭാഷയെന്നത് അടഞ്ഞ സ്വയംസമ്പൂർണമായ ഒരു മണ്ഡലമല്ല, ഒരു സംസ്കാരം ആവിഷ്ക്കരിക്കാനും ആശയവിനിമയത്തിനും ഉപയോഗിക്കുന്ന പലതരം സങ്കേതങ്ങളിലൊന്നാണ് ഭാഷ. ഇതുകൊണ്ടാണ് ഭാഷാകേന്ദ്രിതമായി സാഹിത്യകൃതികളെ കാണുന്ന രീതിയെ സാംസ്കാരികപഠനം കൈവെടിയുന്നത്. വാക്കുകളിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒരു രംഗത്തിന് പുറകിൽ സാംസ്കാരികമായ മറ്റു പല വിനിമയങ്ങളുമുണ്ടാകും.*[10]

ഓരോ വാക്കിന്റെയും അർത്ഥം നിർണയിക്കുന്നത് ആ വാക്കിനെ ഉത്പാദിപ്പിക്കുന്ന പരിതസ്ഥിതിയാണ്. സംസ്കാരം തന്നെ ഒരു ഭാഷയാണ്. സവിശേഷമായ സാംസ്കാരിക സാഹചര്യങ്ങളിലാണ് വ്യത്യസ്തങ്ങളായ സാഹിത്യകൃതികൾ രൂപപ്പെട്ടു വരുന്നത്. ഇത്തരം സവിശേഷസാഹചര്യങ്ങളുടെ ഉത്പന്നം എന്ന നിലയിൽ സാഹിത്യത്തെ വിലയിരുത്തുമ്പോൾ ഓരോ കാവ്യവും ചില മൂല്യങ്ങളുടെ പ്രതിനിധാനമാണെന്ന വിശ്വാസത്തിന് ഇളക്കം തട്ടുന്നു. ഓരോ കൃതിയും സവിശേഷമായ സ്ഥാനത്തിന് അർഹമായത് ഏതെല്ലാം തരത്തിലാണെന്ന് നിരീക്ഷിക്കുകയും അതിനു പിന്നിലെ സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരിക

[10] ഇ.വി. രാമകൃഷ്ണൻ, 'സാഹിത്യവും സംസ്കാരപഠനവും', *സംസ്കാര പഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം,* പുറം 200.

വുമായ മറ്റനേകം കാരണങ്ങളെ തുറന്നുകാണിക്കുകയുമാണ് സംസ്കാര പഠനം ചെയ്യുന്നത്.

ഓരോ കൃതിയും ഉന്നതമായ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്നത് കാവ്യമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ആവണമെന്നില്ല. സാഹിത്യേതരമായ മറ്റനേകം സാംസ്കാരികാവസ്ഥകൾ ഓരോ സാഹിത്യകൃതിയുടേയും മഹത്വവൽക്കരണത്തിന് (canonization) കാരണമാവും. ഭാഷകൊണ്ട് സൃഷ്ടിച്ചെടുക്കുന്ന സാഹിത്യം എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നതിന്റെ അടിസ്ഥാനത്തിലാണ് അതിന്റെ സംസ്കാരം നിർണയിക്കപ്പെടേണ്ടത്.

മലയാള സാഹിത്യചരിത്രം പരിശോധിച്ചാൽ മഹത്തായതെന്ന് കൊണ്ടാടപ്പെടുന്ന കൃതികൾ പലതും സവർണ മനോഭാവത്തെ ഉയർത്തിപ്പിടിക്കുന്നതാണെന്ന് കാണാം. ജാതിബദ്ധമായ സമൂഹത്തിൽ കീഴാളരുടേതായ രചനകൾ ഒന്നും തന്നെ അടയാളപ്പെടുത്തപ്പെട്ടിട്ടില്ല.

> *സാംസ്കാരിക മൂല്യങ്ങളുടെ സാപേക്ഷികത അവയുടെ ഭൗതിക സാഹചര്യങ്ങളുടെ സൃഷ്ടിയാണ്. വരേണ്യസംസ്കാരത്തിന്റെ കൊടിയടയാളങ്ങളായ രചനകൾ പലരും വിചാരിക്കുന്നതുപോലെ ഉദാത്തമായ മൂല്യങ്ങളിലായിരിക്കില്ല അധിഷ്ഠിതമായിരിക്കുക. അവ നിഗൂഹനം ചെയ്യുന്ന ചരിത്രസാമൂഹ്യബന്ധങ്ങളും അവയുടെ അർത്ഥതലങ്ങളെ പോഷിപ്പിക്കുന്നുണ്ട്. കൃതികൾ വാർന്നുവീണ ഭൗതിക സാഹചര്യങ്ങളെ നിഗൂഢവൽക്കരിച്ചു കൊണ്ടായിരിക്കും പലപ്പോഴും അവ കലാ സാഹിത്യചരിത്രത്തിൽ സ്ഥാനം നേടുക. സംസ്കാര പഠനത്തിന്റെ രീതി അവയെ ചരിത്ര സന്ദർഭങ്ങളിലേക്ക് പുനർവിന്യസിക്കുക എന്നതാണ്. ഒരു സമൂഹത്തിൽ എഴുത്തുകാരനുള്ള സ്ഥാനം അദ്ദേഹം അല്ലെങ്കിൽ അവർ പുലർത്തിയ മത രാഷ്ട്രീയ വിശ്വാസങ്ങൾ, എഴുത്തിന്റെ തന്നെ പ്രസാരണം നിർണ*

*യിക്കുന്ന സ്ഥാപനങ്ങളുടെ സ്വഭാവം ഇങ്ങനെ വരികൾക്കിടയിൽ കുടുങ്ങി കിടക്കും.*[11]

വരികൾക്കിടയിൽ പറയാതെ പറയുന്ന ഇത്തരം ചരിത്രവസ്തുതകളെ വില യിരുത്താനും വിശദീകരിക്കാനും ശ്രമിക്കുന്നത് ഒരു കാലഘട്ടത്തെ പുനർനിർണയം ചെയ്യാനും അതിപ്രധാനമായ പല സാംസ്കാരികാംശങ്ങളെയും വെളിയിൽ കൊണ്ടുവരാനും സഹായിക്കും. സാംസ്കാരിക നിർമിതിയുടെ ഭാഗം എന്ന നിലയിൽ സാഹിത്യകൃതികളെ പരിഗണിക്കുമ്പോൾ അതിനു പുറകിൽ പ്രവർത്തിച്ച വർഗബന്ധങ്ങളെക്കൂടി വിശകലനം ചെയ്യുകയും ആ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ അതിനെ മനസിലാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത യാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**വെൺമണിപ്രസ്ഥാനവും മലയാള സാഹിത്യവും- സാംസ്കാരിക പഠനത്തിന്റെ പ്രസക്തി**

വെൺമണിപ്രസ്ഥാനത്തിൽ ഉൾപ്പെട്ട കവികളുടെ രചനകൾക്ക് ശൃംഗാര സാഹിത്യമെന്നും അശ്ലീലസാഹിത്യമെന്നുമുള്ള ദുഷ്പേര് ഏറെ കേൾക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ മലയാള കവിതാചരിത്രത്തിൽ വെൺമണിപ്രസ്ഥാനത്തി ന്റെയും കൊടുങ്ങല്ലൂർ കളരിയുടെയും സ്ഥാനം വിസ്മരിക്കത്തക്കതല്ല. ദേശീയ നവോത്ഥാനം കേരളമൊട്ടുക്കും ചലനങ്ങൾ സൃഷ്ടിക്കുകയും സമൂഹം പല തരം മാറ്റങ്ങൾക്കും വിധേയമാകാൻ തുടങ്ങുകയും ചെയ്ത പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടിലാണ് വെൺമണി പ്രസ്ഥാനം രൂപം കൊള്ളുന്നതും പിന്നീട് നിലച്ചു പോകുന്നതും. ചുരുങ്ങിയ കാലം കൊണ്ടുതന്നെ അനേകം കൃതികളും പുതിയ സാഹിത്യരൂപങ്ങളും ഇവർ സൃഷ്ടിച്ചു.

---

[11] ടി.

ഒരു പ്രസ്ഥാനമെന്ന നിലയിൽ വിലയിരുത്തപ്പെടാൻ മാത്രം സമാനമായ കുറേ സാഹിത്യസൃഷ്ടികളുടെ സഞ്ചയം മാത്രമല്ല വെൺമണി സംഘത്തിൽപ്പെട്ട കവികളുടെ സാഹിത്യപരിശ്രമങ്ങൾ. സാംസ്കാരിക പഠനത്തിന്റെ കാഴ്ചപ്പാടിൽ ഒരു സാഹിത്യ സംരംഭവും ശൂന്യതയിൽ നിന്ന് ഉണ്ടാകുന്നതല്ല. നിലനിൽക്കുന്ന രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക-ചരിത്ര ബന്ധങ്ങളുടെ കൊടുക്കൽ വാങ്ങലുകളിൽ നിന്നാണ് സാഹിത്യരചനയ്ക്കുള്ള അസംസ്കൃത വസ്തുക്കൾ സാഹിത്യകാരന്മാർ രൂപപ്പെടുത്തിയെടുക്കുന്നത്. സാഹിത്യകാരന്മാരുടെ സാമൂഹികാനുഭവങ്ങളുടെ ഒരു ഭാഗം അവരുടെ സൃഷ്ടികളിലൂടെ ബോധപൂർവമോ അബോധപൂർവമോ ആയി വാർന്നുവീഴുന്നു.

മലയാള സാഹിത്യ ചരിത്രം പരിശോധിച്ചാൽ ചെറുശ്ശേരിക്കും രാമപുരത്തു വാര്യർക്കും എഴുത്തച്ഛനും നമ്പ്യാർക്കുമെല്ലാം കാവ്യസൃഷ്ടി നടത്താൻ പ്രേരണകൾ പലതായിരുന്നുവെന്നു കാണാം. പുരാണകഥകളാണ് ഇവരുടെയെല്ലാം വിഷയമെങ്കിലും സ്വാനുഭവങ്ങളും സാമൂഹികാനുഭവങ്ങളുമാണ് ഇവയെ വ്യത്യസ്തമായ രൂപത്തിൽ അവതരിപ്പിക്കാൻ ഇവരെ പ്രാപ്തരാക്കിയത്. വ്യത്യസ്തങ്ങളായ സാംസ്കാരിക സന്ദർഭങ്ങൾ വ്യത്യസ്തങ്ങളായ സാഹിത്യ ഗണങ്ങൾ രൂപം പ്രാപിക്കുന്നതിനു കാരണമാവുന്നു.

കുഞ്ചൻ നമ്പ്യാർക്ക് ശേഷം മലയാളകവിതയിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ വെൺമണിക്കവികൾക്ക് കഴിഞ്ഞു. ഭാഷയിലും സാഹിത്യത്തിലും ഇവരുടെ പ്രവർത്തനങ്ങൾ വിപ്ലവകരമായ സ്വാധീനം ചെലുത്തി.

സംസ്കൃതത്തിനും, ശ്രേഷ്ഠരെന്ന് അവകാശപ്പെട്ടിരുന്ന നമ്പൂതിരിമാർക്കും അനിഷേധ്യമായ സ്ഥാനം കേരളീയ സമൂഹത്തിൽ നിലനിന്നിരുന്നു. ജാതിബദ്ധമായ കേരളീയ വ്യവസ്ഥയിൽ നമ്പൂതിരിമാർ ഉയർന്ന സ്ഥാനം കയ്യാളിയിരുന്ന പശ്ചാത്തലത്തിൽനിന്നും വ്യത്യസ്തമായ ഒരു സാഹചര്യമാണ് വെൺമണിക്കവികൾ കാവ്യസൃഷ്ടി നടത്തിയിരുന്ന കാലത്ത് ഉണ്ടായത്. വെൺമണിക്കവികളും

കൊടുങ്ങല്ലൂർ ഗുരുകുലത്തിലെ തമ്പുരാക്കന്മാരുമാണ് സാഹിത്യത്തെ ഒരു പുതിയ മണ്ഡലത്തിലേക്ക് കൈപിടിച്ചുയർത്തിയത്. 'വടിവിയന്ന ചാരുകേരള ഭാഷ'യുടെ ഭംഗി അനുഭവവേദ്യമാക്കിയ കുഞ്ചൻനമ്പ്യാർ സമൂഹത്തിൽ നടമാടി യിരുന്ന അനീതികൾക്കും അസമത്വങ്ങൾക്കും എതിരെ പുരാണകഥാപശ്ചാത്തല ത്തിൽ പരിഹാസരൂപങ്ങൾ ചമച്ചപ്പോൾ അത് സമകാലിക വിമർശനത്തിന്റെ മാതൃ കയായി. ഇതിന് ഒരു തുടർച്ച ഉണ്ടായില്ല. നമ്പ്യാരുടെ കാലശേഷം രാഷ്ട്രീയരംഗത്തും ഭരണരംഗത്തും നിലനിന്ന പ്രശ്നങ്ങളാണ് ഇതിന് കാരണമാ യത്. ആകെ കലങ്ങി മറിഞ്ഞ് പ്രക്ഷുബ്ധമായ ഈ കാലഘട്ടത്തിനുശേഷം കൊടുങ്ങല്ലൂർ ആരംഭിച്ച ഗുരുകുലം ഫ്യൂഡൽപാരമ്പര്യമനുസരിച്ചുള്ള വിദ്യാ ഭ്യാസ സമ്പ്രദായം തന്നെയാണ് അനുവർത്തിച്ചത്. പക്ഷേ പിന്നീട് ഫ്യൂഡൽ സംസ്കാരത്തിൽ നിന്നും ജനകീയ സംസ്കാരത്തിലേക്കും ജനപ്രിയ സാഹിത്യ സംസ്കാരത്തിലേക്കും കവിതയെ ഇറക്കിക്കൊണ്ടുവരാൻ ഇവർക്കു സാധിച്ചു. ഇതിനു കാരണമായത് അന്ന് സമൂഹത്തിലുണ്ടായ മാറ്റങ്ങളാണ്.

ഒരു പുതിയ സമുദായം ഉദയം ചെയ്തതോടെ അതുവരെ തുടർന്നുവന്നി രുന്ന ഫ്യൂഡൽ വ്യവസ്ഥിതിയ്ക്ക് ഇളക്കം തട്ടുകയും അന്നുവരെ സമുദായത്തിൽ ഉന്നതസ്ഥാനം വഹിച്ചിരുന്ന നമ്പൂതിരിമാരും ഭൂപ്രഭുക്കന്മാരും അനഭിമതന്മാരാകു കയും ചെയ്തു. മധ്യവർഗ്ഗജനവിഭാഗങ്ങൾ രാഷ്ട്രീയ-സാംസ്കാരിക-വിദ്യാഭ്യാസ -സാമ്പത്തിക മണ്ഡലങ്ങളിൽ പ്രാമാണ്യം കൈവരിക്കാൻ തുടങ്ങിയ കാലം കൂടി യാണിത്. ഇംഗ്ലീഷ് വിദ്യാഭ്യാസം സാർവ്വത്രികമാവുകയും ജാതിമത പരിഗണനക ളില്ലാതെ സർവ്വർക്കും വിദ്യാഭ്യാസത്തിനുള്ള അവസരം ലഭ്യമാവുകയും പുതിയ ചിന്തകളും ആശയാവലികളും പ്രചരിക്കുകയും ചെയ്തതോടെ അന്നുവരെ ഉയർന്നതെന്ന് കരുതിയതെല്ലാം ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി. മാറുന്ന സാമൂ ഹ്യാവസ്ഥകൾ വെൺമണിക്കവികളിൽ സൃഷ്ടിച്ച അനുഭവങ്ങളുടെ ആവിഷ്കാര ങ്ങൾ എന്ന നിലയിലാണ് ഇവരുടെ സാഹിത്യപ്രവർത്തനങ്ങളും സാഹിത്യപോ ഷണ പ്രവർത്തനങ്ങളും വിലയിരുത്തപ്പെടേണ്ടത്. മാറുന്ന സമൂഹത്തെ ഇവർ

എങ്ങിനെയാണ് നോക്കിക്കണ്ടതെന്നും, സാമൂഹ്യചലനങ്ങളെ എങ്ങിനെയാണ് വിലയിരുത്തുകയും ഉൾക്കൊള്ളുകയും കാവ്യങ്ങളിലൂടെ പ്രതിഫലിപ്പിക്കുകയും ചെയ്തതെന്നും വിശദീകരിക്കേണ്ടതുണ്ട്.

സവർണമേധാവിത്വത്തിന്റെയും വർണവ്യവസ്ഥയുടെയും കെട്ടുപാടുക ളിൽനിന്ന് മുക്തമായി ഒരു പൊതുമണ്ഡലം അക്കാലത്ത് രൂപപ്പെടുന്നുണ്ട്. നിലനി ന്നിരുന്ന ഒരു സാംസ്കാരികാവസ്ഥയും പുതിയ ലോകപരിജ്ഞാനവും തമ്മിലുള്ള സംഘർഷമാണ് ഇത്തരത്തിൽ ഒരു പൊതുമണ്ഡലം രൂപപ്പെടാൻ ഇടയാക്കിയത്. ഈയൊരു ചരിത്രസന്ധിയിലാണ് വെൺമണിപ്രസ്ഥാനം എന്ന് പ്രസിദ്ധി നേടിയ സാഹിത്യപ്രസ്ഥാനം ഭാഷയിലും സാഹിത്യത്തിലും മാറ്റങ്ങൾക്ക് വഴികാട്ടിയായത്.

കേരളത്തിൽ ഗുരുകുലങ്ങൾ സ്ഥാപിക്കപ്പെട്ടത് നമ്പൂതിരിമാർക്ക് വേദശാ സ്ത്രപാഠങ്ങൾ അഭ്യസിക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. തിരുവല്ലശാല, തൃശ്ശൂർ ബ്രഹ്മസ്വം മഠം, തിരുനാവായ സമൂഹമഠം തുടങ്ങി പ്രശസ്തങ്ങളായ ഗുരു കുലങ്ങളേറെയും നമ്പൂതിരിമാർക്ക് പ്രാതിനിധ്യമുള്ളവയായിരുന്നു. ഇതിൽനിന്നും വ്യത്യസ്തമായി രാജകുടുംബാംഗങ്ങൾ നേരിട്ട് സ്ഥാപിച്ച ഗുരുകുലമാണ് കൊടു ങ്ങല്ലൂർ കളരി. വിദ്വാൻ ഇളയതമ്പുരാനും അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ വൈണി കൻ വലിയ തമ്പുരാനും ആണ് ഈ ഗുരുകുലത്തിന്റെ സ്ഥാപനത്തിന് പ്രചോദന കേന്ദ്രമായത്. ഇവരുടെ കാലം മുതൽക്കാണ് ഈ കോവിലകം വിദ്വൽ കേന്ദ്രമായി അറിയപ്പെടാൻ തുടങ്ങിയത്. പിന്നീട് വെൺമണി അച്ഛൻ നമ്പൂതിരിപ്പാട് ഇവി ടത്തെ അന്തേവാസിയായതോടെ ഈ പ്രസ്ഥാനം പെട്ടെന്ന് വളർന്നു പന്തലിച്ചു. യഥാർത്ഥത്തിൽ ഇവിടെ സംസ്കൃതവും വേദശാസ്ത്രങ്ങളും തന്നെയായിരുന്നു പ്രധാന പഠനവിഷയങ്ങൾ. മലയാള കാവ്യങ്ങൾ പഠനവിഷയമായിരുന്നില്ല. എന്നാൽ വിനോദത്തിനായി മലയാളത്തിലും സംസ്കൃതത്തിലും ഒരുപോലെ കാവ്യങ്ങൾ രചിക്കാൻ ഇവിടുത്തെ അന്തേവാസികൾ ശ്രമിച്ചിരുന്നു. ഇതാണ് പിന്നീട് മലയാള സാഹിത്യത്തിന്റെ വളർച്ചയ്ക്ക് മുതൽക്കൂട്ടായത്.

സംസ്കൃതഭാഷ സാംസ്കാരികാധികാരത്തിന്റെ ഭാഷകൂടിയാണ്. സാംസ്കാരിക പരിവർത്തനത്തിന് സഹായിക്കുന്ന പ്രധാന ഉപാധിയാണ് ഭാഷ. ബ്രിട്ടീഷുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിൽ നടപ്പിലാക്കിയത് കേരളീയ സംസ്കാരത്തിൽ വലിയ മാറ്റങ്ങൾ വരുത്തിയത് നമുക്കറിയാം. വെൺമണിമാർ ആദ്യം ചെയ്തത് ആഢ്യത്വത്തിന്റെ പ്രതീകമായ സംസ്കൃത ഭാഷയുടെ കാഠിന്യത്തെ ഉപേക്ഷിക്കുകയാണ്. സാഹിത്യത്തിന്റെ ഭാവവും രൂപവും പരിഷ്ക്കരിച്ചെടുക്കാൻ ഇവർ കണ്ടെത്തിയ മാർഗം തങ്ങൾക്കു ചുറ്റും കാണുന്നതിലേക്ക് ശ്രദ്ധ തിരിക്കുകയും അതെല്ലാം സാഹിത്യവിഷയമാക്കുകയുമായിരുന്നു. *തുപ്പൽക്കോളാമ്പി*[12] വരെ കവിതയ്ക്കു വിഷയമാക്കുന്നതിലൂടെ നാടൻ പദങ്ങൾക്കും നിസ്സാരമെന്നു തോന്നാവുന്ന കാര്യങ്ങൾക്കും സാഹിത്യത്തിൽ സ്ഥാനം നൽകി.

ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവരായിരുന്നില്ല ഈ കവികൾ. ഒരു പുതിയ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷിനെ അംഗീകരിക്കാനും നോവൽ പോലുള്ള പുതിയ സാഹിത്യരൂപങ്ങളെ സൂക്ഷ്മമായി പഠിക്കാനും പുതിയ മാധ്യമങ്ങളായ പത്രമാസികകളെയും തപാൽ സംവിധാനത്തെയും പുതിയ ഗതാഗതമാർഗങ്ങളെയും മറ്റുള്ളവരുമായി സംവദിക്കാൻ ലഭിച്ച അവസരങ്ങളെയും പരമാവധി പ്രയോജനപ്പെടുത്താനും ഇവർക്കു കഴിഞ്ഞു. സമൂഹത്തിലെ മാറ്റങ്ങളോട് ഒരു കാലത്തും പുറം തിരിഞ്ഞു നിന്നില്ല എന്നതാണ് വെൺമണിക്കവികളെ അക്കാലത്ത് ശ്രദ്ധേയരാക്കിയത്.

സാമൂഹികമായും സാംസ്കാരികവുമായി ഉണർവു നേടിയ ഒരു പുതിയ ജനസമൂഹത്തിനോടാണ് ഇവർക്ക് സംവദിക്കാനുണ്ടായിരുന്നത്. കോവിലകത്ത് വിജ്ഞാനം സൗജന്യമായിരുന്നു. കൊച്ചി രാജാവിന്റെ കീഴിൽ കഴിഞ്ഞിരുന്ന

[12] കുഞ്ഞിക്കുട്ടൻതമ്പുരാൻ, *തുപ്പൽക്കോളാമ്പി* (1893) തമ്പുരാൻ ഒരിക്കൽ ഗുരുവായൂരിലേക്ക് തൊഴാൻ പോയപ്പോൾ പെട്ടരഴിയം രാമനിളയതിന്റെയും മറ്റും അപേക്ഷയനുസരിച്ച് എഴുതിയ ഖണ്ഡകാവ്യം.

കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർക്ക് അവിടെനിന്നും അനുവദിച്ചു കിട്ടിയിരുന്ന സാമ്പത്തിക സഹായമായിരുന്നു വരുമാനമാർഗം. ഈയൊരവസ്ഥയിലാണ് ഗുരുകുലസമ്പ്രദായത്തിൽ വ്യത്യസ്തങ്ങളായ വിഷയങ്ങൾ വിദ്യാർത്ഥികൾക്ക് പകർന്നു നൽകിയിരുന്നത്. 'വിദ്യയ്ക്ക് അയിത്തമില്ല' എന്നൊരു മഹത്തായ ആശയമാണ് തമ്പുരാക്കന്മാരെ നയിച്ചിരുന്നത്. അതുകൊണ്ട്തന്നെ അവർണവിഭാഗത്തിൽ പെട്ട വരെയും ഇവർ പഠിപ്പിച്ചു. കേരളത്തിൽ നിലവിലുണ്ടായിരുന്ന ഗുരുകുലങ്ങളിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുകയും സ്ത്രീകൾതന്നെ ഗുരുനാഥമാരായി നിയമിക്കപ്പെടുകയും ചെയ്ത ഏക ഗുരുകുലവും ഇതായിരുന്നു.[13] ഇത് സൂചിപ്പിക്കുന്നത് വളരെ തുറന്ന മനസ്സുള്ളവരായിരുന്നു ഇവർ എന്നാണ്. പാരമ്പര്യമായി ലഭിച്ച സംസ്കൃതാഭിമാനത്തെയും ഭാഷാജ്ഞാനത്തെയും എതിർക്കുക ഇവരുടെ ലക്ഷ്യമായിരുന്നില്ല. നിലവിലുള്ള ഒന്നിനെയും തകർക്കാനും മുതിർന്നില്ല. മാറി വരുന്ന സാഹചര്യങ്ങൾക്ക് അനുസരിച്ച് സ്വയം നവീകരിക്കാൻ ഇവർ തയ്യാറായി. അതിന് ഇവരെ പ്രേരിപ്പിച്ചത് അന്നത്തെ സാമൂഹിക സാംസ്കാരികാവസ്ഥകളാണ്. ജനങ്ങളിലേക്കിറങ്ങിച്ചെല്ലാൻ ഇവർ തയ്യാറായി. ജാതിയുടെയോ മതത്തിന്റെയോ വേലിക്കെട്ടുകൾ ഇവരുടെ പ്രവർത്തനങ്ങളെ പുറകോട്ട് വലിച്ചില്ല.

സമസ്ത ജീവിതവ്യവഹാരങ്ങളും സാമൂഹ്യാസ്തിത്വവും സാമൂഹ്യബോധവും തമ്മിലുള്ള ബന്ധത്തിന്റെ പ്രകാശനങ്ങളാണ്. കൊടുങ്ങല്ലൂർ കളരിയിലെ കവികളുടെ സാമൂഹ്യബോധം എന്തായിരുന്നെന്ന് അവരുടെ പ്രവൃത്തികളിലൂടെയും കാവ്യങ്ങളിലൂടെയും തിരിച്ചറിയാം. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പാശ്ചാത്യവിദ്യാഭ്യാസം പ്രചരിക്കുകയും അഭ്യസ്തവിദ്യരുടെ സംഖ്യ വളരെയധികം വർദ്ധിക്കുകയും ചെയ്തു. ഇതിനനുസരിച്ച് സാഹിത്യ കൃതികളുടെ സ്വീകാര്യതയിലും മാറ്റം വരുന്നുണ്ട്. ഗദ്യം പ്രചരിക്കാൻ തുടങ്ങി. എന്നാൽ വെൺമണിമാർ പദ്യത്തിൽ വ്യത്യസ്തങ്ങളായ രൂപങ്ങൾ പരീക്ഷിക്കാനാണ്

[13] www.namboothiri.com K.B.Sreedevi, 'Gurukulam in Namboothiri Community', (2009 June 9).

മുതിർന്നത്. ഇതിൽ പലതും കൊടുങ്ങല്ലൂർ കളരിയിലെ കവിതാ പരിശീലന ത്തിലൂടെയാണ് വളർന്നത്. പദ്യത്തിലുള്ള യാത്രാവിവരണം, വർണ്ണനാകാവ്യങ്ങൾ, കഥാകാവ്യങ്ങൾ, കവിതക്കത്തുകൾ, എന്നിങ്ങനെ അന്നുവരെ മലയാളപദ്യസാഹി ത്യത്തിൽ ഇല്ലാതിരുന്ന സാഹിത്യ രൂപങ്ങളെ കവിതയിൽ പരീക്ഷിച്ചു. ഇതിന് പ്രചാരം ലഭിച്ചത് അന്ന് നിലവിലുണ്ടായിരുന്ന പത്രമാസികകളിലൂടെയായിരുന്നു. വാമൊഴിയിൽനിന്ന് അച്ചടിയിലേക്ക് സാഹിത്യം മാറുന്നതിന്റെ ഒരു ഘട്ടം കൂടിയാ ണിത്. അന്നുവരെയുള്ള എഴുത്തുകാർക്ക് ലഭിക്കാതിരുന്ന ഈ സൗകര്യം വെൺമണിക്കവിതകളെ ആസ്വദിക്കാൻ കേരളത്തിലങ്ങോളമിങ്ങോളമുള്ള അനു വാചകരെ സഹായിച്ചു. അന്നു നിലവിലുണ്ടായിരുന്ന മാസികകളിലെല്ലാം ഇവ രുടെ കവിത പ്രത്യക്ഷപ്പെട്ടു. പരസ്പരമുള്ള കുശലാന്വേഷണങ്ങൾ പോലും പദ്യ ത്തിന്റെ ഘടനയിലായി. മലയാള മനോരമ പത്രം, ഭാഷാപോഷിണി, വിദ്യാവിനോ ദിനി, കവനകൗമുദി, കുഞ്ഞിക്കുട്ടൻ തമ്പുരാൻ പത്രാധിപരായിരുന്ന രസിക രഞ്ജിനി മുതലായ മാസികകൾ അന്ന് കവികൾക്ക് എഴുതാനുള്ള സാഹചര്യവും പ്രോത്സാഹനവും ഒരുക്കി. എല്ലാവരോടും 'കവിതളെഴുതിക്കൂട്ടാൻ' കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആഹ്വാനം ചെയ്തു. അതനുസരിച്ച് അല്പമെങ്കിലും കവിതാവാസനയു ള്ളവർ കവിതയെഴുതാൻ തുടങ്ങി. പുരാണങ്ങൾ വിട്ട് കണ്ണിൽക്കണ്ടതിനെ യെല്ലാം കവിതാവിഷയമാക്കാൻ മാതൃക ലഭിച്ചതോടെ കവിത കൂടുതൽ ജനകീയ മാവുകയായിരുന്നു. അതോടെ കവിതയെക്കുറിച്ചും സാഹിത്യത്തെക്കുറിച്ച് പൊതു വായും ചർച്ചകൾ നടക്കുകയും പലതരം വാദപ്രതിവാദങ്ങൾകൊണ്ട് സാഹിത്യമ ണ്ഡലം സജീവമാവുകയും ചെയ്തു. സംസ്കൃതപദബഹുലമായ സാഹിത്യരചന യെക്കാൾ മലയാളത്തിന്റെ തെളിമയുൾക്കൊള്ളുന്ന രചനകൾ വായനക്കാരെ രസി പ്പിച്ചു. ഇവിടെ സാഹിത്യാസ്വാദന സംസ്കാരം മാറി വരുന്നതായി കാണാം. പത്ര മാസികകളിലൂടെ ലഭിച്ച പ്രചാരമാണ് വെൺമണിക്കാവ്യപാരമ്പര്യത്തെ സജീവമാ ക്കിയതെന്ന് പറയാം. പല കൃതികളെക്കുറിച്ചുമുള്ള അഭിപ്രായങ്ങളും വിമർശന ങ്ങളും മാസികകളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. കവികളെ പക്ഷികളോടും മൃഗ

ങ്ങളോടും ഉപമിക്കുന്ന കാവ്യങ്ങൾ, പ്രാസസംബന്ധമായി കേരളവർമ്മയും ഏ. ആറും തമ്മിൽ നടന്ന വാദകോലാഹലങ്ങൾ എന്നിവയും നോവൽ പോലുള്ള പുതിയ സാഹിത്യരൂപങ്ങളുടെ കടന്നുവരവ്, ഗദ്യത്തിന്റെ വികാസം എന്നിങ്ങനെ പാശ്ചാത്യസംസ്കാരത്തിന്റെ സ്വാധീനം മൂലം സാഹിത്യത്തിലുണ്ടായ മാറ്റങ്ങളും സാഹിത്യരംഗത്തെക്കുറിച്ച് ഒരു പുതിയ കാഴ്ചപ്പാട് ജനങ്ങളിലുണ്ടാക്കി. ഇതിന് കാരണമായത് വിദ്യാഭ്യാസത്തിന്റെ പ്രചാരം തന്നെയായിരുന്നു. ശുദ്ധ മലയാള ത്തിന്റെ ഭാഗത്തേക്കായിരുന്നു ജനങ്ങൾ കൂടുതൽ ആകൃഷ്ടരായത്.

സംസ്കൃത പദങ്ങൾ ഒട്ടും ചേർക്കാതെ പച്ചമലയാളത്തിൽ കാവ്യം രചി ക്കുക എന്ന വെല്ലുവിളി ഏറ്റെടുത്ത് ഇത്തരത്തിലുള്ള കാവ്യങ്ങളും ഈ കാലത്ത് രചിക്കപ്പെട്ടു. പച്ചമലയാള പ്രസ്ഥാനം എന്നാണ് മലയാളസാഹിത്യത്തിൽ ഇത് അറിയപ്പെട്ടത്. 'എഴുത്തച്ഛന്റെ ഭാഷാക്രമക്കണക്കിനെ' ആദരിച്ച് മലയാള പദങ്ങ ളോടൊപ്പം ലളിത സംസ്കൃത പദങ്ങളെയും വിഭക്ത്യന്തങ്ങളെയും സ്വീകരിച്ച് ഒരു പുതിയ രൂപം കൈവരിക്കുകയാണ് ചെയ്തത്.

ഭാഷയിൽ ഇവർ ചെയ്ത പരിശ്രമങ്ങൾ പലതാണ്. നാടോടി വിജ്ഞാനീയ ത്തിലും (Folklore) കുഞ്ഞിക്കുട്ടൻ തമ്പുരാനെ പോലുള്ളവർ സംഭാവനകൾ ചെയ്തിട്ടുണ്ട്. *കേരളം* മഹാകാവ്യം തുടങ്ങിയ രചനകൾ തനതായ ചരിത്രത്തെ രേഖപ്പെടുത്താനുള്ള അന്വേഷണങ്ങളുടെ ഫലമാണ്.

ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം രൂപപ്പെടുന്നതിന് മുമ്പ് കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നിങ്ങനെ മൂന്നായി പിരിഞ്ഞുകിടന്നിരുന്ന നാട്ടിൽ ഭാഷയിലും ആചാരങ്ങളിലും സംസ്കാരങ്ങളിലും വളരെ വ്യത്യാസങ്ങൾ ഉണ്ടായി രുന്നു. അക്കാലത്തെ സാഹിത്യരചനയുടെ കാര്യത്തിലും ഈ വ്യത്യാസം പ്രകട മാണ്. ഈ കാലഘട്ടത്തിൽ വടക്ക്, തെക്ക് ഭാഗങ്ങളിലെ സാഹിത്യകാരന്മാർ പര സ്പരം മത്സരബുദ്ധി വെച്ചുപുലർത്തി. വടക്ക് ഭാഗത്ത് കൊടുങ്ങല്ലൂർ കേന്ദ്രമാക്കി വെൺമണിപ്രസ്ഥാനം രൂപംകൊണ്ടപ്പോൾ തെക്ക് സംസ്കൃതപക്ഷപാതികളായ

കേരളവർമ്മ പ്രസ്ഥാനക്കാർ സാഹിത്യപരിശ്രമങ്ങളിൽ ഏർപ്പെട്ടിരുന്നു. സാഹിത്യരംഗത്ത് ഇവർ തമ്മിൽ സ്വകാര്യമായ കിടമത്സരങ്ങളും ഉണ്ടായിരുന്നു. ഭാഷാഭിമാനികളായ വെൺമണിപാരമ്പര്യക്കാരുടെ നിലയാണ് പിന്നീട് മലയാള ഭാഷാസാഹിത്യത്തിന് വഴികാണിച്ചത് എന്നത് മലയാളഭാഷയുടെ വളർച്ചയിൽ ഇവർക്കുണ്ടായിരുന്ന ദീർഘവീക്ഷണത്തിന് തെളിവാണ്.

സാഹിത്യകാരൻ കയ്യാളുന്ന ആശയസംഹിതകൾ അറിഞ്ഞോ അറിയാതെയോ എഴുത്തിൽ കടന്നുകൂടും. ആശയസംഹിതകൾ കൊണ്ടും പ്രത്യയശാസ്ത്രം കൊണ്ടും സാഹിത്യകാരൻമാർ നിർമിച്ചെടുക്കുന്ന ഉത്പന്നമാണ് സാഹിത്യകൃതി. ആശയസംഹിതകൾ വ്യത്യാസപ്പെടുന്നതിനനുസരിച്ച് സാഹിത്യസമ്പ്രദായങ്ങളിലും മാറ്റം വരുന്നു. വെൺമണിക്കവികളുടെ സാഹിത്യകൃതികൾ നിരീക്ഷിച്ചാൽ അവയിൽ നിലവിലുള്ള കാവ്യസമ്പ്രദായങ്ങളിൽ നിന്നും പരികല്പനകളിൽനിന്നും കാലികമായ പരിവർത്തനങ്ങൾ കാണാൻ സാധിക്കുന്നുണ്ട്.

ഇംഗ്ലീഷ് സാഹിത്യവുമായി തർജ്ജമ വഴിയെങ്കിലും ഇവർ പരിചയപ്പെട്ടിരുന്നു എന്നതാണ് ഒന്നാമത്തെ സംഗതി. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഹാംലറ്റ് തർജ്ജമ ഉദാഹരണമാണ്. കൊട്ടാരത്തിൽ ശങ്കുണ്ണിക്ക് തമ്പുരാനയച്ച കത്തിൽ ഇതിന്റെ പരാമർശമുണ്ട്.

''ഒരു ഭാഷയിലന്നു തീർത്ത'' ഹാംലെ-

റ്റൊരുമട്ടച്ചടി തീർന്ന വാശിയായീ[14] എന്ന് ഇതിൽ പറയുന്നു. ഒഥല്ലോ തർജ്ജമ ചെയ്തെങ്കിലും അച്ചടിച്ചില്ല.

അടുത്തത് ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനമാണ്. പ്രകടമായി ഇവരുടെ കൃതികളിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അഭിലാഷമോ സ്വാതന്ത്ര്യസമരത്തിന്റെ പടഹധ്വനികളോ കാണാനില്ലെങ്കിലും നടുവം മഹന്റെ *ഗാന്ധി, ആശ്രമപ്ര*

[14] പി.വി. കൃഷ്ണവാരിയർ (പ്രസാ), *കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസിലെ കൃതികൾ* 5 (ലക്ഷ്മീസഹായം അച്ചുകൂടം, കോട്ടക്കൽ, കൊ.വ.1103

*വേശം* എന്നീ കൃതികൾ ഗാന്ധിയോടുള്ള ഭക്തിയും സ്വാതന്ത്ര്യ സമരത്തോടുള്ള അനുഭാവവും പ്രകടിപ്പിക്കുന്നതാണ്. വള്ളത്തോളിന്റെ *എന്റെ ഗുരുനാഥൻ* എന്ന കവിതയോട് കിടപിടിക്കുന്ന ഒന്നാണ് നടുവം മഹന്റെ *ഗാന്ധി* എന്ന കവിത. ഇത്ത രത്തിലുള്ള കൃതികളെല്ലാം തന്നെ വെൺമണിപ്രസ്ഥാനത്തിന്റെ സാമൂഹ്യപ്രതിബ ദ്ധതയ്ക്ക് ഉദാഹരണമാണ്. എന്നാൽ കാലക്രമത്തിൽ ഇവയൊന്നും ശ്രദ്ധിയ്ക്ക പ്പെടാതെ പോവുകയും ചിലരുടെയെങ്കിലും കൃതികളിൽ കാണുന്ന അശ്ലീലപരാ മർശങ്ങളുടെ പേരിൽ വെൺമണിക്കവിതകൾ സാഹിത്യത്തിന്റെ സദാചാര സങ്കൽപങ്ങൾക്ക് അനഭിമതമാണെന്ന് മുദ്രകുത്തപ്പെടുകയും ചെയ്തു.

സമൂഹത്തിന്റെ വളർച്ചയെ ഒരു സാംസ്കാരിക പ്രക്രിയയായി കണക്കാ ക്കാം. സമൂഹ സംസ്കാരത്തിൽ വരുന്ന മാറ്റം കലയിലും സാഹിത്യത്തിലും ക്രമേണ പ്രതിഫലിക്കുന്നു. വെൺമണിപ്രസ്ഥാനവും ഒരു മാറ്റത്തിന്റെ സൂചകമാ ണ്.

> *സാഹിത്യ സാമൂഹ്യരംഗത്തെ ചലനങ്ങൾ നേരിട്ട് കലയിലേക്ക് കട ക്കുകയല്ല. അത് കലയിൽ പ്രതിഫലിപ്പിക്കുന്ന പ്രക്രിയ വളരെ സങ്കീർണമാണ്. സമൂഹത്തിന് പൊതുവെ ഒരു മന:സാക്ഷിയുണ്ട്. സമൂഹത്തിന്റെ ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്ന ഓരോ ഘട്ട ത്തെയും അത് പ്രതിഫലിപ്പിക്കുന്നുണ്ട്. അതിനെയാണ് നാം സാമൂ ഹ്യമന:സാക്ഷി എന്നു പറയുന്നത്. അത് ഓരോ വ്യക്തിയിലും പ്രതിഫലിക്കുക ഓരോ തരത്തിലായിരിക്കും. ഉദാഹരണമായി മല യാള സാഹിത്യത്തിലെ ആധുനികതയ്ക്ക് തുടക്കമിട്ട കൊടുങ്ങല്ലൂർ കവികളെ പരിശോധിക്കുക. അന്നവർ പ്രതിനിധാനം ചെയ്ത സാമൂ ഹ്യമന:സാക്ഷി വളരെ പതുക്കെ വളരാൻ തുടങ്ങിയ ബൂർഷ്വാസമൂ ഹമാണ്. പഴയ ജാതി ജന്മി നാടുവാഴി കാലത്ത് പതുക്കെ പതു ക്കെയായി ബൂർഷ്വാസമൂഹവും സംസ്കാരവും വളർന്നുവരികയാ*

*യിരുന്നു. അത് പ്രകടമായി കണ്ടത് ഭാഷയുടെയും സാഹിത്യത്തിന്റെയും രൂപത്തിലാണ്. കൊടുങ്ങല്ലൂർ കവികൾക്കെല്ലാമുള്ള പൊതുവേയുള്ള ഒരു സ്വഭാവം ജനങ്ങളിലേക്ക് അവർ ഇറങ്ങിച്ചെന്നു എന്നുള്ളതാണ്. ഇത് കൊടുങ്ങല്ലൂർ കവികൾക്ക് മുഴുവൻ ബാധകമാണ്. പക്ഷേ ഇത് പ്രതിഫലിക്കുന്നത് ഓരോരുത്തരിലും ഓരോ മാതിരിയാണ്. വെൺമണി അച്ഛന്റെ രീതിയല്ല വെൺമണിമഹന്റേത്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ വേറേയാണ്. കൊച്ചുണ്ണി തമ്പുരാൻ മറ്റൊരു രീതിയിലാണ്. എങ്കിലും അവരെല്ലാവരും കാവ്യഭാഷയെ ജനജീവിതത്തിന്റെ പൊതുസ്ഥലത്തേക്ക് ഇറക്കിനിർത്തിയവരാണ്. ദേവഭാഷയായ സംസ്കൃതത്തിന്റെ നാട്ടുഭരണത്തെ ചോദ്യം ചെയ്ത് മലയാള ഭാഷയെ ഉയർത്തിപ്പിടിച്ചവരാണ്.*[15]

സമൂഹത്തിലെ മാറ്റങ്ങളെ അടയാളപ്പെടുത്തുന്ന രചനകൾ എന്ന നിലയിൽ വെൺമണി പ്രസ്ഥാനം പ്രാധാന്യം അർഹിക്കുന്നു. ക്ഷണികമായ കാര്യങ്ങളെയും വസ്തുക്കളെയും സാഹിത്യരൂപങ്ങളായി ആവിഷ്ക്കരിക്കുന്ന സ്വഭാവം ഭാഷയിൽ തുടങ്ങിവെച്ചത് വെൺമണിക്കവികളാണ്. വെറും കാവ്യകൗതുകങ്ങളായി ഇവയെ നീക്കി നിർത്തിയാൽത്തന്നെയും ഒരു കാലഘട്ടത്തെ സ്വാധീനിക്കുകയും കാവ്യലോകത്തെ സജീവമായി നിലനിർത്തുകയും കാവ്യരംഗത്ത് വന്ന മാറ്റങ്ങളെ അടയാളപ്പെടുത്തുകയും ചെയ്യുന്ന ചരിത്രരേഖകളാണ് വെൺമണിക്കവിതകൾ. പറയപ്പെടാത്തതു കണ്ടെത്തുന്നതിൽ സാഹിത്യ സൃഷ്ടി വായിക്കപ്പെടുന്ന കാലത്തിനു വലിയൊരു പങ്കുണ്ട്. സാഹിത്യ സൃഷ്ടിയുടെ രൂപം, രീതി, അർത്ഥം, എന്ന രീതിയിൽ വെൺമണിക്കവിതകളെ മനസിലാക്കാൻ ശ്രമിക്കുന്നതോടൊപ്പം ചരിത്രത്തിന്റെ ഒരു 'ഉൽപന്ന'മെന്ന നിലയിൽ ഇവയെ മനസിലാക്കാനുള്ള ശ്രമം കൂടി തുടർന്നുള്ള അധ്യായങ്ങളിലൂടെ നടത്തുകയാണ്.

---

[15] കെ.ഇ. എൻ. കുഞ്ഞഹമ്മദ്. 'സാഹിത്യകലാ രംഗത്തെക്കുറിച്ച് ഇ. എം. എസ് സംസാരിക്കുന്നു', *പ്രണയം കവിത സംസ്കാരം*, (അരീന, എടപ്പാൾ, 1999) പുറം 196.

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

# അധ്യായം 2

# വെൺമണി പ്രസ്ഥാനം

സാധാരണ മനുഷ്യനെ അമ്പരപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്ന സമസ്യകൾക്കെല്ലാം ഭാവനയിലൂടെ ഉത്തരം കണ്ടെത്താനുള്ള ശ്രമങ്ങൾ എക്കാലത്തും ഏതു ദേശത്തും കാണാം. നാടോടി പാരമ്പര്യത്തെ സമ്പന്നമാക്കുന്നത് അതതു ദേശത്തു പ്രചരിച്ചുവരുന്ന പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും നാടൻ പാട്ടുകളും കഥകളുമാണ്. മഹാന്മാരായ വ്യക്തികളുടെ ഉത്ഭവത്തെക്കുറിച്ചും മനുഷ്യഭാവന ചില കഥകൾ മെനഞ്ഞെടുക്കാറുണ്ട്. തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ മഹാഭാരതയുദ്ധം നേരിൽക്കണ്ട ഗന്ധർവ്വന്റെ അവതാരമാണെന്നും അദ്ദേഹത്തിന്റെ പിതാവ് ബ്രാഹ്മണനാണെന്നുമുള്ള കഥകൾ ഇത്തരത്തിൽ പ്രചരിച്ചവയാണ്. ഭാഷാകവിതയുടെ വികാസത്തിനായി അക്ഷീണം പ്രയത്നിച്ച വെൺമണി അച്ഛൻ, മഹൻ എന്നിവരെക്കുറിച്ചും ഇങ്ങനെയൊരു കഥ പ്രചരിച്ചുവരുന്നുണ്ട്. അത് താഴെ പറയും പ്രകാരമാണ്.

പഴയ കൊച്ചിരാജ്യത്തെ വെള്ളാരപ്പിള്ളി ദേശത്ത് വെൺമണി ഇല്ലം എന്ന പ്രസിദ്ധമായ നമ്പൂതിരിഗൃഹത്തിൽ ജനിച്ച മന്ദബുദ്ധിയായ ബ്രാഹ്മണകുമാരൻ വേദാധ്യയനത്തിനായി തൃശിവപേരൂർ ബ്രഹ്മസ്വം മഠത്തിൽ എത്തി. വടക്കുംനാഥ ക്ഷേത്രത്തിലെ ശ്രീകോവിലിന്റെ ഭിത്തിയിൽ ഉണ്ടായിരുന്ന ഒരു യക്ഷിയുടെ ചിത്രത്തിൽ ആകൃഷ്ടനായ ഈ കുമാരൻ ആ യക്ഷിയുമായി രമിച്ചു. ഒടുവിൽ അധ്യയനം കഴിഞ്ഞ് അദ്ദേഹം ഇല്ലത്തേക്ക് തിരികെ പോയപ്പോൾ യക്ഷിയും കൂടെ പോന്ന് ഇല്ലത്ത് വാസമുറപ്പിച്ചു. പിന്നീട് ഈ കുമാരൻ അച്ഛന്റെ നിർബന്ധപ്രകാരം മറ്റൊരന്തർജ്ജനത്തെ വേട്ടു. അതിൽ ഉണ്ണിയുണ്ടായപ്പോൾ ആ ഉണ്ണിയുടെ ഉപനയനത്തിന് ആദ്യം ഭിക്ഷ കൊടുക്കാനാശിച്ച് അന്തർജ്ജനത്തിന്റെ വേഷത്തിലെത്തിയ യക്ഷിയെ അവിടെയുള്ളവർ തല്ലിപ്പുറത്താക്കി. ഇതിൽ മനസ്സു വിഷമിച്ച

യക്ഷി പ്രസ്തുത കുടുംബത്തെ ശപിച്ചു. ആ ശാപം ഇങ്ങനെയായിരുന്നു: ''ഇനി മൂന്നു തലമുറ കഴിഞ്ഞാൽപ്പിന്നെ ഈ തറവാട്ടിൽ ഉണ്ണിയുണ്ടായിട്ട് ഉപനയനം കഴിയ്ക്കാൻ സംഗതിയാവുകയില്ല, നിശ്ചയം തന്നെ. എന്നാൽ ഇപ്പോൾ ഒരു വ്യാഴ വട്ടത്തിലധികം കാലമായി എന്റെ സാന്നിധ്യം ഈ സ്ഥലത്ത് ഉണ്ടായിട്ടുള്ളതിന്റെ ഫലമാഹാത്മ്യം ഹേതുവായിട്ട് ഒടുവിൽ രണ്ടു തലമുറയ്ക്കുണ്ടാവുന്ന രണ്ടു പുരുഷന്മാർ സരസ്വതീപ്രസാദം കൊണ്ട് വിശ്വവിശ്രുതന്മാരായിത്തീരുകയും ചെയ്യും''.

ഐതിഹ്യമാലയിൽ കൊട്ടാരത്തിൽ ശങ്കുണ്ണി ഇക്കാര്യം സൂചിപ്പിക്കുന്നതു നോക്കുക:

> *വെൺമണി നമ്പൂരിപ്പാടന്മാരുടെ സാക്ഷാൽ തറവാട് ഇപ്പോൾ പുരുഷന്മാരില്ലാതെ ശൂന്യപ്രായമായിരിക്കുന്നത് ആ യക്ഷിയുടെ ശാപം കൊണ്ടും ഒടുവിലത്തെ തലമുറക്കാരും കൊല്ലം 1066-ാമാണ്ടു വൃശ്ചികമാസത്തിലും 1068-ാമാണ്ടു മകരമാസത്തിലുമായി ദേഹവിയോഗം ചെയ്തവരുമായ വെൺമണി അച്ഛൻനമ്പൂതിരിപ്പാടും മഹൻ നമ്പൂതിരിപ്പാടും വിശ്വവിശ്രുതന്മാരായിത്തീർന്നത് ആ യക്ഷിയുടെ അനുഗ്രഹമാഹാത്മ്യം കൊണ്ടുമാണെന്നുള്ളത് വിശേഷിച്ച് പറയണമെന്നില്ലല്ലോ. ഇപ്പോൾ ഉള്ള വെൺമണി നമ്പൂരിപ്പാടൻമാർ പണ്ടേ തന്നെ ഈ കുടുംബത്തിൽ നിന്നു പിരിഞ്ഞു പോയിട്ടുള്ള ഒരു അച്ഛൻ നമ്പൂതിരിപ്പാടിലെ ശാഖയിലുണ്ടായിട്ടുള്ളവരാണ്.*[1]

വെൺമണിമാരുടെ കവിത്വസിദ്ധിയുടെ കാരണമായി പ്രചരിച്ചുവരുന്ന ഐതിഹ്യമാണിത്. 'യക്ഷിയുടെ അനുഗ്രഹത്താൽ പ്രസിദ്ധരായിത്തീർന്ന' ഒടുവിലത്തെ വെൺമണി നമ്പൂരിപ്പാടന്മാരാണ് വെൺമണി അച്ഛനും (പരമേശ്വരൻ നമ്പൂതിരിപ്പാട്, 1817-1890) വെൺമണിമഹനും (കദംബൻ നമ്പൂതിരിപ്പാട്, 1844-1893).

[1] കൊട്ടാരത്തിൽ ശങ്കുണ്ണി. 'വെൺമണി നമ്പൂരിപ്പാടന്മാർ', *ഐതിഹ്യമാല* (കറന്റ് ബുക്സ്, തൃശ്ശൂർ, 2006) പുറം 116-21.

വെൺമണിപ്രസ്ഥാനം എന്ന് പിന്നീട് അറിയപ്പെട്ട സാഹിത്യശാഖയുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും കാരണമായത് ഇവരാണ്. ഈ സാഹിത്യപ്രസ്ഥാന ത്തിന്റെ ഉത്ഭവത്തെക്കുറിച്ചും അതിൽ കൊടുങ്ങല്ലൂർ ഗുരുകുലത്തിന്റെ പങ്കിനെ ക്കുറിച്ചും അന്വേഷിക്കുകയാണ് മുഖ്യമായും ഈ അധ്യായത്തിൽ ചെയ്യുന്നത്.

**വെൺമണിപ്രസ്ഥാനം: ഉത്ഭവവും വളർച്ചയും**

പത്തൊൻപതാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ കേന്ദ്രമാക്കി രൂപം കൊണ്ട സാഹിത്യപരിശ്രമങ്ങളാണ് വെൺമണിപ്രസ്ഥാനം എന്ന പേരിൽ പൊതുവെ വ്യവ ഹരിക്കപ്പെടുന്നത്. കൊടുങ്ങല്ലൂരിന്റെ വിദ്യാഭ്യാസസാംസ്കാരിക രംഗങ്ങളിലെ പ്രസിദ്ധി പുരാതനകാലം തൊട്ടേ അംഗീകരിയ്ക്കപ്പെട്ടിട്ടുള്ളതാണ്. പഴയകാലം മുതൽ തന്നെ ചരിത്രത്തിൽ ഇടംനേടിയിട്ടുള്ള ദേശമാണത്. പുരാതന കൊടുങ്ങ ല്ലൂർ 'അശ്മകം' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. വിദേശസഞ്ചാരികളുടെ വിവര ണത്തിൽ ഈ നഗരത്തെ 'മുസിരിസ്' എന്നാണ് പ്രതിപാദിച്ചു കാണുന്നത്. സംഘം കൃതികളിൽ മുചിരി എന്നും മറ്റു തമിഴ് സാഹിത്യകൃതികളിൽ മാകോതൈ, വഞ്ചി, കൊടുങ്കോളൂർ എന്നും ഈ ദേശത്തെ സൂചിപ്പിക്കുന്നു. പെരു മാൾ വാഴ്ചക്കാലത്ത് കുറ്റവാളികളെ കഴുവേറ്റിയിരുന്ന സ്ഥലം-കൊടുംകോളൂർ-കൊടുങ്ങല്ലൂരായി മാറിയിരിക്കണം എന്നൊരഭിപ്രായവും ഉണ്ട്.[2]

ഇന്ത്യയിലെ അക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമാണ് കൊടുങ്ങ ല്ലൂർ എന്ന് പ്ലിനി (റോമൻസഞ്ചാരി) രേഖപ്പെടുത്തുന്നു. കുലശേഖരന്മാരുടെ കാലത്ത് മഹോദയപുരമെന്നും ഈ പ്രദേശം അറിയപ്പെട്ടു.

സാഹിത്യകൃതികളിൽ ആദ്യം കൊടുങ്ങല്ലൂരിന്റെ പേര് രേഖപ്പെടുത്തിയിട്ടു ള്ളത് ഇളങ്കോഅടികളുടെ ചിലപ്പതികാരത്തിലാണ്. കൊടുങ്ങല്ലൂരിൽ വെച്ച് രചി യ്ക്കപ്പെട്ടതായി കരുതുന്ന ഈ കാവ്യം ചോള, പാണ്ഡ്യ, ചേരരാജ്യങ്ങളിൽ മൂന്നിട

---

2 സി. അച്യുതമേനോൻ. 'കൊടുങ്ങല്ലൂർ നൂറ്റാണ്ടുകളിലൂടെ', *ഭാഷാപോഷിണി* (1987, ജൂൺ-ജൂലൈ) പുറം 73.

ങ്ങളിലായി കഥ നടക്കുന്ന രീതിയിലാണ് അവതരിപ്പിക്കുന്നത്. കോവലനും കണ്ണകിയും മുഖ്യകഥാപാത്രങ്ങളായ ഈ കാവ്യത്തിൽ കണ്ണകിയുടെ മഹത്വം തിരിച്ചറിഞ്ഞ ചേരൻ ചെങ്കുട്ടവൻ ചേരരാജ്യമായ കൊടുങ്ങല്ലൂരിൽ കണ്ണകീപ്രതിഷ്ഠ നടത്തിയെന്നും പറയുന്നു. ഈ കണ്ണകിയാണ് കൊടുങ്ങല്ലൂർ ഭഗവതി എന്നത്രെ വിശ്വാസം.

ഇളങ്കോഅടികളുടെ ചിലപ്പതികാരകഥയിൽ ചേരതലസ്ഥാനമായ വഞ്ചിയെക്കുറിച്ചുള്ള വർണനയിൽ വഞ്ചി സർവകലാശാലയെക്കുറിച്ചുള്ള വിവരണങ്ങൾ കാണുന്നുണ്ട്.

ക്ഷേത്രത്തിനു തൊട്ടുകിടക്കുന്ന പള്ളിക്കൂടത്തിൽ പഠിപ്പിച്ചിരുന്ന വിജ്ഞാനശാഖകളെക്കുറിച്ചുള്ള വിവരണത്തിൽ

''ഉലകായതമേ പൗത്തം
ചാങ്കിയം നൈയായികം
വൈചേടികം, മീമാഞ്ചകം'' എന്നിങ്ങനെ അവിടത്തെ പഠനവിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു.

ഇവ ലോകായതം, ബൗദ്ധം, സാംഖ്യം, ന്യായം, വൈശേഷികം, മീമാംസകം എന്നീ ആറ് ദർശനങ്ങളാണ്. ഇവയെല്ലാം അതീവപ്രാധാന്യത്തോടെ ഇവിടെ പഠിപ്പിച്ചിരുന്നു എന്നും വഞ്ചിയുടെ മഹത്വം ദക്ഷിണേന്ത്യ മുഴുവൻ വ്യാപിച്ചിരുന്നു എന്നും കാവ്യം സൂചന നൽകുന്നുണ്ട്. ഒരു വിജ്ഞാനകേന്ദ്രം എന്ന നിലയിലും വ്യാപാരകേന്ദ്രം എന്ന നിലയിലും കൊടുങ്ങല്ലൂരിന്റെ പ്രശസ്തി പണ്ടുമുതൽ തന്നെ അംഗീകരിക്കപ്പെട്ടിരുന്നു. പെരുമാക്കളുടെ ഭരണകാലത്തും കൊടുങ്ങല്ലൂർ വൈദേശികബന്ധം കൊണ്ടും കലകളുടെയും സാഹിത്യത്തിന്റെയും പൗഷ്കല്യംകൊണ്ടും പ്രശസ്തി നേടിയിരുന്നു.

കേരളത്തിൽ പെരുമാൾ ഭരണം സ്ഥാപിക്കുന്നത് തൊട്ട് കൊടുങ്ങല്ലൂരിന്റെ രാഷ്ട്രീയസാംസ്കാരിക ചരിത്രം പ്രാധാന്യം ആർജിക്കുകയുണ്ടായി. കേരളത്തിൽ അന്ത:ഛിദ്രങ്ങൾ പെരുകിയപ്പോൾ പരിഹാരത്തിനായി പുറമേ നിന്ന് ഒരു ക്ഷത്രി യനെ ക്ഷണിച്ചുകൊണ്ടു വന്ന് പന്ത്രണ്ട് കൊല്ലക്കാലം പെരുമാളായി അവരോധി ക്കുന്ന കീഴ്‌വഴക്കം തുടങ്ങി. തിരുനാവായ മണൽപ്പുറത്തുവെച്ച് ഓരോ പന്ത്രണ്ടു വർഷം കൂടുമ്പോഴും പുതിയ ഭരണാധികാരിയെ അവരോധിക്കുന്ന ഈ നിയമ ത്തോടെയാണ് കേരളത്തിൽ പെരുമാൾ ഭരണം ആരംഭിച്ചതെന്ന് പറയപ്പെടുന്നു. ക്രിസ്തുവർഷാരംഭത്തിനു മുമ്പ് കേരളത്തിൽ പെരുമാൾ ഭരണം തുടങ്ങി. ആദ്യം അവർ പൊന്നാനിയുടെയും കൊടുങ്ങല്ലൂരിന്റെയും ഇടയിലുള്ള കടൽക്കരയിൽ ആണ് സ്ഥാനമുറപ്പിച്ചത്. ഇന്ന് വന്നേരിനാട് എന്നറിയപ്പെടുന്ന സ്ഥലത്താണ് പെരുമാക്കന്മാർ വന്ന് സ്വരൂപം സ്ഥാപിച്ചതെന്നും ഇവർ വന്നു കയറിയതുകൊ ണ്ടാണ് ആ നാടിന് വന്നേറി (വന്നേരി) എന്ന നാമം ലഭിച്ചതെന്നും ഒരഭിപ്രായമു ണ്ട്. ഇവരുടെ സ്വരൂപം പെരുമ്പടപ്പ് എന്നും അറിയപ്പെട്ടു. മലയാളത്തിലെ സകല ക്ഷത്രിയരുടെയും മൂലം വന്നേരിയാണെന്ന് കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻ തമ്പു രാൻ 'കേരളം' എന്ന ചരിത്രകാവ്യത്തിൽ പരാമർശിക്കുന്നുണ്ട്.[3] ഇങ്ങനെ ആദ്യ മായി വന്ന പെരുമാളുടെ വംശത്തിൽപ്പെട്ടവരാണ് കൊടുങ്ങല്ലൂർ കോവിലകാംഗ ങ്ങൾ എന്നാണ് കരുതുന്നത്.

> *കപ്പൽക്കച്ചവടത്തിന്റെ സൗകര്യം നോക്കിയിട്ടാവണം പെരുമാക്ക ന്മാർ കടൽക്കരയിൽ സ്ഥാനം പിടിച്ചത്. അവർ രുചിഭേദമനുസരിച്ച് പിന്നെ തെക്കോട്ടു നീങ്ങി ചേറ്റുവാ മണൽപ്പുറം, മതിലകം മുത ലായ പല സ്ഥലങ്ങളിലും താമസിച്ചിട്ടുള്ളതിനു തെളിവുകളുണ്ട ത്രേ. ഒടുവിൽ അവർ കൊടുങ്ങല്ലൂരാണ് സ്ഥിരമായി താമസമുറപ്പിച്ച*

---

[3] കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ. *കേരളം* (ദേവി ബുക്ക് സ്റ്റാൾ കൊടുങ്ങ ല്ലൂർ, 2008).

''വന്നേരി നാട്ടിനകമാണിഹ കോവിലന്മാർ
വന്നേറിയാൽ കുടിയിരുപ്പതു മുൻമുതൽക്കേ.''

*ത്. അങ്ങനെ പെരുമാൾ ഭരണകാലത്തോളം പഴക്കമുണ്ട് കൊടുങ്ങ ല്ലൂർ കോവിലകത്തിന്-രാജഗൃഹത്തിന്.*[4]

ഈ കോവിലകം വ്യത്യസ്തകാലഘട്ടങ്ങളിൽ ഭാഷയ്ക്കും സാഹിത്യ ത്തിനും ചെയ്തിട്ടുള്ള സേവനങ്ങൾ സ്മരണീയമാണ്. ഇതിൽ ഒന്നാംഘട്ടം ക്രിസ്തുവർഷം രണ്ടാംനൂറ്റാണ്ടിൽ പെരുമാളായി വാണിരുന്ന ചേരൻ ചെങ്കുട്ടവന്റെ അനുജൻ ഇളങ്കോ അടികളുടെ ചിലപ്പതികാര രചനയാലാണ് ശ്രദ്ധേയമാകുന്നത്. മലയാളിയായ ഒരു കവി രചിച്ച തമിഴ്കാവ്യം എന്ന നിലയിൽ ഈ കാവ്യം പ്രത്യേകം പ്രാധാന്യം അർഹിക്കുന്നുണ്ട്.

രണ്ടാംഘട്ടം കൊല്ലവർഷാരംഭത്തിനടുത്ത് മഹോദയപുരം കേന്ദ്രമാക്കി കേരളം വാണ കുലശേഖരവർമ്മയുടെ കാലമാണ്. തപതീസംവരണം, സുഭദ്രാധന ഞ്ജയം എന്നീ സംസ്കൃതകാവ്യങ്ങളും മുകുന്ദമാല എന്ന സ്തോത്രകൃതിയും രചിച്ച കുലശേഖരൻ ഇദ്ദേഹമാണെന്ന് കരുതുന്നു. ഇദ്ദേഹത്തിന്റെ സദസ്യനായ തോലന്റെ പ്രാധാന്യം എടുത്തു പറയേണ്ടതുണ്ട്. ശുദ്ധമലയാള ഭാഷയിൽ കൂടിയാ ട്ടത്തിനായി തോലൻ നിർമ്മിച്ച ശ്ലോകങ്ങൾ മലയാളഭാഷയിലെ ഇത്തരം പരിശ്രമ ങ്ങളിൽ ഒറ്റപ്പെട്ടു നിൽക്കുന്നു. സംസ്കൃതഭാഷയെയും വ്യാകരണനിയമങ്ങളെയും പരിഹസിക്കുന്ന അനേകം ശ്ലോകങ്ങൾ തോലന്റെ പേരിൽ പ്രചരിക്കുന്നുണ്ട്. മല യാളഭാഷയെ അരങ്ങിൽ അവതരിപ്പിക്കാൻ ശ്രമിച്ച ഒന്നാമത്തെ കവി ഇദ്ദേഹമാ ണെന്നു പറയാം.

കൊടുങ്ങല്ലൂർ കോവിലകത്തെ തമ്പുരാക്കന്മാർ നേരിട്ട് ഭാഷാപോഷണശ്രമ ത്തിൽ പങ്കാളികളാവുന്ന കാലമാണ് അടുത്തത്. കൊടുങ്ങല്ലൂരിന്റെ രാഷ്ട്രീയമായ സ്വയംഭരണാധികാരം ക്ഷയോന്മുഖമായിക്കൊണ്ടിരുന്ന ഒരു കാലഘട്ടം കൂടിയായി രുന്നു അത്.

---

4 കെ.പി.നാരായണപ്പിഷാരടി, 'കൊടുങ്ങല്ലൂർ കോവിലകം' *ഭാഷാപോഷിണി* (1987, ജൂൺ -ജൂലൈ) പുറം 66.

ചേരതലസ്ഥാനം കൊല്ലത്തേക്കു മാറ്റിയതോടുകൂടിത്തന്നെ കൊടുങ്ങല്ലൂരിന്റെ പ്രതാപൈശ്വര്യങ്ങൾ അസ്തമിച്ചു. പിന്നീട് ക്രി.പി.14-ാം നൂറ്റാണ്ടിൽ അതായത് ഏ.ഡി 1341ൽ പെരിയാറ്റിലുണ്ടായ ഒരു വലിയ വെള്ളപ്പൊക്കത്തിന്റെ ഫലമായി കൊടുങ്ങല്ലൂർ അഴി മണ്ണു വന്ന് അടഞ്ഞുപോവുകയും പെരിയാർ തെക്കോട്ടൊഴുകി കൊച്ചിയിൽ ഒരു പുതിയ അഴി ഉണ്ടാകുകയും ചെയ്തതോടെ കൊടുങ്ങല്ലൂരിന്റെ വ്യാപാരപ്രാധാന്യം നശിച്ച് ആ സ്ഥാനത്തു കൊച്ചി തുറമുഖം ഉയരുകയും ചെയ്തു.

പെരുമാക്കന്മാരുടെ പതനത്തിനു ശേഷം കൊടുങ്ങല്ലൂർ കുറേക്കാലം പെരുമ്പടപ്പ് സ്വരൂപത്തിന്റെ അതായത് കൊച്ചിരാജവംശത്തിന്റെ ആസ്ഥാനമായി വർത്തിച്ചു. പതിനഞ്ചാം നൂറ്റാണ്ടിൽ അവർ അതുപേക്ഷിച്ച് കൊച്ചിയിലേക്ക് തലസ്ഥാനം മാറ്റി. പിന്നീട് വളരെക്കാലം കൊടുങ്ങല്ലൂരിനുവേണ്ടി കൊച്ചിയും സാമൂതിരിപ്പാടും തമ്മിൽ പല യുദ്ധങ്ങളും നടന്നു. ആ സമയത്തൊക്കെ ആദ്യം പോർച്ചുഗീസുകാരും പിന്നീട് ഡച്ചുകാരും ഈ യുദ്ധങ്ങളിൽ ഇടപെട്ടുകൊണ്ടിരുന്നു. കൊടുങ്ങല്ലൂർ ദ്വീപ് ഈ കാലമത്രയും പടിഞ്ഞാറ്റേടത്തു സ്വരൂപം എന്ന ഒരു വംശത്തിന്റെ കീഴിലുള്ള ഒരു കൊച്ചു രാജ്യമായി നിലകൊണ്ടു. സ്വശക്തി ഇല്ലാത്തതിനാൽ ഇവർക്കു പലപ്പോഴും സാമൂതിരിയേയും മറ്റു ചിലപ്പോൾ കൊച്ചിയെയും അനുകൂലിക്കേണ്ടി വന്നു. ഒടുവിൽ ഇംഗ്ലീഷുകാർ കേരളത്തിൽ അവരുടെ ആധിപത്യം സ്ഥാപിച്ചതോടെ കൊടുങ്ങല്ലൂർ കൊച്ചിയോടു ചേരുകയും ഏതാനും കാര്യങ്ങളിൽ സ്വയംഭരണാവകാശമുള്ള ഒരു കൊച്ചുരാജ്യമായി വർത്തിക്കുകയും ചെയ്തു. ഇതാണ് കൊടുങ്ങല്ലൂരിന്റെ സംക്ഷിപ്തചരിത്രം.[5]

---

[5] സി. അച്യുതമേനോൻ. 'കൊടുങ്ങല്ലൂർ നൂറ്റാണ്ടുകളിലൂടെ', *ഭാഷാപോഷിണി* (1987, ജൂൺ-ജൂലൈ) പുറം 77.

ഇങ്ങനെ ഭരണകാര്യങ്ങളിൽ നിന്ന് മുക്തമായി കോവിലകം സ്വതന്ത്രമായി നിൽക്കുന്ന കാലത്താണ് കൊടുങ്ങല്ലൂരിൽ ഗുരുകുലം ആരംഭിക്കുന്നത്.

**കൊടുങ്ങല്ലൂർ ഗുരുകുലം**

ഗുരുകുലങ്ങൾ പ്രാചീനമായ വിദ്യാകേന്ദ്രങ്ങളാണ്. തിരുവല്ലാശാല, തൃശ്ശൂർ ബ്രഹ്മസ്വംമഠം, തിരുന്നാവായ സമൂഹമഠം, കൂടല്ലൂർ മന ഗുരുകുലം, മൂഴിക്കുളം ശാല, കൊടുങ്ങല്ലൂർ കോവിലകം ഗുരുകുലം, പുന്നശ്ശേരി ഗുരുകുലം എന്നിങ്ങനെ പ്രശസ്തങ്ങളായ അനേകം ഗുരുകുലങ്ങൾ കേരളത്തിലുണ്ടായിരുന്നു. വിദ്യാർത്ഥികളുടെ വിജ്ഞാനദാഹത്തെ ശമിപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനങ്ങൾ കേരളത്തിനകത്തും പുറത്തുമുള്ള അനേകം വിദ്യാർത്ഥികൾക്ക് ആശ്രയമായിരുന്നു. പഴയ ഗുരുകുലങ്ങളിൽ കൊടുങ്ങല്ലൂർ ഗുരുകുലം മാത്രമാണ് ക്ഷത്രിയരുടെ നേതൃത്വത്തിൽ ആരംഭിച്ചത്. മറ്റുള്ളവയെല്ലാം ബ്രാഹ്മണരായ പണ്ഡിതന്മാർ നേതൃത്വം നൽകിയവയും ബ്രാഹ്മണർക്ക് വേദശാസ്ത്രാദികളിൽ പ്രാവീണ്യം നേടാൻ ഉദ്ദേശിച്ചിട്ടുള്ളവയുമായിരുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കൊടുങ്ങല്ലൂർ വലിയ തമ്പുരാന്റെ (വീണക്കാരൻ തമ്പുരാൻ) കാലത്താണ് കൊടുങ്ങല്ലൂർ ഗുരുകുലത്തിന്റെ ആരംഭം.

എന്നാൽ ഗുരുകുലം പ്രസിദ്ധമാവുന്നത് വിദ്വാൻ ഇളയതമ്പുരാന്റെ കാലത്താണ്. സ്വാതിതിരുനാളിന്റെ സമകാലീനനായിരുന്ന വിദ്വാൻ ഇളയതമ്പുരാനാണ് ഗുരുകുലത്തിന്റെ സർവതോമുഖമായ വളർച്ചയ്ക്കും പ്രശസ്തിക്കും കാരണമായത്.

> *കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരിൽ എന്തുകൊണ്ടും പ്രഥമഗണനീയൻ വിദ്വാൻ ഇളയമ്പുരാനാണ് (1800-1851). അദ്ദേഹത്തെ സർവതന്ത്രസ്വതന്ത്രനെന്നു മഹാകവി ഉള്ളൂർ വിശേഷിപ്പിച്ചു കാണുന്നു.*

*ഗോദവർമ എന്നായിരുന്നു ശരിയായ നാമം. ഇളയതമ്പുരാനായിരുന്നപ്പോൾ പാണ്ഡിത്യം കൊണ്ടു പ്രസിദ്ധമായതിനാലാണ് വിദ്വാൻ ഇളയതമ്പുരാനെന്ന പേരിൽ അറിയാൻ തുടങ്ങിയത്. സംസ്കൃതത്തിൽ ബാലപാഠങ്ങളും കുറച്ചു വ്യാകരണവും ജ്യോതിഷവും മാത്രമേ അദ്ദേഹം ഗുരുമുഖത്തു നിന്നും അഭ്യസിച്ചിട്ടുള്ളൂ. എന്നാൽ മലയാളത്തിലും സംസ്കൃതത്തിലും ഒരുപോലെ കവിത എഴുതാനുള്ള വൈദഗ്ദ്ധ്യത്തിനും പുറമെ വ്യാകരണം, തർക്കം, ജ്യോതിഷം, സ്മൃതി, സംഗീതം, വൈദ്യം, ശില്പം, നാട്യം, മാതംഗം തുടങ്ങിയ ഒട്ടസംഖ്യം വിഷയങ്ങളിൽ തികഞ്ഞ പരിജ്ഞാനം സ്വന്തം പരിശ്രമം കൊണ്ട് അദ്ദേഹം ആർജ്ജിച്ചിരുന്നു. വീണ, വേണു തുടങ്ങിയവ വായിക്കുന്നതിലും വിചക്ഷണനായിരുന്നു അദ്ദേഹം. സർവോപരി നല്ലൊരാചാര്യനും കൂടിയായിരുന്നത്രേ. കോവിലകത്തുവെച്ച് അനേകം ശിഷ്യരെ സൗജന്യമായി പഠിപ്പിക്കുന്ന സമ്പ്രദായം അദ്ദേഹമാണ് ആരംഭിച്ചത്. തന്റെ കാലത്തു സ്വകുടുംബത്തിലുണ്ടായിരുന്ന ചെറിയ തമ്പുരാക്കന്മാരെ വാസനക്കനുസരിച്ച് അതതു വിഷയത്തിൽ പ്രവീണരാക്കിത്തീർക്കുകയും അങ്ങനെ തന്റെ കൊട്ടാരത്തിൽ നല്ലൊരു സാംസ്കാരിക പാരമ്പര്യം സ്ഥാപിക്കുന്നതിനു വഴിതെളിക്കുകയും ചെയ്തതും അദ്ദേഹമാണ്.*[6]

**ഗുരുക്കന്മാരും പഠനരീതിയും**

വീണക്കാരൻ വലിയതമ്പുരാൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കുഞ്ഞിരാമവർമ തമ്പുരാൻ ആണ് ഈ ഗുരുകുലത്തിലെ ആദ്യഗുരു.[7] ഗുരുകുലത്തിന്റെ ആരംഭകാലത്ത് വിദ്വാൻ ഇളയതമ്പുരാൻ തന്നെയാണ് വിവിധവിഷയങ്ങൾ പഠിപ്പി

[6] എ. ബാലകൃഷ്ണവാര്യർ. 'കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ', *ഭാഷാപോഷിണി* (1987, ജൂൺ-ജൂലൈ) പുറം 79.

[7] കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജാ. 'കേരളത്തിലെ രാജവംശങ്ങൾ', *കൊടുങ്ങല്ലൂർ രാജവംശം* 3-ാം ഭാഗം, *ക്ഷാത്രസന്ദേശം* (2009, ജനുവരി - മാർച്ച്) പുറം 15-17.

ച്ചിരുന്നത്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മാതാമഹി കൊച്ചുതമ്പുരാട്ടി, കുംഭകോണം കൃഷ്ണശാസ്ത്രികൾ തുടങ്ങിയവർ ഇദ്ദേഹത്തിന്റെ ശിഷ്യരായിരുന്നു.

ഇളയതമ്പുരാനു ശേഷം വ്യാകരണവിഷയങ്ങൾ പഠിപ്പിച്ചത് കുംഭകോണം കൃഷ്ണശാസ്ത്രികളാണ്. ഗോദവർമ്മ തമ്പുരാൻ (ശക്രൻ തമ്പുരാൻ), വിദ്വാൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ, വിദ്വാൻ കുഞ്ഞുണ്ണി തമ്പുരാൻ എന്നിവരും ഇക്കാലത്ത് ഗുരുക്കന്മാരായി. ഇവരെ തുടർന്ന് വലിയ കൊച്ചുണ്ണിതമ്പുരാൻ, കുഞ്ഞൻ തമ്പുരാൻ, കവി സാർവ്വഭൗമൻ ചെറിയ കൊച്ചുണ്ണി തമ്പുരാൻ, ഗോദവർമ്മ തമ്പുരാൻ (ഭട്ടൻ തമ്പുരാൻ) എന്നിവർ വിദ്യാർത്ഥികളെ അഭ്യസിപ്പിച്ചു. ഇവരിൽ വലിയ കൊച്ചുണ്ണി തമ്പുരാൻ കാവ്യനാടകാലങ്കാരങ്ങൾ, ജ്യോതിഷം, തച്ചുശാസ്ത്രം, വൈദ്യം ഇവ പഠിപ്പിച്ചിരുന്നു.

കൊടുങ്ങല്ലൂർ ഗുരുകുലത്തിന്റെ അവസാനകാലങ്ങളിൽ മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ, അദ്ദേഹത്തിന്റെ അനുജൻ ഭാഗവതർ കുഞ്ഞുണ്ണിതമ്പുരാൻ, ഭട്ടൻ തമ്പുരാന്റെ അനന്തിരവൾ കൊച്ചിക്കാവു തമ്പുരാട്ടി അവരുടെ ഭർത്താവ് താർക്കികതിലകൻ മാന്തിട്ട കുഞ്ചുനമ്പൂതിരി എന്നിവർ ഗുരുക്കന്മാരായി. ഇവരിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോവിലകത്ത് സ്ഥിരമായി താമസിക്കുന്ന പതിവില്ലായിരുന്നു. ഗുരുകുലത്തിൽ സന്നിഹിതനായിരുന്ന സമയത്ത് അദ്ദേഹവും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിരുന്നു.

പഴയ കോവിലകം, പുത്തൻ കോവിലകം, കിഴക്കേ കോവിലകം എന്നിങ്ങനെ തമ്പുരാക്കന്മാർ താമസിച്ചിരുന്ന സ്ഥലങ്ങളിൽ വെച്ചാണ് പഠനം നടത്തിയിരുന്നത്. വിദ്വാൻ ഇളയതമ്പുരാന്റെ കാലശേഷം പുത്തൻ കോവിലകത്തെ പഴയ ബംഗ്ലാവാണ് ഗുരുകുലത്തിന്റെ ആസ്ഥാനമായി വർത്തിച്ചത്.

സംസ്കൃതസാഹിത്യം (കാവ്യനാടകാലങ്കാരങ്ങൾ), വ്യാകരണം, തർക്കശാസ്ത്രം, ന്യായം, വേദാന്തം, വൈദ്യം, ജ്യോതിഷം (ശാസ്ത്രങ്ങൾ) എന്നിവയാണ് പ്രധാനമായും ഈ ഗുരുകുലത്തിൽ പഠനവിഷയങ്ങളായിരുന്നത്. സംഗീതം,

വാദ്യം, അഭിനയം, ഗജചികിത്സ, ജാലവിദ്യ മുതലായവയിലും അപൂർവമായി ശിക്ഷണം നൽകിയിരുന്നുവെങ്കിലും ഇവ നിർബന്ധിതപഠനവിഷയം ആയിരുന്നില്ല.

ഇവിടുത്തെ അധ്യാപനരീതിയെപ്പറ്റി കെ.ടി.രാമവർമ്മ പറയുന്നതിങ്ങനെയാണ്.

> *മാതൃകാപരമായ അധ്യാപനസമ്പ്രദായമാണ് ഗുരുകുലത്തിൽ നിലവിലുണ്ടായിരുന്നത്. ആരുടെ കീഴിലാണ് പഠിക്കേണ്ടതെന്നും ഏതു കക്ഷ്യയിലാണെന്നും തീരുമാനിക്കാനുള്ള പൂർണസ്വാതന്ത്ര്യം വിദ്യാർത്ഥികൾക്കായിരുന്നു. ഒരു കക്ഷ്യയിലെ പാഠം ശരിക്കും മനസ്സിലാകാത്ത വിദ്യാർത്ഥിയെ മറ്റൊരു കക്ഷ്യയിലേക്കോ, മറ്റൊരാചാര്യന്റെ കീഴിലേക്കോ മാറാനനുവദിച്ചിരുന്നു. ഒരേ സമയത്തു രണ്ടു മൂന്നു കക്ഷ്യകളിൽ ചേർന്നു പഠിക്കാൻ വിദ്യാർത്ഥികൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ ഒരു ശാസ്ത്രം മാത്രമേ പഠിക്കാവൂ എന്ന നിർബന്ധമുണ്ടായിരുന്നു. ഓരോ ശാസ്ത്രത്തിലും ചെറിയ ഗ്രന്ഥം മുതലാരംഭിച്ചു വിദ്യാർത്ഥിയുടെ ഗ്രഹണശക്തിയും അറിവും ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കത്തക്ക വിധമായിരുന്നു പാഠങ്ങൾ സംവിധാനം ചെയ്തിരുന്നത്. ഏതെങ്കിലുമൊരു ശാസ്ത്രത്തിൽ ഗുരുനാഥന്റെ കീഴിൽ പഠിച്ചു വ്യുൽപത്തി സമ്പാദിച്ച വിദ്യാർത്ഥിക്കു മറ്റേതൊരു ശാസ്ത്രവും സ്വപ്രയത്നം കൊണ്ടു തന്നെ ഗ്രഹിക്കാൻ കഴിയുമെന്ന് അന്നത്തെ ആചാര്യന്മാർക്കറിയാമായിരുന്നു.*[8]

[8] കെ.ടി. രാമവർമ. *മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ.* (സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1992) പുറം 16.

കാലത്ത് ഒന്നോ രണ്ടോ മണിക്കൂർ ഗുരുനാഥൻ നേരിട്ട് പാഠഭാഗങ്ങൾ പഠിപ്പിക്കുകയും അതു കഴിഞ്ഞാൽ സംശയനിവാരണം നടത്തി ചർച്ച ചെയ്ത് വിദ്യാർത്ഥികൾ പാഠഭാഗം സ്വയം മനസ്സിലുറപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായമാണ് ഗുരുകുലത്തിൽ നിലവിലുണ്ടായിരുന്നത്.

> *അധ്യാപകൻ പഠിപ്പിക്കുന്ന രീതിയിൽ ഒരു വിദ്യാർത്ഥി പാഠഭാഗം പ്രതിപാദിക്കുകയും കേട്ടിരിക്കുന്നവർക്ക് തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചു തിരുത്തുവാൻ അവസരം നൽകുകയും ചെയ്തിരുന്നു. ഉയർന്ന പാഠഭാഗങ്ങൾ പഠിക്കുന്നവർ തുടക്കക്കാരെ പഠിപ്പിക്കുന്ന രീതിയും നിലവിലുണ്ടായിരുന്നു....അനധ്യായ ദിവസങ്ങളിൽ-അതായത് പഠിപ്പില്ലാത്ത ദിവസങ്ങളിൽ വ്യാകരണം, തർക്കം, ഇത്യാദി ശാസ്ത്രങ്ങൾ പഠിച്ചിരുന്ന അദ്ധ്യേതാക്കൾ ഇവയിൽ ഒരു ഭാഗം തിരഞ്ഞെടുത്ത് 'വാക്യാർത്ഥം' പറയുക (ആശയം വിശദീകരിക്കുക) സംവാദങ്ങൾ നടത്തുക എന്നിവയിലേർപ്പെട്ടിരുന്നു. സാഹിത്യം പഠിക്കുന്നവർ അതിലെ ഒരു ഭാഗം തിരഞ്ഞെടുത്ത് സംസ്കൃതത്തിലും മലയാളത്തിലും ശ്ലോകാർത്ഥം പറയുക, വ്യാഖ്യാനമുണ്ടാക്കി സദസിലവതരിപ്പിക്കുക എന്നിവ ചെയ്തു പോന്നു. ചിലർ ചാക്യാർകൂത്തു പറയുന്നതുപോലെ ഹാസ്യാത്മകമായി പാഠകം പറയുകയും ചെയ്തിരുന്നു. ഇവർക്കു പുറമേ, വിദ്യാർത്ഥികൾ പഠിച്ച സംസ്കൃതനാടകങ്ങളുടെ ഒന്നോ രണ്ടോ അങ്കങ്ങൾ രംഗത്തവതരിപ്പിക്കുകയും പതിവായിരുന്നു. പുരുഷന്മാർ തന്നെയാണ് സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.*[9]

സംസ്കൃതപഠനത്തിലും ശാസ്ത്രകാവ്യാദിവിഷയങ്ങളുടെ കാര്യത്തിലും പാരമ്പര്യനിഷ്ഠമെങ്കിലും സ്വതന്ത്രവും വിദ്യാർത്ഥികളുടെ സർവതോമുഖമായ

[9] കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജാ. 'കേരളത്തിലെ രാജവംശങ്ങൾ', *കൊടുങ്ങല്ലൂർ രാജവംശം* 3-ാം ഭാഗം, *ക്ഷാത്രസന്ദേശം* (2009, ജനുവരി - മാർച്ച്) പുറം 16.

വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതുമായ രീതിയായിരുന്നു കൊടുങ്ങല്ലൂർ ഗുരുകുല ത്തിന്റേത്.

ഇതോടൊപ്പം സാഹിത്യതത്പരർക്ക് പരിശീലനത്തിനായി വിവിധങ്ങളായ കവിതാരചനാമത്സരങ്ങളും ഗുരുകുലത്തിൽ സംഘടിപ്പിച്ചിരുന്നു.

> *കവിതയിൽ കമ്പമുള്ളവർ ഗുരുകുലത്തിൽ നടന്നിരുന്ന കവിതാ രച നാമത്സരങ്ങളിൽ പങ്കെടുത്തിരുന്നു. ഒരു വിഷയത്തെ ആസ്പദമാ ക്കി, ക്ലിപ്തമായ ഒരു സമയത്തിനുള്ളിൽ ഇത്ര ശ്ലോകങ്ങളുണ്ടാക്ക ണമെന്ന നിബന്ധനയോടെയായിരുന്നു മത്സരങ്ങൾ നടത്തിയിരുന്ന ത്. ഇവയുണ്ടാക്കുമ്പോൾ വൃത്തം, അലങ്കാരം, രസം മുതലായ വയും നിർദ്ദേശിക്കാറുണ്ട്. ഇവയെയെല്ലാം ആസ്പദമാക്കിയാണ് കവിതകളെ വിലയിരുത്തിരുന്നത്. സമസ്യാപൂരണങ്ങൾ, സ്തോത്ര ങ്ങൾ, മംഗളശ്ലോകങ്ങൾ, വർണനകൾ, കത്തുകൾ, നായികാനായക ന്മാരുടെ സന്ദേശങ്ങൾ എന്നിങ്ങനെ വിവിധ ഭാഗങ്ങളിൽപ്പെട്ട രചന കൾ ഇവയിലുൾപ്പെട്ടിരുന്നു. ശ്ലോകങ്ങൾ ഉണ്ടാക്കി അക്ഷരശ്ലോകം ചൊല്ലുക എന്ന വിനോദവും ഈ ഗുരുകുലത്തിൽ നടന്നിരുന്നു.*[10]

കവിതാരചനാമത്സരങ്ങളിൽ ഭാഷയ്ക്കാണ് കൂടുതൽ പ്രാധാന്യം കൊടു ത്തിരുന്നത്. എന്നു മാത്രമല്ല ഒരു വിനോദം, എഴുത്തിൽ കൈത്തഴക്കം കിട്ടുന്നതി നുള്ള പരിശീലനം എന്ന നിലയിൽ മാത്രമേ ഇത്തരം രചനകൾക്ക് പരിഗണനയു ണ്ടായിരുന്നുള്ളൂ.

ഈ വിനോദമാണ് പിൽക്കാലത്ത് മലയാളഭാഷയെയും സാഹിത്യത്തെയും മാറ്റിമറിക്കാൻ പര്യാപ്തമായ പ്രസ്ഥാനം ആയി വികസിക്കുന്നത്. പിന്നീട് കൊടു ങ്ങല്ലൂർ ഗുരുകുലത്തിന്റെ സംസ്കൃത-കാവ്യ-ശാസ്ത്ര-പാരമ്പര്യങ്ങളിലെ സംഭാവ

[10] ടി.

നകളെ വിസ്മരിച്ച് മലയാള ഭാഷക്കു നൽകിയ സംഭാവനകളുടെ പേരിൽ മാത്രം സാഹിത്യചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടതിന്റെ പിന്നിൽ ഉണ്ടായ സാമൂഹികാവസ്ഥകളെ പരിശോധിക്കേണ്ടതുണ്ട്.

**വെൺമണിപ്രസ്ഥാനത്തിന്റെ ആരംഭം:**

വെൺമണിപ്രസ്ഥാനത്തിന്റെ ആരംഭത്തെക്കുറിച്ച് ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ പ്രസ്താവിക്കുന്നത് ഇങ്ങനെയാണ്.

> *ആ പ്രസ്ഥാനത്തിന്റെ ജനയിതാക്കൻമാർ പൂന്തോട്ടത്ത് അച്ഛൻനമ്പൂതിരി, കോട്ടപ്പടിക്കൽ ഗോദവർമ്മൻ തിരുമുൽപ്പാട്, വെൺമണി അച്ഛൻ നമ്പൂതിരി, വെൺമണി മഹൻ നമ്പൂതിരി എന്നീ നാലു കവി പുങ്ഗവന്മാരായിരുന്നു. ആ പ്രസ്ഥാനം 1010-ാം ആണ്ടോടുകൂടി ആരംഭിക്കുകയും 1050-ാം ആണ്ടോടുകൂടി ഒരുവിധം ലബ്ധപ്രതിഷ്ഠമാകുകയും ചെയ്തു.*[11]

എന്നാൽ ഇവരുടെ കവിതാശൈലി കടപ്പെട്ടിരിക്കുന്നത് ചേലപ്പറമ്പ് നമ്പൂതിരിയോടാണ് (1689-1780) എന്ന് ചിലർക്ക് അഭിപ്രായമുണ്ട്.

ചേലപ്പറമ്പിന്റെ

> ‘പാടത്തിങ്കരെ നീളെ നീലനിറമായ്
> വേലിക്കൊരാഘോഷമാ-
> യാടിത്തൂങ്ങിയലഞ്ഞുലഞ്ഞുസുകൃതം
> കൈക്കൊണ്ടുനില്ക്കുംവിധൗ
> പാരാതേ വരികെന്റെ കയ്യിലധുനാ
> പീയൂഷഡംഭത്തെയും

[11] ഉള്ളൂർ, എസ്. പരമേശ്വരയ്യർ. *കേരളസാഹിത്യചരിത്രം* വാ.4 (കേരള സർവ്വകലാശാല, തിരുവനന്തപുരം, 1964) പുറം 296.

ഭേദിച്ചങ്ങനെ കയ്പവള്ളി തരസാ

പെറ്റുള്ള പൈതങ്ങളേ'

തുടങ്ങിയ മുക്തകങ്ങളുടെ രസികത്തം പൂന്തോട്ടത്തച്ഛൻ നമ്പൂതിരിയുടെ

മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ടുവൻകറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തുതിരുകി പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തു മേനിമുഴുവൻ ചേറും പുരണ്ടിപ്പൊഴി-
പ്പാടത്തീന്നു വരുന്നനിൻ വരവുകണ്ടേറെക്കൊതിക്കുന്നു ഞാൻ

എന്നതിലും ദൃശ്യമാവുന്നുണ്ട്. ചേലപ്പറമ്പനെപ്പറ്റി ഉള്ളൂരിന്റെ തുടർമൊഴികൾ ഇപ്രകാരമാണ്:

> *അതുവരെ സാഹിത്യകാരന്മാർക്ക് അനഭിഗമ്യമായിരുന്ന മണിപ്രവാള സരസ്വതിയെ അദ്ദേഹം അത്യുച്ചമായ കൈലാസപർവതത്തിൽനിന്ന് ഭൂമിയിലേക്ക് ആനയിച്ച് അവഗാഹയോഗ്യമാക്കി. ആ വിഷയത്തിൽ അദ്ദേഹം ഭാഷാസാഹിത്യത്തിന്റെ ഒരു പരമോപകർത്താവും, അനന്തരകാലികരായ വെൺമണി അച്ഛനും പൂന്തോട്ടത്തിനും മാർഗദർശിയുമാണെന്ന് പറയേണ്ടതാണ്.*[12]

ചേലപ്പറമ്പ് നമ്പൂതിരിയുടേതായി ലഭ്യമായിട്ടുള്ള ഒറ്റ ശ്ലോകങ്ങളിൽകാണുന്ന അകൃത്രിമവും ലളിതവുമായ ഭാഷാശൈലിയും നാടൻ പദപ്രയോഗങ്ങളുമെല്ലാം മലയാളഭാഷയോടുള്ള അദ്ദേഹത്തിന്റെ അദമ്യമായ താത്പര്യത്തിന് ഉദാഹരിക്കാവുന്നതാണ്.

വെൺമണി അച്ഛനും പൂന്തോട്ടത്ത് അച്ഛനും വിദ്വാൻ ഇളയതമ്പുരാനോടുണ്ടായ സൗഹൃദമാണ് കൊടുങ്ങല്ലൂർ ഗുരുകുലത്തിലേക്ക് ഇവരെ അടുപ്പിച്ചത്. വെൺമണി അച്ഛൻ വിദ്വാൻ ഇളയതമ്പുരാന്റെ ഭാഗിനേയിയായ കുഞ്ഞിപ്പിള്ള

[12] ടി. പുറം 216.

തമ്പുരാട്ടിയെ സംബന്ധം ചെയ്തതോടെ കൊടുങ്ങല്ലൂർ കോവിലകവുമായുള്ള ബന്ധം കൂടുതൽ ദൃഢമാവുകയും അവിടെ താമസിച്ച് ഭാഷാകവിതയുടെ ആചാര്യസ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. അന്നുമുതൽക്കാണ് കൊടുങ്ങല്ലൂർ ഗുരുകുലത്തിൽ ഭാഷാകാവ്യങ്ങൾക്കു പ്രാധാന്യം കിട്ടിത്തുടങ്ങിയത്. ഇതിൽ ഏറ്റവും പ്രധാനം ഭാഷാകവികളായിരുന്ന ഇവർക്ക് സംസ്കൃതത്തിൽ പാണ്ഡിത്യവും പ്രതിപത്തിയും ഉണ്ടായിരുന്നില്ല എന്നതാണ്. കോവിലകത്തെ സംസ്കൃത പണ്ഡിതന്മാരായ തമ്പുരാക്കന്മാരിൽനിന്ന് ഇവരെ വ്യത്യസ്തരാക്കിയത് ഇതാണ്. എന്നാൽ സംസ്കൃതവൃത്തങ്ങളിലാണ് ഇവർ രചന നടത്തിയത് എന്നത് രസകരമായ വസ്തുതയാണ്.

**വെൺമണി പ്രസ്ഥാനത്തിലെ പ്രമുഖ കവികളും കൃതികളും**

**വെൺമണി  അച്ഛൻ (പരമേശ്വരൻ നമ്പൂതിരി) (1817-1890)**

> *വെൺമണിപ്രസ്ഥാനത്തിനു ബീജാവാപം നടത്തുകയും മാർഗദർശനം നൽകുകയും ആണ് പൂന്തോട്ടത്തച്ഛനും ഗോദവർമ്മൻ തിരുമുൽപ്പാടും ചെയ്തത്. അതിനെ വമ്പിച്ചൊരു കവിതാപ്രസ്ഥാനമായി വളർത്തിക്കൊണ്ടുവരാൻ പ്രാരംഭ പ്രവർത്തനങ്ങൾ ചെയ്തുവെച്ചത് വെൺമണി അച്ഛനാണ്. പിന്നീട് അദ്ദേഹത്തിന്റെ മക്കളായ വെൺമണി മഹനും കുഞ്ഞിക്കുട്ടൻ തമ്പുരാനും ആ പ്രയത്നം സഫലീകരിച്ചു. വെൺമണി പ്രസ്ഥാനം എന്ന ആ നവീനാകവിതാശൈലിക്കു പൂർണമായ ഭാവവും രൂപവും നൽകി എന്നതാണ് അച്ഛന്റെ സംഭാവന.*[13]

ഭാഷയിലും കാവ്യ വിഷയത്തിലും ഗതാനുഗതികത്വത്തെ വിട്ട് സമകാലിക യാഥാർത്ഥ്യത്തെ ജനസാമാന്യത്തിന്റെ ഭാഷയിൽ ആവിഷ്കരിക്കാൻ വെൺമണി

[13] അകവൂർ നാരായണൻ. *വെൺമണി പ്രസ്ഥാനം* (എൻ.ബി.എസ്, കോട്ടയം, 2000) പുറം 72.

അച്ഛനു കഴിഞ്ഞു. തനിക്കുശേഷം വന്നവരെക്കൊണ്ടു കൂടി ഈ അഭിപ്രായത്തെ അംഗീകരിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ വിജയം. ഇതുമാത്രമല്ല ഭാഷയ്ക്കും സാഹിത്യത്തിനും ഒരു പുതിയ ഉണർവു നൽകാൻ അദ്ദേഹത്തിനു സാധിച്ചു. വെൺമണിഅച്ഛന്റെ പ്രമുഖസംഭാവനകൾ താഴെ പറയുന്നവയാണ്.

1. കവിതാവിഷയവും ഭാഷയും സാധാരണക്കാരനൊപ്പമാകണമെന്ന ആശയം മുറുകെപ്പിടിച്ചു.
2. അകൃത്രിമമായ കാവ്യശൈലി ആവിഷ്ക്കരിച്ചു.
3. മലയാളഭാഷയിൽ പുതിയ കാവ്യരൂപങ്ങൾക്ക് ജന്മം നൽകി. (സ്ത്രീകളെ സംബോധന ചെയ്തുകൊണ്ടുള്ള കാവ്യങ്ങൾ, കവിതാരൂപത്തിലെ ആദ്യത്തെ യാത്രാവിവരണം, കവിതക്കത്തു പ്രസ്ഥാനം എന്നിവ ഇവയിൽ ഉൾപ്പെടുന്നു).

ഭാഷയിലും സാഹിത്യത്തിലും പുതിയ പരീക്ഷണങ്ങൾ നടത്താൻ അദ്ദേഹം കാണിച്ച ധൈര്യമാണ് പിന്നീടുള്ളവർക്ക് മലയാളഭാഷയെ യഥേഷ്ടം എടുത്തുപയോഗിക്കാനുള്ള ധൈര്യം നൽകിയത്.

**കൃതികൾ**

കീർത്തനശ്ലോകങ്ങൾ, സംഭാവനാശ്ലോകങ്ങൾ, ഹർജിശ്ലോകങ്ങൾ, രാമേശ്വ രയാത്ര - എഴുത്തുകൾ, ശൃംഗാരശ്ലോകങ്ങൾ എന്നിങ്ങനെയുള്ള അനേക കൃതിക ളിൽ ഏതാണ്ട് 106 ശ്ലോകങ്ങൾ മാത്രമേ വെൺമണി അച്ഛന്റേതായി കണ്ടുകിട്ടിയിട്ടു ള്ളൂ.

ഇദ്ദേഹം തുടങ്ങിവെച്ച മേൽപ്പറഞ്ഞ പരിഷ്ക്കാരങ്ങൾ പിന്നീട് മക്കളായ വെൺമണി മഹൻ നമ്പൂതിരിപ്പാട്, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുഞ്ഞുണ്ണി തമ്പുരാൻ എന്നിവരിലൂടെ പരിപുഷ്ടി പ്രാപിച്ചു.

**വെൺമണി മഹൻ (കദംബൻ) നമ്പൂതിരിപ്പാട് (1844-1893)**

പൂരപ്രബന്ധം, അംബോപദേശം തുടങ്ങിയ ശൃംഗാരകാവ്യങ്ങളുടെ രചയിതാവ് എന്ന മട്ടിലാണ് വെൺമണി മഹനെ പലയിടത്തും പരാമർശിച്ചു കാണുന്നത്.

'കുറുമടി കുടികൊണ്ട വെൺമണിക്ഷ്മാ സുരമണി' എന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ നടുവത്തച്ഛൻനമ്പൂതിരിക്കയച്ച കത്തിൽ വെൺമണിമഹനെ പരാമർശിക്കുന്നു.

'സ്വതേതന്നേ ശുദ്ധം കുഴിമടിയനെന്നല്ലറികസ-
ന്മതേ! ദീനക്കാരൻ, പുനരിവനമാന്തക്കൊടിമരം'

എന്ന് കോടശ്ശേരി കുഞ്ഞൻ തമ്പാനയച്ച ഒരു കത്തിൽ വെൺമണി മഹൻ സ്വയം വിശേഷിപ്പിക്കുന്നതും സ്മർത്തവ്യമാണ്. ഇതുകൂടാതെ അഗ്നിമാന്ദ്യവും അർശസ്സും അദ്ദേഹത്തെ അലട്ടിയിരുന്നു.

ശുദ്ധമടിയനും അമാന്തക്കൊടിമരവുമാണെങ്കിലും കൊടുങ്ങല്ലൂർ കളരിയിലെ ആചാര്യസ്ഥാനത്തിരുന്ന് ഭാഷാകവിതയ്ക്ക് വേണ്ട പ്രോത്സാഹനങ്ങൾ ചെയ്തത് ഇദ്ദേഹമാണെന്ന് ഉള്ളൂർ സൂചിപ്പിക്കുന്നുണ്ട്.

> *കൊടുങ്ങല്ലൂർ താമസിക്കുമ്പോൾ അച്ഛനില്ലാത്ത (വെൺമണി അച്ഛൻ) അവസരങ്ങളിൽ ഭാഷാകവിതക്കളരിയിലെ ആശായ്മ സ്ഥാനം അദ്ദേഹത്തിലാണ് സമർപ്പിക്കപ്പെട്ടിരുന്നത്*[14]

സംസ്കൃതത്തിൽ പാണ്ഡിത്യം ഉണ്ടായിരുന്നില്ലെങ്കിലും അസാമാന്യമായ ഓർമശക്തി അദ്ദേഹത്തിന്റെ ഒരു സവിശേഷതയായിരുന്നു. ഒരിക്കൽ കേട്ട ശ്ലോകങ്ങൾ ഓർത്തെടുക്കുന്നതിനും താൻ ഉണ്ടാക്കിയ കവിതകൾ ഏതുകാലത്തും

---

[14] ഉള്ളൂർ, എസ്.പരമേശ്വരയ്യർ. *കേരള സാഹിത്യ ചരിത്രം വാ.4*, പുറം 312.

ഓർമ്മയിൽ നിന്നെടുത്തു ചൊല്ലുന്നതിനുമുള്ള കഴിവ് അദ്ദേഹത്തിന് ഉണ്ടായിരുന്നതായി പറയുന്നു. അതുകൊണ്ടുതന്നെ തന്റെ കൃതികളൊന്നും പിൽക്കാലത്തേക്ക് ഉപകാരപ്പെടുന്നതിനായി സൂക്ഷിച്ചു വെക്കാൻ അദ്ദേഹം ശ്രദ്ധിച്ചില്ല. എന്നാൽ വെൺമണി അച്ഛനോടൊപ്പം നിൽക്കുന്ന കവിത്വസിദ്ധികൊണ്ട് പുതിയ കവിതാപ്രസ്ഥാനത്തിന് ആസ്വാദകഹൃദയങ്ങളിൽ അംഗീകാരം ലഭിക്കാൻ വെൺമണി മഹന്റെ കാവ്യപരിശ്രമങ്ങൾക്ക് കഴിഞ്ഞു.

**കൃതികൾ**

**പൂരപ്രബന്ധം (കൊ.വ. 1048)**

തൃശ്ശൂർപൂരത്തെപ്പറ്റി തൃപ്പൂണിത്തുറ ഇക്കാവമ്മത്തമ്പുരാനുള്ള കത്തിന്റെ രൂപത്തിലാണ് ഈ കൃതിയുടെ രചന. ആദ്യത്തെ യാത്രാവിവരണ കാവ്യമായി പൂരപ്രബന്ധത്തെ കണക്കാക്കുന്നുണ്ട്. തൃപ്പൂണിത്തുറ നിന്നും കൊടുങ്ങല്ലൂരെത്തി അച്ഛനോട് സമ്മതം വാങ്ങി സുഹൃത്തുക്കളോടൊപ്പം വഞ്ചിവഴി ഇളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, ഊരകം എന്നിവിടങ്ങളിലൂടെ തൃശ്ശൂരെത്തി പകൽപ്പൂരം കണ്ട് തിരിച്ച് വീട്ടിലെത്തുന്നതുവരെ ഉണ്ടായ സംഭവങ്ങൾ പൂരപ്രബന്ധത്തിൽ വർണിച്ചിരിക്കുകയാണ്. ഉള്ളൂരിന് ഈ കാവ്യത്തെപ്പറ്റി വലിയ മതിപ്പൊന്നും ഉണ്ടായിരുന്നില്ലെന്നുവേണം അനുമാനിക്കാൻ. അദ്ദേഹം പറയുന്നതിങ്ങനെ:

> *രചനകൊണ്ട് നോക്കിയാൽത്തന്നെ ഇതൊരു മൂപ്പെത്താത്ത കൃതിയാണെന്നറിയാം. അത്ര അപക്വവും നിരർത്ഥകപദ സമൃദ്ധവുമാണ് ശൈലി. എങ്കിലും വെൺമണിക്കവിതയുടെ കൊടിയടയാളങ്ങളായ വർണനാചാതുര്യം, നർമോക്തിവൈഭവം, പദഘടനാപ്രവാഹം, പ്രാസപ്രയോഗ പാടവം, ലാളിത്യ നിഷ്ക്കർഷ തുടങ്ങിയ സിദ്ധിക*

*ളെല്ലാം അന്നു തന്നെ സ്വാധീനമായിരുന്നു എന്നു വിളിച്ചോതുന്ന നിരവധി ശ്ലോകങ്ങളുണ്ട് ഇതിൽ.*[15]

ഏതായാലും ആദ്യകൃതിയായതുകൊണ്ടുള്ള ചില പരിമിതികൾ പൂരപ്രബന്ധത്തിനുണ്ടെങ്കിലും മലയാളസാഹിത്യചരിത്രത്തിൽ അവഗണിക്കാനാവാത്ത ഒരു സ്ഥാനം പ്രസ്തുത കൃതിക്കുണ്ടെന്ന് സമ്മതിച്ചേ തീരൂ.

വെൺമണി മഹന്റെ പ്രമുഖ കൃതികൾ താഴെ പറയുന്നവയാണ്.

**മണിപ്രവാളം**

അംബോപദേശം മണിപ്രവാളം

ഭൂതിഭൂഷചരിതം (1877)

**ആട്ടക്കഥ**

ത്രിപുരദഹനം ആട്ടക്കഥ (1877)

അജ്ഞാതവാസം ആട്ടക്കഥ (1880)

ഹിരണ്യാക്ഷവധം ആട്ടക്കഥ

**രൂപകങ്ങൾ**

അതിമോഹം നാടകം (1890)

പ്രച്ഛന്നപാണ്ഡവം നാടകം (1891)

പുരന്ദരാരുണം നാടകം (1892)

പീയൂഷ വീര്യോദയം നാടകം (1892)

കാമതിലകം ഭാണം (കൊ. വ. 1057?)

**വഞ്ചിപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്**

നളചരിതം വഞ്ചിപ്പാട്ട്

കീചക വധം വഞ്ചിപ്പാട്ട്

15 അകവൂർ നാരായണൻ. *വെൺമണി പ്രസ്ഥാനം*, പുറം 89.

കാളിയ മർദ്ദനം കൈകൊട്ടിക്കളിപ്പാട്ട്

ഹരിണീസ്വയം വരം കൈകൊട്ടിക്കളിപ്പാട്ട്

**തുള്ളൽപ്പാട്ടുകൾ**

ഗണപതി പറയൻ തുള്ളൽ

ഗണപതി ഓട്ടൻതുള്ളൽ

പാഞ്ചാലീ സ്വയംവരം ഓട്ടൻതുള്ളൽ (1879)

ജൂബിലി മഹോത്സവം ഓട്ടൻ തുള്ളൽ (1887)

കുചേലവൃത്തം ശീതങ്കൻ തുള്ളൽ

**കീർത്തന കൃതികൾ**

കോടിനാഥേശ്വരീസ്തവം

സംഗമേശാഷ്ടകം (1881)

മധുരാപുരീചരിതം

കുചേലഗോപാല ശതകം (അന്ത്യഭാഗം)

ഇവയ്ക്കുപുറമെ *കവിപുഷ്പമാല* പോലുള്ള വർണ്ണനാകാവ്യങ്ങൾ, കീർത്തനശ്ലോകങ്ങൾ, സംഭാവനാ ശ്ലോകങ്ങൾ, ഛായാശ്ലോകങ്ങൾ, സമസ്യാപൂരണങ്ങൾ, എഴുത്തുകൾ എന്നിങ്ങനെ വേറെയും അനേകം കൃതികൾ വെൺമണി മഹന്റേതായിട്ടുണ്ട്.

വല്ലോരും വളരെപ്പറഞ്ഞിടുകില-
ക്കാലം പരം നാടകം
നല്ലോണം നിരൂപിച്ചു വെൺമണി മഹൻ
നിർമ്മിക്കുവാൻ നോക്കിടും
തെല്ലോളം കഴിയുമ്പൊളിട്ടു കളയും
....................................................
തൽക്കാലമൊക്കെശ്ശരിയെന്നു തോന്നി-

ച്ചേക്കാം മഹൻ വെൺമണി വാഗ്വിലാസാൽ;

ഭോഷ്ക്കല്ല നിർമ്മിച്ചതു തന്നെ ബുക്കിൽ

ച്ചേർക്കില്ല, തോന്നും പടി ചൊല്ലിയാലും''

എന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച കത്തിൽ[16] (18-1-68) സൂചിപ്പിക്കുന്നതു നോക്കിയാൽ കാവ്യങ്ങളിൽ പലതും നഷ്ടപ്പെട്ടിരിക്കുവാനാണ് സാധ്യത.

> *കേരളത്തിലെ സാമാന്യ ജനങ്ങളുടെ ഏകമഹാകവി അക്കാലത്ത് അദ്ദേഹം തന്നെയായിരുന്നു. അവർക്കുമേൽ അരയങ്ഗുലം പോലും ഉയരാതെ അവരെ അവിച്ഛിന്നധാരമായ നർമ്മോക്തി കൊണ്ട് ആഹ്ലാദിപ്പിച്ച അദ്ദേഹത്തെ അവർ ഒരു അവതാരപുരുഷനായി കൊണ്ടാടിയതിൽ എന്താണത്ഭുതം? കുഞ്ചൻ നമ്പിയാർ പാട്ടിൽ പാടിയത് അദ്ദേഹം ശ്ലോകത്തിൽ ചൊല്ലി; ശ്ലോകം പാട്ടിനെക്കാൾ മുഖസ്ഥമാക്കുവാൻ സുകരമായിരുന്നതുകൊണ്ട് അവർ അദ്ദേഹത്തിന്റെ കൃതികൾ മറ്റാരുടേതിനേയുംകാൾ കൂടുതലായി ഓർമ്മയിൽ വച്ചുകൊണ്ട് അതിന്റെ രസം വേണ്ടപ്പോഴെല്ലാം അനുസന്ധാനദ്വാരാ ആസ്വദിച്ചു. ഒരിക്കൽ കേട്ടാൽ ഉള്ളിൽ തട്ടാതെയും ഓർമ്മയിൽ നില്ക്കാതെയുമുള്ള ശ്ലോകം ഒന്നുപോലും അദ്ദേഹം ഉണ്ടാക്കാത്തതുകൊണ്ട് ആ സ്വർഗ്ഗീയമായ സൈ്വരവിഹാരത്തിന് അവർക്കു യാതൊരു പ്രതിബന്ധവും നേരിട്ടതുമില്ല. ചില കൃതികളിലെ വിഷയങ്ങൾ ചുറ്റുപാടുമുള്ള സംഭവങ്ങളിൽ നിന്നും സ്വീകരിച്ചവയായിരുന്നതിനാൽ അവ അവരെ അത്യധികം ആകർഷിച്ചു. പണ്ഡിതന്മാരും ആ കൃതികളിൽ അകമഴിഞ്ഞു ലയിച്ചു.*[17]

[16] പി. വി. കൃഷ്ണവാരിയർ (പ്രസാ). *കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസിലെ കൃതികൾ.*

[17] ഉള്ളൂർ, എസ്. പരമേശ്വരയ്യർ. *കേരളസാഹിത്യചരിത്രം* വാ. 3, പുറം 329.

എന്നാണ് ഉള്ളൂർ വെൺമണി മഹനെ വിലയിരുത്തിയിരിക്കുന്നത്. വെൺമണിപ്രസ്ഥാനത്തിലെ ഏറ്റവും മികച്ച കവിയായാണ് വെൺമണി മഹനെ അന്നുള്ളവർ കണ്ടിരുന്നത്.

**കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (രാമവർമ) (1868 –1913)**

വെൺമണി അച്ഛൻനമ്പൂതിരിയുടെയും കൊടുങ്ങല്ലൂർ കോവിലകത്ത് കുഞ്ഞിപ്പിള്ള തമ്പുരാട്ടിയുടെയും മകനായി കൊ.വ. 1040 കന്നി 4-ാം തിയ്യതി ജനിച്ച കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൊടുങ്ങല്ലൂർ കളരിയുടെ നടുനായകസ്ഥാനത്ത് തന്റെ സ്ഥാനം ഉറപ്പിച്ചു. ജന്മസിദ്ധമായ കവിതാവാസനകൊണ്ട് ചെറിയപ്രായം മുതൽക്കുതന്നെ കാവ്യങ്ങൾ രചിച്ചു തുടങ്ങി.

> *അസാധാരണമായ രണ്ടുപാരമ്പര്യങ്ങൾ - കൊടുങ്ങല്ലൂർ കോവിലകത്തെ വിദ്വൽ പാരമ്പര്യവും, വെൺമണി മനയ്ക്കലെ കവിതാപാരമ്പര്യവും-ഒരുമിച്ചു ചേർന്നിട്ടാണ് കുഞ്ഞിക്കുട്ടൻ തമ്പുരാനെന്നെ കവിയെ സൃഷ്ടിച്ചത്. അദ്ദേഹത്തിന്റെ പിതാവ് സാക്ഷാൽ വെൺമണി അച്ഛൻ നമ്പൂതിരിപ്പാടായിരുന്നുവെന്ന വസ്തുതയ്ക്കു വലിയ പ്രാധാന്യമുണ്ട്. വെൺമണിപാരമ്പര്യത്തിന്റെ പുതുമയും ഓജസ്സുമാണ് കുഞ്ഞിക്കുട്ടൻ തമ്പുരാനെ, അതേ കോവിലകത്തെ മറ്റൊരു മഹാകവിയായിരുന്ന ചെറിയ കൊച്ചുണ്ണിത്തമ്പുരാനിൽ നിന്ന് വേർതിരിച്ചു നിർത്തുന്നത്. കൊച്ചുണ്ണിത്തമ്പുരാനെയും വെൺമണി മഹൻനമ്പൂതിരിപ്പാടിനെയും ഒരുമിച്ചു ചേർത്താൽ ഫലം കുഞ്ഞിക്കുട്ടൻ തമ്പുരാനായിരിക്കുമെന്ന് ഒരു കടങ്കഥപോലെ വേണമെങ്കിൽ പറയാം.*[18]

---

[18] കെ. ടി. രാമവർമ. *കുഞ്ഞിക്കുട്ടൻ തമ്പുരാൻ*, പുറം 4.

അക്കാലത്തെ കവികൾക്ക് കാവ്യരചനയ്ക്ക് പ്രേരകശക്തിയായിവർത്തിച്ച കുഞ്ഞിക്കുട്ടൻ തമ്പുരാൻ മലയാളഭാഷയ്ക്കും സാഹിത്യത്തിനും ചെയ്ത സേവനങ്ങൾ നിരവധിയാണ്.

**കൃതികൾ**

സംസ്കൃതത്തിലും മലയാളത്തിലുമായി ധാരാളം കൃതികൾ രചിച്ചിട്ടുള്ള കുഞ്ഞിക്കുട്ടൻതമ്പുരാൻ വെൺമണിക്കവികളിൽ വെച്ച് ഏറ്റവുമധികം കാവ്യസൃഷ്ടി നടത്തിയിട്ടുള്ളയാളാണ്.

**സംസ്കൃത കൃതികൾ**

ആര്യാശതകം

സ്വയംവരമന്ത്രാക്ഷരമാല

കിരാതരുദ്രസ്തവം

ബഭ്രുവാഹനവിജയം

കിരാതാർജ്ജുനീയം

സുഭദ്രാഹരണം

ജരാസന്ധവധവ്യായോഗം

ദശകുമാരചരിതം

ശ്രീശങ്കരഗുരുചരിതം

ധനശാസ്ത്രകാരിക തുടങ്ങിയവ

**ഭാഷാകൃതികൾ**

**കാവ്യങ്ങൾ**

കവിഭാരതം (1887)

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ആദ്യകാല കൃതികളിലൊന്നായി കണക്കാക്കപ്പെടുന്ന *കവിഭാരതം* രചനാകാലത്ത് ഒട്ടേറെ ഒച്ചപ്പാടുണ്ടാക്കിയ ഒന്നാണ്. കേരള

ത്തിലെ പല കവികളെയും പ്രത്യേകിച്ച് തെക്കൻ കവികളെയും ഈഴവകവികളെയും വിട്ടുകളഞ്ഞതിന്റെ പേരിൽ ധാരാളം വാദകോലാഹലങ്ങൾ ഈ കൃതിയെ അക്കാലത്ത് ശ്രദ്ധേയമാക്കി.

ദക്ഷയാഗശതകം (1890)

മദിരാശിയാത്ര (1891)

അംബോപദേശം

നല്ലഭാഷ (1891)

പാലുള്ളിചരിതം (1892)

തുപ്പൽക്കോളാമ്പി (1893)

ഹംസസന്ദേശം (1897)

മംഗളമാല

കേരളം

നിലവറക്കുണ്ടിലെ ഭൂതത്താൻ തുടങ്ങിയവ.

**രൂപകങ്ങൾ (സ്വതന്ത്രം)**

ലക്ഷണാസംഗം (1890)

നളചരിതം (1890)

ചന്ദ്രിക (1891)

സന്താനഗോപാലം (1890)

ഗംഗാവതരണം (1891) തുടങ്ങിയവ.

**രൂപകങ്ങൾ (പരിഭാഷ)**

വിക്രമോർവശീയം (1892)

ആശ്ചര്യചൂഡാമണി

ചന്ദ്രികാവീഥി

ഹാംലെറ്റ് (1896)

ഒഥെല്ലോ (രണ്ടാമങ്കം വരെ)

അഭിജ്ഞാനശാകുന്തളം

മൃച്ഛകടികം (1890) എന്നിവ.

**ഗാഥകൾ**

| | |
|---|---|
| ചൊവ്വര ശ്രീകൃഷ്ണൻ<br>വേട്ടയ്ക്കൊരുമകൻ<br>വൈക്കത്തപ്പൻ<br>ആത്മബോധം | } പാന |

കൊടുങ്ങല്ലൂർ ഭഗവതി കുറത്തിപ്പാട്ട്

അയോധ്യാകാണ്ഡം (അഞ്ചുകളം തുള്ളൽ )

രാധാമാധവ യോഗം വഞ്ചിപ്പാട്ട്

ദോഷവിചാരം കിളിപ്പാട്ട്

അത്ഭുതരാമായണം കിളിപ്പാട്ട്- (അപൂർണ്ണം)

ഷഷ്ടിപൂർത്തി മംഗളം. (വഞ്ചിപ്പാട്ട്)

**ആട്ടക്കഥ:** ഘോഷയാത്ര കഥകളി

**ഖണ്ഡകൃതികൾ**

കൂടൽമാണിക്യം

ശരസേതു ബന്ധനം

ഉദയസിംഹൻ

ഭദ്രകാളീസ്തവം അഷ്ടകം

ഒരു കരാർ

ഒരു ചരിത്രകഥ

ഗർവ്വശമനം

ശ്രീഭൂതപുരത്തപ്പൻ പാന

ഒടി (പച്ചമലയാളം)

വെണ്മണിയക്ഷിസ്തവം

കുലുക്കമില്ലാവൂർ തുടങ്ങിയവ.

**ശാസ്ത്രഗ്രന്ഥങ്ങൾ**

കരപ്പൻ (ബാലചികിത്സാ ഗ്രന്ഥം)

ഭാഷാവ്യാകരണം - ക്രിയാകാണ്ഡം (1899)

ശബ്ദാലങ്കാരം

അർത്ഥാലങ്കാരം

**കാവ്യവിവർത്തനങ്ങൾ**

ശ്രീമഹാഭാരതം

കാദംബരീ കഥാസാരം (1898)

ശങ്കരാചാര്യചരിതം

ശുകസന്ദേശം (1903)

കോകില സന്ദേശം

ശ്രീസ്തുതി.

**മഹാഭാരതപരിഭാഷ**

ലോകസാഹിത്യത്തിൽത്തന്നെ ഒരത്ഭുതമായി വിശേഷിപ്പിക്കുന്ന മഹാഭാരത വിവർത്തനമാണ് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പരിശ്രമങ്ങളിൽ എടുത്തുപറയേണ്ടത്. പന്ത്രണ്ടുപേർ ചേർന്ന് സംസ്കൃതത്തിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താൻ നിശ്ചയിച്ചുറപ്പിച്ച ഈ യത്നം മറ്റുള്ളവർ പിൻമാറിയപ്പോൾ താൻ തന്നെ ഏറ്റെടുക്കുകയും ദിവസവും രണ്ട് മണിക്കൂർ എന്ന ക്രമത്തിൽ രണ്ടേമുക്കാൽ കൊല്ലം കൊണ്ട് (874 ദിവസം) വൃത്താനുവൃത്തവും പദാനുപദവുമായി ഒന്നേകാൽ ലക്ഷം ഗ്രന്ഥമുള്ള മഹാഭാരതം ഹരിവംശമുൾപ്പെടെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയുമാണുണ്ടായത്.

മറിവേറിന സാഹസപ്രവൃത്തി-

ക്കുറിവെച്ചിങ്ങിനെ കൈനടത്തിടും ഞാൻ

ശരിയാംപടി ഭാരതം കഴിച്ചാ-

ഹരിവംശത്തിലിറങ്ങി നിന്നിടുന്നേൻ

അതിലൊട്ടൊരു പാതിയോളമായീ

മതിയോടും സുമതേ! മടുത്തതില്ലാ

ധൃതിയോടൊരു മാതിരിക്കു ചെല്ലും

കൃതി മേടത്തിൽ മുടിപ്പനെന്നു മോഹം (കൊ.വ.1082 വൃശ്ചികം 6)

എന്ന് കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച കത്തിൽ ഈ വിവർത്തനയത്നത്തെ പറ്റി സൂചിപ്പിക്കുന്നുണ്ട്.

ഇതുകൂടാതെ ഹിരശ്ചന്ദ്രോപാഖ്യാനം, ഭാഗവതം (നാലാം സ്കന്ധം വരെ) സരസ്വതി എന്നിവയും വിവർത്തനങ്ങളുടെ കൂട്ടത്തിൽ ഉള്ളതായി കാണുന്നു.

**കവിതക്കത്തുകൾ**

വെൺമണി അച്ഛനാണ് ഭാഷയിൽ കത്തുകളെഴുതുന്ന ശീലം തുടങ്ങിവെച്ച തെങ്കിലും അതിനെ ഒരു സാഹിത്യരൂപത്തിന്റെ മട്ടിലേക്കെത്തിച്ചത് കുഞ്ഞിക്കുട്ടൻ തമ്പുരാനാണ്. അദ്ദേഹത്തിന്റെ കത്തുകൾ ആയിരത്തിലധികം ഉണ്ടെന്നാണ് കണക്ക്. അതിൽ കുറേയെണ്ണം കോട്ടയ്ക്കൽ പി. വി. കൃഷ്ണവാര്യർ ക്രമപ്പെ ടുത്തി ലക്ഷ്മീസഹായം അച്ചുകൂടത്തിൽ നിന്ന് രണ്ട് ഭാഗങ്ങളായി അച്ചടിപ്പിച്ചി ട്ടുണ്ട്.

*സ്വന്തം രചനകളെപ്പറ്റി ഉള്ള പരാമർശം, ചങ്ങാതിമാരുടെ കൃതിക ളെപ്പറ്റി (ചങ്ങാതിമാരെപ്പറ്റിയും) ഉള്ള അഭിപ്രായങ്ങൾ, സാഹിത്യ രചനയിലെ ഭാവിപദ്ധതികൾ, ചില കൃതികളുടെ ഗുണദോഷവിചി ന്തനം, സാഹിത്യസമാജങ്ങൾ, കവിതാവേഗപരീക്ഷ, സ്വകാര്യ ജീവി*

*തസംഭവങ്ങൾ എല്ലാം ഇവിടെ കാണാം. തമ്പുരാന് കത്തെഴുതൽ ഭ്രമം തന്നെയായിരുന്നു. സുഹൃത്തുക്കൾ തനിക്ക് മുറയ്ക്ക് കത്തുകൾ എഴുതണം എന്നും അവയെല്ലാം തന്നെ ശ്ലോകത്തിൽ തന്നെ വേണം എന്നും അദ്ദേഹത്തിന് നിർബന്ധം ഉണ്ടായിരുന്നു.*[19]

തമ്പുരാന്റെ കാലത്തെ സാഹിത്യസാംസ്കാരിക രംഗത്തിന്റെ ഒരു സജീവ ചിത്രം നൽകുന്നു എന്നതാണ് ഈ കത്തുകളുടെ പ്രാധാന്യം.

ഇതുകൂടാതെ പല സംഭവങ്ങളെപ്പറ്റിയുള്ള വർണ്ണനകളും പലവകപ്പാട്ടുകളും ആയി അനേകം രചനകൾ ഉണ്ട്.

*ഉദാത്ത കവിതാവാസന കൊണ്ട് അനുഗൃഹീതനായ കവി, ഭാഷാസ്നേഹി, അനുപമനായ വിവർത്തകൻ, സാഹിത്യപ്രോത്സാഹകൻ, പുരാണചരിത്രഗവേഷകൻ, ചരിത്രകാരൻ, ആലങ്കാരികൻ, പത്രപ്രവർത്തകൻ, പണ്ഡിതൻ, സാഹിത്യാചാര്യൻ, പച്ചമലയാള പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്, നാടകകാരൻ, ഒരുത്തമസുഹൃത്ത്, സർവോപരി സത്സ്വഭാവിയും സാത്വിക ഗുണസമ്പന്നനുമായ ഒരു നല്ല മനുഷ്യൻ - ഇങ്ങനെ പലനിലയ്ക്കും നമ്മുടെ ആദരവും കൃതജ്ഞതയും അർഹിക്കുന്ന ആളായിരുന്നു തമ്പുരാൻ*[20]

**നടുവത്തച്ഛൻ നമ്പൂതിരി (ദിവാകരൻ) (1841 - 1912)**

ചാലക്കുടി നടുവത്തില്ലത്ത് ജനിച്ച ഇദ്ദേഹം വെൺമണി പ്രസ്ഥാന കവികളുടെ ഗുരുവായിരുന്നു. വെൺമണി അച്ഛനുമായുള്ള സൗഹാർദ്ദം നിമിത്തം കൊടുങ്ങല്ലൂർ കോവിലകവുമായി ബന്ധം സ്ഥാപിക്കാനും അതുവഴി അവിടുത്തെ പണ്ഡിതന്മാരുമായി സമ്പർക്കം പുലർത്തി തന്റെ കാവ്യവാസനയെ പരിപോഷിപ്പി

---

[19] എസ്. കെ. വസന്തൻ. 'കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കത്തുകൾ', *സാഹിത്യലോകം.* (1999, ജൂലൈ – ആഗസ്റ്റ്) പു.24 ലക്കം 4. പുറം 6.

[20] അകവൂർ നാരായണൻ. *വെൺമണി പ്രസ്ഥാനം*, പുറം 122.

ക്കാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. ഇദ്ദേഹം തൈക്കാട്ടുനാരായണൻ മൂസ്സി ന്റെയും ഇട്ടീരിമൂസ്സിന്റെയും ശിഷ്യത്വത്തിൽ വൈദ്യം പഠിക്കുകയും നല്ലൊരു വൈദ്യനെന്ന പേരു സമ്പാദിക്കുകയും ഉണ്ടായി.

നടുവത്തച്ഛന് വെൺമണി അച്ഛനുമായുണ്ടായ സൗഹൃദം നിമിത്തം കൊടു ങ്ങല്ലൂർ കോവിലകത്ത് ഇടയ്ക്കിടെ പോകുകയും അവിടെവെച്ചു കുഞ്ഞി രാമവർമ്മതമ്പുരാനും കൊച്ചുണ്ണി തമ്പുരാനും കുഞ്ഞിക്കുട്ടൻ തമ്പുരാനുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തു. അവരുമായി നിരന്തരമായി കത്തിടപാടുകൾ നടത്തുകയും താനുണ്ടാക്കുന്ന കൃതികൾ അവരെക്കൊണ്ടു പരിശോധിപ്പിച്ച് അദ്ദേഹം കൊടുങ്ങല്ലൂർ കവിസമാജത്തിലെ ഒരംഗമെന്നപോലെത്തന്നെ വർത്തി ക്കുകയും ചെയ്തു. തന്റെ പുത്രനായ നടുവംമഹൻ കുഞ്ഞിരാമവർമ്മതമ്പുരാന്റെ ശിഷ്യനായതോടുകൂടി ഗുരുകുലവുമായി ഉണ്ടായിരുന്ന ബന്ധം കൂടുതൽ ദൃഢമാ യി. അക്കാലത്തെ കവികളെല്ലാം നടുവത്തച്ഛനെ തങ്ങളുടെ ആചാര്യനായി കണ ക്കാക്കി.

**കൃതികൾ**

വളരെ കുറച്ചുമാത്രം എഴുതിയിട്ടുള്ള കവിയാണ് നടുവത്തച്ഛൻ. രചിച്ചിട്ടു ള്ളവയിൽതന്നെ പൂർണ്ണമായത് അഞ്ചെണ്ണമേയുള്ളു.

അംബോപദേശം (1886)

ഭഗവൽസ്തുതി

ഭഗവദ്ദൂത്നാടകം (1892)

ശൃംഗേരിയാത്ര

അഷ്ടമിയാത്ര എന്നിവയാണവ.

**അപൂർണകൃതികൾ**

കുമാരസംഭവം (രണ്ടാംസർഗം)

അക്രൂരഗോപാലം നാടകം (രണ്ടങ്കം)

ഭാരതം കർണ്ണപർവ്വം കിളിപ്പാട്ട് (അഞ്ചാമധ്യായത്തോളം)

ഉത്തരരാമചരിതം നാടകം (നാലാമങ്കം).

കൂടാതെ സ്യമന്തകം കഥകളിയും അദ്ദേഹം എഴുതിയിട്ടുണ്ടെന്ന് അകവൂർ നാരായണൻ പറയുന്നുണ്ട്.[21]

സമസ്യാപൂരണങ്ങൾ, മംഗളശ്ലോകങ്ങൾ, ഭാഷാന്തരങ്ങൾ, കവിതക്കത്തുകൾ എന്നിങ്ങനെയുള്ള രചനകളും നടുവത്തച്ഛന്റേതായുണ്ട്. മറ്റ് വെൺമണിക്കവികളിൽനിന്ന് വ്യത്യസ്തമായി അദ്ദേഹം ശൃംഗാരശ്ലോകങ്ങൾ എഴുതുന്നതിൽ താല്പര്യം കാണിച്ചില്ല.

> *ഭാഷയുടെ ശുദ്ധി, പദങ്ങൾക്കുള്ള സ്നിഗ്ദ്ധത, ഭാവങ്ങളുടെ സ്വാഭാവികത എന്നീ വിശിഷ്ടഗുണങ്ങൾ അച്ഛന്റെ കവിതയുടെ പ്രത്യേകതകളാണ്. 'വന്നപാടുചന്തം' എന്ന മട്ടിൽ ഒരു കവിതയും അദ്ദേഹം എഴുതിയിട്ടില്ല' എന്നും ചപലത്വം നടുവത്തിന്റെ സ്വഭാവത്തിലെന്നപോലെ കവിതയിലൊരിടത്തും ഇല്ല. അന്തസ്സും ആഭിജാത്യവുമാണ് അതിന്റെ അന്ത:സ്രോതസ്സ്*[22]

എന്നും അകവൂർ നടുവത്തച്ഛന്റെ രചനകളെ വിലയിരുത്തുന്നു.

> *വെൺമണി പ്രസ്ഥാനത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ കഴുകിക്കളയാൻ ഏതു സാഹിത്യാസ്വാദകനും ഇറങ്ങി മുങ്ങേണ്ട തീർത്ഥമാണ് നടുവത്തച്ഛന്റെ കൃതികളെന്നെടുത്തു പറയട്ടെ.*[23]

എന്ന ലീലാവതിയുടെ നിരീക്ഷണവും ശ്രദ്ധേയമാണ്.

---

[21] അകവൂർ, നാരായണൻ. *വെൺമണിപ്രസ്ഥാനം,* പുറം 173.

[22] ടി. പുറം 176-77.

[23] എം. ലീലാവതി. (അവതാരിക) *നടുവം കൃതികൾ 1.* (ഇൻവിഷൻ മീഡിയ, തൃശ്ശൂർ, 2012).

**നടുവം മഹൻ നമ്പൂതിരി (നാരായണൻ) (1868–1944)**

വെൺമണിപ്രസ്ഥാനത്തിലെ പ്രധാനികളായ കവികളിൽ ഏറ്റവും ഒടുവിലത്തെ ആളാണ് നടുവം മഹൻ. നല്ല ഒഴുക്കും മാർദ്ദവവും മാധുര്യവും ഫലിതവും നിറഞ്ഞ കാവ്യങ്ങളെഴുതി അദ്ദേഹം ശ്രദ്ധ നേടി.

നടുവത്തച്ഛന്റെയും മഹന്റെയും കൃതികൾ രണ്ട് ഭാഗങ്ങളിലായി 2012 ഡിസംബറിൽ എൻ .പി. പരമേശ്വരൻ നമ്പൂതിരി സമാഹരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**നടുവം മഹന്റെ കൃതികൾ**

അംബാസ്തവം (1896)

സാരോപദേശം

ഘോഷയാത്രാനാടകം (1896)

സ്തവമഞ്ജരി (1925)

മഹാത്മജിയുടെ ആശ്രമപ്രവേശം

മഹാത്മാഗാന്ധി

ഭക്തിലഹരി

സന്താനഗോപാലം (1926)

ഗുരുവായൂരപ്പൻ തിരുവാതിരപ്പാട്ട്

പിഷാരിക്കലമ്മ വഞ്ചിപ്പാട്ട്

ഉത്തരരാമചരിതം മൂന്നാമങ്കം (1892)

മുദ്രാരാക്ഷസം (1893)

സ്തോത്രപാരായണം (1944)

കൊച്ചിത്തീവണ്ടി (1902)

വെൺമണിപ്രസ്ഥാനകവികളിൽ വ്യത്യസ്തമായ പ്രമേയങ്ങൾ ഉൾക്കൊണ്ട് കവിതയെഴുതിയിട്ടുള്ളത് നടുവം മഹനാണ്.

*ഗാന്ധി, ഗാന്ധിവിജയ പ്രാർത്ഥനാശതകം, ആശ്രമപ്രവേശം* തുടങ്ങിയ കൃതികൾ കേരളത്തിലെ സ്വാതന്ത്ര്യസമര ഗീതങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നതാണ്. ഈ കാവ്യങ്ങളിൽ കാണുന്ന ദേശീയതാബോധവും സ്വാതന്ത്ര്യവാഞ്ഛയും ഇതര വെൺമണിക്കവികളിൽ അത്രയേറെ കാണാനാവില്ല.

**ശീവൊള്ളി നാരായണൻ നമ്പൂതിരി (1868–1905)**

ഫലിതരസികനായിരുന്ന ശീവൊള്ളി വെൺമണിപ്രസ്ഥാനകവികളിൽ അസാമാന്യ കവിതാവാസന പ്രകടിപ്പിച്ച ഒന്നാന്തരം കവിയാണ്.

> *നൈസർഗ്ഗികമായ വാസന, കുശാഗ്രമായ ബുദ്ധി, ഉജ്ജ്വലമായ പ്രതിഭാവിലാസം, ആർജ്ജിതമായ അറിവ്, വിവിധഭാഷാപാണ്ഡിത്യം, വിവിധ വിഷയങ്ങളിലുള്ള വൈദഗ്ദ്ധ്യം, വിപുലമായ സഞ്ചാരം കൊണ്ട് കിട്ടിയ ലോകപരിചയം, ഉച്ഛൃംഖലമായ നർമ്മചാതുരി, അകളങ്കമായ സ്വഭാവവൈശിഷ്ട്യത്തിന്റെ അടയാളമായ ആത്മവിനീതിയും പരബഹുമാനവും സർവ്വോപരി കൃത്യവും വ്യക്തവുമായ സാഹിത്യലക്ഷ്യബോധവും – ഇത്രയധികം ഉത്തമഗുണങ്ങൾ ഒത്തിണങ്ങിയ മറ്റൊരു കവിയുടെ പേരു പറയാൻ ഞെരുങ്ങും*[24]

തൃപ്പൂണിത്തുറ കോവിലകം വൈദ്യനായിരുന്ന തൃശ്ശൂർ എളേടത്തു തൈക്കാട്ടുമൂസ്സിന്റെ കീഴിൽ ആയുർവ്വേദവും ആലുവായിലെ ഒരു ഡോക്ടറുടെ കീഴിൽ അലോപ്പതി ചികിത്സാസമ്പ്രദായവും പഠിച്ച ശീവൊള്ളി അന്നാട്ടിലെ പേരു കേട്ട ഒരു വൈദ്യനും കൂടിയായിരുന്നു. കൂടാതെ ചിത്രരചനയിലും കായികവിദ്യ

[24] അകവൂർ നാരായണൻ. *വെൺമണിപ്രസ്ഥാനം*, പുറം 178.

കളിലും ചെപ്പടിവിദ്യയിലും അദ്ദേഹത്തിന് താത്പര്യം ഉണ്ടായിരുന്നു.

വെൺമണിപ്രസ്ഥാനകവികളിൽ സ്വതന്ത്രചിന്താഗതി ഏറിയ അളവിൽ പുലർത്തിയിരുന്ന ശീവൊള്ളിയുടെ കൃതികളിൽ മലയാളഭാഷയിലെ അന്നത്തെ കവിതാപ്രസ്ഥാനങ്ങളടെ അന്തസ്സാരശൂന്യതയെ പരിഹസിച്ചുകൊണ്ടുള്ളവയെയും കാണാം.

**കൃതികൾ**

മദനകേതനചരിതം (അപൂർണം)

സാരോപദേശ ദശകം (1896)

ദാത്യൂഹസന്ദേശം (1897)

ഒരു കഥ (1897) (അപൂർണം)

ദുസ്പർശാ നാടകം (1900)

ഘോഷയാത്ര ഓട്ടംതുള്ളൽ (1898-1902, അപൂർണം)

ചിരുതേയി (ഗദ്യകൃതി).

ഇവയിൽ ദാത്യൂഹസന്ദേശവും, ദുസ്പർശാ നാടകവും പരിഹാസകവനങ്ങളാണ്. ദാത്യൂഹസന്ദേശം മലയാളത്തിലെ അരസികങ്ങളായ സന്ദേശകാവ്യരചനയെ പരിഹസിക്കുന്നു. ഒരു 'കിഴവച്ചാലിയച്ചാർ' പാലപ്പിള്ളി മലങ്കാട്ടിൽനിന്നു കൊടുങ്ങല്ലൂരിൽ താമസിക്കുന്ന തന്റെ 'ചാലിയപ്പെൺകിടാവിന്' ഒരു നത്തുമുഖേന അയയ്ക്കുന്ന സന്ദേശമാണ് ഇതിലെ കാവ്യവിഷയം.

*ദുസ്പർശാനാടകം* നാടകങ്ങളുടെ പരിഹാസ്യാവസ്ഥയെ ചിത്രീകരിക്കുന്നു. അമ്പലത്തിലെ അടിച്ചുതളിക്കാരി ദുസ്പർശ(കൊടുത്തൂവ)യെയും ആനക്കാരൻ ഭല്ലാതകനെയും നായികാനായകന്മാരാക്കി രചിച്ചിട്ടുള്ള ഈ നാടകവും ശീവൊള്ളിയുടെ ഉദ്ദേശ്യത്തെ വെളിപ്പെടുത്തുന്നു.

ശീവൊള്ളി രചിച്ചിട്ടുള്ള കവിതക്കത്തുകളും പ്രതിപാദന രീതികൊണ്ട് ശ്രദ്ധയർഹിക്കുന്നവയാണ്.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ ശീവൊള്ളിയെ വെൺമണി മഹനോടാണ് താരതമ്യപ്പെടുന്നത്.

> *ഫലിതം കൊണ്ടും രചനാരീതികൊണ്ടും ഒഴുക്കുകൊണ്ടും പദങ്ങളുടെ ധാരാളം കൊണ്ടും ധാടികൊണ്ടും ആന്തരങ്ങളായ തത്വങ്ങളെ വർണ്ണിക്കുന്നതിനേക്കാൾ ബാഹ്യങ്ങളായ വസ്തുസ്വരൂപങ്ങളെ വർണ്ണിക്കുന്നതിനുള്ള അധിക സാമർത്ഥ്യം കൊണ്ടും അനേകം കവിതാഗ്രന്ഥങ്ങളെ ആരംഭിച്ചിട്ട് അവസാനിപ്പിക്കുന്നതിനു മുമ്പേ ചരമഗതിയെ പ്രാപിച്ച കഷ്ടസ്ഥിതികൊണ്ടും, എന്നുവേണ്ട, മറ്റു പല സംഗതി കൊണ്ടും ഈ രണ്ടു കവി ശ്രേഷ്ഠൻമാർക്കും തമ്മിൽ സാദൃശ്യമുണ്ട്. എങ്കിലും ചെറുപ്പം കൊണ്ടു തള്ളലുള്ള ഈ ശീവൊള്ളി നാരായണൻ നമ്പൂതിരി ചില ഘട്ടങ്ങളിൽ വെൺമണി മഹൻ നമ്പൂതിരിപ്പാട്ടിലെക്കൂടി അതിക്രമിച്ചു നിന്നിരുന്നു എന്ന് അദ്ദേഹത്തിന്റെ കവിതകളെ വായിക്കുന്ന ഭാഷാകവിതാരസജ്ഞൻമാർക്കു ചിലപ്പോൾ തോന്നിപ്പോകാതിരിക്കയില്ല.*[25]

**ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ (1869-1916)**

> *നിസർഗ്ഗജമായ പ്രതിഭയുടെ തിളക്കം കൊണ്ടും വാസനയുടെ തികവുകൊണ്ടും കരടറ്റ കാവ്യശൈലിയുടെ വിരുതുകൊണ്ടും സരസമായ സഹൃദയത്വം കൊണ്ടും തെളിഞ്ഞ നർമ്മബോധം കൊണ്ടും അത്ഭുതാവഹമായ ഭാഷാസ്വാധീനം കൊണ്ടും അക്കാലത്തെ മലയാളകവികളിൽ ഒന്നാമൻതന്നെയാണദ്ദേഹം*[26]

---

[25] ശീവൊള്ളി നാരായണൻ നമ്പൂതിരി. *ശീവൊള്ളി കൃതികൾ*, ആദ്യസമാഹാരത്തിന്റെ മുഖവുര, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (ദി മംഗളോദയം ലിമിറ്റഡ്, 1952) പുറം 3.

[26] അകവൂർ നാരായണൻ. *വെൺമണിപ്രസ്ഥാനം*, പുറം 207.

മലയാളഭാഷയിൽത്തന്നെ കവിതകളെഴുതിക്കൊണ്ടിരുന്ന ഒടുവിലിന് കൊടുങ്ങല്ലൂർ തഹസീൽ മജിസ്ട്രേറ്റായി തമ്പുരാക്കന്മാരുമായി പരിചയം സ്ഥാപി ക്കാനും അതുവഴി തന്റെ കവനസാമർത്ഥ്യത്തെ കൂടുതൽ പരിപോഷിപ്പിക്കാനും കഴിഞ്ഞു.

കവി, കാഥികൻ, വിമർശകൻ, പത്രപ്രവർത്തകൻ എന്നിങ്ങനെ വിവിധ മേഖലകളിൽ തന്റെ കഴിവുതെളിയിച്ച ഒടുവിൽ 1893-ൽ കോഴിക്കോട്ടുവെച്ചു നടന്ന ഭാഷാപോഷിണി സഭയുടെ കവിതാമത്സരത്തിൽ സമ്മാനം നേടുകയും ചെയ്തു. ശുദ്ധമായ ഭാഷാശൈലിയും ആശയവ്യക്തതയോടെ കാവ്യവിഷയം അവതരിപ്പിക്കാനുള്ള കഴിവും ഫലിതപ്രയോഗങ്ങളും അനുവാചകരെ അദ്ദേഹ ത്തിന്റെ രചനകളിലേക്കാകർഷിച്ചു. സംസ്കൃത വിദ്യാഭ്യാസത്തേക്കാൾ പാശ്ചാത്യ വിദ്യാഭ്യാസം സിദ്ധിച്ചതുകൊണ്ട് കാവ്യങ്ങളിൽ പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനം കാണാം.

**കൃതികൾ**

ദീർഘകാവ്യങ്ങൾ രചിച്ചിട്ടില്ലെങ്കിലും ലഘുകാവ്യങ്ങളുടെയും ഹ്രസ്വങ്ങ ളായ പദ്യകൃതികളുടെയും ഗദ്യരൂപത്തിലുള്ള കഥകളുടെയും പേരിൽ അദ്ദേഹം പ്രശസ്തി നേടി.

> 'എട്ടാണ്ടെത്തിയ മോരുമെന്റെ ശിവനേ! ചുണ്ണാമ്പു ചോറും പുഴു-
> ക്കൂട്ടം തത്തിടുമുപ്പിലിട്ടതുമഹോ! കൈപ്പേറുമുപ്പേരിയും
> പൊട്ടച്ചക്കയിൽ മോരൊഴിച്ചു വഷളാക്കിത്തീർത്ത കൂട്ടാനുമീ-
> മട്ടിൽ ബ്ഭക്ഷണമുണ്ടു ഛർദ്ദിവരുമാറെർണാകുളം ഹോട്ടലിൽ'

എന്ന ശ്ലോകം ഒടുവിലിന്റേതാണ്.

**പദ്യകൃതികൾ**

വിനോദിനി (ആദ്യകാലത്തെഴുതിയ കൃതി)

ലക്ഷ്മീവിലാസം ശതകം

അന്തർജ്ജനത്തിന്റെ അപരാധം (കുറിയേടത്തു താത്രിയെക്കുറിച്ച്)

ഒരു പോലീസ് ഇൻസ്പെക്ടറുടെ വധം

ഒരു പതിവ്രതയുടെ കഥ

കുംഭകോണയാത്ര

മദിരാശിയിലെ കടൽക്കര

ഇതുകൂടാതെ മാലിനി എന്ന ഒരു ലഘുനോവലും അഞ്ച് ചെറുകഥകളും കല്യാണീകല്യാണം എന്ന നാടകവും രണ്ടു ഗദ്യലേഖനങ്ങളും ഒടുവിലിന്റേതായി ട്ടുണ്ട്. 'കോരപ്പപ്രഭു' എന്ന പേരിൽ ഒടുവിൽ മലയാള മനോരമയിൽ എഴുതിയി രുന്ന പംക്തി അദ്ദേഹത്തിന്റെ ഗദ്യരീതികൊണ്ട് വളരെ പ്രശസ്തമായിരുന്നു.

വെൺമണിപ്രസ്ഥാനത്തിന്റെ ദോഷങ്ങൾ ഒഴിവാക്കി ശൃംഗാരത്തേക്കാൾ മനുഷ്യജീവിതാനുഭവങ്ങൾക്ക് പ്രാധാന്യം നൽകി രസഭാവങ്ങളെ സൂക്ഷ്മമായി ആവിഷ്ക്കരിക്കാൻ ഒടുവിൽ ശ്രദ്ധിച്ചിരുന്നു.

> *നിസർഗജമായ വാസനയുടെ തികവുകൊണ്ടെന്നപോലെ ആർജ്ജി തമായ പാണ്ഡിത്യത്തിന്റെ കുറവുകൊണ്ടു കൂടിയാവണം, ഒടു വിലിന്റെ കവിതകളിൽ പദപ്രയോഗവും പദയോജനയും ഇത്ര സമ്യ ക്കായി അനായാസസുഭഗമായി സമ്മേളിക്കുന്നത്. ഉപബോധമന സ്സിൽനിന്നു പുറപ്പെട്ടു വാർന്നുവീഴുന്നതുപോലുള്ള ഈ പദപ്രവാ ഹത്തിൽ മനഃപൂർവ്വത എന്ന ദോഷം ഒരിക്കലും അനുഭവപ്പെടുന്നി ല്ല. ആഖ്യാന കവിതകളിൽ സംഭാഷണഭാഷയിലെ ഗദ്യശൈലി യുടെ അതേ പദസന്നിവേശക്രമം ഒരു ക്ലേശവും കൂടാതെ കവി പാലിക്കുന്നതു കണ്ടാൽ അതിശയം തോന്നും. ഇതുകൊണ്ടുകിട്ടുന്ന ഊർജ്ജസ്വലതയെപ്പറ്റി പറയാനുമില്ല.*[27]

[27] ടി. പുറം 223.

കൊടുങ്ങല്ലൂർ കളരിയുമായി അദ്ദേഹം പുലർത്തിയ ബന്ധം ഒടുവിലിന്റെ കാവ്യശൈലിയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

**ഒറവങ്കര രാജാ (നീലകണ്ഠൻ നമ്പൂതിരി) (1857 - 1917)**

മന്ത്രവാദം, ജ്യോതിഷം വൈദ്യം, തർക്കം, വ്യാകരണം, യോഗശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അഗാധപണ്ഡിതനായിരുന്ന ഒറവങ്കര കൊടുങ്ങല്ലൂർ ഗുരുകുലത്തിലെ വിദ്വാൻ കുഞ്ഞിരാമവർമ്മത്തമ്പുരാന്റെ കീഴിൽ ആറേഴുകൊല്ലം സംസ്കൃതം അഭ്യസിച്ചു. അതിനുശേഷം ഒരു കൊല്ലം കൊടുങ്ങല്ലൂർ കാവിൽ ഭദ്രകാളിയെ ഭജിച്ചശേഷം ഒന്നാംതരം കവിയും മന്ത്രവാദിയുമായി അറിയപ്പെടാൻ തുടങ്ങി. പൂജയ്ക്കും മറ്റുമായി പല സ്ഥലങ്ങളിൽ ചുറ്റിയടിക്കേണ്ടിവന്നതിനാൽ അദ്ദേഹത്തിന് ഒരു സ്ഥലത്തിരുന്ന് ഏകാഗ്രമായി കവിതാരചനയിൽ ഏർപ്പെടാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ അധികം രചനകളും അപൂർണങ്ങളാണ്.

എന്നാൽ എഴുതിയിടത്തോളം വളരെ ശ്രദ്ധിച്ചും ഗുണം തികച്ചുമാണ് കാണപ്പെടുന്നത്.

> *ശബ്ദത്തിൽ അദ്ദേഹത്തിന് അത്യധികമായ നിഷ്കർഷയുണ്ടായിരുന്നു. എന്നാൽ അതോടുകൂടിത്തന്നെ അർത്ഥത്തിലും തത്തുല്യമായ ജാഗരൂകത വ്യാപരിപ്പിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ കൃതികൾ പ്രായേണ ആശയഗംഭീരങ്ങളാണ്*[28]

എന്ന് ഉള്ളൂർ നിരീക്ഷിക്കുന്നുണ്ട്.

**കൃതികൾ**

**സ്തോത്രകൃതികൾ**

ദേവീവ്യപാശ്രയസ്തോത്രം,

ലക്ഷ്മീസ്തവം

[28] ഉള്ളൂർ, എസ്.പരമേശ്വരയ്യർ. കേരളസാഹിത്യചരിത്രം വാ.4, പുറം 504.

അനാഗസ്തോത്രം

കൃഷ്ണാവനാഷ്ടകം തുടങ്ങിയ ചില സ്തോത്രങ്ങളൊഴിച്ചാൽ പല കൃതികളും അപൂർണങ്ങളാണ്.

ബാലോപദേശം എന്ന ഒരു കൃതി പൂർണ്ണമാണ്. മൂന്ന് ഖണ്ഡങ്ങളിലായി നൂറ്റിഇരുപത്തിയാറ് ശ്ലോകങ്ങൾ ഇതിലുണ്ട്.

കുചേലവൃത്തം ഓട്ടൻതുള്ളൽ

ശ്രീരാമ നാമമാഹാത്മ്യം

ശ്രീനാരദോപാഖ്യാനം

ഭൈമീപരിണയം നാടകം

അഴകാപുരീവർണനം

ദേവീമാഹാത്മ്യം

അംബോപദേശം എന്നിങ്ങനെ അപൂർണങ്ങളായ കൃതികളാണധികവും.

കൂടാതെ ഉപഹാരശ്ലോകങ്ങൾ, മംഗളശ്ലോകങ്ങൾ, സമസ്യാപൂരണങ്ങൾ, കൂട്ടുശ്ലോകങ്ങൾ, അഭിപ്രായശ്ലോകങ്ങൾ എന്നിവയും കവിതക്കത്തുകളും ഒറവങ്കര രചിച്ചിട്ടുണ്ട്.

> *വെൺമണിപ്രസ്ഥാനത്തിൽ ഉൾപ്പെടുന്നുവെങ്കിലും തനതായ ശൈലിയും ഭാവഗരിമയും പുലർത്തിക്കൊണ്ട് കാവ്യരചന നിർവ ഹിച്ച കവിയാണ് ഒറവങ്കര. ഈ സവിശേഷ കാവ്യവ്യക്തിത്വം മൂലം വഴിതെറ്റി വെൺമണിപ്രസ്ഥാനത്തിൽ വന്നു ചേർന്ന കവി യാണ് അദ്ദേഹമെന്ന ആക്ഷേപവും കേൾക്കേണ്ടിവന്നിട്ടുണ്ട്. സാഹിത്യചരിത്രത്തിലും നിരൂപണത്തിലും വെൺമണിക്കവികളുടെ നിഴലായി മാത്രം ഒറവങ്കരയെ കണ്ടതുകൊണ്ട് അദ്ദേഹത്തിന്റെ കവിതകൾ ശ്രദ്ധിക്കപ്പെടാതെപോയി. പല കാരണങ്ങളാൽ നിരവധി കവിതകൾ പൂർണ്ണരൂപത്തിൽ ലഭിക്കാതെ പോയതും അദ്ദേഹം*

*പാർശ്വവൽക്കരിക്കപ്പെടാൻ കാരണമായി. എന്നാൽ കവിതയെ ഗൗരവപൂർവ്വം സമീപിച്ച കവിയാണ് ഒറവങ്കര എന്ന് അദ്ദേഹത്തിന്റെ കവിതകൾ സാക്ഷ്യപ്പെടുത്തുന്നു. വെൺമണിപ്രസ്ഥാനത്തെ അതിവർത്തിക്കുന്ന വ്യക്തിത്വവും കവിത്വവും പ്രകടിപ്പിക്കുന്ന കവിയെയാണ് ഒറവങ്കരക്കവിതകളിൽ കാണാൻ കഴിയുന്നത്.*[29]

എന്നാൽ കാവ്യശൈലിയിൽ യാഥാസ്ഥിതികത്വം പുലർത്തുന്ന ഒറവങ്കര പലപ്പോഴും കൃത്രിമത്വവും ക്ലിഷ്ടതയും കൊണ്ട് വെൺമണിപ്രസ്ഥാനത്തിന്റെ ഭാഷാലാളിത്യത്തിൽ നിന്നു അകന്നു പോകുന്നതായി കാണാം.

**കൊച്ചുണ്ണിത്തമ്പുരാൻ : (രാമവർമ്മ) (1858–1926)**

കൊച്ചി വലിയതമ്പുരാൻ 'കവിസാർവ്വഭൗമൻ' എന്ന സ്ഥാനം നൽകി ആദരിച്ച കൊച്ചുണ്ണിത്തമ്പുരാൻ തികഞ്ഞ പണ്ഡിതൻ എന്ന നിലയിലും ജന്മസിദ്ധമായ ബുദ്ധിശക്തികൊണ്ടും അക്കാലത്ത് കവിയെന്ന നിലയേക്കാളും ശോഭിച്ചു. സഹജമായ കവിതാവാസനയായിരുന്നില്ല, ഒരു മഹാവ്യക്തി എന്ന നിലയിലുള്ള അംഗീകാരമാണ് കൊച്ചുണ്ണിത്തമ്പുരാനെ പ്രശസ്തനാക്കിയത്.

സംസ്കൃതപണ്ഡിതനായിരുന്ന തമ്പുരാനെ മലയാളകാവ്യരചനയിലേക്ക് ആകർഷിച്ചത് വെൺമണി അച്ഛനും മഹനുമാണ്.

വെൺമണി നമ്പൂതിരിമാർ, കേരളഭാഷാകവി -
വെൺമണികളായുള്ളോർ, താതനും തനയനും
എന്മനസ്സിങ്കൽ ഭാഷാകവിതാവിശേഷങ്ങൾ
നന്മയിൽ പ്രകാശിപ്പാൻ തുണച്ചീടേണം സദാ

എന്ന് രാമാശ്വമേധം കിളിപ്പാട്ട് എന്ന കൃതിയിൽ കാണുന്നു.

---

[29] ടി.എൻ. സതീശൻ. *ഒറവങ്കരക്കവിത* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2012), പുറം 58.

**പ്രധാനകൃതികൾ**

ഉള്ളൂർ സാഹിത്യചരിത്രത്തിൽ കൊച്ചുണ്ണിത്തമ്പുരാന്റെ കൃതികളെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്:

> *കൊച്ചുണ്ണിത്തമ്പുരാന്റെ കൃതികൾ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കുകയില്ല. ഓരോ ആവശ്യം പ്രമാണിച്ച് ഓരോരുത്തർ വന്നു ചോദിച്ചാൽ ആ നിമിഷത്തിൽത്തന്നെ ഓരോന്ന് എഴുതിക്കൊടുക്കും. അത് പിന്നീട് അച്ചടിപ്പിച്ചുവോ എന്ന് അന്വേഷിക്കുകപോലും പതിവില്ല. അച്ചടിപ്പിക്കാതെതന്നെ അനേകം നശിച്ചിട്ടുണ്ട്. നിരവധി വാങ്മയങ്ങൾ ചില പഴയ മാസികകളിൽ മാത്രം പ്രകാശിതങ്ങളായും കിടക്കുന്നുണ്ട്. സംസ്കൃതത്തിലും മലയാളത്തിലും കവനം ചെയ്യാൻ ഒന്നുപോലെ ശക്തിയുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കവിഭാരതത്തിൽ ദിവ്യനാം സവ്യസാചി എന്നു പുകഴ്ത്തിയിരിക്കുന്നു[30]........*

എന്നാൽ കൊച്ചുണ്ണിത്തമ്പുരാന്റെ ഭാഷാകൃതികളെക്കാൾ സംസ്കൃതകൃതികൾക്ക് കൂടുതൽ ഗുണം ഉള്ളതായാണ് കാണുന്നത്. അതുകൊണ്ടുതന്നെ പിൽക്കാലത്ത് കൊച്ചുണ്ണിത്തമ്പുരാന്റെ ഭാഷാകൃതികൾ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല.

**സംസ്കൃതകൃതികൾ**

ശ്രീരാമപട്ടാഭിഷേകം നാടകം

വിരാടവിജയംഭാണം

അനംഗജീവനം ഭാണം

ഉത്തരരാമചരിതം കാവ്യം

---

[30] ഉള്ളൂർ, എസ്.പരമേശ്വരയ്യർ. *കേരള സാഹിത്യചരിത്രം* വാ.4, പുറം 334.

ബാണയുദ്ധംചമ്പു

വിപ്രസന്ദേശം.

**ഭാഷാകൃതികൾ**

**നാടകങ്ങൾ**

കല്യാണീനാടകം

ഉമാവിവാഹം

മധുരമംഗലം

ഫല്ഗുനവിജയം

അജ്ഞാതവാസം

**മഹാകാവ്യങ്ങൾ**

പാണ്ഡവോദയം

വഞ്ചീശവംശം

സാവിത്രീമാഹാത്മ്യം

ഗോശ്രീശാദിത്യചരിതം

മലയാംകൊല്ലം

**മറ്റു കൃതികൾ**

അംബോപദേശം

സോമതിലകം ഭാണം

ഷഷ്ടിപൂർത്തി ഡർബാർ

സുന്ദരകാണ്ഡം തുള്ളൽ

രാമാശ്വമേധം കിളിപ്പാട്ട്

ഭദ്രോൽപത്തി കിളിപ്പാട്ട്

ലക്ഷ്മീസ്വയംവരം കിളിപ്പാട്ട്

ശ്രീമഹാഭാഗവതം (ഗാഥ)

ദേവീ മാഹാത്മ്യം (വൃത്താനുവൃത്ത വിവർത്തനം)

കാന്തവൃത്തം

മലയാള ശബ്ദശാസ്ത്രം (പ്രഥമഭാഗം)

അലങ്കാരമാല

തുടങ്ങി അസംഖ്യം കൃതികൾ കൊച്ചുണ്ണിത്തമ്പുരാൻ രചിച്ചു.

ദ്രുതകവിതാപാടവത്തിലും ഓർമശക്തിയിലും കൊച്ചുണ്ണിത്തമ്പുരാനെ കവച്ചുവെയ്ക്കാൻ ആർക്കും സാധിച്ചിരുന്നില്ല. എങ്കിലും കവിത്വസിദ്ധിയുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ നില പിറകിലാണെന്ന് ഉള്ളൂർ തുടങ്ങിയവർ അഭിപ്രായപ്പെടുന്നുണ്ട്.

**കുണ്ടൂർ നാരായണമേനോൻ (1861–1936)**

കൊടുങ്ങല്ലൂരിൽ തഹസിൽദാറായി ജോലിനോക്കവെ കൊടുങ്ങല്ലൂർക്കവികളുമായി സുഹൃദ്ബന്ധം സമ്പാദിക്കാനും വെൺമണിപ്രസ്ഥാനത്തിലെ അംഗമാകാനും കുണ്ടൂരിനു കഴിഞ്ഞു. പച്ചമലയാളത്തിൽ കവനം ചെയ്ത് പ്രസിദ്ധിനേടിയ കുണ്ടൂർ ആ വിഷയത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാനെപ്പോലും അതിശയിപ്പിക്കുകയുണ്ടായി.

സി.പി.അച്യുതമേനോന്റെ സുഹൃത്തായിരുന്ന കുണ്ടൂർ കൊ.വ. 1065ൽ വിദ്യാവിനോദിനി ആവിർഭവിച്ചതോടെയാണ് നിരന്തരമായി സാഹിത്യരചനയിൽ ഏർപ്പെട്ടുതുടങ്ങിയത്.

ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ അഭിപ്രായപ്പെടുന്നത് കാണുക..

> *ശബ്ദത്തിലും അർത്ഥത്തിലും കുണ്ടൂരിനും നല്ല നിഷ്ക്കർഷയുണ്ടായിരുന്നു. പച്ചമലയാളത്തിൽ കവനംചെയ്യുന്ന വിഷയത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻപോലും അദ്ദേഹത്തിനു തുല്യനായിരുന്നി*

*ല്ല. ''നല്ല ഭാഷ'' തിരിയാണെങ്കിൽ ''കോമപ്പൻ'' അതിൽനിന്നു കൊളുത്തിയ പന്തമാണ്. ഭാഷയിൽ സരസമായ യമകപ്രയോഗത്തിന് അദ്ദേഹത്തിന്റെ സമീപത്തുപോലും ചെല്ലാവുന്ന ഒരു കവി നാളിതുവരെ ജനിച്ചിട്ടില്ല. സംസ്കൃത ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്യുന്നതിനും അദ്ദേഹത്തിനുള്ള പാടവം അസാധാരണമായിരുന്നു. സജാതീയ ദ്വിതീയാക്ഷര പ്രാസം സാർവ്വത്രികമായി ദീക്ഷിച്ചു രഘുവംശം തുടങ്ങിയ കൃതികൾ അദ്ദേഹം വിവർത്തനം ചെയ്തിട്ടുള്ളത് ആശ്ചര്യകരമായിരിക്കുന്നു. അവയിൽ ചിലതെല്ലാം വൃത്താനുവൃത്തമാണ് വിവർത്തനം ചെയ്തിട്ടുള്ളത്. അദ്ദേഹത്തെ ശ്ലാഘിക്കേണ്ടത് മനോഗുണത്തിനാണ്. അത്രമാത്രം അഹങ്കാരരഹിതനായി ഗുണൈകലബ്ധനായി ജീവിച്ചിരുന്ന അദ്ദേഹത്തെ നടുവത്തച്ഛന്റെ മരണാനന്തരം കേരളീയകവികൾ അവരുടെ തറവാട്ടുകാരണവരായി ബഹുമാനിച്ചുവന്നതിൽ അത്ഭുതമില്ല.*[31]

ഇവരാണ് വെൺമണിപ്രസ്ഥാനം എന്ന് പിൽക്കാലത്ത് അറിയപ്പെട്ട കാവ്യശാഖയുടെ വളർച്ചയിൽ പ്രമുഖസ്ഥാനം അർഹിക്കുന്നവർ. വെൺമണിപ്രസ്ഥാനത്തിന്റെ ഭാഗമെന്ന നിലയിലും അതിനെ പിൻപറ്റിക്കൊണ്ടും അനേകംപേർ അക്കാലത്ത് കാവ്യരചനയിൽ ഏർപ്പെട്ടു.

കാത്തുള്ളിൽ അച്യുതമേനോൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, പെട്ടരഴിയം രാമനിളയത്, കറുത്തപാറ ദാമോദരൻ നമ്പൂതിരി, ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്, പാലിയത്ത് ചെറിയ കുഞ്ഞുണ്ണി അച്ചൻ, കെ.സി.നാരായണൻ നമ്പ്യാർ, പി.വി.കൃഷ്ണവാര്യർ, കോടശ്ശേരി കുഞ്ഞൻതമ്പാൻ, തോട്ടേക്കാട്ട് ഇക്കാവമ്മ, പെരുന്നെല്ലി കൃഷ്ണൻ വൈദ്യർ, തൃശ്ശൂർ തൈക്കാട്ട് ഇക്കാവമ്മ, തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സ്, ഗ്രാമത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ, ചങ്ങനാശ്ശേരി രവി

[31] ടി. പുറം 508-509.

വർമ്മ കോയിത്തമ്പുരാൻ, മൂലൂർ എസ്.പദ്മനാഭപ്പണിക്കർ, വെള്ളാനശ്ശേരി വാസുണ്ണി മൂസ്സത്, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള എന്നിങ്ങനെ പ്രശസ്തരും അപ്രശസ്തരുമായ നിരവധി കവിതാസ്നേഹികൾ വെൺമണിമാർ തുടങ്ങിവച്ച കാവ്യശൈലിയെ പരിപോഷിപ്പിച്ചു. അങ്ങനെ മലയാള കവിതയിൽ അക്കാലംവരെ കാണാതിരുന്ന ഒരു ഉണർവ് സാഹിത്യരംഗത്തെ മുഴുവൻ പരിഷ്ക്കരിക്കാനുതകും മട്ടിൽ വളർന്നു വികസിക്കുന്നതിന് കാരണമായി.

കൊടുങ്ങല്ലൂർ ഗുരുകുലത്തിൽ രൂപം പ്രാപിച്ച ഈ കാവ്യശൈലി തുടർന്നങ്ങോട്ട് കേരളം മുഴുവൻ വ്യാപിക്കുന്നതും മലയാളകവിതയുടെ കാല്പനികതയിലേക്കുള്ള വളർച്ചയിൽ ഒരു ശക്തിയായി വർത്തിക്കുന്നതും കവിത ജനകീയമാവുന്നതുമായി കാണാം.

വെൺമണിമാരുടെ കാലത്തിനു മുമ്പുള്ള മലയാളസാഹിത്യത്തിൽ നിന്ന് വെൺമണിപ്രസ്ഥാനം എന്തു മാറ്റമാണ് ഉണ്ടാക്കിയത് എന്ന് അന്വേഷിക്കുകയാണ് അടുത്ത അധ്യായത്തിൽ ചെയ്യുന്നത്.

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

അധ്യായം 3

# മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വികാസത്തിൽ വെൺമണിപ്രസ്ഥാനത്തിന്റെ ഇടപെടൽ

മലയാളസാഹിത്യത്തിന്റെ മുഖച്ഛായതന്നെ മാറ്റുകയും നിലവിലുള്ള കാവ്യശീലങ്ങളെ പരിഷ്കരിക്കുകയും ചെയ്തുകൊണ്ടാണ് വെൺമണിപ്രസ്ഥാനം പത്തൊൻപതാം നൂറ്റാണ്ടിലെ കവികളെയും സാഹിത്യാസ്വാദകരെയും മുന്നോട്ടുനയിച്ചത്. വെൺമണിപ്രസ്ഥാനകവികൾ ഭാഷയിലും സാഹിത്യത്തിലും അന്നുവരെ കണ്ടിട്ടില്ലാത്ത പരീക്ഷണങ്ങൾ നടത്തി. ഇവയെന്തെല്ലാമാണെന്നും മലയാളസാഹിത്യത്തിനു ഭാഷയ്ക്കും ഇതുകൊണ്ട് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി എന്നതും വിശദമായി പരിശോധിക്കേണ്ടതുണ്ട്.

തമിഴിന്റെ ചുവടുപിടിച്ച് ദ്രമിഡസംഘാതാക്ഷര നിബദ്ധമായതും പ്രാസാദി വ്യവസ്ഥകൾ പാലിക്കുന്നതുമായ പാട്ടുപ്രസ്ഥാനം, ഭാഷാസംസ്കൃതയോഗമായ മണിപ്രവാളം, ഇതിനിടയിലൂടെ തെളിമയാർന്ന നാടൻഗാനങ്ങൾ എന്നിങ്ങനെ മൂന്ന് വഴികളിലായി വളർന്നുവന്ന സാഹിത്യരൂപങ്ങൾ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനിലൂടെ ഗൗരവപൂർണ്ണമായ സാഹിത്യ രൂപം പ്രാപിച്ചു. പാട്ടും മണിപ്രവാളവും നാടോടിപ്പാട്ടുകളും ചേർന്ന ഒരു മിശ്രമായാണ് മലയാളസാഹിത്യം പിന്നീട് മാറുന്നത്. ഇവയിൽ കേരളീയജീവിത പരിസരവുമായി കൂടുതൽ ബന്ധം പ്രകടിപ്പിക്കുന്നത് മണിപ്രാവാളകാവ്യങ്ങളും നാടോടിഗാനശാഖയുമാണ്. ഇടക്കാലത്ത് കൃത്രിമത്വവും സംസ്കൃതാധിപത്യവും മണിപ്രവാളപ്രസ്ഥാനത്തിന്റെ ശോഭ കെടുത്തിയെങ്കിലും ആദ്യകാല മണിപ്രവാള കൃതികൾ പലതും ഉത്തമ മണിപ്രവാളകാവ്യങ്ങൾ തന്നെയാണ്. പാട്ടിന്റെ കൈവഴിയായി രൂപപ്പെട്ട സാഹിത്യശൈലിയാകട്ടെ ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലൂടെയും പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലൂടെയും തെളിമ നേടി. ശുദ്ധമലയാളശാഖയുടെ ലാളിത്യം പ്രകടമാക്കുന്ന കാവ്യ

ങ്ങളാണിവ. എന്നാൽ പാട്ടും മണിപ്രവാളവും കാവ്യഭാഷയിലെ കൃത്രിമത്വം കൊണ്ട് അപചയം നേരിട്ടപ്പോൾ ഇവയുടെ ഗുണവശങ്ങൾ ഉൾക്കൊണ്ട് എഴുത്തച്ഛൻ സ്വീകരിച്ച ഭാഷാശൈലി പിന്നീട് കേരളത്തിൽ വലിയ മാറ്റമൊന്നുമില്ലാത്ത കാവ്യഭാഷയായി കുറേക്കാലം തുടർന്നുപോന്നു. മണിപ്രവാളത്തെയും പാട്ടിനെയും ശുദ്ധമലയാളശാഖയെയും കോർത്തിണക്കിയ എഴുത്തച്ഛന്റെ കാവ്യശൈലിക്ക് മലയാളസാഹിത്യത്തിൽ സ്വീകാര്യത നേടിയെടുക്കാനായി.

> *ഭൂരിപക്ഷം പാമരൻമാരായ ഒരു വലിയ ജനതയെ മുഴുവൻ തന്നിലേയ്ക്കടുപ്പിയ്ക്കാനും സൂര്യോദയത്തിൽ താമരകളെന്നപോലെ അവരുടെ ചിത്തപുഷ്പങ്ങളെ വിരിയിക്കാനും എഴുത്തച്ഛന് കഴിഞ്ഞത് അദ്ദേഹം അവർക്ക് മനസിലാവുന്ന ഭാഷയിൽ അവരുടെ സുപ്തവികാരങ്ങളെ ഉണർത്തുന്ന കവിതാരസചാതുരിയോടെ അവരുടെ ആത്മീയതൃഷ്ണകൾ ശമിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവെന്നതുകൊണ്ടാണ്*[1]

എഴുത്തച്ഛനുശേഷം 18-ാം നൂറ്റാണ്ടിൽ കുഞ്ചൻനമ്പ്യാർ തുള്ളൽക്കൃതികളിലൂടെ മലയാളഭാഷയെ കൂടുതൽ ജനപ്രിയമാക്കി.

ഭടജനങ്ങടെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള
ഭാഷതന്നെ ചിതംവരൂ
കടുകടെപ്പടുകഠിനസംസ്കൃത
വികടകടുകവിയേറിയാൽ

[1] എം. ലീലാവതി. *മലയാള കവിതാസാഹിത്യചരിത്രം* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2002) പുറം 80.

ഭടജനങ്ങൾ ധരിക്കയില്ല

തിരിക്കുമൊക്കെയുമേറ്റുടൻ (സഭാപ്രവേശം)

എന്ന് മലയാളഭാഷയോടുള്ള ചായ്വ് അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട്. മലയാളഭാഷയിലെ പഴഞ്ചൊല്ലുകളുടെയും ശൈലികളുടെയും പ്രയോഗങ്ങളും കുറിക്കുകൊള്ളുന്ന ഫലിതവും അദ്ദേഹത്തിന്റെ കൃതികളെ കൂടുതൽ ജീവസ്സുറ്റതാക്കി. എന്നാൽ നമ്പ്യാരുടെ കാവ്യഭാഷ തുള്ളൽക്കൃതികളുടെ രചനയ്ക്കു മാത്രമേ യോജിക്കൂ എന്നത് ഒരു പരിമിതിയാണ്. ഹാസ്യരസപ്രധാനമാകയാൽ പിൽക്കാലത്ത് ഗൗരവപൂർണമായ സാഹിത്യരചനയ്ക്കു തുള്ളലിന്റെ ഭാഷ പര്യാപ്തമല്ലാതായി.

കുഞ്ചൻനമ്പ്യാർക്കുശേഷം ഏകദേശം ഒരു നൂറ്റാണ്ടുകാലം കേരളത്തിന്റെ രാഷ്ട്രീയാന്തരീക്ഷം അസ്വസ്ഥതകൾ നിറഞ്ഞതായിരുന്നു. മൈസൂർ രാജാവായിരുന്ന ടിപ്പുസുൽത്താൻ മലബാറിന്റെ പല ഭാഗങ്ങളും ആക്രമിച്ചത് ഇക്കാലത്താണ്. മലബാറിലെ ജനങ്ങൾക്ക് തെക്ക് തിരുവിതാംകൂറിലേക്ക് ജീവരക്ഷാർത്ഥം പലായനം ചെയ്യേണ്ടിവന്നു. സാഹിത്യകാരന്മാർക്ക് സാഹിത്യരചന നടത്താൻ പറ്റിയ സ്വസ്ഥമായ അന്തരീക്ഷമോ സാഹചര്യമോ ഉണ്ടായിരുന്നില്ല. സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചിരുന്ന നാടുവാഴി പ്രഭുകുടുംബങ്ങളും ഭയത്തിന്റെ നിഴലിലായതോടെ സാഹിത്യപരിശ്രമങ്ങൾ ഏതാണ്ട് നിശ്ചലമായി.

എങ്കിലും ആട്ടക്കഥകൾ, കൈകൊട്ടിക്കളിപ്പാട്ടുകൾ, തുള്ളൽപാട്ടുകൾ, കുറത്തിപ്പാട്ടുകൾ, കിളിപ്പാട്ടുകൾ എന്നിങ്ങനെ പാരമ്പര്യത്തിന്റെ നിർജീവങ്ങളായ തുടർച്ചകൾ അക്കാലത്ത് ഉണ്ടായിട്ടുണ്ട്. ഇവയ്ക്ക് സമകാലികജീവിതത്തോടുള്ള ബന്ധം വളരെ കുറവായിരുന്നു. പിന്നീട് ബ്രിട്ടീഷുകാർ കേരളത്തിൽ ആധിപത്യം ഉറപ്പിക്കുന്നതോടെയാണ് സാഹിത്യസാംസ്കാരികരംഗങ്ങളിൽ ഒരു പരിവർത്തനം സംജാതമാകുന്നത്.

പത്തൊൻപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലയാളസാഹിത്യത്തിലുണ്ടാകുന്ന മാറ്റം തെക്ക് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെയും വടക്ക് വെൺമണിപ്രസ്ഥാന കവികളുടെയും നേതൃത്വത്തിലാണ് രൂപം പ്രാപിക്കുന്നത്. വെൺമണിമാർ മലയാളഭാഷയോടും സാഹിത്യത്തോടും കൂടുതൽ താത്പര്യം പ്രകടിപ്പിക്കുകയും കൊടുങ്ങല്ലൂർ ഗുരുകുലത്തിലെ തമ്പുരാക്കൻമാർ ഇവർക്ക് പ്രോത്സാഹനം നല്കുകയും ചെയ്തതോടെ മലയാളസാഹിത്യത്തിൽ ഒരു പുതിയ അഭിരുചി രൂപപ്പെട്ടു.

വെൺമണിക്കവികൾ പുതുതായി ഒരു ഭാഷാശൈലി സൃഷ്ടിച്ചെടുക്കുകയല്ല, നിലവിലുണ്ടായിരുന്ന സാഹിത്യപാരമ്പര്യങ്ങളെ കോർത്തിണക്കി മലയാളസാഹിത്യത്തിൽ ഒരു പുതിയ ഭാവുകത്വം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുകയാണ് ചെയ്തത്.

ചമ്പൂപ്രബന്ധങ്ങളിലെ കേരളീയതയും തുള്ളൽപ്പാട്ടുകളിലെ ഫലിതരസികതയും കൃഷ്ണഗാഥയുടെ ലാളിത്യവും കിളിപ്പാട്ടുകളിലെ പ്രൗഢതയും ആട്ടക്കഥകളിലെ ശൃംഗാരവും ഒത്തുചേർന്ന പ്രത്യേകവ്യക്തിത്വം വെൺമണിപ്രസ്ഥാനത്തെ ഹൃദയാവർജകമാക്കിത്തീർക്കുന്നു. ആധുനികതയുടെ എല്ലാ പ്രവണതകളും അവയിൽ കാണാൻ കഴിയുന്നുണ്ട്.

വെൺമണിമാർ നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങളെ പൊതുവെ കാവ്യഭാഷയിൽ വരുത്തിയവ, കാവ്യരൂപത്തിൽ വരുത്തിയവ എന്ന് രണ്ടായി തിരിക്കാം.

## 1. കാവ്യഭാഷയിൽ വരുത്തിയ പരിഷ്കാരങ്ങൾ

നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ -
ക്രമക്കണക്കേ ശരണം, ജനങ്ങൾ
സമസ്തരും സമ്മതിയാതെ കണ്ടി -
സ്സമർത്ഥനോതില്ലൊരു വാക്കുപോലും -

എന്ന കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ നയം മുറുകെപ്പിടിച്ചുകൊണ്ടാണ് വെൺമണിക്കവികൾ കാവ്യരചന നടത്തിയിരുന്നത്. സംസ്കൃതത്തിന്റെ പിടിയിൽപ്പെട്ട് നട്ടംതിരിയുകയായിരുന്ന മലയാളഭാഷയെ സാധാരണക്കാരന്റെ സംഭാഷണഭാഷയോടടുപ്പിക്കാൻ ധൈര്യം കാണിച്ചത് വെൺമണിക്കവികളാണ്. 'എന്താണ്, തേങ്ങാക്കുലയാണെനിക്ക്', 'ഒലക്കേടെ മൂടാണെനിക്കെന്തുചേതം' എന്നിങ്ങനെയുള്ള ഗ്രാമ്യപ്രയോഗങ്ങളോടൊപ്പം നമ്പൂതിരിമാരുടെ നിത്യ സംഭാഷണത്തിലെ പദങ്ങളെയും - (കുണ്ടാമണ്ടി, തക്കിടി, പിട്ട്, വെടിപറയുക, ഉഷ്ണിക്കൽ, കഷണിക്കൽ, എതൃത്തു, ഭേസുക, കബളിക്കുക, കമ്പം തുടങ്ങിയവ) സാഹിത്യരചനയിലുപയോഗിച്ചു. ഇങ്ങനെ കാവ്യഭാഷയും സംഭാഷണഭാഷയും തമ്മിലുള്ള അകലം കുറച്ചു. പ്രാസം വേണമെന്നുണ്ടായിരുന്നെങ്കിലും സജാതീയ പ്രാസം വേണമെന്ന കാര്യത്തിൽ നിഷ്കർഷ ഉണ്ടായിരുന്നില്ല. ദ്രാവിഡശീലുകളിൽ പ്രാസം ഉണ്ടായാൽ നന്ന് എന്ന തോന്നലാണ് അവരിൽ മുന്നിട്ടുനിന്നത്.

> പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും
> പ്രാസസൗഭാഗ്യമുണ്ടെ -
> ന്നായേ ലോകം രസിക്കൂ കവിതയിലതിനാൽ
> ഭൂരിപക്ഷത്തെ നോക്കി
> ചായേണം നമ്മളങ്ങോട്ടതിനിടയിൽ വെറും
> വാഗ്വിവാദം തുടങ്ങി -
> പ്പോയേച്ചാൽ കാര്യമുണ്ടോ? കവിതകളെഴുതി -
> ക്കൂട്ടുവിൻ കൂട്ടുകാരേ - (കുഞ്ഞിക്കുട്ടൻതമ്പുരാൻ)

സംസ്കൃതത്തിലെഴുതിയാലേ ഉത്തമ കാവ്യമാവൂ എന്ന പ്രബലമായ ധാരണയെയും വെൺമണിക്കവികൾ തിരുത്തി. മലയാളഭാഷയോടുള്ള ഈ പ്രതിപത്തിക്ക് ഒരു കാരണമായി പറയാവുന്നത് ഈ കവികളിൽ പലർക്കും സംസ്കൃതത്തിൽ വേണ്ടത്ര പാണ്ഡിത്യം ഉണ്ടായിരുന്നില്ല എന്നതാണ്. ''ആ കവികൾക്ക്

സംസ്കൃതത്തിൽ പറയത്തക്ക അവഗാഹമില്ലാതിരുന്നത് ഭാഷയുടെ ഭാഗ്യമായി''[2] എന്ന് ഉള്ളൂർ സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സംസ്കൃതത്തിന്റെ ആധിപത്യത്തിൽനിന്ന് മോചനം നേടാൻ ഇവരുടെ രചനകൾക്ക് സാധിച്ചു. കാവ്യഭാഷയിലും കാവ്യശൈലിയിലും ഇവർ നടത്തിയ അഴിച്ചുപണികൾ സാമാന്യ ജനങ്ങൾ വളരെ വേഗം സ്വീകരിക്കുകയും ചെയ്തു

കാവ്യഭാഷയിൽ നടപ്പിൽ വരുത്തിയ പരിഷ്കരണങ്ങൾ ഉള്ളൂർ സാഹിത്യ ചരിത്രത്തിൽ സൂക്ഷ്മമായി രേഖപ്പെടുത്തുന്നുണ്ട്.[3] അവ താഴെ പറയുന്നവയാണ്:-

1. *സംസ്കൃത വിഭക്ത്യന്തങ്ങളോ പ്രസിദ്ധിവികലങ്ങളോ ആയ പദങ്ങളെ കഴിവുള്ളിടത്തോളം വർജ്ജിക്കുക.*
2. *ശ്ലേഷം (സംശ്ലിഷ്ടപദത- അതായത് എത്ര പദങ്ങളുണ്ടെങ്കിലും എല്ലാം കൂടി ഒരൊറ്റപ്പദംപോലെ അലിഞ്ഞു ചേർന്നു പരിലസിക്കത്തക്ക നിലയയിലുള്ള അവയുടെ സംയോജനം), പ്രസാദം (കേട്ട നിമിഷത്തിൽ അർത്ഥാവബോധമുണ്ടാകത്തക്ക പദങ്ങളല്ലാതെ മറ്റൊന്നും പ്രയോഗിക്കാതിരിക്കുക), മാധുര്യം, സൗകുമാര്യം, അർത്ഥവ്യക്തി, ഗതി (സ്വരങ്ങൾക്ക് ആരോഹണാവരോഹണക്രമം ദീക്ഷിക്കുമ്പോൾ പ്രകടീഭവിക്കുന്ന രമ്യത) ഇത്യാദി കാവ്യഗുണങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുക.*
3. *ശയ്യ (പദങ്ങളുടെ വിനിമയാസഹിഷ്ണുത) ദ്രാക്ഷാപാകം (അകത്തും പുറത്തും ഒന്നുപോലെ വ്യാപിക്കുന്ന രസസ്ഫൂർത്തി), വൈദർഭിരീതി (മാധുര്യാദിഗുണങ്ങൾക്കിണ*

---

2 ഉള്ളൂർ, എസ്.പരമേശ്വരയ്യർ. *കേരള സാഹിത്യചരിത്രം*, വാ.4, പുറം 297.

3 ടി. പുറം 296-97.

*ങ്ങിയ കോമളമായ ശബ്ദഘടന) ഈ വക കാര്യങ്ങളിൽ നിഷ്കർഷിക്കുക.*

4. *കർണസുഖം വരുത്തി ശ്രോതാക്കളെ ആകർഷിക്കുന്നതിനുള്ള ഉപായങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത വൃത്ത്യനുപ്രാസത്തിലും അന്ത്യപ്രാസത്തിലും വിശേഷപ്രതിപത്തി പ്രദർശിപ്പിക്കുക.*
5. *ഏതു ശ്ലോകത്തിലും ഇങ്ങോളം അങ്ങോളം ഫലിതരസിത വിതറി അതിന്റെ ആസ്വാദ്യത വർദ്ധിപ്പിക്കുക.*

എന്നിങ്ങനെ ചില പദ്ധതികളാണ് ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ തങ്ങളുടെ ഉദ്ദേശ്യസിദ്ധിക്ക് അംഗീകരിച്ചത്.

ഇത്തരം പരിഷ്കരണങ്ങൾക്ക് അനുയോജ്യമായ സ്വാഭാവികമായ ഒരു പരിതസ്ഥിതി കൊടുങ്ങല്ലൂർ ഗുരുകുലത്തിൽ അന്ന് രൂപപ്പെട്ടിരുന്നു.

> *വെൺമണിപ്രസ്ഥാനം സംസ്കൃതാധിപത്യത്തിനെതിരേയുള്ള അബോധപൂർവ്വമായ പ്രതിഷേധമായിരുന്നെന്നു പറഞ്ഞുവല്ലോ. സംസ്കൃതഭാഷ തങ്ങളുടെ കുടുംബസ്വത്താണെന്നും ബ്രഹ്മസ്വവും രാജഭോഗവുംപോലെ അതിനെ കാത്തുരക്ഷിക്കേണ്ടത് തങ്ങളുടെ ബാധ്യതയാണെന്നും എക്കാലത്തും അറിയാതെ വിശ്വസിച്ചുപോന്നിരുന്ന ബ്രാഹ്മണക്ഷത്രിയ വർഗങ്ങളുടെ പ്രതിനിധികളിൽനിന്നുതന്നെയാണ് ഈ പ്രതിഷേധവും വന്നത് എന്നത് നിയതിയുടെ പ്രതികാരപ്രക്രിയകളിൽ അന്തർഭവിച്ചുകാണാറുള്ള ഫലിതങ്ങളിലൊന്നായി കരുതാം. അമാന്തക്കൊടിമരമെന്നു സ്വയം വിശേഷിപ്പിച്ച വെൺമണി മഹന്ന് അലസതയും ചൊറിയും മാത്രമല്ല, സംസ്കൃതവൈമുഖ്യവും എന്നും കൂട്ടുകാരായിരുന്നെന്നു തോന്നുന്നു. വെൺമണി അച്ഛനും അത്യാവശ്യം ശാസ്ത്രജ്ഞാനവും വ്യാകരണ*

*പാണ്ഡിത്യവും ഉണ്ടായിരുന്നെന്നു പറയപ്പെട്ടിട്ടുണ്ടെങ്കിലും ആഭി മുഖ്യം മലയാളത്തോടായിരുന്നു. പ്രസിദ്ധഭാഷാ കവിയായിരുന്ന പൂന്തോട്ടം നമ്പൂതിരിയുടെ സഹവാസവും മാതൃകയുമായിരിക്കാം ഈ പ്രവണത അദ്ദേഹത്തിലുണർത്തിവിട്ടത്. ആ നിലയ്ക്ക് വെൺമണിപ്രസ്ഥാനത്തിന്റെ ഉദയതാരമായി പൂന്തോട്ടം നമ്പൂതി രിയെ കണക്കാക്കാം. പൂന്തോട്ടം നമ്പൂതിരിയോടൊപ്പം കൊടുങ്ങ ല്ലൂർക്കളരിയിലെ കവിതാഭ്യാസത്തിന്റെ ആചാര്യനായിട്ട് അദ്ദേഹം വളരെക്കാലം കോവിലകത്ത് താമസിച്ചുവെന്ന് രേഖപ്പെടുത്തിക്കാ ണുന്നുണ്ട്. അച്ഛൻ അണിയിച്ചുകൊടുത്ത മലയാള കവിതക്കിരീടം കുഞ്ഞിക്കുട്ടൻതമ്പുരാൻ അഴിച്ചുവെക്കാൻ ഇഷ്ടപ്പെടാത്തതു സ്വാഭാവികം തന്നെ. ഈയൊരു പശ്ചാത്തലമില്ലായിരുന്നെങ്കിൽ ഒരു പക്ഷേ, കൊടുങ്ങല്ലൂരിലെ ദിവ്യന്മാർ ദേവഭാഷയുടെ സ്വർഗ്ഗ ത്തിൽനിന്നു താഴോട്ടിറങ്ങുന്നതിനുമുമ്പ് പല പ്രാവശ്യം ആലോചി ച്ചേനേ!*[4]

മലയാളഭാഷാസ്വീകരണം മാത്രമല്ല, പൗരാണിക കഥകൾ മാത്രമേ കാവ്യ വിഷയമാകാവൂ എന്ന കടുംപിടുത്തത്തിനു പകരം ചുറ്റും കാണുന്നതും സ്വന്തം അനുഭൂതിക്കു പാത്രീഭവിക്കുന്നതുമായ വിഷയങ്ങളും കാവ്യവിഷയമാക്കാമെന്ന നയവും വെൺമണിക്കൃതികളെ ആസ്വാദ്യകരമാക്കി. ഭക്തിവിഷയകമായ രചനക ളിൽപ്പോലും ഇവർ ഫലിതത്തിന്റെ മേമ്പൊടി ചേർത്തു. സാധാരണക്കാരെ കവിത യിലേക്കടുപ്പിക്കാൻ ഇത്തരം പരിശ്രമങ്ങൾ സഹായിച്ചു. കാവ്യഭാഷ വാമൊഴിയോ ടടുത്തപ്പോൾ അതിന് ഒരു നവചൈതന്യം കൈവന്നു. സാഹിത്യത്തിന്റെ ജനാധി പത്യവൽക്കരണം സാധിച്ചതിലൂടെ അനേകം പേർ കാവ്യരചന നടത്തുന്ന ഒരു

---

4 എം. ലീലാവതി. 'വെൺമണി പ്രസ്ഥാനം', *നവരംഗം* (സാഹിത്യപ്രവർത്തക സഹക രണ സംഘം, കോട്ടയം, 1976) പുറം 10-11.

സന്ദർഭം സൃഷ്ടിക്കപ്പെട്ടു എന്നത് വെൺമണിപ്രസ്ഥാനകാലത്തെ മാത്രം പ്രത്യേകതയാണ്.

## 2. കാവ്യരൂപത്തിൽ വരുത്തിയ പരിഷ്കരണങ്ങൾ

വെൺമണിമാർ സാഹിത്യഭാഷയിൽ വരുത്തിയ പരിഷ്ക്കരണങ്ങളോളം പ്രധാനമാണ് വ്യത്യസ്തങ്ങളായ സാഹിത്യരൂപങ്ങൾ സാഹിത്യാസ്വാദകർക്ക് പരിചയപ്പെടുത്തിയതും.

മലയാളസാഹിത്യത്തിന്റെ ആരംഭം മുതൽ ഒറ്റയൊറ്റ വ്യക്തികളാണ് പ്രസ്ഥാനസ്ഥാപകരായിരുന്നിട്ടുള്ളത്. ഓരോ എഴുത്തുകാരന്റെയും ഒന്നോ രണ്ടോ കൃതികൾ പിന്നീട് ഒരു പ്രസ്ഥാനത്തിന്റെ രൂപം പ്രാപിച്ചു. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, എഴുത്തച്ഛന്റെ കിളിപ്പാട്ടുപ്രസ്ഥാനം, കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്രസ്ഥാനം, രാമപുരത്തുവാര്യരുടെ വഞ്ചിപ്പാട്ട് തുടങ്ങിയവ ഇത്തരത്തിൽ പ്രസിദ്ധിനേടിയവയാണ്. എന്നാൽ വെൺമണിക്കവികൾ ആത്മാവിഷ്കാരത്തിന് നിലവിലുള്ള കാവ്യരൂപങ്ങൾ പോരാതെവന്നപ്പോൾ പുതിയവ കണ്ടെത്തി. ഇവയിലൂടെ തങ്ങളുടെ അനുഭവങ്ങൾ സഹൃദയഹൃദയാഹ്ലാദിയായി അവതരിപ്പിക്കുകയും ചെയ്തു. നിരൂപണങ്ങൾ, യാത്രാവിവരണകാവ്യങ്ങൾ, കവിതക്കത്തുകൾ തുടങ്ങിയവ ഇത്തരത്തിൽ മലയാളസാഹിത്യത്തിനു ലഭിച്ച പുതിയ കാവ്യരൂപങ്ങളാണ്.

### I. <u>പദ്യത്തിലുള്ള വിമർശനങ്ങൾ/നിരൂപണങ്ങൾ</u>

മലയാളസാഹിത്യത്തിൽ പാശ്ചാത്യരീതിയിലുള്ള വിമർശനപദ്ധതികൾ നിലവിൽവരുന്നതിന് മുമ്പുതന്നെ നിരൂപണ സ്വഭാവത്തോടുകൂടിയ കൃതികൾ രചിച്ചത് വെൺമണിക്കവികളാണ്. യഥാർത്ഥത്തിൽ മലയാളനിരൂപണശാഖയ്ക്ക് മികച്ച സംഭാവനയാണ് ഈ കൃതികൾ നൽകിയത്. എന്നാൽ നിരൂപണരംഗത്ത് ഇവയുടെ സ്ഥാനം അടയാളപ്പെടുത്താതെ പോയി.

കവികളെ പക്ഷികളോടും മൃഗങ്ങളോടും പുഷ്പങ്ങളോടും മറ്റും ഉപമിച്ചു കൊണ്ടുള്ള ഈ രചനകൾ പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടിലെ മലയാളസാഹിത്യ രംഗത്തെ കവികളെക്കുറിച്ചും അവരുടെ കൃതികളെക്കുറിച്ചുമുള്ള സത്യസന്ധമായ നിരൂപണങ്ങൾ എന്ന നിലയിൽ വലിയ വിവാദങ്ങൾക്കും വിമർശനങ്ങൾക്കും തിരികൊളുത്തി. കവികളെക്കുറിച്ചും അവരുടെ കാവ്യശൈലിയെക്കുറിച്ചുമുള്ള ചിന്തകൾക്ക് തുടക്കം കുറിച്ചത് ഈ കാവ്യങ്ങളാണ്. വെൺമണിമഹന്റെ കവിപുഷ്പമാല, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിഭാരതം, മൂലൂർ എസ്.പദ്മനാഭപ്പണിക്കരുടെ കവിരാമായണം എന്നിവ ഈ രചനകളിൽ ശ്രദ്ധേയമാണ്.

**കവിപുഷ്പമാല - വെൺമണിമഹൻ (1884)**

കാത്തുള്ളിൽ അച്യുതമേനോന്റെ *കവിപുഷ്പമാല*യെ[5] വിമർശിച്ചു കൊണ്ടെഴുതിയ കൃതിയാണിത്. മുപ്പത്തൊമ്പത് ശ്ലോകങ്ങളുള്ള ഈ കൃതിയിൽ വെൺമണിമഹൻ അക്കാലത്തെ പ്രമുഖരായ കവികളെ പല പുഷ്പങ്ങളോട് ഉപമിക്കുന്നു. മാത്രമല്ല കാത്തുള്ളിൽ അച്യുതമേനോന്റെ കൃതിയിൽ വയസ്കര മൂസിന് നൽകിയ സ്ഥാനം കൊച്ചുണ്ണി തമ്പുരാന് നൽകിയ സ്ഥാനത്തേക്കാൾതാഴെയാണെന്നും അതുശരിയല്ല എന്നുമുള്ള തോന്നലിൽ ഓരോരുത്തർക്കും നൽകേണ്ട സ്ഥാനം വിശദമാക്കുകയും ചെയ്യുന്നുണ്ട്.

കൈനാറിപ്പൂവിനോടും കളതരകനക -
ത്താമരപ്പൂവിനോടും
സാനന്ദം ജാതിയോടും സരസ പരിമളോൽ
ഫുല്ലമാം മുല്ലയോടും
നാനാദിക്കും നിറഞ്ഞുള്ളൊരു നവയശസാ-

5 അകവൂർ നാരായണൻ. *വെൺമണിപ്രസ്ഥാനം*, പുറം 248.(വെൺമണിമഹൻ കലശലായി എതിർത്തതു കാരണം നമ്മുടെ ഭാഗ്യക്കേടിന് കാത്തുള്ളി ഇതു പ്രസിദ്ധീകരിച്ചില്ല. എങ്കിലും വെൺമണിയുടെ മറുപടിയിൽനിന്ന് കാത്തുള്ളി ഓരോ കവിക്കും കൊടുത്തിട്ടുള്ള സ്ഥാനം അറിയാൻ കഴിയും)

വാഴുമെന്നച്ഛനെച്ചെ -

റ്റൂനംകൂടാതെ ചേർക്കാമതിലൊരു സുമമായ്

ചേർത്തതെന്തോർത്തതില്ലേ?

കോട്ടം തീർന്നുഗുണം തികഞ്ഞ രസികൻ-

കൊച്ചുണ്ണി ഭൂപാലക

ശ്രേഷ്ഠൻ നല്ലൊരു യോഗ്യനോ കുസുമമീ

മുന്നോട്ടു ചേർന്നീടുവാൻ

കേട്ടാൽ ഭംഗി ചുരക്കുമൽപരസമാ-

ഢാരാള മിത്യാദി കൊ-

ണ്ടാട്ടേ നല്പവിഴാഖ്യമല്ലിയതാ-

കട്ടേ പകിട്ടെന്നിയേ

പിന്നീട് ഇത്തരത്തിൽ രചിക്കപ്പെട്ട കൃതികൾക്ക് മാതൃകയായത് വെൺമണിമഹന്റെ കവിപുഷ്പമാലയാണ്.

**കവിഭാരതം-കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (1887)**

ഭിന്നാഭിപ്രായക്കാരായ കേരളവർമ്മ-രാജരാജവർമ്മ പക്ഷങ്ങളെ പാണ്ഡവ-കൗരവ ശക്തികളായി കല്പിച്ച് അവതരിപ്പിക്കുകയാണ് തമ്പുരാന്റെ കവി ഭാരതത്തിൽ ചെയ്തിരിക്കുന്നത്. ഈ ഓരോ പക്ഷത്തോടും കൂറുപുലർത്തുന്ന കവികൾക്കും ഓരോരോ സ്ഥാനം നൽകിയിരിക്കുന്നു.

'ഉൾച്ചിന്നും വേഗമേറും നിജകവന ബല-

ത്തള്ളലെല്ലാമൊതുക്കി -

സ്വച്ഛന്ദം മൂകനായ് വാണഖില കവിവര-

പ്പോരു കണ്ടിണ്ടലെന്യേ

കൊച്ചുണ്ണി ക്ഷോണിപാല പ്രവരനു കൊടിയായ്

വെൺമണി ശ്രീ കലർന്നോ-

രച്ഛൻ നമ്പൂരി ഭൂരി പ്രഥിതസിതയശോ-

മോഹനശ്രീ ഹനൂമാൻ'

'അത്യുഗ്രത്വവുമില്ല മന്ദതയുമി-

ല്ലീമട്ടു തുഷ്ട്യാമഹാ-

വൃത്തിക്കൊത്തു കുതിച്ചുഭംഗിയിലുര-

ച്ചാനന്ദമാർന്നിങ്ങനെ

മധ്യസ്ഥന്റെ കണക്കെ മാന്യതയൊടും

മങ്ങാതെ മേവുന്നൊര-

ശ്ശുദ്ധാത്മാ നടുവദ്വിജൻ കൃപനുമാ-

മുൾത്താരിലോർത്താൽ ദൃഢം

എന്നിങ്ങനെയുള്ള ഉപമകൾ കവിഭാരതത്തിൽ കാണുന്നുണ്ട്.

**കവിരാമായണം-മൂലൂർ എസ്. പത്മനാഭപ്പണിക്കർ (1894)**

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കവിഭാരതം സവർണകവികളെ മാത്രമേ പരിഗണിച്ചുള്ളൂ എന്നും തെക്കൻ കവികൾക്കും അവർണർക്കും വേണ്ടത്ര പ്രാതിനിധ്യം കിട്ടിയില്ല എന്നും ആക്ഷേപമുണ്ടായിരുന്ന മൂലൂർ കവിഭാരതത്തിന് എതിരായാണ് കവിരാമായണം രചിക്കുന്നത്. കവികളെ രാമായണ കഥാപാത്രങ്ങളോടുപമിച്ചാണ് ഈ കൃതിയുടെ രചന.

കേരളവർമ്മ വലിയ കോയിത്തമ്പുരാന് ഇതിൽ ഒന്നാം സ്ഥാനം നൽകിയിരുന്നു. ഈ കൃതിയും അതിനെത്തുടർന്നുണ്ടായ വാദകോലാഹലങ്ങളും അക്കാലത്തെ സാഹിത്യരംഗത്തെ ശബ്ദായമാനമാക്കി.

> *കവിരാമായണ നിർമ്മാണവും അതിനെത്തുടർന്നുണ്ടായ സമരങ്ങളും കേരളത്തിലെ തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ എന്നിങ്ങനെ വിവിധ മേഖലകളിൽ നിലനിന്നിരുന്ന സവർണവിഭാഗങ്ങളെ മാനസികമായി അടുപ്പിക്കുവാൻ ഒട്ടേറെപ്രയോജനപ്പെട്ടിട്ടുണ്ട്. മഹാ*

*നായ കവിഭാരതകർത്താവുപോലും യാഥാസ്ഥിതികാന്തരീക്ഷത്തിൽ വളർന്നു വന്നതിനാൽ സവർണമേധാവിത്വത്തിനേ കേരളത്തിൽ ജീവിക്കുവാൻ സ്വാതന്ത്ര്യം അനുവദിക്കുന്നുള്ളൂ. ഭയാനകമായ ആ സ്ഥിതി വിശേഷത്തെ തട്ടിത്തകർത്ത്  അവർണനും സാമൂഹ്യവും സാംസ്കാരികവുമായ ഒരന്തരീക്ഷത്തിൽ എന്തുകൊണ്ട് പ്രവേശിച്ചു കൂടാ എന്നൊരു ചോദ്യവും വെല്ലുവിളിയുമായിരുന്നു കവിരാമായണ നിർമ്മിതിയിലൂടെ മൂലൂർ ഉദ്ഘാടനം ചെയ്തത്*[6]

എന്ന് ടി. എം. ചുമ്മാറും

*ആ തരത്തിലുള്ള സമരങ്ങൾ കൊണ്ട് ഈഴവർക്ക് സവർണ ഹിന്ദുക്കളോടൊപ്പം സാഹിത്യ മണ്ഡലത്തിൽ ശാശ്വതമായ സ്ഥാനം ലഭിച്ചു. അവരുടെ ആത്മവിശ്വാസം പൂർവാധികമായി വിജൃംഭിച്ചു. അങ്ങനെയും സ്വസമുദായത്തെ നിപുണമായി ഉപാസിക്കുവാൻ നമ്മുടെ കവിക്ക് സാധിച്ചു എന്നുള്ളത് സ്മരണീയമായ ഒരു പരമാർത്ഥമാണ്.*[7]

എന്ന് ഉള്ളൂരും സൂചിപ്പിക്കുന്നത് കുഞ്ഞിക്കുട്ടൻ തമ്പുരാനും മൂലൂരും നടത്തിയ വാദപ്രതിവാദങ്ങളെയാണ്.

മലയാള സാഹിത്യത്തിലെ നിരൂപണ/വിമർശന രംഗത്തിന്റെ തുടക്കം ഇവരുടെ കൃതികളിൽ ദർശിക്കാം.

## II. യാത്രാവിവരണ കാവ്യങ്ങൾ

മലയാളസാഹിത്യത്തിൽ യാത്രാവിവരണ കാവ്യങ്ങൾക്ക് ആദ്യമായി രൂപം നൽകിയത് വെൺമണിപ്രസ്ഥാനമാണെന്ന് കാണാം. വെൺമണി അച്ഛന്റെ

---

[6] ടി. എം. ചുമ്മാർ. *കവിരാമായണ യുദ്ധം*, (എൻ.ബി.എസ്, കോട്ടയം, 1980) പുറം 80.

[7] ഉള്ളൂർ, എസ്.പരമേശ്വയ്യർ. *കേരളസാഹിത്യ ചരിത്രം* വാ.4, പുറം 738.

രാമേശ്വരയാത്രയാണ് ഈ മട്ടിലുള്ള ആദ്യത്തെ കൃതിയായി പരിഗണിക്കപ്പെടുന്നത്.

ദയയൊരു ലവലേശം പോലുമില്ലാത്ത ദേശം
പരമിഹ പരദേശം പാർക്കിലത്യന്തമോശം
പറകിൽ നഹി കലാശം നോക്കിലിന്നേകദേശം
സുമുഖി! നരകദേശം തന്നെയാണപ്രദേശം

.....................................................................

ചൊൽക്കൊണ്ടോരു സുവർണ പുഷ്കരണിയും പിന്നെ ശീവേലിപ്പുര-
യ്ക്കുൾക്കൊണ്ടോരു സുവർണകേതുയുഗവും വൈചിത്ര്യ ചിത്രങ്ങളും
കൽക്കണ്ടാധരിമാർമണേ! മണിമയസ്തംഭങ്ങളും കണ്ടു ക-
ണ്ടിക്കണ്ടാളുകളൊക്കെയും തലകുലുക്കിക്കൊണ്ടു കൊണ്ടാടിനാർ

വെൺമണി അച്ഛന്റെ ഈ കാവ്യം പൂർണ്ണ രൂപത്തിൽ ലഭ്യമല്ല. ഇതിനെ തുടർന്ന് ധാരാളം യാത്രാവിവരണ കാവ്യങ്ങൾ ഉണ്ടായി. നടുവത്തച്ഛന്റെ അഷ്മടി യാത്ര, ശൃംഗേരി യാത്ര, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ കുംഭകോണ യാത്ര, വെൺമണി മഹന്റെ സംഗമേശ യാത്ര, പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ഛന്റെ കാശിയാത്ര എന്നിങ്ങനെ ധാരാളം യാത്രാവിവരണ കാവ്യങ്ങൾ കൊണ്ട് മലയാള സാഹിത്യം സമ്പന്നമായി. സൂക്ഷ്മരൂപത്തിലുള്ള സ്ഥലവർണനകൾ കൊണ്ട് ഈ രചനകളിൽ പലതും മികച്ചു നിൽക്കുന്നതായി കാണാം.

നടുവത്തച്ഛൻ നമ്പൂതിരിയുടെ 'അഷ്ടമി യാത്ര', കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച കത്തിന്റെ രൂപത്തിലുള്ള യാത്രാവിവരണ കാവ്യമാണ്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ക്ഷണപ്രകാരം വൈക്കത്തഷ്ടമിക്ക് പോയതിന്റെ വർണനയായ ഈ കാവ്യം സ്വാനുഭവത്തിന്റെ സത്യസന്ധമായ ആവിഷ്ക്കാരമാകുന്നതോടൊപ്പം ആ കാലഘട്ടത്തിന്റെ നേർച്ചിത്രം കൂടി നൽകുന്നുണ്ട്.

ചാലക്കുടിയിൽ നിന്നും എറണാകുളം വരെ തീവണ്ടിയിലും തുടർന്ന് കേവഞ്ചി വഴി വൈക്കത്തും എത്തിച്ചേർന്ന് നടുവത്തച്ഛനും മഹനും 'ധന്യമാതുല പുത്രനായ' വിഷ്ണു കുടുപ്പിള്ളിയും വൈക്കത്തഷ്ടമിയുടെ ഘോഷങ്ങൾ കണ്ട് അത്ഭുതപ്പെടുന്നു. അഷ്ടമിക്കെത്തിച്ചേർന്ന പലതരത്തിലുള്ള ആളുകളും കച്ചവട ത്തിനുള്ള സാമാനങ്ങളും എല്ലാം നടുവത്തച്ഛന്റെ വിവരണത്തിൽ കാണാം.

ക്രിസ്ത്യൻപള്ളി കണക്കിലും, കവിമണേ,
സാക്ഷാൽ ബലിക്കല്ലിനോ-
ടൊത്തിട്ടുള്ളതു, മോർത്തുനോക്കുക, പെരും
ചെണ്ട പ്രമാണത്തിലും,
മത്തങ്ങയ്ക്കെതിരായതും, പടരുമാ-
ക്കക്കിന്റെ കാ പോലെയും
വൃത്തിക്കങ്ങിനെ കണ്ടു നാഴികമണി-
ക്കൂട്ടങ്ങൾ കൂട്ടില്ലിതിൽ
പോരാഹനുമാന്റെ മുടിയ്ക്കലുക്കു
ചേരാത്തമട്ടിൽച്ചിലതുണ്ടിടയ്ക്ക്
പാരാതെ പാടും ചിലതങ്ങുറക്കം
ദൂരത്തുപോക്കും ചിലതങ്ങടിക്കും

ഇങ്ങനെയുള്ള രസകരങ്ങളായ വർണ്ണനകൾ ഈ കാവ്യത്തിലുടനീളം ഉണ്ട്. കൂടാതെ കേരളവർമ്മ വലിയകോയിത്തമ്പുരാനെ കണ്ടുമുട്ടിയതിനെക്കുറിച്ചും നടു വത്തച്ഛനും തമ്പുരാനും തമ്മിലുണ്ടായ സംഭാഷണത്തെക്കുറിച്ചും ഇതിൽ പ്രതി പാദിച്ചിട്ടുണ്ട്.

> *അനുഭൂതിതീവ്രമായ ആത്മാവിഷ്കരണത്തിന്റെ അകളങ്കതയും അതുകൊണ്ടുകിട്ടുന്ന കാവ്യാത്മകതയും മാത്രമല്ല, കേരളവർമ്മ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നിവരുടെ*

*തൂലികാ ചിത്രങ്ങളും പരാമർശങ്ങളും ഈ കാവ്യത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നു. മാത്രമല്ല അന്നു നമ്പൂതിരി സമുദായത്തെ വിഷമി പ്പിച്ചിരുന്ന പലേ പ്രശ്നങ്ങളെക്കുറിച്ചുമുള്ള സാന്ദർഭികവിവരണം ഇതിനൊരു ചരിത്രമൂല്യം നൽകുന്നു.*[8]

## III. വർണനാത്മകകാവ്യങ്ങൾ

വർണനാത്മക കാവ്യങ്ങളുടെ രചനകൾ രൂപമെടുത്തതും വെൺമ ണിപ്രസ്ഥാന കാലത്താണ്. പൂരപ്രബന്ധം ഇത്തരത്തിലുള്ള കാവ്യങ്ങളിൽ മികച്ചു നിൽക്കുന്നു. ഇതിനെ യാത്രാവിവരണകാവ്യങ്ങളുടെ കൂട്ടത്തിലും ഗണിച്ചുകാണാ റുണ്ട്. തൃശ്ശൂർപൂരത്തിന്റെ യഥാതഥമായ വർണനയുടെ മേന്മകൊണ്ട് ഈ കാവ്യം ഒന്നാം സ്ഥാനത്ത് നിൽക്കുന്നു.

പാരേഴുരണ്ടിലെഴുമാളുകളെത്തിടുന്നൂ
പാരം കടുത്ത വെയിൽകൊണ്ടു പൊരിഞ്ഞിടുന്നൂ
ഓരോ മരത്തണലണഞ്ഞിടതിങ്ങിടുന്നൂ
പൂരം മഹാതകൃതിയെന്നവരാർത്തിടുന്നൂ

ചാടുന്നൂ ചിലർ, താളമങ്ങിനെ പിടി-
ച്ചീടുന്നു പാരം രസി-
ച്ചീടുന്നൂ ചിലർ നിന്നുടൻ തലകുലു-
ക്കീടുന്നു പിന്നെച്ചിലർ
ചാടുന്നൂ ചിലർ ചഞ്ചലാക്ഷികളെ നോ-
ക്കീടുന്നു കാണാഞ്ഞുഴ-
ന്നീടുന്നൂ ചിലർ, മോടിയിൽ ചിലർ മുറു-
ക്കീടുന്നു മുഗ്ദ്ധേക്ഷണേ!

8 അകവൂർ നാരായണൻ *വെൺമണിപ്രസ്ഥാനം*, പുറം 307.

പൂരത്തിന്റെ തിരക്കിനെയും വാക്കുകളിലൂടെ പകർന്നു വെയ്ക്കാൻ കവി ശ്രമിക്കുന്നുണ്ട്.

ദിക്കൊക്കെയും പൊടിപറന്നു നിറം പകർന്നു
ദിക്കുംഭി കുംഭി കുചധാരിണി മോദമാർന്നു
തെക്കും വടക്കുമമരുന്നവരൊത്തു ചേർന്നൂ
തിക്കും  തിരക്കുമതിലൊന്നുമുതിർന്നു തീർന്നൂ

കൂടുന്നൂ പുരുഷാരമാരവമുയർ-
ന്നീടുന്നു മേളം മുഴ-
ങ്ങീടുന്നൂ, കടയോടെ നിന്നഥ പുഴ-
ങ്ങീടുന്നു വൃക്ഷങ്ങളും
തേടുന്നൂ കതിനത്തരം ഭുവിനിര-
ത്തീടുന്നു, തിണ്ണെന്നു വെ-
ച്ചീടുന്നൂവെടി, പാരമിങ്ങനെ നടു-
ങ്ങീടുന്നു നാടൊക്കെയും

തുടങ്ങി ധാരാളം വർണനാചിത്രങ്ങൾ പൂരപ്രബന്ധത്തിൽ നിബന്ധിച്ചിട്ടുണ്ട്. പൂരപ്രബന്ധം ആദ്യകാലത്ത് അച്ചടിയ്ക്കപ്പെട്ടിരുന്നില്ല എന്നും വാമൊഴിയായും കയ്യെഴുത്തു പ്രതിയായും കേരളം മുഴുവൻ പ്രചരിക്കുകയാണ് ഉണ്ടായതെന്നും പറയുന്നുണ്ട്. ഇതിനു കാരണം ഈ കൃതിയിലെ വർണനകളുടെ മികവു തന്നെയാവണം.

## IV. കഥാകാവ്യങ്ങൾ

സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ട് രചിച്ചിട്ടുള്ള കാവ്യങ്ങൾക്കും രൂപം നൽകിയത് വെൺമണി പ്രസ്ഥാനമാണ്.

*സ്ത്രീകളെ അഭിസംബോധന ചെയ്തുകൊണ്ട് കഥാത്മകങ്ങളോ വർണനാത്മകങ്ങളോ ആയ കൃതികൾ രചിക്കുക എന്ന കവനപദ്ധതിയുടെ മാർഗദർശി അച്ഛൻ നമ്പൂതിരിപ്പാടായിരുന്നു എന്നു തോന്നുന്നു.*[9]

എന്ന് ഉള്ളൂർ സാഹിത്യചരിത്രത്തിൽ സൂചിപ്പിക്കുന്നുണ്ട്.

വെൺമണിമഹൻ രചിച്ച ഭൂതിഭൂഷചരിതം ഈ കൂട്ടത്തിലെ ആദ്യത്തെ കാവ്യമാണ് എന്ന് അകവൂർ നാരായണൻ പ്രസ്താവിക്കുന്നു.[10]

കഥയെന്നിഹ നിന്നോടു കഥയില്ലെന്നിരിക്കിലും
കഥനം ചെയ്തീടാമിന്നു കഥനീയഗുണാലയേ!
അപകടമായിട്ടിടയിൽ
ചപലകളെപ്പോലെ നിയ്യു ദുശ്ചോദ്യം
ചപലതരാക്ഷി ! തുടർന്നാൽ
ചപലാഭേ! ഞാനുമപ്പോൾ മതിയാക്കും. (ഭൂതിഭൂഷചരിതം)

എന്നിങ്ങനെയുള്ള പ്രസ്താവനകൾക്കുശേഷമാണ് കഥ ആരംഭിക്കുന്നത്. നാനൂറ്റിഇരുപത്തെട്ട് ശ്ലോകങ്ങളുള്ള ഈ കാവ്യത്തിന്റെ ആദ്യത്തെ നൂറ്റിപത്തൊമ്പത് ശ്ലോകങ്ങളും പ്രസ്താവനയാണ്.

അഴകാപുരം എന്ന രാജ്യത്തെ ചന്ദ്രഖേടൻ എന്ന രാജാവും മാണിഭദ്രൻ എന്ന മന്ത്രിയും അനപത്യതാദുഃഖം മൂലം ശിവനെ പ്രാർത്ഥിക്കുകയും ശിവന്റെ പ്രസാദത്താൽ ഇരുവർക്കും യഥാക്രമം ഭൂതിഭൂഷൻ, കല്യാണ ഗുപ്തൻ എന്നിങ്ങനെ രണ്ട് മക്കൾ ജനിക്കുകയും ചെയ്യുന്നു. ഇവരുടെ കഥയാണ് ഭൂതിഭൂഷ ചരിതത്തിൽ പറയുന്നത്.

---

9 ഉള്ളൂർ, എസ്.പരമേശ്വരയ്യർ. *കേരളസാഹിത്യചരിത്രം* വാ.4, പുറം 309

10 അകവൂർ നാരായണൻ. *വെൺമണിപ്രസ്ഥാനം*, പുറം 308.

വെൺമണിമഹന്റെ മധുരാപുരിചരിതം, അജാമിളമോക്ഷം എന്നീ രചനകളും കഥാകാവ്യ രൂപത്തിൽ ഉള്ളതാണ്. ഒറവങ്കര രാജായുടെ അഴകാപുരിവർണനവും ശീവൊള്ളിയുടെ 'ഒരുകഥ'യും മദനകേതനചരിതവും വെൺമണിമഹനെ അനുവർത്തിച്ച് രചിച്ചിട്ടുള്ളതാണ്.

## V. കവിതക്കത്തുകൾ

വെൺമണിപ്രസ്ഥാനത്തിന്റെ മികച്ച സംഭാവനകളിലൊന്നായി വിലയിരുത്തേണ്ടവയാണ് കവിതക്കത്തുകൾ. പദ്യരൂപത്തിലെഴുതിയിരുന്ന ഈ കത്തുകൾ പലപ്പോഴും കാവ്യരൂപം കൈക്കൊണ്ടിരുന്നു. മംഗളശ്ലോകത്തോടുകൂടിയ ആരംഭം, കത്ത് ആർക്കാണോ അയയ്ക്കുന്നത് ആ വ്യക്തിയെ സംബോധന ചെയ്യൽ, കത്തിലെ പ്രതിപാദ്യം, കത്തയയ്ക്കുന്ന ആളുടെ മേൽവിലാസം എന്നിങ്ങനെയായിരുന്നു പല കത്തുകളുടെയും രൂപം. കത്ത് എഴുതിയ തിയ്യതിയും മറുപടി പ്രതീക്ഷയുമെല്ലാം പദ്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. അക്കാലത്തെ കവികൾ പരസ്പരം ബന്ധപ്പെടാൻ ഉപയോഗിച്ചത് ഈ മാർഗമായതിനാൽ കത്തുകളിലെ പ്രതിപാദ്യ വിഷയം അധികവും സാഹിത്യചർച്ചകളും പുതിയ സാഹിത്യ സംരംഭങ്ങൾ തുടങ്ങാനുള്ള ഉത്സാഹവും മറ്റുമായിരുന്നു. ഇതോടൊപ്പം വ്യക്തിപരമായ കാര്യങ്ങൾ, സാമുദായിക കാര്യങ്ങൾ, പ്രാദേശിക കാര്യങ്ങൾ എന്നിവയും പല കത്തുകളിലും അടങ്ങിയിട്ടുള്ളതിനാൽ ആ കാലഘട്ടത്തെ കുറിക്കുന്ന ചരിത്രരേഖ എന്ന നിലയിലും ഈ കത്തുകൾക്ക് പ്രാധാന്യമുണ്ട്.

കേരളവർമ്മ വലിയ കോയിത്തമ്പുരാനടക്കമുള്ളവർ ഇത്തരത്തിൽ കവിതക്കത്തുകൾ രചിച്ചിട്ടുണ്ടെങ്കിലും കത്തുകൾക്ക് ഒരു സാഹിത്യരൂപം എന്ന നിലയിൽ പ്രചാരം ലഭിച്ചത് വെൺമണിപ്രസ്ഥാനത്തിൽപ്പെട്ട കവികളുടെ രചനയിലൂടെയായിരുന്നു. ധാരാളം മംഗളപദ്യങ്ങളും ലഘുകൃതികളും ഈ കത്തുകളിൽനിന്ന് കണ്ടുകിട്ടിയിട്ടുണ്ട്.

പതിനെട്ടാം നൂറ്റാണ്ടിലെ സാഹിത്യാന്തരീക്ഷത്തിൽ കവിതക്കത്ത് ഒരു പ്രസ്ഥാനമെന്ന നിലയിൽ സ്ഥാനം പിടിക്കുന്നത് വെൺമണി അച്ഛനിലൂടെയാണ്. ഭാഷാകവിതയിൽ കത്തിടപാടുകൾ ആരംഭിച്ചത് വെൺമണി അച്ഛനാണ്[11] എന്ന് ഉള്ളൂർ പറയുന്നു.

പദ്യത്തിൽ കത്തെഴുതുക എന്ന സമ്പ്രദായം മലയാളത്തിലും ഇറ്റാലിയൻ ഭാഷയിലുമല്ലാതെ ലോകത്തിൽ മറ്റൊരു ഭാഷയിലും ഇല്ല[12] എന്ന് ചങ്ങമ്പുഴ രേഖപ്പെടുത്തുന്നു.

1088 മകരമാസത്തിലെ കവനകൗമുദിയിൽ വെൺമണി അച്ഛന്റേതായി കത്തുരൂപത്തിൽ പതിനാറ് ശ്ലോകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നിത്യജീവിതത്തിലെ സാധാരണ സംഭവങ്ങളെ കത്തിന്റെ രൂപത്തിൽ അടക്കം ചെയ്യാനുള്ള സാമർത്ഥ്യം ഈ ശ്ലോകങ്ങളെ രസകരമാക്കിത്തീർത്തിരിക്കുന്നു.

സലീലം ഭവാനിങ്ങയച്ചോരു പത്രം
സലാം ചെയ്തുവാങ്ങിച്ചു വായിച്ചുനോക്കി.
കലേശാനനത്തയ്യലാൾ നിന്നിലേറ്റം
കലർന്നോരു കാമേന കൊണ്ടാടി പാരം

............................................................

കൊതുശ്ശീലയൊന്നിങ്കലത്യാഗ്രഹംമേ-
കൊതിശ്ശീലമെന്നൊന്നു തോന്നല്ല ചിത്തേ
കൊതുശ്ശല്ല്യമെല്ലാമൊഴിഞ്ഞീടുവാനി-
ന്നിതിൽ പാരമില്ലൗഷധം പാർത്തു കണ്ടാൽ
പടറ്റുകാ പത്തിരുനൂറുവാങ്ങി-

11 ഉള്ളൂർ, എസ്.പരമേശ്വരയ്യർ. *കേരളസാഹിത്യചരിതം* വാ. 4, പുറം 309.

12 ചങ്ങമ്പുഴ (അവതാരിക) *അഷ്ടമിയാത്ര* (ഭാരതവിലാസം, 1121).

ക്കൊടുത്തയയ്ക്കാമിതി ചൊന്ന വാക്യം
കിടപ്പതില്ലേ മനതാരിലിപ്പോ-
ളടുത്തു കായയ്ക്കടിയന്തിരം മേ.

പനയിൽ പാഴൂർ നമ്പൂതിരിക്ക്:

മടിക്കയോ മറ്റൊരു കാര്യമുള്ളിൽ
കിടക്കകൊണ്ടോ കിടയായ്ക കൊണ്ടോ
തിടുക്കമില്ലെന്നു നിനച്ചമാന്തം
പിടിക്കകൊണ്ടോ പറയേണമെല്ലാം
എന്നാത്തേവാരി വായിച്ചഴകൊടുപനയിൽ പാഴിയൂരൂഴിദേവൻ-
തന്നെച്ചെമ്മേ ധരിപ്പിപ്പതിനു സിതമണിക്ഷ്മാസുരൻ ഭൂരിമോദാൽ
ഇന്നോലയ്ക്കുള്ളിലൊന്നങ്ങെഴുതിയതതിമോദേന വായിച്ചു കേട്ടി-
ട്ടെന്നുൾത്താരിൽദ്ധരിപ്പിപ്പതിനൊരു മറുപത്രത്തെയെത്തിച്ചിടേണം. [13]

സരസസംഭാഷണം കത്തിൽ പദ്യരൂപത്തിൽ അടക്കം ചെയ്തിരിക്കുന്നത് കവിതാഭ്രമമുള്ളവരെ ഇതിൽ തത്പരരാക്കിയിരിക്കണം.

*മലയാളത്തിൽ മാത്രമേ ഒരു പദ്യലേഖശാഖ തഴച്ചുവളർന്നുള്ളൂ. തമിഴ് തുടങ്ങിയ ഇതരഭാഷകളിലൊന്നുംതന്നെ ഇങ്ങനെ ഒരു കവിതാശാഖ ഉണ്ടായിട്ടില്ല. സംസ്കൃതവൃത്തങ്ങളുമായി മലയാളഭാഷയ്ക്കുണ്ടായിട്ടുള്ള ഗാഢസമ്പർക്കമാണ് ഭാഷയിൽ ഈ ശാഖ പുഷ്ടിപ്പെടാൻ ഇടയായത്. നിത്യവ്യവഹാരശൈലിയോട് ഉറ്റബന്ധം പുലർത്തുന്ന ഭാഷാരീതി, അക്ലിഷ്ടത, ഒഴുക്ക് എന്നീ ഗുണങ്ങളാൽ ജനപ്രീതി പിടിച്ചു പറ്റിയ ഒരു പ്രസ്ഥാനമാണിത്. കാശിയാത്ര (മാനവിക്രമ ഏട്ടൻ തമ്പുരാൻ) കവിപുഷ്പമാല, പൂരപ്ര*

13 കവനകൗമുദി, (1088, മകരം) പു.8. ല.4.

*ബന്ധം (വെൺമണിമഹൻ) എന്നിവ ഈ പ്രസ്ഥാനത്തിലെ പേരെ ടുത്ത ചില പ്രകൃഷ്ടകൃതികളാകുന്നു.*[14]

ജനപ്രീതി നേടിയ ഒരു വിനോദം എന്ന നിലയിൽ കവിതക്കത്തുകളുടെ രചന അക്കാലത്തെ പത്രങ്ങളിലും ഇടംപിടിച്ചിരുന്നു. പ്രസിദ്ധരും അപ്രസിദ്ധരുമാ യിരുന്ന പല കവികളുടെയും കവിതക്കത്തുകൾ അക്കാലത്ത് മലയാളമനോരമ, സുജനാനന്ദിനി, കവനകൗമുദി തുടങ്ങിയ പത്രങ്ങളിലെ കവിതാപംക്തികളിൽ പ്രസിദ്ധീകരിച്ചുവന്നു.

ലോകകാര്യങ്ങളും നാട്ടുകാര്യങ്ങളും വീട്ടുവിശേഷങ്ങളും പങ്കുവെയ്ക്കുന്ന തോടൊപ്പം പുസ്തകങ്ങളെക്കുറിച്ചും കവികളെക്കുറിച്ചും ഉള്ള അഭിപ്രായങ്ങളും സാഹിത്യസംബന്ധിയായ വാദപ്രതിവാദങ്ങളും കവിതക്കത്തുകളിൽ സ്ഥാനം പിടിച്ചിരുന്നു. കാവ്യഗുണത്തിൽ ഏറെയൊന്നും മുന്നിലല്ലെങ്കിലും വൈയക്തി കവും ആത്മനിഷ്ഠവുമായ സത്യസന്ധത പുലർത്തുന്ന ഈ കത്തുകൾക്കുള്ള പ്രാധാന്യം ഏറെയാണ്.

**കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിതക്കത്തുകൾ**

*കവിതയിൽ കത്തിടപാടുകൾ ആരംഭിച്ചത് വെൺമണി അച്ഛനായി രുന്നു എങ്കിലും ഈ രീതിയിൽ ഏറ്റവുമധികം കത്തുകൾ എഴുതി യിട്ടുള്ളത് കുഞ്ഞിക്കുട്ടൻതമ്പുരാനാണ്. കത്തുരൂപത്തിൽ മാത്രം ഏതാണ്ട് പതിനായിരത്തോളം ശ്ലോകങ്ങൾ കുഞ്ഞിക്കുട്ടൻതമ്പു രാൻ രചിച്ചിട്ടുണ്ട്. ഒരു വിധം വായിക്കാനും എഴുതുവാനും സാധി ക്കുന്നവർക്കെല്ലാം അവിടുന്നു കവിതയിലേ കത്തുകൾ എഴുതിക്ക ണ്ടിട്ടുള്ളൂ*[15]

---

[14] ജി. പ്രിയദർശനൻ. 'ഭാഷയിലെ പദ്യലേഖശാഖ', *ഭാഷാപോഷിണി*, (2005, ഏപ്രിൽ) പു. 28 ലക്കം 11.

[15] കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് *കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൃതികൾ* 5 (അവതാരിക) (ലക്ഷ്മീസഹായം അച്ചുകൂടം, കോട്ടയ്ക്കൽ, കൊ.വ.1103).

എന്ന് അദ്ദേഹത്തിന്റെ ശിഷ്യനും എഴുത്തുകാരനുമായിരുന്ന കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് രേഖപ്പെടുത്തുന്നു. ഈ കത്തുകൾ തമ്പുരാന്റെ സാഹിത്യപ്രവർത്തനത്തിന്റെയും വ്യക്തിജീവിതത്തിന്റെയും സജീവചിത്രങ്ങളാണ്.

പരസ്പരം വാർത്ത കുറിച്ച പത്ര-
പരമ്പരാപ്രേഷണ സമ്പ്രദായം
പരന്നവേഴ്ചയ്ക്കുതകുന്നതെന്നു
പരംനയം കണ്ടവർ ചൊൽവതില്ലേ?

(കുത്താമ്പുള്ളി രാമൻ നമ്പ്യാർക്ക് 18 തുലാം 77 ന് അയച്ച കത്തിൽനിന്ന്)

എന്നായിരുന്നു തമ്പുരാന്റെ അഭിപ്രായം. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കത്തുകളെ വെറും കത്തുകൾ എന്ന നിലയിൽ കാണാൻ സാധിക്കില്ല. കൊടുങ്ങല്ലൂർ കളരിയെക്കുറിച്ചും വെൺമണിപ്രസ്ഥാന കവികളെക്കുറിച്ചും അവരുടെ പ്രവർത്തനമണ്ഡലത്തെക്കുറിച്ചുമെല്ലാമുള്ള പരാമർശങ്ങൾ ഈ കത്തുകളിൽ ധാരാളമുണ്ട്.

കവികളും കവിയശ:പ്രാർത്ഥികളും അറിഞ്ഞിരിക്കേണ്ട അഭ്യാസവിശേഷങ്ങൾ, തർജമയിൽ പാലിക്കേണ്ട ശ്രദ്ധയും മര്യാദകളും, കവിതയിലെ പ്രയോഗചാതുരികൾ തുടങ്ങിയവ ചർച്ചചെയ്യുന്നതോടൊപ്പം പല കവികളെയും ഉത്സാഹിപ്പിച്ച് പല കൃതികളും രചിക്കാൻ പ്രേരണ നൽകുന്നതിനും കവിതക്കത്തുകളുടെ രചനയിലൂടെ തമ്പുരാന് സാധിച്ചു. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിപുലമായ സാഹിത്യപ്രവർത്തനങ്ങളുടെ വിവരണങ്ങളും ഈ കത്തുകളിലുണ്ട്.

## VI. പച്ചമലയാളകൃതികൾ

വെൺമണി പ്രസ്ഥാനത്തിന്റെ ഒരു ഭാഗമായി വളർന്നുവന്ന സാഹിത്യപ്രസ്ഥാനമാണ് പച്ചമലയാളപ്രസ്ഥാനം.

വിദ്യാവിനോദിനി പത്രാധിപരായിരുന്ന സി.പി. അച്യുതമേനോൻ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനുമായുള്ള സംഭാഷണമധ്യേ, സംസ്കൃതപദങ്ങൾ മുഴുവനും വർജിച്ച് ചില ഒറ്റശ്ലോകമോ മറ്റോ ചമയ്ക്കാമെന്നല്ലാതെ ഒരു കാവ്യം മുഴുവനായി പച്ചമലയാളത്തിൽ എഴുതുക അസാധ്യമാണെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ ഇത് സാധ്യമാണെന്നായിരുന്നു കുഞ്ഞിക്കുട്ടൻതമ്പുരാന്റെ വാദം. ഇക്കാര്യം തെളിയിക്കാനായി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ രചിച്ച നല്ല ഭാഷ (1891) എന്ന കൃതിയാണ് പച്ചമലയാള പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

അമ്പതു ശ്ലോകങ്ങൾ വ്യത്യസ്ത വൃത്തങ്ങളിലായി നിബന്ധിച്ചിട്ടുള്ള *നല്ല ഭാഷ* നടുവത്തച്ഛൻ നമ്പൂതിരിയെയാണ് ആദ്യം കാണിക്കുന്നത്.

വിരവിലുണ്ടു തീർത്തതായ പദ്യമയ്മ്പതായതും
പരിചിൽ രണ്ടു നാലുനാൾക്കകത്തയച്ചു തന്നിടാം
''സംസ്കൃതപദമ''തുചെറ്റും
ചേർക്കാതീക്കഥ ചുരുക്കിയൊരുമട്ടിൽ
ഞക്കിഞരുക്കിക്കൂട്ടിയി-
ണക്കിയതാണെന്നുമറിവുതന്നേക്കാം.

(നടുവത്തച്ഛൻ നമ്പൂതിരിയ്ക്കയച്ച കത്തിൽനിന്ന് - 30-12-65)

1891 ൽ വിദ്യാവിനോദിനിയിൽ ഈ പുതിയ കൃതി പ്രസിദ്ധീകരിക്കുകയും ചെയ്തു.

വൻമ്പേറിടും പെരുമനത്തരികത്തുവാഴും
നമ്പൂതിരി നല്ലവനൊരാളതുനാളിടയ്ക്ക്
അയ്മ്പോടു കുന്നലകൾ തന്നുടയോന്റെ നാട്ടിൽ-
ത്താൻ പോയി മെല്ലെയൊരു ശാന്തിയുമായി വാണൂ

ഈ നമ്പൂതിരിയുടെ നഷ്ടപ്പെട്ട പണം തിരികെ കിട്ടാൻ കോഴിക്കോട് സാമൂതിരിയും കൊച്ചി ശക്തൻ തമ്പുരാനും ഒരേ മനസ്സോടെ ഒരുമിച്ച് പ്രവർത്തിച്ചതും നമ്പൂതിരിയുടെ രണ്ടാം വേളിയുടെ ജാരനെ കുറ്റക്കാരനായി കണ്ടെത്തിയതുമാണ് *നല്ല ഭാഷ*യിലെ കഥ.

സംസ്കൃതപദങ്ങളെ പൂർണ്ണമായും ഒഴിവാക്കി ദ്രാവിഡപാരമ്പര്യമുള്ള മലയാളപദങ്ങളെ മാത്രം ഉപയോഗിച്ചാണ് പച്ചമലയാളകൃതികളുടെ രചന.

ഇതിനുശേഷം ഒടി, സൂര്യാഷ്ടകം എന്നിങ്ങനെ രണ്ട് പച്ചമലയാളകൃതികൾ കൂടി കുഞ്ഞിക്കുട്ടൻ തമ്പുരാൻ എഴുതുകയുണ്ടായി.

എന്നാൽ പച്ചമലയാളപ്രസ്ഥാനത്തിന് മികച്ച സംഭാവനകൾ നൽകിയത് കുണ്ടൂർ നാരായണമേനോന്റെ നാല് ഭാഷാകാവ്യങ്ങളാണ്. കോമപ്പൻ, കണ്ണൻ, പാക്കനാർ, കൊച്ചിചെറിയ ശക്തൻതമ്പുരാൻ എന്നിവയാണവ.

പുല്ലാണെനിക്കു പടയാളികൾ, നിൻകടക്കൺ-
തല്ലാണു തേൻമൊഴി, തടുത്തിടുവാൻ ഞെരുക്കം!
തെല്ലാകയാൽ തെളിവിയന്നു തുണയ്ക്കണം നീ-
യല്ലായ്കിലാങ്ങളകൾ തൻ പണി പെങ്ങൾ ചെയ്യും.

(കോമപ്പൻ)

നമ്മൾക്കുതന്നെ കുറവാളുകളെന്നു വീട്ടിൽ
നൻമയ്ക്കുനൽക്കളരി കേറിയവൻ പയറ്റി
തൻമക്കളെത്ര വലുതാവുകിലും കിടാങ്ങ-
ളമ്മയ്ക്കു, മക്കളുടെയൂക്കവരോർക്കയില്ല
...........................................................................
തേനീച്ചയും കൊടുകടന്നിലുമുള്ളതോർത്തു
തേനിൽപ്പെടും കൊതിവിടുന്നൊരു വിഡ്ഢിയുണ്ടോ?

ഞാനിപ്പെരുത്ത പല നൻമകൾ കണ്ടനിന്നെ-

ഞാനിങ്ങു വേൾക്കുമണയും തടവൊക്കെ നീക്കി

(കണ്ണൻ)

കൊറ്റിനു വേണ്ടതൊഴികേ മുതലിങ്ങുവേണ്ട

ചെറ്റും നമുക്കഴൽ മരത്തിനു വേരതല്ലോ

തെറ്റെന്നു തീമിഴിയെഴുന്നൊരവങ്കൽ നിന്നു

തെറ്റെന്നിതേറെ മുതലുള്ളവനുള്ളമെന്നും

കള്ളൻ കടന്നിതു, വരമ്പുമുറിഞ്ഞു കോളിൽ

വെള്ളം കടന്നു, കുറി വീണിതു, കപ്പൽ മുങ്ങി

കൊള്ളാം പൊടുന്നനവെയിങ്ങിനെയൊക്കെവന്നി-

ട്ടുള്ളം കിടന്നുഴലുമേ മുതലുള്ളവർക്ക്

കിട്ടുന്നതും കരുതുകിങ്ങനെത്തന്നെയാകു-

മൊട്ടും നിനച്ച പടിയല്ല വരുന്നതൊന്നും

പെട്ടെന്നു വേണ്ട മുതലെങ്ങനെയോ കിടയ്ക്കും

പൊട്ടന്ന, തൊട്ടറിവെഴുന്നവനില്ലതാനും.

(പാക്കനാർ)

പഞ്ഞിക്കുനേരവനുമാറ്റല, രേറ്റമുണ്ടു

നെഞ്ഞൂക്കു, മെങ്കിലുമുയർന്നെഴുമൂക്കൊടൊത്ത്

നെഞ്ഞിൽക്കിളർത്ത കനിവാർന്നതുകൊണ്ടുമന്നൻ

മഞ്ഞിൽക്കുളുർത്ത വെയിലാർന്നൊരു നാളൊടൊത്തു

(കൊച്ചി ചെറിയ ശക്തൻതമ്പുരാൻ)

'ചൊല്ലാർന്ന നല്ലമലയാളമതിങ്കലെന്തെ-

ന്നില്ലാത കൂറൊടവിടത്തെ വിടാത്ത മട്ടിൽ'- (കോമപ്പൻ)

ആണ് കുണ്ടൂർ നാരായണമേനോൻ ഈ നാല് കാവ്യങ്ങളും രചിച്ചിട്ടുള്ളത്.

ശക്തൻതമ്പുരാനിലെ കായൽവർണ്ണനത്തിന്റെയും മറ്റും ഹൃദ്യത വളരെയേറെയാണ്. കുണ്ടൂരിന്റെ യശസ്സ് സ്ഥായിയായി നില്ക്കുന്നത് ഈ കാവ്യങ്ങളിൽത്തന്നെയാണെന്നു നിസ്സംശയം പറയാം.

കുണ്ടൂരിനെത്തുടർന്ന് പി.ജി.രാമയ്യർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ഉള്ളൂർ തുടങ്ങിയവരും പച്ചമലയാളകാവ്യങ്ങൾ രചിച്ചു. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ നല്ലഭാഷ, ഉള്ളൂരിന്റെ കമ്മാരൻനായർ, ഒരു നേർച്ച എന്നിവ ഈ പ്രസ്ഥാനത്തിൽപ്പെട്ട ശ്രദ്ധേയമായ കാവ്യങ്ങളാണ്. കൊട്ടാരത്തിൽ ശങ്കുണ്ണി, സി.എസ്.സുബ്രഹ്മണ്യൻപോറ്റി എന്നിവരും പച്ചമലയാള കൃതികൾ രചിച്ചവരാണ്. ഇതോടൊപ്പം അപ്പൻതമ്പുരാന്റെ 'പച്ചമലയാളം' എന്ന ഗദ്യലേഖനവും പച്ചമലയാളപ്രസ്ഥാനത്തിന്റെ പ്രസക്തി വെളിവാക്കുകയുണ്ടായി. എന്നാൽ കാലക്രമേണ ഈ മട്ടിലുള്ള രചനകളിൽ കവികൾക്ക് താത്പര്യം കുറഞ്ഞുവന്നു.

ഇതിഹാസ പുരാണകാവ്യങ്ങളെക്കാൾ കേരളീയാന്തരീക്ഷത്തിലുള്ള കഥകളാണ് പച്ചമലയാളകാവ്യങ്ങളിൽ ആവിഷ്കരിച്ചത് എന്നത് ശ്രദ്ധേയമാണ്. എന്നാൽ മലയാളം മാത്രം മതി എന്ന പിടിവാശി കൃത്രിമത്വത്തിന്റേതായ ആവരണം ഭാഷയിൽ സൃഷ്ടിക്കുകയും നിരർത്ഥകശബ്ദങ്ങളുടെ ഉപയോഗം വർധിപ്പിക്കുകയും ചെയ്തപ്പോൾ ഇത്തരം കാവ്യങ്ങളെ സഹൃദയർ കൈവെടിഞ്ഞു.

> *മലയാള ഭാഷയുടെ നിദ്രാണമായ ശക്തികളെ ഉണർത്തിയതോടൊപ്പം അതിന്റെ പരിമിതികളെപ്പറ്റി ശരിയായ ബോധമുളവാക്കിക്കൊടുക്കുകയും ചെയ്തു എന്നതാണ് പച്ചമലയാള പ്രസ്ഥാനത്തിന്റെ നേട്ടം.*[16]

[16] എം. ലീലാവതി. *നവരംഗം*, പുറം 15.

കേസരി ബാലകൃഷ്ണപിള്ള പച്ചമലയാളത്തെ ഉണക്കമലയാളം എന്ന് അധിക്ഷേപിച്ചത് പച്ചമലയാളത്തിന്റെ പരിമിതികൾ തിരിച്ചറിഞ്ഞതുകൊണ്ടാണ്. പാർവ്വതീപഞ്ചകം എന്ന പച്ചമലയാളരചനയിൽ ശിവനെ വിശേഷിപ്പിക്കാൻ വിഷാ ശനൻ എന്ന സംസ്കൃതപദം പ്രയോഗിക്കാൻ വയ്യാത്തതിനാൽ വിഷത്തിന് പകരം 'സാപ്പിട്ടൂ വേറെയുള്ളോർ തൊടുകിലുടൽ കരിപ്പോരു ചോർ' എന്ന് കുണ്ടൂരിന് എഴുതേണ്ടിവന്നു.

ഭാഷാപ്രയോഗനിയമങ്ങൾക്കനുസരിച്ച് പദങ്ങളെ വലിച്ചുനീട്ടുന്ന ഇത്തരത്തിലുള്ള പ്രയോഗങ്ങൾ സാധാരണക്കാർക്ക് അർത്ഥഗ്രഹണത്തിന് ക്ലേശം ഉളവാക്കും എന്നതിൽ സംശയമില്ല.

ദൃഢാദരം സംസ്കൃതവാക്കു ലേശം
പെടാതെ കണ്ടൻപതു പദ്യമിപ്പോൾ
പിടിച്ചുകെട്ടിക്കഷണിച്ചു തീർത്തേ-
നുടൻ വിടാം തേ പരിശോധനാർത്ഥം

എന്ന് കൊട്ടാരത്തിൽ ശങ്കുണ്ണിയ്ക്കയച്ച കത്തിൽ (16-12-65) കുഞ്ഞിക്കുട്ടൻ തമ്പുരാൻ തന്നെ ഇത്തരത്തിൽ പച്ചമലയാളത്തിലെഴുതുന്നതിന്റെ ബുദ്ധിമുട്ടിനെ പ്പറ്റി സൂചിപ്പിക്കുന്നുണ്ട്.

വെൺമണിപ്രസ്ഥാനം കാവ്യരൂപത്തിൽ വരുത്തിയ പരിഷ്ക്കരണങ്ങളാണ് ഇവിടെ പ്രധാനമായും പരാമർശിച്ചത്. ഇതോടൊപ്പം എടുത്തുപറയേണ്ട മറ്റു ചില പ്രധാന സംരംഭങ്ങൾ കൂടിയുണ്ട്.

ഭാഷയിൽ മംഗളശ്ലോകങ്ങളും ഛായാശ്ലോകങ്ങളും രചിച്ച് അത്തരം രചന കളെ ജനകീയമാക്കിയത് വെൺമണിക്കവികളാണ്.

**മംഗളശ്ലോകങ്ങൾ**

വെൺമണിനമ്പൂതിരിപ്പാടന്മാർ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ എന്നിവ

രാണ് യഥാർത്ഥത്തിൽ ഭാഷാകവിതയ്ക്കു ശരിയായ 'മണിപ്രവാള ശുദ്ധി'യും സ്തുത്യർഹമായ തന്മയത്വവുമുണ്ടാക്കിത്തീർത്തത്. വെൺമണി അച്ഛന്റെ

കോടക്കാർവർണനോടക്കുഴലൊടു കളിവി-
ട്ടോടിവന്നമ്മ തന്റെ
മാടൊക്കും പോർമുലപ്പാലമിതരുചി ഭുജി-
ച്ചാശ്വസിക്കും ദശായാം
ഓടിക്രീഡിച്ചു വാടീടിന വദനകലാ-
നാഥഘർമ്മാമൃതത്തെ-
ക്കുടെക്കൂടെ ത്തുടയ്ക്കും സുകൃതനിധിയശോ-
ദാകരം കൈതൊഴുന്നേൻ

എന്ന മംഗളപദ്യം മണിപ്രവാളശുദ്ധി ഉദാഹരിക്കുന്നതാണ്.

പൂന്തോട്ടത്ത് അച്ഛൻ നമ്പൂതിരിയുടെ

നീലക്കാർകൂന്തൽ കെട്ടീ,ട്ടഴകൊടുനിടിലേ
നല്ലഗോരോചനം ചേർ-
ത്തേലസ്സും പൊൻചിലമ്പും മണികളുമണിയി-
ച്ചമ്മതന്നങ്ക ഭാഗേ
ലീലാഗോപാല വേഷത്തൊടു മുരളിയുമ-
ക്കാലിമേയ്ക്കുന്ന കോലും
ചാലേ കൈക്കൊണ്ടു മന്ദസ്മിതമൊടുമരുവും
പൈതലേ! കൈതൊഴുന്നേൻ!

എന്ന ശ്ലോകവും

നടുവത്തച്ഛൻ നമ്പൂതിരിയുടെ

ചഞ്ചൽക്കിങ്കിണികാഞ്ചിയും വളകളും
പൂഞ്ചേലയും ചേർത്തുകൊ-
ണ്ടഞ്ചാതഞ്ചിതമായ് നടന്നഴിയുമ-

പ്പൂഞ്ചായലോടമ്മയെ
കൊഞ്ചിക്കൊഞ്ചി വിളിച്ചു പുഞ്ചിരിയുമി-
ട്ടൊട്ടു വീണും മുദാ
ചാഞ്ചാടും ചില നാട്യവും കളികളും
കാർവർണ്ണ! കണ്ടാവു ഞാൻ.

എന്ന ശ്ലോകവും

വെൺമണി മഹൻ നമ്പൂതിരിപ്പാടിന്റെ

ഊർന്നീടും പൊൻമണിപ്പട്ടൊരു കരമതുകൊ-
ണ്ടുള്ളൊരത്താങ്ങലോടും,
ചിന്നീടും കേശമോടും, തൊടുകുറി വിലസും
ഫാലപട്ടാഭയോടും
മിന്നീടും പന്തടിച്ചിങ്ങിനെ മൃഡമനതാ-
രിട്ടിളക്കീട്ടടുക്കൽ-
ച്ചെന്നീടും ഗൗരിതൻ പൊങ്കളതനു കരളിൽ-
ക്കണ്ടു ഞാൻ കുമ്പിടുന്നേൻ

എന്ന ശ്ലോകവും

കൊച്ചുണ്ണിത്തമ്പുരാന്റെ

കാടൊക്കെത്തെണ്ടിമണ്ടിക്കമലനയനനെ-
ക്കണ്ടുകിട്ടാഞ്ഞു കൂട്ടം
കൂടിക്കൊണ്ടന്നു ഗോപീജനമഥ പുളിനേ
വാണുടൻ കേണിടുമ്പോൾ
കോടിക്കാമപ്രകാശം തടവിടുമുടലിൻ
ധാടിയോടെത്തിയോര-
ക്കോടക്കാർ വർണനെന്നെക്കരുണയൊടുകടാ-
ക്ഷിച്ചു രക്ഷിച്ചിടട്ടേ!.

എന്ന ശ്ലോകവും

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ

അത്യുഗ്രാടോപമോടും പടനടുവിലടു-
ക്കുന്ന ദൈത്യേന്ദ്രദേഹം
കുത്തിക്കീറിപ്പിളർന്നിട്ടുടനെ ചുടു കടും
ചോര കോരിക്കുടിച്ചും
മുത്തോടേറ്റം ചിരിച്ചും, മുഹിരപിമദമോ-
ട്ടഹാസം പൊഴിച്ചും
നൃത്തംവെച്ചും കളിച്ചീടിന കൊടിയ കൊടും
കാളിയെക്കൈതൊഴുന്നേൻ

എന്ന ശ്ലോകവും മംഗളശ്ലോക രചനയിൽ ഇവർക്കുണ്ടായിരുന്ന അനായാസതയ്ക്ക് ഉദാഹരിക്കാവുന്നതാണ്. ശൈശവത്തിന്റെ വ്യാമുഗ്ദ്ധതയും വാത്സല്യത്തിന്റെ ഹൃദയത്തുടിപ്പുകളും നിഗ്രഹോത്സുകതയുടെ ഭീഷണാവസ്ഥയും ഒരുപോലെ പകർന്നുതരാൻ ഈ വരികൾക്ക് കെൽപ്പുണ്ടെന്നത് അനുഭവ പരമാർത്ഥമാണ്.

**ഛായാശ്ലോകങ്ങൾ**

ഛായാശ്ലോക രചനയിലും വെൺമണിക്കവികൾ കഴിവു തെളിയിച്ചിട്ടുണ്ട്.

വെൺമണിമഹൻ കുറ്റാലക്കാട്ടു നമ്പൂതിരിയെപ്പറ്റി രചിച്ച ഛായാശ്ലോകം പ്രസിദ്ധമാണ്. കോവിലകത്തെ രസികന്മാരായ കവികളുടെ നിർബന്ധത്തിനു വഴങ്ങി കുറ്റാലക്കാട്ടു നമ്പൂതിരിയെപ്പറ്റി-

തുറുംകണ്ണും, തുംഗസ്തനികളുടെ ഗർഭങ്ങളലസി-
പ്പെറും ചണ്ഡക്രേം ക്രസ്വനവുമടവും; വട്ടമുഖവും
കരിന്തൊണ്ണും, കൈപ്പുസ്തകവുമിടചേർന്നാരൊരുവനീ
വരും പൊണ്ണൻ, ക്രൂരൻ, കുമതിബകനോ, തസ്യമകനോ?

എന്ന് ചൊല്ലിയപ്പോൾ കലികയറി 'നിന്റച്ഛനാ' എന്നു മറുപടി നൽകി എന്നും അത് അവിടെക്കൂടിയവർക്ക് തമാശയ്ക്ക് വക നൽകി എന്നും അകവൂർ നാരായണനും

കോയിപ്പിള്ളി പരമേശ്വരക്കുറുപ്പും രേഖപ്പെടുത്തുന്നുണ്ട്. അത്ര തന്മയത്വത്തോടെ വെൺമണിമഹൻ ഛായാശ്ലോകങ്ങൾ രചിച്ചിരുന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ വെൺമണിമഹനെപ്പറ്റി രചിച്ച

ഉന്മേഷത്തൊടുതാൻ മുറുക്കി, യരിക-
ത്തല്പം മുറുക്കാനുമായ്
ചുമ്മാതെമണി പത്തടിപ്പതുവരേ
മൂടിപ്പുതച്ചങ്ങിനെ
ബ്രഹ്മസ്വം മഠമായതിന്റെ പടിയിൽ
പൂർണ്ണാനുമോദം പര-
ബ്രഹ്മം കണ്ടരുളുന്ന വെൺമണിമഹൻ
നമ്പൂതിരിയെക്കണ്ടു ഞാൻ

എന്ന ഛായാശ്ലോകവും പ്രസിദ്ധമാണ്.

ഒറവങ്കര രാജായെപ്പറ്റിയും കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഒരു ഛായാശ്ലോകം രചിച്ചി ട്ടുണ്ട്.

അപ്പം പോലെ വിടർന്ന പൊക്കിളുരസി-
ത്തല്ലുന്ന വൻചന്തിമെ-
യ്യല്പം പിൻഞെളി, വാക്കവിൾത്തടമതിൽ
ച്ചേരുന്നതോടൊന്നഹോ
ശില്പം പൊന്തനടി സ്വഭാവഗുണ,മി-
ജ്ജാതിത്തവാക്കേവമായ്-
ത്തുപ്പിക്കൊണ്ടു വരുന്നു തുംഗകവിയാ-
മിയ്യാളിതയ്യാരസം!

ഇങ്ങനെ രസകരമായ ഛായാശ്ലോകങ്ങളുടെ രചനയിലും മാതൃക വെൺമണിക്ക വികൾ തന്നെ.

**ഖണ്ഡകാവ്യങ്ങൾ**

ഖണ്ഡകാവ്യങ്ങളുടെ രചനയിലും വെൺമണിക്കവികൾ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മലയാളത്തിൽ ഖണ്ഡകാവ്യങ്ങളുടെ രചനയിൽ മാർഗ്ഗദർശനം കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കാവ്യങ്ങളാണ്. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ ഊർജസ്വലമായ തുടക്കം തമ്പുരാന്റെ കാവ്യങ്ങളിൽ കാണാം. പുരാണങ്ങളിൽ വേണ്ടത്ര വിസ്തരിക്കാത്ത ഭാഗങ്ങൾ തിരഞ്ഞെടുത്ത് ഖണ്ഡകാവ്യരൂപത്തിൽ അവതരിപ്പിച്ചത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണ്. തമ്പുരാന്റെ *യാത്രാദാനം, നാരായണാസ്ത്രദാനം, ശരസേതുബന്ധനം, ദ്രോണാചാര്യൻ, ഭീഷ്മസമാധി, ഭീമയോഗം യുധിഷ്ഠിരശമം, കൂടൽമാണിക്യം, കംസൻ* തുടങ്ങിയ കാവ്യങ്ങൾ സാഹിത്യത്തിൽ പുതിയ അനുഭവമായി.

**ഭാഷാനാടകങ്ങൾ**

സ്വതന്ത്ര ഭാഷാനാടകങ്ങളുടെ രചനയിലും പ്രഥമ പരിശ്രമം വെൺമണിക്കവികളിൽ നിന്നുതന്നെയാണ്. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ രചിച്ച *കല്യാണീ നാടക*മാണ് ഭാഷയിൽ ആദ്യമായുണ്ടായ സ്വതന്ത്ര നാടകം. കേരളീയ ജീവിത പശ്ചാത്തലം കേരളത്തിലെ നാടകരംഗത്തേക്ക് ആദ്യമായി കടന്നുവരുന്നത് ഈ നാടകത്തിലൂടെയാണ്.

> *കല്യാണീനാടകം അന്നു മലയാളകുടുംബങ്ങളിൽ സാധാരണമായി നടപ്പുള്ള പല ആചാരമര്യാദകളെയും മലയാളികളായ ചില പ്രഭുക്കന്മാരുടെ പ്രതാപത്തെയും പദവിയെയും അക്കാലത്തുള്ള ചുരുക്കം ചില ഉദ്യോഗസ്ഥൻമാരുടെ സ്വഭാവ വിശേഷത്തെയും കണ്ണാടിയിൽ എന്നപോലെ പ്രതിബിംബിപ്പിക്കുന്ന ഒരു സരസകൃതിയാണ്. ശൃംഗാരമാണ് അതിലുള്ള സ്ഥായിയായ രസമെങ്കിൽ ഫലിതത്തെ*

*മുൻനിർത്തിക്കൊണ്ടുള്ള ഹാസ്യരസത്തിന്നും മറ്റും അതിൽ കൂടു തൽ പ്രാധാന്യം കൽപിച്ചിട്ടുണ്ട്.*[17]

ഈ നാടകത്തെത്തുടർന്ന് കൊച്ചുണ്ണിത്തമ്പുരാൻ തന്നെ ഉമാവിവാഹം, ഭദ്രോത്സവം തുടങ്ങിയ നാടകങ്ങൾ രചിക്കുകയുണ്ടായി. നടുവത്തച്ഛൻ നമ്പൂതിരി യുടെ ഭഗവദ്ദൂത് ഭാഷാനാടകവും സഹൃദയപ്രശംസ പിടിച്ചുപറ്റിയ രചനയാണ്. ഇതിനോടൊപ്പം എടുത്തുപറയേണ്ടതാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പു രാൻ രചിച്ച ചന്ദ്രിക എന്ന ഭാഷാനാടകം. തമ്പുരാന് ശൃംഗാരരസത്തിൽ കാവ്യം രചിക്കാൻ സാമർത്ഥ്യമില്ലെന്ന ആക്ഷേപത്തിനെത്തുടർന്ന് വെൺമണി അച്ഛൻ നമ്പൂതിരിപ്പാടിന്റെ നിർദ്ദേശപ്രകാരമാണ് ഈ കാവ്യം രചിച്ചട്ടുള്ളത്. ഭാഷാനാടക ങ്ങളുടെ വിജയത്തെത്തുടർന്ന് ഇവയ്ക്ക് അനേകം അനുകരണങ്ങളുണ്ടായി. ഈ ഭാഷാ നാടകങ്ങളുടെ ആധിക്യത്തെ പരിഹസിച്ചുകൊണ്ടാണ് മുൻഷിരാമക്കുറു പ്പിന്റെ 'ചക്കീചങ്കരം' എന്ന നാടകത്തിന്റെ പുറപ്പാടുണ്ടായത്.

മലയാളത്തിൽ സ്വകപോലകല്പിതങ്ങളായ കഥകൾ നാടകമായി അവതരി പ്പിക്കുന്നതിന് പ്രോത്സാഹനം വെൺമണിക്കവികളിൽ നിന്നാണെന്ന കാര്യത്തിൽ സംശയത്തിന് വകയില്ല.

**പരിഭാഷ**

സംസ്കൃതത്തിൽ നിന്ന് മലയാളത്തിലേക്കുള്ള വിവർത്തന ശ്രമങ്ങൾ സജീവമായി നടക്കുന്നതും ഈ കാലഘട്ടത്തിലാണ്. ഇതിൽ പ്രധാനമായി കണ ക്കാക്കുന്നത് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരത വിവർത്തനമാണ്. എന്നാൽ മഹാഭാരതം തർജ്ജമ ചെയ്യണമെന്ന ആശയം പലരുടെയും മനസ്സിൽ ഉണ്ടായിരു ന്നു. വിദ്യാവിനോദിനി പത്രാധിപരായിരുന്ന സി.പി.അച്യുതമേനോനാണ് ഇതിന്

17 കോയിപ്പിള്ളി പരമേശ്വരൻ. *സുവർണ്ണയുഗം* (പി.കെ.ബ്രദേഴ്സ്, കോഴിക്കോട്, 1955) പുറം 35-36.

മുൻകയ്യെടുത്തത്. മഹാഭാരതം കിളിപ്പാട്ടായി തർജ്ജമ ചെയ്യണം എന്നായിരുന്നു ആദ്യം വിചാരിച്ചത്.

പത്താളുകൾ ചേർന്നാണ് ആദ്യം ഇതിന് ഒരുങ്ങുന്നത്. 18.12.67 ൽ നടുവത്ത് തമ്പുരാനയച്ച കത്തിൽ ഇതിനെപ്പറ്റി പരാമർശമുണ്ട്.

കേട്ടാലും കേളിയേറും കഠിന വിഷയമാം
ശ്രീമഹാഭാരതത്തെ-
ക്കൂട്ടായിട്ടെട്ടുപത്താളുകൾ കവികൾ സഖേ
ഭാഷയാക്കിച്ചമപ്പാൻ
കോട്ടം കൂടാതൊരുങ്ങുന്നതിനിഹ തുടരു-
ന്നുണ്ടതിന്നഞ്ചു വർഷം
കൂട്ടുന്നുണ്ടിങ്ങു കാലം കഴിയുമതിനക-
ത്തച്ചടിപ്പും നടക്കും
കൊച്ചുണ്ണി ക്ഷോണിപാലൻ കൊടിയൊരു കവികാ-
ത്തുള്ളി യെന്നല്ല ഹേ! ഞാ-
നച്ഛൻ നമ്പൂതിരിയാമങ്ങയി! തവതനയൻ,
കൊച്ചു കുഞ്ഞുണ്ണി രാജൻ,
സ്വച്ഛൻ മദ്ദേശികക്ഷ്മാപതി, ശുഭമതികു-
ണ്ടൂരഹോ, സി.പി, സാക്ഷാൽ
മെച്ചം ചേരുന്നൊരാ വെഴ്മണി
കവിമണി കൂ-
നേഴനും പേരു പോരേ?
പോരൊന്നിനി: ഹരിവംശം
പോരൊടു മന്നാടിയാരുമെഴുതട്ടേ;
തീരട്ടേ പാട്ടിലിതും
തീരട്ടേ ഗ്രന്ഥ ദുർഭിക്ഷ.

എന്നാൽ പിന്നീട് മറ്റുള്ളവർ അതിൽ വേണ്ടത്ര താത്പര്യം പ്രകടിപ്പിക്കായ്കയാൽ തമ്പുരാൻതന്നെ തനിച്ച് ഈ തർജ്ജമ ഏറ്റെടുക്കുകയും എണ്ണൂറ്റി എഴു

പത്തിനാല് ദിവസം കൊണ്ട് ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം ശ്ലോകങ്ങൾ തർജ്ജമ ചെയ്ത് താൻ തുടങ്ങിവെച്ച പരിശ്രമം പൂർത്തിയാക്കുകയും ചെയ്തു.

**വിവർത്തനങ്ങളുടെ സാംസ്കാരിക പ്രാധാന്യം**

വിവർത്തനത്തെ ഒരു സർഗ്ഗാത്മക പ്രവർത്തനമായി ഗണിക്കാൻ ഇടയായത് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിവർത്തന പരിശ്രമത്തോടെയാണ്. സംസ്കൃതം മൂലം വായിച്ച് അർത്ഥവിലോപം കൂടാതെയും വൈകാരികമൂല്യം നഷ്ടപ്പെടുത്താതെയും വിവർത്തനം ചെയ്യുന്ന രീതിയാണ് അദ്ദേഹം സ്വീകരിച്ചത്. തമ്പുരാന്റെ വിവർത്തന പരിശ്രമത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് പലരും വിവർത്തനരംഗത്തേക്ക് ഇറങ്ങിയത് അക്കാലത്ത് മലയാളഭാഷയിലെ ഗ്രന്ഥദൗർലഭ്യം പരിഹരിക്കാൻ ഒരളവോളം സഹായകമായിട്ടുണ്ട്.

കാത്തുള്ളിൽ അച്യുതമേനോൻ ജൈമിനീയാശ്വമേധം കിളിപ്പാട്ടായി തർജ്ജമ ചെയ്യുന്നതും വള്ളത്തോൾ രാമായണം പരിഭാഷപ്പെടുത്തുന്നതും കവിസാർവഭൗമൻ കൊച്ചുണ്ണിത്തമ്പുരാൻ മഹാഭാഗവതം ഭാഷയിലേക്ക് ഗാഥാരീതിയിൽ തർജ്ജമ ചെയ്യുന്നതും തമ്പുരാന്റെ മഹാഭാരത പരിഭാഷയെത്തുടർന്നാണ്. ഇതിഹാസങ്ങളും പുരാണങ്ങളും ശാസ്ത്രങ്ങളും മലയാള ഭാഷയ്ക്കു വഴങ്ങും എന്ന തോന്നൽ ഉണ്ടാക്കിയെടുക്കാൻ ഇങ്ങനെയുള്ള വിവർത്തന ശ്രമങ്ങൾക്ക് കഴിഞ്ഞു.

**കേരളചരിത്ര കാവ്യങ്ങൾ**

കേരളത്തിന്റെ ചരിത്രവും ഐതിഹ്യങ്ങളും രേഖപ്പെടുത്തുന്നതും വെൺമണിക്കവികളുടെ നേതൃത്വത്തിലാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ *കേരളം* എന്ന ചരിത്രകാവ്യവും കൊച്ചുണ്ണിതമ്പുരാൻ *മലയാംകൊല്ല*വും രചിക്കുന്നതും കേരളചരിത്രത്തിലെ അനേകം സംഭവങ്ങൾ ശേഖരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതും ഈ സവിശേഷമായ കാലഘട്ടത്തിലാണ്.

ദേശീയതയെക്കുറിച്ചുള്ള ബോധം കവിതകളിലാവിഷ്കരിക്കുന്നതും വെൺമണിക്കവികളിൽ പെട്ടവരാണ്. നടുവം മഹന്റെ ഗാന്ധി, ആശ്രമപ്രവേശം തുടങ്ങിയ കവിതകൾ കാലത്തിനു മുമ്പേ നടന്നവയാണ്.

ഇങ്ങനെ വിപുലമായ ഭാഷാസാഹിത്യപരിഷ്ക്കരണ ശ്രമങ്ങളിലൂടെ മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും ഭാവുകത്വത്തെത്തന്നെ മാറ്റിമറിക്കാനും ക്രിയാത്മകമായ ഇടപെടലുകൾ നടത്താനും വെൺമണിപ്രസ്ഥാനത്തിന് കഴിഞ്ഞു എന്ന് ബോധ്യമാവും.

ചുരുക്കത്തിൽ വെൺമണിമാർ മലയാള ഭാഷയിലും സാഹിത്യത്തിലും ചെയ്ത പരിശ്രമങ്ങളെ താഴെ പറയും പ്രകാരം സംഗ്രഹിക്കാം.

1. സാഹിത്യത്തെ സാമ്പ്രദായികമായചട്ടക്കൂടുകളിൽ നിന്ന് മോചിപ്പിച്ചു
2. സാഹിത്യത്തിൽ നിന്നും പാണ്ഡിത്യത്തെ കുടഞ്ഞെറിയുകയും ലാളിത്യത്തെ അതിന്റെ മുഖമുദ്രയാക്കുകയും ചെയ്തു.
3. ഏതു ലക്ഷ്യത്തിനും മാധ്യമമാവാൻ കവിതയെ പ്രാപ്തമാക്കി.
4. വ്യവഹാരഭാഷയിൽനിന്ന് ഊർജ്ജം സ്വീകരിച്ച് ഭാഷയുടെ ഭാവമണ്ഡലം വികസിപ്പിച്ചു.
5. സമകാലിക കേരളീയ സമൂഹത്തോടും സംസ്കാരത്തോടും ജീവിതവീക്ഷണത്തോടും ബന്ധം പുലർത്തി. പ്രാദേശികവും സ്ഥലപരവുമായ സംസ്കാരത്തെ കൃതികളിൽ ഉൾക്കൊണ്ടു.

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

## അധ്യായം 4

# ആധുനികതയുടെ മൂല്യാങ്കനം വെൺമണിക്കവിതകളിൽ

പാരമ്പര്യമായ വ്യവസ്ഥകളെയും മൂല്യങ്ങളെയും മുറുകെപ്പിടിക്കുന്ന വസ്തുനിഷ്ഠമായ ക്ലാസിക്കൽ കാവ്യ ശൈലിയ്ക്കും പൈതൃകത്തോട് അമർഷവും അവജ്ഞയും പുലർത്തുന്ന ആത്മനിഷ്ഠമായ റൊമാന്റിക് ശൈലിക്കും ഇടയിലുള്ള ഒരു സ്ഥലരാശിയിലേ വെൺമണിക്കവികളുടെ രചനാ ശൈലിയെ അടയാളപ്പെടുത്താൻ സാധിക്കൂ. പാശ്ചാത്യ ലോകത്ത് നിയോക്ലാസ്സിസം എന്നറിയപ്പെടുന്ന ശൈലിയോട് അടുത്തുനിൽക്കുന്ന ഒരു തലം വെൺമണിക്കൃതികൾക്കുണ്ട്. പാരമ്പര്യത്തോട് അടുപ്പം പുലർത്തുമ്പോഴും മാറ്റങ്ങളെ കയ്യെത്തിപ്പിടിക്കാനുള്ള താത്പര്യം വെൺമണിക്കവികളുടെ കൃതികൾ പരിശോധിച്ചാൽ കാണാൻ കഴിയും. എന്നാൽ പലപ്പോഴും ഇതിനു വിപരീതമായി ഒരു പിന്തിരിപ്പൻ കാവ്യശൈലിയായി മാത്രമേ വെൺമണിക്കൃതികൾ വിലയിരുത്തപ്പെട്ടിട്ടുള്ളൂ. അശ്ലീലമെന്നും ശൃംഗാരാഭാസമെന്നുമുള്ള മുദ്ര ചാർത്തി ഇവയെ മാറ്റി നിർത്താനാണ് പലരും ശ്രമിച്ചുകാണുന്നത്. അതുകൊണ്ടുതന്നെ ഇവയുടെ യഥാർത്ഥമൂല്യം തിരിച്ചറിയുന്നതിനും രേഖപ്പെടുത്തുന്നതിനുമുള്ള യത്നങ്ങൾ ഏറെയൊന്നും നടന്നു കാണുന്നില്ല. മലയാളകവിതയ്ക്കാകമാനം ഉണർവും ഉൻമേഷവും ഉൾച്ചേർക്കാൻ ഇവരുടെ കാവ്യപരിശ്രമങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്നുള്ള സത്യം നിഷേധിക്കാൻ സാധ്യമല്ല. ദോഷങ്ങൾ എണ്ണിയെണ്ണി പെരുപ്പിച്ചു കാട്ടി ഉള്ള ഗുണങ്ങൾ പോലും തമസ്കരിക്കപ്പെട്ടു. അങ്ങനെ വെൺമണികൃതികൾ എന്നാൽ വായിക്കാൻ കൊള്ളാത്തതാണെന്ന ഒരു പൊതുബോധം പുതുതലമുറയിൽപ്പെട്ട സാഹിത്യാസ്വാദകർക്കിടയിൽ രൂപം കൊണ്ടു.

നവോത്ഥാന പരിസരത്ത് ജീവിച്ചുവെങ്കിലും പുരോഗമനത്തിൽ നിന്നും പിന്തിരിഞ്ഞു നിന്നു എന്നും ഒരേ മട്ടിലുള്ള കാവ്യങ്ങൾ രചിച്ച് കവിത്വസിദ്ധി

വ്യയം ചെയ്തു എന്നും നിഷ്ക്രിയരും അലസരുമായി കാലക്ഷേപം ചെയ്തു എന്നും ഉള്ള ആരോപണങ്ങളും വെൺമണിക്കവികളെക്കുറിച്ചുണ്ട്.

അന്ന് പൊതുവേ പ്രകടമായിക്കണ്ട സാമൂഹിക പരിശ്രമത്തിന്റെ നേരിയ ചലനങ്ങൾ പോലും ഉൾക്കൊള്ളാൻ വെൺമണികൾ സന്നദ്ധരായില്ല[1] എന്ന് എരുമേലി പരമേശ്വരൻപിള്ളയും ഓളങ്ങളുടെ മേൽ ഓടി കളിക്കാനേ അവരാശിച്ചുള്ളൂ. അതിൽക്കവിഞ്ഞ മഹത്വകാംക്ഷകളൊന്നും അവരെ അസ്വസ്ഥരാക്കിയില്ല[2] എന്ന് എം.ലീലാവതിയും അഭിപ്രായപ്പെടുകയുണ്ടായി.

എൻ.കൃഷ്ണപിള്ളയുടെ നിരീക്ഷണം നോക്കുക:

> *വെൺമണിമാർക്കും അവരുടെ അനുയായികൾക്കും ഒരു സാമാന്യ ദോഷമുണ്ട്. നമ്മുടെ ഹൃദയങ്ങളെ ഇളക്കിമറിക്കാനോ നമ്മെ പിടിച്ചിരുത്തി ചിന്തിപ്പിക്കാനോ അവർക്കു കഴിവില്ല. ഉണ്ടും മുറുക്കിയും വെടിപറഞ്ഞും ഉത്സവം കണ്ടും സുഖാനുഭവങ്ങളിൽ ലയിച്ചും ജീവിത പ്രശ്നങ്ങൾ ഒന്നുമില്ലാതെ അവർ ഒരു ഒഴുക്കൻ മട്ടിൽ കാലം പോക്കിയ പ്രഭുവംശീയരായിരുന്നതുകൊണ്ടാണ് അവരുടെ കവിതകൾക്ക് കനവും കഴമ്പും ഇല്ലാതെ പോയത്. ആ കൃതികൾ വായിച്ചു രസിച്ച ഭൂരിപക്ഷം ജനങ്ങളും കഠിനമായ ജീവിതവൈഷമ്യങ്ങൾ നേരിടാതെ സംതൃപ്തരും സുഖിതരുമായി കഴിഞ്ഞുകൂടിയവരായിരുന്നുതാനും.*[3]

എന്നാൽ ഇതെല്ലാം ഭാഗികമായ ശരികൾ മാത്രമാണെന്നതിന് വെൺമണിക്കവികളിൽ പലരും തങ്ങളുടെ ദാരിദ്ര്യത്തെക്കുറിച്ചും സ്വകാര്യദുഃഖങ്ങളെക്കുറിച്ചും വിട്ടുമാറാത്ത രോഗങ്ങളെക്കുറിച്ചും എഴുതിയ കത്തുകൾ തന്നെ തെളിവുതരും.

---

[1] എരുമേലി പരമേശ്വരൻപിള്ള. *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ* (പ്രതിഭ ബുക്സ്, മാവേലിക്കര, 2006) പുറം 184.

[2] എം. ലീലാവതി . *നവരംഗം*, പുറം 17.

[3] എൻ.കൃഷ്ണപിള്ള. *കൈരളിയുടെ കഥ* (ഡി.സി.ബുക്സ്, കോട്ടയം, 2005) പുറം 233.

വെൺമണിമഹൻ തന്റെ വിട്ടുമാറാത്ത അഗ്നിമാന്ദ്യവും അർശസ്സും കൊണ്ട് കഷ്ട പ്പെടുമ്പോഴും

കണ്ണിൽത്തീയുണ്ടുകാമാന്തക! തിരുമകനാ-
ണഗ്നിഭൂവദ്ഭുതംതീ-
ക്കുണ്ഡത്തേലാണു നൃത്തം, തവ പുനരനല-
ക്കാടുശാന്തിക്കുമുണ്ട്
തിണ്ണന്നെന്നിട്ടുമത്യാശ്രിതനടിയനിലീ-
യഗ്നിമാന്ദ്യം വരുത്തി-
ദ്ദണ്ഡിപ്പിക്കുന്നതെന്തിങ്ങനെ? പലവകയായ്
തീയ്യുതൃക്കയ്യിലില്ലേ?

എന്നു ഫലിതരൂപത്തിൽ എഴുതുന്നു.

തന്റെ രണ്ടാമത്തെ മകൻ മരിച്ചതിനെക്കുറിച്ച് നടുവത്തച്ഛൻ നമ്പൂതിരി ഇരുപതു ശ്ലോകങ്ങൾ രചിച്ചത് മലയാളമനോരമ കൊ.വ.1075 ൽ പ്രസിദ്ധപ്പെടുത്തി യിട്ടുണ്ട്.

കൃത്യങ്ങൾ വേണ്ടതനുവാസരമോതുവാനായ്
പ്രത്യേകമോർത്തരികിലുണ്ണിയെ ഞാൻ വിളിച്ചാൽ
അത്തവ്വിലൊത്തപണി തീർത്തു തെളിഞ്ഞുചാര-
ത്തെത്തുന്നൊരെന്റെ മകനെന്നെ വെടിഞ്ഞുവല്ലോ?
..........................................................................................
ഇന്നാളിവന്റെ സുകൃതക്കൊടി വെന്ത വൃത്ത-
മന്നാളിലല്പമുരചെയ്തറിയിച്ചുവല്ലോ?
ഇന്നോളമക്കദനവഹ്നി ശമിച്ചിടാതെ
ഇന്നാളിടുന്നു ശിവനേയിവനെന്തു ചെയ്യും?

സുഹൃത്തായ അച്ചുതമേനവന് അയച്ച കത്തിൽ കൃഷി നശിച്ചതി നെക്കുറിച്ചുള്ള പരാമർശമാണ്.

വയ്യോതാൻ മഴമുന്നൊഴിച്ചതി വശാ-
ലുള്ളൊരു ദോഷം പരം
തിയ്യാളുന്നു മനസ്സിലെങ്ങിനെ കഴി-
ഞ്ഞീടുന്നു മേലാലിനി
ഇയ്യുള്ളോർക്കു വിശേഷമുണ്ടു കൃഷിയാ-
ണുണ്ണാനതെല്ലാം കരി-
ഞ്ഞയ്യയ്യോ പൊടി ഭസ്മമായി കിടയാ
വക്കോലു പോലും സഖേ.

കൊ.വ. 1066. തുലാം 12 ന് കുഞ്ഞിക്കുട്ടൻ തമ്പുരാന് അയച്ച കത്തിൽ

കിട്ടാക്കുറ്റികളിൽ പിണഞ്ഞു കിടയാ-
തേ കണ്ടു കഷ്ണിച്ചിടും
പാട്ടം പാടുകിടന്നുകൊണ്ടു പകുതി-
പ്പാടെങ്കിലും വാങ്ങുവാൻ
പെട്ടീടും കൊതികൊണ്ടു വിരുതൻ
ശങ്കുണ്ണിയേ വിട്ടൂ..............................

എന്ന് കാണുന്നത് പാട്ടം പിരിഞ്ഞു കിട്ടാത്തതിന്റെ ബുദ്ധിമുട്ടാണ്.

തീവണ്ടിപ്പാതയ്ക്കു സ്ഥലമേറ്റെടുക്കാൻ സർക്കാർ ഉത്തരവുണ്ടായപ്പോൾ തൈക്കാട്ടു നാരായണൻ മൂസ്സിനയച്ച കത്ത്

തീവണ്ടിമൂലം ഭവനം പൊളിച്ചു
പോവേണ്ട ദിക്കാണു നമുക്കിദാനീം
ദൈവം വരുത്തുന്നതിനെത്തടുപ്പാ-
നേവർക്കുമോർത്താലെളുതാവതാമോ?

എന്നതാണ്.

ചാലക്കുടി റെയിൽവെസ്റ്റേഷനു സമീപത്തുള്ള നിലങ്ങൾ സർക്കാർ ഏറ്റെടുത്തപ്പോൾ നിശ്ചയിച്ച വില കിട്ടാത്തതിനെപ്പറ്റി പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ചന് നടുവം മഹൻ അയച്ച കത്ത് ഇങ്ങനെയാണ്.

തൊണ്ണൂറ്റെട്ടു പറയ്ക്കു നല്ല കനകം
കായ്ക്കും നിലം പോകയാൽ
കണ്ണീരിൽ കുളിയാണു ഞങ്ങടെ കുടും-
ബത്തോടു കൂടിസ്സഖേ
വർണ്ണിപ്പാനരുതായതിന്റെ വിലവാ-
ങ്ങീടാൻ ശ്രമിച്ചീയ്യിടെ-
ക്കണ്ണോടി നടക്കയാണൊരിടയി-
ല്ലന്തിക്കുമെന്തോഴരേ!
കണ്ടം കണ്ടതെടുത്തിടും വിലതരാ-
നാരെങ്കിലും ചൊല്ലിയാൽ
ശണ്ഠയ്ക്കെത്തിടുമെന്തുപദ്രവമിതാർ-
ക്കാനും സഹിയ്ക്കാവതോ?
ഉണ്ടീടാൻ വഴിയില്ല, കഷ്ടമിവരീവണ്ണം
തുടർന്നാൽ വിശ-
പ്പുണ്ടായാലതടങ്ങുവാൻ കവിമണേ
തീവണ്ടിതിന്നാവതോ?

ശീവൊള്ളി നാരായണൻ നമ്പൂതിരി വടക്കാഞ്ചേരി വാധ്യാർക്കെഴുതിയ കത്തിൽ

ആലങ്ങാട്ടയിരൂർ പ്രവൃത്തിയിലാ-
ണില്ലം, ശിവമ്പിള്ളീയെ-
ന്നാലംബിയ്ക്കുമതിന്നുപേർ, ചിലവിന്നും
കഷ്ടിച്ചു പാട്ടം വരും.

എന്ന് ചെലവിനനുസരിച്ച് വരവ് കഷ്ടിയാണെന്ന് പറയുന്നുണ്ട്.

വെൺമണിപ്രസ്ഥാന കവികളിൽ ഏറ്റവും പ്രധാനിയായി എണ്ണുന്ന കുഞ്ഞിക്കുട്ടൻതമ്പുരാൻ പുത്രവിയോഗം കൊണ്ടും പത്നീ വിയോഗം കൊണ്ടും ജീവിതത്തിൽ വിഷമം നേരിട്ടിട്ടുണ്ട്.

കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച കത്തിൽ (7.2.79)

കന്നിരണ്ടാം ദിനം രണ്ടു
കന്യകൾക്കും കുമാരനും
എന്നിവണ്ണമിനിക്കും പോ-
യന്യദുസ്സാധമാം സുഖം
.................................................
ഒന്നാണുള്ളിലൊഴിഞ്ഞിടാത്തഴലിനി-
ക്കിങ്ങീക്കിടാങ്ങൾക്കു മേൽ
നന്നായ് രക്ഷകനാരുമില്ല ഭവനേ
ഭാഗിച്ച പേരെന്നിയേ

എന്ന് ഭാര്യയുടെ മരണത്തെക്കുറിച്ച് സൂചിപ്പിക്കുന്നു.

26-5-67 ൽ അയച്ച കത്ത് ഏക മകൻ പേപ്പട്ടി കടിച്ച് മരിച്ചതിനെക്കുറിച്ചാണ്.

അല്ലയോ! പറവതെന്തു ഹന്ത! തീർ-
ർന്നില്ലയോ കഠിനമിന്നലെപ്പകൽ;
ഇല്ല യോഗമിവനാസ്സുഖത്തിനെ-
ന്നല്ലയോ പ്രകൃതവാക്കലാശവും.

നടുവം മഹൻ സ്നേഹിതനയച്ച ഒരു കത്തിൽ

ഇല്ലത്തഞ്ഞൂറു കുന്തം, ജനകനു സുഖമി-
ല്ലമ്മയും നന്ന വയ്യാ-
തല്ലൽപ്പെട്ടാണിരിപ്പിങ്ങിവനുമനുദിനം
ദീനമൊക്കെക്കുഴപ്പം

തെല്ലല്ലേ ബുദ്ധിമുട്ടിക്കവന വിഷയമേ
വിട്ടു ഞാൻ ഗേഹഭാരം
കില്ലല്ലേറ്റിക്കഴിഞ്ഞൂ കഴുതകൾ കനക-
ച്ചാക്കു ചോക്കും കണക്കെ.

എന്ന് തന്റെ ബുദ്ധിമുട്ടുകൾ എഴുതിക്കാണുന്നു.

കൊടുങ്ങല്ലൂർത്തമ്പുരാൻമാരുടെ അവസ്ഥയും ഇതിൽനിന്നു വ്യത്യസ്തമായിരുന്നില്ല. 'കുലമഹിമ കുരുത്തക്കേടിനായിട്ടുമാത്രം' എന്ന് സൂചിപ്പിക്കുന്നത് ദാരിദ്ര്യാവസ്ഥയെക്കുറിച്ചാണ്.[4] എട്ട് മുണ്ടും നാലുതോർത്തും കൊണ്ടുള്ള ജീവിതാഡംബരത്തിൽ സംതൃപ്തനായിരുന്ന കുഞ്ഞിക്കുട്ടൻ തമ്പുരാനും[5] ഇക്കൂട്ടത്തിൽത്തന്നെയായിരുന്നു എന്ന് കാണാം.

ഇങ്ങനെയുള്ള ഒട്ടേറെ ജീവിത പ്രശ്നങ്ങൾ നേരിടേണ്ടിവന്നപ്പോഴും ഇവർ കാവ്യരചനാ രംഗത്ത് സജീവമായി.

സൂക്ഷ്മമായ പുനർവായനയ്ക്ക് വിധേയമാക്കുമ്പോൾ പുരോഗമനാത്മകവും നവോത്ഥാനാഭിമുഖ്യവുമായ ഒരു മുഖം വെൺമണിക്കവികളിൽ ദർശിക്കാൻ സാധിക്കും. ഇത് എത്രത്തോളമാണെന്ന് മനസ്സിലാക്കുന്നതിന് ഇവർ ജീവിച്ച സാംസ്കാരിക പരിസരത്തെക്കൂടി വിലയിരുത്തേണ്ടതുണ്ട്.

**കേരളീയ നവോത്ഥാനത്തിന്റെ സാംസ്കാരിക പരിസരം**

പത്തൊൻപതാം നൂറ്റാണ്ടോടെയാണ് കേരളീയപരിസരത്തിൽ നവോത്ഥാനം എന്ന പദത്തിന്റെ അർത്ഥവ്യാപ്തി അനുഭവപ്പെടുന്നത്. ഉത്പാദനവ്യവസ്ഥയിൽ വന്ന മാറ്റത്തിനനുസരിച്ച് നഗരകേന്ദ്രിതമായ ഒരു പുതിയ സാംസ്കാ

---

[4] അകവൂർ നാരായണൻ. 'വെൺമണിപ്രസ്ഥാനം ഒരു മൂല്യാങ്കനം', *വകതിരിവ്* (ഡി.സി. ബുക്സ്, കോട്ടയം, 2001) പുറം 18.

[5] ജോസഫ് മുണ്ടശ്ശേരി. 'കുഞ്ഞിക്കുട്ടൻതമ്പുരാൻ', *ഗദ്യമഞ്ജരി 2,* (കോഴിക്കോട് സർവ്വകലാശാല, 1979) പുറം 10.

രിക സാഹചര്യം വ്യാപകമാവുന്നതോടുകൂടിയാണ് യൂറോപ്പിൽ നവോത്ഥാനം സാധ്യമാവുന്നത്. കേരളത്തിലെ സ്ഥിതി ഇതിൽനിന്നു വ്യത്യസ്തമായിരുന്നു.

കേരള ചരിത്രത്തിലെ നിർണായകമായ സാംസ്കാരികസ്ഥാപനമായിരുന്നു ജാതിവ്യവസ്ഥ. കേരളത്തിലെ ത്രൈവർണിക ജാതിവ്യവസ്ഥ ഇന്ത്യയിലെ ഇതര ദേശങ്ങളിലെ ചാതുർവർണ്യ വ്യവസ്ഥയിൽനിന്നും വ്യത്യസ്തമായി നിലകൊണ്ടു. കേരളത്തിൽ നമ്പൂതിരിമാർ പൗരോഹിത്യത്തിലൂടെ സമൂഹത്തിൽ മേൽക്കോയ്മ നേടിയെടുക്കുകയാണുണ്ടായത്.

പരമ്പരാഗത കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളെല്ലാം നമ്പൂതിരിമാർ സ്ഥാപിച്ച ക്ഷേത്രങ്ങളാണ്. സ്വന്തമായ ബ്രഹ്മസ്വം ജൻമഭൂമികൾ ദേവസ്വമായി പകർന്നുകൊടുത്തുണ്ടായതാണ് ഈ ക്ഷേത്രങ്ങളുടെ ഭൂസ്വത്ത്. ഈ ക്ഷേത്രങ്ങൾ സമ്പൂർണ്ണാധികാരമുള്ള നമ്പൂതിരി ഊരായ്മക്കു കീഴിൽ നിലനിന്നിരുന്നവയും ആത്മീയപരമാധികാരത്തോടൊപ്പം സമ്പൂർണ്ണമായ രാഷ്ട്രീയപരമാധികാരം കൂടിയുണ്ടായിരുന്ന 'മത-രാഷ്ട്രീയ' സംയുക്തസ്ഥാപനങ്ങളുമായിരുന്നു. ഊരാളൻമാരായ നമ്പൂതിരിമാർക്ക് കൊല്ലും കൊലയുമുൾപ്പെടെ സമ്പൂർണ്ണാധികാരമുണ്ടായിരുന്ന ഈ സങ്കേതങ്ങളിൽ അവരുടെ ശാസനയനുസരിച്ചു കാര്യങ്ങൾ നിർവഹിക്കാൻ 'കോയിലധികാരികൾ' എന്ന സ്ഥാനപ്പേരിൽ നമ്പൂതിരിമാർ വരിച്ച ആജ്ഞാനുവർത്തികളായിരുന്നു കേരളത്തിലെ രാജാക്കൻമാർ. കേരളത്തിലെ രാജകുടുംബങ്ങളുടെയും രാജപദവിയുടെയും വികാസപരിണാമ ചരിത്രം - ഒരുപക്ഷെ, അവയുടെ ഉദ്ഭവ ചരിത്രം തന്നെയും - ഈ സാഹചര്യത്തിൽ അടങ്ങിയിരിക്കുന്നു.

> *ഇത്രതന്നെ ശ്രദ്ധേയവും ഇത്രതന്നെ അനിഷേധ്യവുമാണ് മധ്യകാല കേരളത്തിലെ (18-ാം നൂറ്റാണ്ടിന്റെ ഒടുവുവരെയുള്ള കാലം) ഭൂവുടമസ്ഥതയുടെ പ്രത്യേകത. വടക്കേ മലബാറിനെയും (കോലാതിരി രാജ്യം) പഴയ തിരുവിതാംകൂറിന്റെ തമിഴ് പ്രദേശങ്ങളെയും ഒഴിവാ*

*ക്കിക്കൊണ്ടു പറയുകയാണെങ്കിൽ, ഭൂസ്വത്തിന്മേൽ രാജാവിനു പരമാധികാരമുണ്ടായിരുന്നില്ലെന്നു മാത്രമല്ല നാം കാണേണ്ടി വരുന്നത്. ഭൂമിയിൽ പുതിയ ഉടമാവകാശം സൃഷ്ടിക്കാൻ രാജാക്കന്മാർക്കധികാരമുണ്ടായിരുന്നുല്ലെന്നുകൂടി നാം കാണേണ്ടി വരുന്നു. സ്വയംഭൂവായ നമ്പൂതിരി ജന്മങ്ങളിലും നമ്പൂതിരിമാർ രാജാക്കൻമാർക്കു വകവെച്ചു കൊടുത്തതെന്നു കരുതേണ്ട 'ചേരിക്കൽ' ജന്മങ്ങളിലും കേരളത്തിലെ ഭൂവുടമസ്ഥത ഒതുങ്ങിനിന്നു. ഈ നമ്പൂതിരി ജന്മങ്ങളിൽനിന്ന് രാജാവിന് യാതൊരു ഭോഗവും അവകാശപ്പെടാനാവുമായിരുന്നില്ല. അതിന്മേൽ യാതൊരു പരമാധികാരവും രാജാവിനുണ്ടായിരുന്നതുമില്ല.*[6]

ഇങ്ങനെ പ്രകടമായ നമ്പൂതിരി വാഴ്ചയാണ് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനംവരെ കേരളത്തിൽ നിലനിന്നിരുന്നത്.

സമൂഹത്തിൽ ഏറ്റവും ഉയർന്ന സ്ഥാപനം ക്ഷേത്രവും ക്ഷേത്രവുമായി ബന്ധപ്പെട്ടവർ ജാതിശ്രേണിയിൽ ഏറ്റവും മുകളിലും എന്നതായിരുന്നു രീതി. അതിനുതാഴെ നായന്മാർ. നായന്മാർക്കു താഴെ ഭൂമിയിൽ യാതൊരു ഉടമസ്ഥാവകാശവുമില്ലാത്ത കൃഷിക്കാരും അടിമകളും.

ഇതിനൊരു മാറ്റം വരുന്നത് മാർത്താണ്ഡവർമയും ശക്തൻതമ്പുരാനും നാടുവാഴികളുടെ വാഴ്ചയെ തകർത്ത് പുതിയൊരു ഭരണക്രമം ഉണ്ടാക്കിയെടുക്കുമ്പോഴാണ്.

*ക്ഷേത്രയോഗത്തിന്റെയും യോഗാധികാരികളുടെയും വമ്പും പ്രതാപവും അസ്തമിച്ചത് കൊച്ചിയിൽ ശക്തൻതമ്പുരാന്റെയും തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയും കാലത്തോ*

6 പി.കെ. ബാലകൃഷ്ണൻ. *ജാതിവ്യവസ്ഥയും കേരളചരിത്രവും* (ഡി.സി. ബുക്സ്, കോട്ടയം, 2012) പുറം 58-59.

*ടെയാണ്. അതിനുശേഷം തിരുവിതാംകൂറിൽ ആവഴിക്കൊരു ശ്രദ്ധയും പരിശ്രമവുമുണ്ടായത് വേലുത്തമ്പിദളവായുടെ കാലത്താണ്. ക്ഷേത്രാധികാരികൾക്കു ജനങ്ങളുടെ മേലുള്ള അനല്പമായ ആദരവും പ്രേരണയും മനസ്സിലാക്കി, ക്ഷേത്രം വക സ്വത്തുക്കളെ സർക്കാർവക ഭണ്ഡാരത്തിലേക്കു മുതൽകൂട്ടിയാൽ രാജശക്തിയും രാജ്യശക്തിയും വർദ്ധിക്കുമെന്നു തമ്പി കണ്ടു. അദ്ദേഹത്തിന്റെ ശ്രമം ഫലപ്രദമാവും മുമ്പ് അദ്ദേഹം ദളവാപദത്തിൽനിന്നും നിഷ്കാസിതനായി.*

*കേണൽ മൺറോയാണ് അതിനുശേഷം ഈ ശക്തിരഹസ്യം മനസ്സിലാക്കിയതും ശ്രമിച്ചതും. പണ്ഡിതന്മാരായ ബ്രാഹ്മണരുടെ അനുമതിയോടെ അദ്ദേഹം ക്ഷേത്രങ്ങളിലെ പതിവുകളെ പരിഷ്കരിക്കുകയും പുതിയ പടിത്തരങ്ങൾ ഏർപ്പെടുത്തുകയും ചെയ്തതോടെ വമ്പിച്ച ധനമാണ് പണ്ടാരവകയിലേക്ക് മുതൽ കൂടിയത്. ധനം ലഭിച്ചെന്നു മാത്രമല്ല ബ്രാഹ്മണപ്രതാപത്തിന് ഉടവു വരുത്താനും ഈ തന്ത്രം ഫലിച്ചു. തിരുവിതാംകൂറിലും കൊച്ചിയിലും വളരെ അനായാസമായി മൺറോ ഈ കാര്യങ്ങൾ നേടി.*[7]

കേരളം പൂർണ്ണമായും വൈദേശികാധിപത്യത്തിന് - ബ്രീട്ടീഷ് മേൽക്കോയ്മയ്ക്ക് - കീഴ്പ്പെടുന്നതിന് മുമ്പുതന്നെ ക്ഷേത്രകേന്ദ്രിതമായ നാടുവാഴി സമ്പ്രദായവും അതിന്റെ ഫലമായി രൂപം കൊണ്ട ജാതി-ജന്മി വ്യവസ്ഥയും ചേർന്ന് സൃഷ്ടിച്ച അധികാരക്രമം മാർത്താണ്ഡവർമയുടെ കാലത്ത് തിരുവിതാംകൂറിലും മൈസൂർ ആക്രണകാലത്ത് മലബാറിലും ശക്തൻ തമ്പുരാന്റെ വാഴ്ചയിൽ കൊച്ചിയിലും തകിടം മറിഞ്ഞിരുന്നു.

7 പി. ഭാസ്കരനുണ്ണി. 'ക്ഷേത്രം', *പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2012) പുറം 855.

മാർത്താണ്ഡവർമ്മ തിരുവിതാംകൂറിലും ശക്തൻ തമ്പുരാൻ കൊച്ചിയിലും സാമൂതിരി മലബാറിലും കേന്ദ്രീകൃതമായ രാജവാഴ്ച ആരംഭിച്ചു. ഇവരുടെ കീഴിൽ സ്വസ്ഥമായ ഒരു ഭരണക്രമവും രൂപീകൃതമായി.

എന്നാൽ 1791 ൽ കൊച്ചിരാജാവും 1795 ൽ മാർത്താണ്ഡവർമ്മയും ബ്രിട്ടീഷുകാരുമായുണ്ടാക്കിയ ഉടമ്പടിപ്രകാരം തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങൾ ബ്രിട്ടീഷ് മേൽക്കോയ്മയെ അംഗീകരിക്കുകയാണുണ്ടായത്. 1792 ലെ ശ്രീരംഗപട്ടണം സന്ധിപ്രകാരം (ടിപ്പുസുൽത്താൻ - ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി) മലബാർ നേരിട്ട് ബ്രിട്ടീഷ് ഭരണത്തിൽ കീഴിൽ ആകുകയും ചെയ്തു. ഇതിനെക്കുറിച്ച് പി.ഭാസ്ക്കരനുണ്ണി താഴെപറയും പ്രകാരം രേഖപ്പെടുത്തിയിരുക്കുന്നു.

> *1792 – ഫെബ്രുവരി 22 – മാർച്ച് 18–ാം തിയ്യതികളിലെ ശ്രീരംഗപട്ടണം ഉടമ്പടി മലബാറിനെ ബ്രിട്ടീഷ് ആധിപത്യത്തിനു കീഴടക്കി. ബ്രിട്ടീഷുകാരുടെ സാമന്തനാകാമെന്നും കപ്പം കൊടുക്കാമെന്നും സമ്മതിച്ച് 1791 ൽ ഒരു ഉടമ്പടിയിൽ ഒപ്പു വെയ്ക്കുകയും 1800–ൽ മദ്രാസ് ഗവൺമെന്റിന്റെ ആശയാഭിലാഷങ്ങൾക്കൊത്തു രാജ്യഭരണം നടത്താമെന്നേൽക്കുകയും ചെയ്ത കൊച്ചിയും, വർഷംപ്രതി എട്ടുലക്ഷം ഉറുപ്പിക കപ്പം കൊടുത്തു ബ്രിട്ടീഷുകാർക്കു വിധേയനായി രാജ്യം ഭരിച്ചുകൊള്ളാമെന്നു 1805– പൂർണ്ണമായും സമ്മതിച്ച തിരുവിതാംകൂറും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിക്ക് പരിപൂർണ്ണമായും രാജ്യവും രാജ്യഭരണവും അടിയറവെയ്ക്കുകയാണുണ്ടായത്. എത്ര വേഗവും അനായാസവുമായാണ് ശ്രീരംഗപട്ടണം ഉടമ്പടിക്കുശേഷം, കേരളം ബ്രിട്ടീഷുകാരുടെ കൈകളിലമർന്നതെന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു. കൊച്ചു കൊച്ചു 'പോക്കറ്റു'കളിലായി തന്നിഷ്ടം പോലെ നടത്തിവന്ന നാടുവാഴിത്ത ഭരണം, ഒരു സുശക്തമായ കേന്ദ്രീകൃത ഭരണത്തിന്റെ ആവശ്യകത*

*യറിഞ്ഞ് സ്വയം ഒഴിഞ്ഞുമാറിയ ചിത്രമാണ് ആദ്യമായി നാം കാണുന്നത്.*[8]

പത്തൊൻപതാം നൂറ്റാണ്ടിൽ പ്രബലമായ രാജവാഴ്ചാകേന്ദ്രങ്ങൾ ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ വന്നപ്പോൾ മലബാർ സംസ്ഥാനത്ത് നേരിട്ടും കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിൽ റസിഡന്റുമാർ വഴിക്കും ഭരണനിയന്ത്രണം ബ്രിട്ടീഷുകാർക്ക് സാധ്യമായി. കേണൽ മൺറോവിനു ശേഷം വന്ന റസിഡന്റുമാർ രാജ്യകാര്യങ്ങളിൽ പൂർണമായി പിടിമുറുക്കിയിരുന്നു എന്നതിന് താഴെ കാണുന്ന പ്രസ്താവനകൾ തെളിവാണ്.

> *'.............. രാജാക്കന്മാർ മേൽക്കോയ്മസ്ഥാനത്തോടു ഗാഢമായ സ്വാമിഭക്തിയോടുകൂടെ ഇരിക്കണം. ഇതിന് ഒരു അണുമാത്രം വ്യത്യാസം വരുത്തിക്കൂടാ.........................*
>
> *'......................ബ്രിട്ടീഷിൽനിന്നു പ്രവേശിച്ചുവരുന്ന ചില പൊതുവായ എനങ്ങൾ:*
>
> 1. *എന്തെങ്കിലും നൂതനമായ ഒരു ഏർപ്പാടുണ്ടാകുന്നതിനുമുമ്പ് അതേപ്പറ്റി ഗവർമെണ്ടിന്റെ അഭിപ്രായമറിഞ്ഞ് അതനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്.*
> 2. *രാജ്യത്തു നടപ്പാക്കുവാൻ പോകുന്ന എല്ലാ നിയമങ്ങളുടെയും പകർപ്പുകൾ റസിഡെന്റിനയച്ച് അദ്ദേഹത്തിന്റെ അഭിപ്രായത്തോടുകൂടി മദ്രാസു ഗവർമെന്റിൽ പോയി അവിടെനിന്ന് അനുവദിച്ചു വരുന്ന പ്രകാരം നടപ്പാക്കേണ്ടതാണ്.*
> 3. *ഗവർമെണ്ടനുവാദം കൂടാതെ നൂതനമായ യാതൊരു നികുതിയും ചുമത്തിക്കൂടാ.*

---

[8] ടി. 'പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ', പുറം1161.

4. *പ്രധാന ഉദ്യോഗങ്ങൾക്ക് ആളുകളെ നിശ്ചയിക്കുന്നത് റസിഡെന്റിന്റെ സമ്മതത്തോടുകൂടി വേണം.*
5. *വലുതായുള്ള സംഖ്യകൾ ചിലവുചെയ്യുന്നതിനുമുമ്പ് അനുവാദം ആവശ്യമാണ്. വലിയ മരാമത്തുകൾ നടത്തുന്നതും അവിടെ അറിയിച്ചു വേണം.*
6. *കുലശിക്ഷയും ജീവപര്യന്തം തടവും നടത്തുന്നതിനു മുമ്പായി റിക്കാർഡുകൾ റസിഡേണ്ടിന്നയച്ചു ശിക്ഷാവിധി നടത്തുവാൻ അനുവാദം ഉണ്ടാവണം.*
7. *യൂറാപ്യൻമാരെ ഉദ്യോഗത്തിൽ വെക്കുവാൻ അനുവാദം വേണം.*
8. *അമേരിക്കക്കാരും യൂറോപ്പുകാരും യൂറാപ്യൻ ബ്രിട്ടീഷ് പ്രജകളും ചെയ്യുന്ന കുറ്റങ്ങൾക്ക് അവരെ നാട്ടുകോടതികളിൽ വിസ്തരിച്ചുകൂടാ. ബ്രിട്ടീഷിൽ നിന്നും തമ്പുരാൻ പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ളവരായ യൂറോപ്യൻകാർ മാത്രമേ വിസ്തരിച്ചുകൂടൂ.*
9. *റസിഡേന്റിന്റെ ഉപദേശപ്രകാരം എല്ലാ കാര്യങ്ങളും നടത്തണം.*[9]

ഇത്തരത്തിൽ ബ്രിട്ടീഷുകാരുടെ പൂർണ നിയന്ത്രണത്തിലും അവരുടെ താത്പര്യങ്ങൾക്കനുസരിച്ചുമാണ് കേരളത്തിലെ ഭരണകൂടങ്ങൾ പ്രവർത്തിച്ചിരുന്നതെന്നു കാണാം. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക ഘടനകളിൽ വലിയ മാറ്റങ്ങൾക്ക് ഈ സംഭവം നാന്ദി കുറിച്ചു. കേരളീയ നവോത്ഥാനത്തിന് അനുഗുണമായ ഒരു പരിസ്ഥിതി രൂപപ്പെട്ടു വരികയും ചെയ്തു.

[9] പി.ഭാസ്ക്കരനുണ്ണി ഉദ്ധരിച്ചത് (കൊച്ചി സ്റ്റേറ്റ് മാനുവലിൽനിന്ന്. പുറം 249-50) പുറം 1169.

ബ്രിട്ടീഷുകാർ നടപ്പിലാക്കിയ പുതിയ വിദ്യാഭ്യാസ സമ്പ്രദായം സാമൂഹ്യന വോത്ഥാനത്തിന് തുടക്കമിട്ടു. 1835 ലെ മെക്കാളെ മിനുട്സ് അനുസരിച്ച് ഇംഗ്ലീഷ് പഠനമാധ്യമമായി അംഗീകരിക്കപ്പെട്ടു.

ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മൺറോ തിരുവിതാംകൂറിലും കൊച്ചി യിലും വിദ്യാലയങ്ങൾ സ്ഥാപിച്ചു. ബ്രിട്ടീഷ് ഭരണം ആരംഭിച്ചതോടെ നാട്ടുകാ രായ ഉദ്യോഗാർത്ഥികളുടെ കുറവ് ഭരണാധികാരികളെ ബുദ്ധിമുട്ടിച്ചു. അതിനു പരിഹാരമായി ബ്രിട്ടീഷ് റസിഡന്റായ കേണൽ മൺറോ നേരിട്ടും അല്ലാതെയും കൊച്ചിയിലും തിരുവിതാംകൂറിലും പള്ളിക്കൂടങ്ങൾ ആരംഭിച്ചു.

1834 ൽ തിരുവനന്തപുരത്തും 1837 ൽ കൊച്ചിയിലും 1838 ൽ തലശ്ശേരി യിലും ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിച്ചു. മിഷണറിമാരുടെ പ്രവർത്തനഫലമായി കേരളത്തിലങ്ങോളമിങ്ങോളം സ്ഥാപിക്കപ്പെട്ട പള്ളിക്കൂടങ്ങൾ സാധാരണ ക്കാർക്കും പുതിയ മട്ടിലുള്ള വിദ്യാഭ്യാസം നേടാനുള്ള അവസരം തുറന്നുകൊടു ത്തു. ഇംഗ്ലീഷ് ഭാഷ പഠിച്ചവർക്ക് ഉദ്യോഗത്തിൽ ലഭിച്ച മുൻഗണന ഇംഗ്ലീഷ് ഭാഷ യുടെ പ്രചാരണത്തിന് കാരണമായി. ഇത്തരം സ്ഥാപനങ്ങൾ ജാതീയതയെയും പാരമ്പര്യവിജ്ഞാനവിതരണരീതിയെയും ഇല്ലാതാക്കി. പുതിയ ലോകവീക്ഷണ ത്തോടുകൂടിയ ഒരു ജനത രൂപപ്പെടാൻ തുടങ്ങി. പുതിയ വൈജ്ഞാനിക മേഖല കൾ തുറന്നു കൊടുക്കപ്പെട്ടപ്പോൾ നവീന ചിന്താഗതികൾ പ്രകടമാവാൻ തുടങ്ങി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങൾ അനുഭവിച്ചത് താണജാതിക്കാരാണ്. അവർ നേടിയെടുത്ത പുരോഗതി അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള ചിന്തകൾ ഉണർത്തിവിട്ടു.

നീതിന്യായ വ്യവസ്ഥയിലും മാറ്റങ്ങൾ പ്രകടമായി. കോടതികൾ, പോലീ സ്, ജയിൽ, പുതിയ ശിക്ഷാവിധികൾ, പുതിയ നിയമവ്യവസ്ഥകൾ എന്നിവ നില വിൽവന്നു. അംഗഛേദം, കൈമുക്ക് തുടങ്ങിയ പ്രാകൃത ശിക്ഷാവിധികൾ നിർത്ത ലാക്കി. നാടുവാഴിത്ത വ്യവസ്ഥയിൽ ശിക്ഷാവിധികൾക്ക് അതീതരായിരുന്ന

സവർണ വിഭാഗങ്ങളും ഈ പുതിയ നിയമ വ്യവസ്ഥയുടെ ഭാഗമാകാൻ നിർബ ന്ധിതരായി. ബ്രിട്ടീഷ് നീതിന്യായ വ്യവസ്ഥയിൽ ജാതിമതവ്യത്യാസങ്ങളില്ലാതെ എല്ലാവരും തുല്യരായിരുന്നു. കേണൽ മൺറോവിന്റെ കാലത്ത് തിരുവിതാംകൂ റിന്റെ പല ഭാഗങ്ങളിലും ജില്ലാകോടതിയും തിരുവനന്തപുരത്ത് അപ്പീൽ കോട തിയും സ്ഥാപിച്ചു. ഇവിടങ്ങളിൽ കർശനമായ നീതിന്യായ വ്യവസ്ഥകൾ നടപ്പി ലാക്കി. ഇവിടങ്ങളിലെ പരിഷ്കാരങ്ങൾ പിന്നീട് മലബാറിലും നടപ്പിലായി.

തിരുവിതാംകൂറിൽ കോടതികളുടെ സ്ഥാപനത്തിന് മുൻകൈ എടുത്തത് കേണൽ മൺറോ തന്നെയായിരുന്നു. അദ്ദേഹത്തിന് മുമ്പ് ഉമ്മിണിത്തമ്പി ദിവാൻ തിരുവിതാംകൂറിൽ നാല് കോടതികൾ സ്ഥാപിച്ചിരുന്നു. ഉമ്മിണിത്തമ്പി തുടങ്ങിയ കോടതികൾക്കുപകരം കേണൽ മൺറോ ശാസ്ത്രികളുടെ സഹായത്തോടെ കേസ്സുകൾ തീർപ്പാക്കാൻ തുടങ്ങി. പിന്നീട് അദ്ദേഹം പുതിയ രീതിയിലുള്ള കോടതികൾ സ്ഥാപിക്കുകയും ചെയ്തു.

പത്തൊൻപതാം ശതകത്തിൽ ശാസ്ത്രീയമായ രീതിയിൽ കാർഷിക സെറ്റിൽമെന്റുകൾ നടന്നു. ഭൂസർവേ ചെയ്ത് ഭൂമി കൃത്യമായി അളന്നു തിട്ടപ്പെ ടുത്തി ഭൂനികുതി ഏർപ്പെടുത്തി.

1848 ൽ മലബാറിലും 1853 ൽ തിരുവിതാംകൂറിലും 1854 ൽ കൊച്ചിയിലും അടിമവ്യാപാരം നിയമം മൂലം നിർത്തലാക്കി.

പുതിയ വാർത്താവിനിമയ സംവിധാനങ്ങൾ നിലവിൽ വന്നു. 1857 ൽ ആദ്യമായി ബ്രിട്ടീഷ് തപാൽ ആലപ്പുഴയിൽ സ്ഥാപിച്ചു. 1863 ൽ തിരുവനന്തപു രത്തും 1864 ൽ കൊല്ലത്തും 1865 ൽ നാഗർകോവിലിലും തപാൽ സംവിധാനം നട പ്പിലായി.

പുതിയ റോഡുകളും പാലങ്ങളും നിർമിച്ചു. വാഹനങ്ങളും കമ്പിത്തപാലും വ്യാപകമായി. റെയിൽവേ സ്ഥാപിച്ചതോടുകൂടി ദേശങ്ങൾ തമ്മിലുള്ള ദൂരം കുറ ഞ്ഞുവന്നു.

ബ്രിട്ടീഷ് അധിനിവേശവും മിഷണറി പ്രവർത്തനവും മൂലം രൂപപ്പെട്ട പുതു വിദ്യാഭ്യാസ രീതിയും പുതിയ ലോകവീക്ഷണം പ്രചരിപ്പിക്കുന്നതിനായി അവർ തുടങ്ങിയ അച്ചടിയുടെ വികാസവും ആധുനികമായ പൗരബോധത്തിന്റെ വളർച്ചയ്ക്ക് കാരണമായി. വർത്തമാനപത്രങ്ങൾ വ്യാപകമായി. ജാതീയമായ അവശതകൾ അനുഭവിച്ചിരുന്ന വിഭാഗങ്ങൾ ആത്മാഭിമാനത്തോടെ ഉയിർത്തെ ഴുന്നേൽക്കാൻ തുടങ്ങി. ജാതിമത വ്യത്യാസങ്ങളില്ലാത്ത ഒരു പൊതുമണ്ഡലം രൂപപ്പെടുകയും മലയാളം എന്ന ഭാഷയും കേരളം എന്ന ദേശവും ജനമനസ്സുക ളിൽ ഐക്യത്തിന്റെ പ്രതീകമായി ഉരുവപ്പെടാൻ തുടങ്ങുകയും ചെയ്യുന്ന കാലം കൂടിയാണിത്.

അച്ചടിശാലകളുടെ വർധനവും പത്രമാസികകളുടെ പ്രചാരവും സാഹിത്യ ത്തിലെ നവോത്ഥാനത്തിന് ആക്കം വർധിപ്പിച്ചു. പതിനെട്ട് പത്തൊൻപത് നൂറ്റാ ണ്ടുകൾ മലയാളസാഹിത്യത്തിൽ നിർണായകമാവുന്നതിന് കാരണങ്ങൾ പലതു ണ്ട്. പാശ്ചാത്യസംസ്കാരത്തിന്റെ ശക്തമായ സമ്മർദ്ദം ആധുനിക ജീവിതത്തിന് വഴിയൊരുക്കുന്ന സന്ദർഭം കൂടിയാണിത്. ഇതോടൊപ്പം വിദ്യാസമ്പന്നരായ ജനവി ഭാഗങ്ങളുടെ ഉണർച്ചയും ഉൽക്കർഷേച്ഛയും സംവേദനമാധ്യമങ്ങളുടെ വികാ സവും കൂടിച്ചേരുന്നതോടെ സാഹിത്യം പദ്യത്തിൽനിന്നും മുക്തമായി ഗദ്യത്തി ലേക്ക് എന്ന സ്വാഭാവിക പരിണതിയിലേക്ക് എത്തുന്നു.

കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ഒരു പുതിയ വായനാസമൂഹം രൂപ പ്പെട്ടു തുടങ്ങി. ഭാഷ നിലവാരപ്പെടേണ്ടതിനെക്കുറിച്ചും ദേശീയമായ ഐക്യം ഉണ്ടാവേണ്ടതിനെക്കുറിച്ചും ഉള്ള ചിന്തകൾ വർധിച്ചു വന്നു. ഭാരതത്തിൽ പൊതു വായി രൂപപ്പെട്ടുവന്ന ദേശീയ പ്രസ്ഥാനത്തിലേക്ക് കേരളം മെല്ലെ ചുവടുവെയ്ക്കു ന്നതിന്റെ തുടക്കം ഈ കാലഘട്ടമാണ്.

ചുരുക്കത്തിൽ എല്ലാ മേഖലകളിലും നവോത്ഥാനം സാധ്യമാവുകയും വ്യത്യസ്തമായ സാംസ്കാരികാഭിരുചിയുള്ള ഒരു ജനസമൂഹം രൂപപ്പെടുകയും ചെയ്തു.

ഈയൊരു സാംസ്കാരിക സാഹചര്യത്തിലാണ് വെൺമണിക്കവികൾ സാഹിത്യ രംഗത്തേക്ക് കടന്നുവരുന്നത്. വളർന്നുവരുന്ന പുതിയ സാംസ്കാരിക സമൂഹത്തിനോട് ഇണങ്ങിച്ചേരുവാൻ തങ്ങളുടേതായ സാംസ്കാരിക പാരമ്പ ര്യത്തെ പരിഷ്ക്കരിക്കേണ്ടിവരും. ഇത്തരം പ്രവർത്തനങ്ങൾ വെൺമണിമാർ എപ്രകാരമാണ് നടപ്പിൽ വരുത്തിയതെന്നതിന് ഇവരുടെ സാഹിത്യ കൃതിക ളിൽത്തന്നെ തെളിവുകളുണ്ട്. മാറിവരുന്ന സാംസ്കാരിക സാഹചര്യങ്ങളോടുള്ള പ്രതികരണം എന്ന നിലയിൽ ഭാഷയിലും സാഹിത്യത്തിലും ഇവർ വരുത്തിയ പരിഷ്കരണങ്ങൾ സൂക്ഷ്മമായി വിലയിരുത്തേണ്ടതാണ്.

അധികാരത്തിന്റെ ഭാഷ എന്ന നിലയിൽ സംസ്കൃതത്തിന് പ്രാധാന്യം കുറ യുകയും നവോത്ഥാനത്തിന്റെ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് പ്രാധാന്യം നേടു കയും ചെയ്യുന്ന ഘട്ടത്തിൽ വെൺമണിമാർ നടത്തിയ ഭാഷാപരിഷ്കരണം ഇവർ കാലത്തിനൊപ്പം നീങ്ങാൻ ശ്രമിക്കുന്നതിന്റെ സൂചനയായി കാണാം.

വെൺമണിപ്രസ്ഥാനം രൂപമെടുക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഉള്ളൂർ എസ്. പരമേശ്വരയ്യർ കേരളസാഹിത്യചരിത്രത്തിൽ ഇപ്രകാരംപറയുന്നു.

> *പുരാതന കാലത്തുതന്നെ നമ്മുടെ സരസ്വതി മണിപ്രവാളമെന്നും പാട്ടെന്നുമുള്ള രണ്ടു ശാഖകളായി പ്രവഹിച്ചുവന്നുവെന്നും അവ യിൽ സാമാന്യേന ആദ്യത്തേതു സംസ്കൃതവൃത്ത നിബദ്ധവും രണ്ടാമത്തേതു ഭാഷാവൃത്തനിബദ്ധവുമായിരുന്നുവെന്നും അവ യഥാക്രമം പണ്ഡിതന്മാരുടെയും സാധാരണ ജനങ്ങളുടെയും ആസ്വാദനത്തെ ലക്ഷീകരിച്ചാണ് രചിക്കപ്പെട്ടിരുന്നതെന്നും നമുക്ക റിവുള്ളതാണല്ലോ. ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുള്ള വാങ്മ*

യമേ ഉത്തമ മണിപ്രവാളകക്ഷ്യയിൽ പരിഗണനത്തിന് അർഹമാകയുള്ളൂ എന്നും തന്നിമിത്തം അതിൽ സംസ്കൃതം കുറഞ്ഞും ഭാഷ അധികമായും ഇരിക്കണമെന്നുമുള്ള ലീലതിലകകാരന്റെ അനുശാസനം മണിപ്രവാള കവികൾ അനന്തരകാലങ്ങളിൽ ഉത്തരോത്തരം വിസ്മരിച്ചു സംസ്കൃതശബ്ദങ്ങൾ ഒന്നിനൊന്നു കൂടുതലായി പ്രയോഗിച്ചു തങ്ങളുടെ കൃതികളെ പൊതുജനങ്ങൾക്കു ദുരവഗാഹമാക്കി. തുഞ്ചത്തെഴുത്തച്ഛന്റെ അധ്യാത്മരാമായണത്തിൽപ്പോലും സംസ്കൃതത്തിന്റെ പ്രയോഗം ആവശ്യത്തിലധികമായിപ്പോയി. നളചരിതം, പഞ്ചതന്ത്രം, ശിവപുരാണം തുടങ്ങിയ ഗാനങ്ങൾ എഴുത്തച്ഛന്റെ മഹാഭാരതത്തെ അതിശയിക്കുന്ന ഭാഷാശുദ്ധിയോടുകൂടി രചിച്ച കുഞ്ചൻനമ്പിയാർ പോലും ശ്രീകൃഷ്ണചരിതം മണിപ്രവാളം സംസ്കൃതച്ഛന്ദസ്സുകളിൽ നിബന്ധിക്കേണ്ടിവന്നപ്പോൾ 'കതിപയസർഗ്ഗമിദം കരോമി കാവ്യം' എന്നു സംസ്കൃതത്തിൽതന്നെ പ്രതിജ്ഞ ചെയ്തുകൊണ്ട് ആരംഭിച്ചു തദനുരോധേന കവനം ചെയ്കയാണുണ്ടായത്. ''കുമാരിയെത്താൻ പ്രസവിച്ചു ശേതേ'' എന്നും മറ്റുമുള്ള വിലക്ഷണ പ്രയോഗങ്ങൾ അതിൽ അപൂർവ്വമായെങ്കിലും കടന്നുകൂടിട്ടുണ്ട്. ആ വിഷയത്തിൽ മഹാപരാധി ഉച്ഛൃംഖലമായ വെങ്കലബ് ഭാഷയിൽ തന്റെ ഭാഷാകൃതികൾ നിർമ്മിച്ച ഉണ്ണായിവാരിയരായിരുന്നു. സംസ്കൃതത്തിന്റെ ദാസ്യം ഒരു ബഹുമതിയായി കരുതിയിരുന്ന താദൃശൻമാരായ കവികളിൽനിന്ന് അപണ്ഡിതൻമാർ പൂർവാധികം അകന്നു. അവർക്ക് നിത്യവ്യവഹാരത്തിന് ഉപയുക്തമായ ശബ്ദകോശത്തിൽ കവിഞ്ഞു പറയത്തക്ക പദപരിചയമൊന്നും ഉണ്ടായിരുന്നില്ല. വിശേഷിച്ച് അമരകോശസിദ്ധരൂപങ്ങളെങ്കിലും അല്പം പഠിക്കേണ്ടിവന്നിരുന്ന പ്രാചീനസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം പുതിയ രീതിയിലുള്ള സർക്കാർ മലയാളം പള്ളിക്കൂടങ്ങളു

*ടെയും വിശിഷ്യ അധീശ ഭാഷാധ്യാപനത്തിനായി സ്ഥാപിച്ച ഹൗണീ വിദ്യാലയങ്ങളുടെയും ആവിർഭാവത്തോടുകൂടി സ്ഥാനഭ്രഷ്ടമാകുവാനുള്ള ലക്ഷണങ്ങളും കണ്ടുതുടങ്ങി. അതുകൊണ്ടു സംസ്കൃതവൃത്തനിബദ്ധങ്ങളായ നൂതനഭാഷാപ്രബന്ധങ്ങളെ യഥാർത്ഥഭാഷാകൃതികളായി രൂപാന്തരപ്പെടുത്തത്തക്കവണ്ണം അവയിൽ ശബ്ദവിഷയകമായി ചില മൗലികങ്ങളായ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തേണ്ടത് ആവശ്യമായിത്തീർന്നു. അതാണ് വെൺമണി പ്രസ്ഥാനത്തിന്റെ പ്രാദുർഭാവത്തിനുള്ള പ്രധാനകാരണം.*[10]

ഭാഷാപരിഷ്കരണത്തിന് വെൺമണിക്കവികൾ ബോധപൂർവ്വം മുന്നിട്ടിറങ്ങിയതിന്റെ സാഹചര്യം ഇതായിരുന്നു എന്നാണ് കരുതേണ്ടത്. ഭാഷയെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചുമുള്ള ചർച്ചകൾ ധാരാളമായി ഇക്കാലത്ത് നടക്കുന്നുണ്ട്. കൊളോണിയൽ ഭാഷയായ ഇംഗ്ലീഷിനും സംസ്കൃത കേന്ദ്രിതമായ സവർണ്ണ ബോധത്തിനും അനുകൂലമായും പ്രതികൂലമായുമുള്ള അവബോധം ഇത്തരം ചർച്ചകളിൽ കാണാം.

അച്ചടിയുടെ വ്യാപനം, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം, ആംഗലസാഹിത്യവുമായുണ്ടായ പരിചയം ഇതുവഴി ഭാരതീയ ഭാഷയിലെ സാഹിത്യത്തിനുണ്ടായ നവോത്ഥാനത്തെ അംഗീകരിക്കുന്ന അകവൂർ നാരായണൻ വെൺമണി പ്രസ്ഥാനമെന്ന മലയാളകവിതാ പ്രസ്ഥാനത്തിന് ഇംഗ്ലീഷ് ഭാഷാജ്ഞാനവുമായി പ്രത്യക്ഷത്തിൽ ബന്ധമൊന്നുമില്ല എന്ന് പ്രസ്താവിക്കുന്നു.

*ആംഗലസ്വാധീനം തീരെയില്ലാത്ത, ആംഗല വിദ്യാഭ്യാസവുമായി പ്രത്യക്ഷത്തിൽ യാതൊരു ബന്ധവുമില്ലാത്ത, തികച്ചും സ്വതന്ത്രമായ ഒരു പ്രസ്ഥാനം മലയാള കവിതയിൽ ഉണ്ടായി. കൊടുങ്ങല്ലൂർ*

---

10 ഉള്ളൂർ, എസ്.പരമേശ്വരയ്യർ. *കേരളസാഹിത്യ ചരിത്രം*, വാ.4, പുറം 295-296.

*പ്രസ്ഥാനമെന്നുകൂടി പറയുന്ന വെൺമണി പ്രസ്ഥാനമാണ് ഉദ്ദേശിക്കുന്നത്.*[11]

ഇത് അല്പം അതിശയോക്തി കലർന്ന പ്രസ്താവമാണ്. വാസ്തവത്തിൽ ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനശക്തിയെക്കുറിച്ച് ഇവർക്ക് ബോധ്യമുണ്ടായിരുന്നു എന്ന് കരുതുന്നതാണ് യുക്തിസഹം. ഇംഗ്ലീഷ് ഭാഷ പഠിക്കേണ്ടതാണ് എന്നു തന്നെയായിരുന്നു ഇവരുടെ ധാരണ. ഇതിന് ധാരാളം തെളിവുകൾ എടുത്തുകാണിക്കാനുണ്ട്.

ഭാഷാകവിതയുടെ വളർച്ചയിൽ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത വെൺമണി മഹൻ

യായൂഭാഷയ്ക്കുവേണ്ടി, പ്പരമിഹ പഴുതേ
ബുദ്ധിവെച്ചോരു വീരൻ
കോയിപ്പണ്ടാല നമ്മെക്കറിനമിഹ പിടി-
ച്ചെന്തിനായ് മാന്തിടുന്നു?

എന്ന് കേരളവർമ്മയുടെ ശാകുന്തളം തർജമയെ കളിയാക്കിക്കൊണ്ടും

തൻഭാഷാതന്വിയെക്കേരളമനുജർ വെടി-
ഞ്ഞൊട്ടുമുക്കാലുമിപ്പോൾ
വമ്പാളും ഹൂണഭാഷാവനിതയെ വശമാ-
ക്കുന്നതോർത്തത്തലോടെ
എൻ പാർശ്വേവന്നു മുൻചൊന്നവളശരണയാ-
യാശ്രയിച്ചോരു മൂലം
ജംഭാരി പ്രഖ്യ! ഞാനിന്നതിനെ നരതര-
ശ്രീകര! സ്വീകരിച്ചേൻ

[11] അകവൂർ നാരായണൻ. *വെൺമണിപ്രസ്ഥാനം* ഒന്നാംപതിപ്പിന്റെ ആമുഖം, പുറം 9.

എന്ന് കൊച്ചി വലിയ തമ്പുരാനുള്ള ഉപഹാരശ്ലോകത്തിലും ഇംഗ്ലീഷ് ഭാഷയുടെ വളർച്ചയിൽ സംശയം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ഈ ഭാഷയോടും ഇംഗ്ലീഷ് സംസ്കാരത്തോടും അദ്ദേഹത്തിന് എതിർപ്പുണ്ടായിരുന്നുവെന്ന് കരുതുവാൻ വയ്യ.

ഭൂതിഭൂഷചരിതം എന്ന കാവ്യത്തിൽ രാജകുമാരനായ ഭൂതിഭൂഷനെയും മന്ത്രിപുത്രനായ കല്യാണഗുപ്തനെയും യഥാവിധി വിദ്യ അഭ്യസിപ്പിക്കുന്നിടത്ത് ഇംഗ്ലീഷ് ആക്ടും സർക്കാർ നീതികളും കൂടി കുമാരനെ പഠിപ്പിച്ചതായി വെൺമ ണിമഹൻ പരാമർശിക്കുന്നുണ്ട്.

ഉദ്യന്മോദമൊടൂഴി പാലതിലകൻ
പിന്നീടമാന്തിച്ചീടാ-
തുദ്യോഗം കലരുന്നൊരുണ്ണികളില-
ന്നുൾക്കൊണ്ട സൽകൗതുകാൽ
വിദ്യാഭ്യാസമതിന്നു ജാഗ്രതയൊട-
ങ്ങാക്കിക്ഷണത്തിൽ കലാ-
വിദ്യയ്ക്കൊക്കെ വിദഗ്ദ്ധരായവർ വിശേ-
ഷിച്ചും വിശാലേക്ഷണേ!
തർക്കവ്യാകരണാദിയായ മഹാ
ശാസ്ത്രങ്ങൾ വേദങ്ങളും
സർക്കാർ നീതികളിംഗിളീഷു മുറ-
നല്ലാകട്ടുമാകെ പ്രിയേ!
ചൊല്ക്കൊണ്ടീന കാവ്യനാടക പുരാ-
ണാർത്ഥങ്ങളങ്ങായുധം
കൈക്കൊണ്ടുള്ള പരീക്ഷയും സരഭസം
സാകം ഗ്രഹിച്ചീടിനാർ.

പഴയമട്ടിൽ തർക്കവും വ്യാകരണവും ശാസ്ത്രങ്ങളും വേദങ്ങളും കാവ്യ നാടകപുരാണങ്ങളും പഠിപ്പിക്കുന്ന കൂട്ടത്തിൽ പുതിയമട്ടിലുള്ള അറിവുകളും

കൂടിച്ചേർന്നാലേ പഠനം പൂർത്തിയാകൂ എന്ന തോന്നലായിരിക്കണം വെൺമണിമഹനെ ഇത്തരത്തിൽ എഴുതാൻ പ്രേരിപ്പിച്ചത്.

മഹന്റെ തന്നെ ജൂബിലിമഹോത്സവം തുള്ളൽ കൃതിയിൽ ബ്രിട്ടീഷ് രാജ്ഞി ഇന്ത്യയിൽ ചെയ്ത പരിഷ്കാരങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നത് കാണാം.

ഇന്ത്യാനായികതൻ ഗുണമോർത്താ-
ലെന്തൊരു വിസ്മയമതിരമണീയം
മായമകന്നൊരു മതിമാന്മാരാം
ന്യായാധിപരെബ്ബഹുബഹുമാനാൽ
സ്ഥായിയിൽ നിയമിച്ചവനിയിലേറ്റം
ന്യായം രാജ്ഞി നടത്തീടുന്നു
ഏറ്റം ധനകുല വിദ്യാദികൾ കൊ-
ണ്ടൂറ്റക്കാരനതാണെന്നാലും
കുറ്റം ചെയ്താൽ ശിക്ഷിച്ചീടും
കുറ്റമകന്ന നയത്തൊടു രാജ്ഞി
അന്ന്യായം ബത ചെയ്തെന്നാകിൽ
തന്നുടെ സുതനും ശിക്ഷകൊടുക്കും
ധന്യയതായ ധരേശ്വരിയെപ്പോ-
ലിന്നീ വിധമൊരു ഗുണമാർക്കുള്ളൂ
തങ്ങടെ തങ്ങടെ ജാതികുലാചാ-
രങ്ങളനുഷ്ഠിപ്പതിനു വിരോധം
എങ്ങുമതില്ലെന്നല്ലനുകൂലം
മങ്ങാതങ്ങിനെ ചെയ്യും താനും
ഹൃദ്യാശയഭൂനായിക ദിശിദിശി
വിദ്യാശാലകൾ തീർപ്പിച്ചേറ്റം
ഉദ്യോഗം വരുമാറു ജനങ്ങളെ
വിദ്യപഠിപ്പിച്ചറിവുതുകുന്നു
വീഴ്ചവരാത്തൊരു തീക്കപ്പലുകളു-

മാശ്ചര്യം ഭുവി പുകവണ്ടികളും
ചേർച്ചയൊടരികെക്കൂടിക്കുതുകം
കാച്ചൊരു കമ്പിത്തപ്പാലുകളും
മെച്ചമൊടനവധി തീർപ്പിച്ചേറ്റം
കച്ചോടങ്ങൾ തടിപ്പിക്കുന്നു.
സ്വച്ഛമതായൊരു, പൂച്ചെടികാപ്പികൾ
വെച്ചിഹവളരെ വളർത്തീടുന്നു
നാട്ടിലശേഷവുമിരുപുറമതിലും
വാട്ടമകന്നൊരു തരുതതി തിങ്ങിന
റോട്ടുകളനവധി വെട്ടിക്കുന്നു
ഗാട്ടിനു ചിലരെ നടത്തീടുന്നു
കോട്ടകളനവധി കെട്ടിക്കുന്നൂ
കോട്ടമകന്നതു രക്ഷിക്കുന്നൂ
മോഷ്ടിച്ചാൽ തെളിവുണ്ടാക്കുന്നൂ
കൂട്ടിലതാക്കിപ്പൂട്ടീടുന്നൂ
പല യന്ത്രക്കുഴൽകളുമിവ തീർപ്പി-
ച്ചുലകിൽ ജലസമ്പത്തു വരുത്തി
നലമൊടു കൃഷിഗുണമിന്ത്യാനായിക
കലിതരസം പരമുണ്ടാക്കുന്നൂ
ദുഷ്ടന്മാർക്കൊരു നിശിത കൃപാണി
ശിഷ്ടൻമാർക്കു മരത്തിനൊരാണി
വിഷ്ടപമതിലതി ഗുണഗണവേണീ
തുഷ്ടികലർന്നമരുന്നൊരു റാണീ
കുണ്ഠേതര നരശക്തിയെഴുംവിളി-
കൊണ്ടൊരു രാജ്ഞീഗുണമതുമൂലം
വേണ്ട വിവാദം ഭുവനാവനമതു
പണ്ടത്തെക്കാൾ പരമവിശേഷം

രാജ്യത്തെ നീതിന്യായ വ്യവസ്ഥ ശക്തിപ്പെടുത്താനായി രാജ്ഞി ന്യായാധിപരെ നിയമിച്ചു. നാട്ടുകാർക്കായി വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ഉയർന്ന ഉദ്യോഗങ്ങളിൽ തദ്ദേശീയർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. തീക്കപ്പലുകളും പുകവണ്ടികളും ഏർപ്പാടാക്കി. കമ്പിത്തപാൽ നടപ്പാക്കി. കൃഷിയും കച്ചവടവും അഭിവൃദ്ധിപ്പെടുത്തി. ഇങ്ങനെ ബ്രീട്ടീഷ് ഭരണം നാട്ടിൽ വരുത്തിയ മാറ്റങ്ങളെ പൂർണമായും ഉൾക്കൊണ്ടിട്ടുള്ള ഈ വിവരണം പുതുമയോടുള്ള മഹന്റെ അനുകൂല മനോഭാവം പ്രകടമാക്കുന്നതാണ്. മാത്രമല്ല, താൻ ജീവിച്ച കാലത്തെ കൃത്യമായി ഈ കൃതിയിൽ അടയാളപ്പെടുത്തിയിട്ടുമുണ്ട്.

നടുവത്തച്ഛൻ നമ്പൂതിരിയുടെ അഷ്ടമി യാത്രയിൽ വൈക്കത്ത് നമ്പൂതിരിമാർക്കായി ഒരു സഭ കൂടിയതിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

ചട്ടറ്റ ചെങ്ങഴമെഴും പരമേശ്വരാഖ്യൻ
പട്ടേരിയാണു സഭകൂട്ടിയതിപ്രകാരം-

ഇതിനു കാരണം

ഒക്കപ്പാടെയധോഗതിക്കു തുടരും
നമ്പൂതിരിമാർക്കുന്നതി-
യ്ക്കായ്ക്കൊണ്ടിന്നു സമാജമൊന്നവിടെ-
യുണ്ടായി ധരിത്രീപതേ!
തെക്കും വടക്കും ഗതിചെയ്തു കാലം
പോക്കും പഠിക്കില്ല, പണത്തിനായി
വിൽക്കും സ്വതേയുള്ളൊരു ജന്മവസ്തു,
നോക്കുമ്പോളെന്തോ കഥ തമ്പുരാനേ!
ശരിശരിയിതുമട്ടാ-
ണിപ്പോൾ നമ്പൂതിരിമാർക്കു-
ള്ളൊരു തൊഴിലിനിമേലിൽ
വല്ലതും നോക്കിടാഞ്ഞാൽ,
വരുമൊരു നിലയെന്തോ,

കൂടിയോരിസ്സമാജം

പരിചൊടു നിലനിന്നെ

ന്നാകിൽ നന്നായിരുന്നു!

നമ്പൂതിരിമാർക്ക് കാലത്തിന്റെ മാറ്റത്തിൽ പിടിച്ചുനിൽക്കാൻ പ്രയാസമാണെന്നാണ് സൂചന. നൂറ്റാണ്ടുകളായി തുടർന്നുപോന്ന ആലസ്യത്തിൽ നിന്നുണർന്ന ഒരു ജനത കർമോന്മുഖരാകുന്നതിന്റെ തുടക്കം ഇവിടെ ദർശിക്കാം.

മനോരമ പത്രാധിപർക്കുവേണ്ടി നടുവത്തച്ഛൻ വിക്ടോറിയാചരിത സംഗ്രഹം ഇംഗ്ലീഷിൽ നിന്ന് തർജമ ചെയ്യാൻ തീരുമാനിച്ചതിന്റെ സൂചന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനയച്ച ഒരു കത്തിലുണ്ട്.

വിക്ടോറിയാ ചരിത തർജ്ജമ ചെയ്‌വതിന്നാ-

യുൾക്കാമ്പിലുണ്ടു ചില സംശയമായതെല്ലാം

തീർക്കുന്നതിന്നു വടിവോടുടനേ വിടാം ഞാൻ

ശങ്കുണ്ണിയെപ്പുകളെഴുന്ന ഭവൽസമീപം

(15-12-1065)

കുഞ്ഞിക്കുട്ടൻ തമ്പുരാൻ 17.12.1065 ൽ നടുവത്തച്ഛനയച്ച കത്തിൽ

'വിക്ടോറിയാ ചരിതസംഗ്രഹ' തർജ്ജമാഖ്യ-

വിഖ്യാത കീർത്തി വിളഭൂമിയിൽ വശ്യകീർത്തേ!

ഇക്കാലമങ്ങു ചില വിത്തു വിതയ്ക്കുവാനായ്-

ത്തർക്കങ്ങൾ തീർത്തു തരമോർത്തു തുടങ്ങിയാലും

എന്ന് തർജ്ജമയ്ക്കായി നിർബന്ധിക്കുന്നുമുണ്ട്. മാത്രമല്ല, 17-01-66നയച്ച കത്തിന്റെ പരിശിഷ്ടമായി കുഞ്ഞിക്കുട്ടൻതമ്പുരാൻ നടുവത്തച്ഛന് ''വിക്ടോറിയാ ചരിത തർജ്ജമ ഇംഗ്ലീഷുവാക്കുകൾ കൂടാതെ വേണമെന്നാണ് പത്രാധിപന്റെ ആഗ്രഹമെന്നും ഉടനെ കഴിച്ചു കിട്ടിയാൽ കൊള്ളാമെന്നുമായാൾ പ്രത്യേകിച്ചെഴുതിയിരിക്കുന്നു'' എന്നും എഴുതിക്കാണുന്നുണ്ട്.

നടുവത്തച്ഛനും ഇംഗ്ലീഷ് വശമുണ്ടെന്നുതന്നെയാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. മാത്രമല്ല കൃതിയിലെ ചില സംശയങ്ങൾ തീർത്തു കൊടുക്കാൻ മാത്രം ആ ഭാഷയിൽ കുഞ്ഞിക്കുട്ടൻതമ്പുരാനും അറിവുണ്ടെന്നു കരുതണം.

തർജ്ജമ ചെയ്യാൻ നടുവത്തച്ഛന് യാതൊരു പ്രയാസവുമില്ല എന്ന സൂചന 12-12-1065 ൽ തമ്പുരാനയച്ച കത്തിലുണ്ട്.

ആട്ടേ ''കുണ്ടൂരു നാരായണകവി''യരികിൽ
തന്നെയില്ലേയൊരാളെ-
വിട്ടേയ്ക്കോ ചാരു ''വിക്ടോറിയ ചരിത''മുടൻ
തർജ്ജമയ്ക്കായ് ശ്രമിയ്ക്കാൻ?
പോട്ടേ പത്രാധിപർക്കീപ്പണി ബഹുരസമാ-
ണെങ്കിലവ്വണ്ണമായി-
ക്കോട്ടേ നോക്കെന്തു ചേതം കവിവര! പരമീ-
ത്തർജ്ജമയ്ക്കോ ഞരുക്കം?

10-1-1066 ൽ അയച്ച കത്തിൽ

തർജ്ജമ കിട്ടിയിതയി തേ
സജ്ജനമൊട്ടുക്കു കൂപ്പിടും സുമതേ!

എന്നു കാണുന്നത് നടുവത്തച്ഛൻ വിക്ടോറിയാ ചരിതം തർജ്ജമ ചെയ്തിട്ടുണ്ടെന്നതിന് തെളിവാണ്.

ഇംഗ്ലീഷ് ഭാഷയിലും സംസ്കാരത്തിലും മറ്റു കവികളേക്കാൾ പരിചയം കുഞ്ഞിക്കുട്ടൻ തമ്പുരാനാണെന്ന് പറയാം. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ജീവചരിത്രം രചിച്ച കെ.ടി.രാമവർമ്മ ഇത്തരത്തിലുള്ള ചില സംഭവങ്ങൾ പരാമർശിക്കുന്നുണ്ട്.

> *ഇംഗ്ലീഷ് പത്രങ്ങളിൽ വന്നിരുന്ന വാർത്തകൾ മുഴുവൻ അന്നന്ന് അദ്ദേഹമറിഞ്ഞിരുന്നുവെന്ന വസ്തുത പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.*

*'മലബാർ ഗസറ്റിയർ'ക്കെഴുതിയിട്ടുള്ള അവതാരികയിലും 'ദേവി ക്കോട്ടയിലെ സ്ത്രീസമാജ'ത്തിലും പ്രകടമായ ആശയങ്ങളുടെ നവീനത്വവും പരദേശങ്ങളിലെ ആചാരങ്ങളെപ്പറ്റിയുള്ള അറിവും കുഞ്ഞിക്കുട്ടൻതമ്പുരാൻ എങ്ങനെ നേടി? അമ്പലപ്പുഴ മഹാദേവ ശർമ വിവരിച്ചിട്ടുള്ള ഒരു സംഭവം: അദ്ദേഹവും കുഞ്ഞിക്കുട്ടൻ തമ്പുരാനും കൂടി സെന്റ് തോമസ് കോളേജിന്റെ (തൃശ്ശൂർ) വടക്കുവ ശത്തുള്ള വഴിയിലൂടെ (അന്നു ആ വഴി മെറ്റൽ ചെയ്തിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ) കിഴക്കോട്ടു നടക്കവേ വടക്കുന്നാഥ ക്ഷേത്ര ത്തിൽ തൊഴാൻ പുറപ്പെട്ട ഏതാനും നായർ യുവതികൾ എതിരേ വന്നു. അവരിലൊരു യുവതിയുടെ കാലിൽ ഒരു വലിയ മുള്ളുത റച്ചു. മറ്റു യുവതികൾ ആ മുള്ളു വലിച്ചെടുക്കാൻ ശ്രമിച്ചു. ശർമ അതു നോക്കിക്കൊണ്ടങ്ങനെ നിന്നുപോയി. ആ നില്പുകണ്ടിട്ടു തമ്പുരാൻ പറഞ്ഞു., "ശർമ്മ, നമുക്ക് ഇവരെ സഹായിക്കാൻ തര മില്ല. ഇത് ഇംഗ്ലണ്ടാകട്ടെ!" ഇംഗ്ലീഷുകാരുടെ സാധാരണസ്വഭാവം – സ്വന്തം കാര്യം നോക്കി നടക്കുകയും, മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടാതിരിക്കുകയും ചെയ്യുക – എന്നതാ ണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. 'ഇംഗ്ലണ്ടാകട്ടെ! എന്ന തിന്റെ അർത്ഥമതാണ്: നമുക്കിംഗ്ലീഷുകാരെപ്പോലെ പെരുമാറാം! പാശ്ചാത്യരുടെ പെരുമാറ്റ രീതികളെയും പ്രത്യേകതകളെയും പറ്റി അദ്ദേഹത്തിനു നല്ല അറിവുണ്ടായിരുന്നിരിക്കണം.*[12]

രസികരഞ്ജിനിയിൽ പുന്നശ്ശേരി നമ്പി 1084 ധനു ലക്കത്തിൽ നമ്പൂതിരിമാ രുടെ വിദ്യാഭ്യാസത്തെക്കുറിച്ചെഴുതിയ ലേഖനത്തിൽ നമ്പൂതിരിമാർ ഇംഗ്ലീഷ് പഠി ക്കണമെന്ന അഭിപ്രായത്തെ എതിർത്തുകൊണ്ട് കുഞ്ഞിക്കുട്ടൻതമ്പുരാൻ എഴു

[12] കെ.ടി. രാമവർമ *കുഞ്ഞിക്കുട്ടൻ തമ്പുരാൻ*, പുറം 295-96.

തിയ ലേഖനം നമ്പൂതിരിമാർ സ്ക്കൂളുകളിലും മറ്റും ചേർന്ന് പഠിക്കുന്നതിന് എതിരായാണ് കാണുന്നത്. ഇതിനെക്കുറിച്ച് തമ്പുരാന്റെ സുഹൃത്തായിരുന്ന ആലത്തൂർ അനുജൻ നമ്പൂതിരിപ്പാടിന്റെ സ്മരണയും രാമവർമ്മ രേഖപ്പെടുത്തുന്നുണ്ട്.

> *നമ്പൂതിരിമാർ ഇംഗ്ലീഷു പഠിച്ചു തുടങ്ങുന്നതിൽ അവിടേക്കു വലിയ ഒരു വ്യാകുലത ഉണ്ടായിരുന്നു. ഈ വിഷയത്തിൽ അവിടുന്നു ചെയ്തിട്ടുള്ള ശ്രമങ്ങൾക്ക് ഉടനടി ഫലം കാണായ്ക കൊണ്ടായിരിക്കാം. അവിടുന്ന് ഇപ്രകാരം പറഞ്ഞിട്ടുള്ളത്. 'നമ്പൂതിരിമാർ ഇംഗ്ലീഷ് പഠിച്ചുകൂടാ. അതു മ്ലേഛഭാഷയാണ്' എന്നും മറ്റും പ്രസംഗിക്കുക; അങ്ങിനെ കുറച്ചു കഴിയട്ടെ. അപ്പോൾ അതു താനല്ല നിശ്ചയിക്കാൻ, ഉടനെ തുടങ്ങണം എന്ന് എതിർത്തു പറയുന്നതു കേൾക്കാറാവും, അതുകൊണ്ട് സഭകളിലും മറ്റും മേലാൽ ഇപ്രകാരമേ പ്രസംഗിക്കാവൂ.*
>
> *നമ്പൂതിരിമാരുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ അദ്ദേഹമെതിർത്തത് എന്തിനു വേണ്ടിയാണെന്ന് ഇത് വ്യക്തമാക്കുന്നുണ്ടല്ലോ - നമ്പൂതിരി യുവാക്കളെ ചൊടിപ്പിച്ചു തനിക്കെതിരായി പുറപ്പെടുവിക്കാൻ വേണ്ടിത്തന്നെ! ആ ലക്ഷ്യം സാധിക്കാൻ വേണ്ടി സ്വയം 'ചീത്തപ്പിള്ള ചമയാൻ' അദ്ദേഹം തയ്യാറായിരുന്നു.*[13]

ഇതുകൂടാതെ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ 'മയൂരസന്ദേശം' ഉള്ളൂർ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് ജി.എ. നടേശന്റെ 'ഇന്ത്യൻ റെവ്യൂ' എന്ന ഇംഗ്ലീഷ് പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ കുഞ്ഞിക്കുട്ടൻതമ്പുരാൻ അതിനെ പ്രശംസിച്ചെഴുതിയ

[13] ടി. പുറം 293–94.

സയുക്തി വിന്യാസമഹോ നടേശോ

മയൂര സന്ദേശവിവർത്തനം തേ

അയത്ന നിർമ്മാണ മനോജ്ഞ ബന്ധം

സ്വയം പ്രകാശ്യ പ്രമദം വ്യധാന്ന:

എന്ന ശ്ലോകവും ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഇംഗ്ലീഷ് ഭാഷയോടുള്ള കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ സമീപനത്തെ പുനർവിചാരണ ചെയ്യേണ്ടതുണ്ടെന്ന് സാരം.

തമ്പുരാൻ രചിച്ച കാവ്യങ്ങളിൽ ഇംഗ്ലീഷ് പദങ്ങൾ കാണാനില്ലെങ്കിലും അദ്ദേഹത്തിന്റെ കവിതക്കത്തുകളിൽ പലയിടത്തും ഇംഗ്ലീഷ് പദങ്ങൾ അവിടവിടെയായി കാണുന്നുണ്ട്.

ഭാഷാപോഷിണി സഭയിൽ

തോഷാലർപ്പിച്ചു പിന്നെ വഴിപോലേ

ഭേഷായി പ്രസന്റു വാങ്ങിയ

ശേഷാലോകവുമിവനുവയ്യെന്നോ?

(കൊട്ടാരത്തിൽ ശങ്കുണ്ണിയ്ക്ക് 21-2-69)

മണിയോർഡർ വഴിയ്ക്കു (കൃത്യമോ) ടാ-

മണിയേകീടുകിലുണ്ടു ചെറ്റുനഷ്ടം

(വെൺമണി കുട്ടൻ നമ്പൂതിരിയ്ക്ക് 4 മിഥുനം 78)

നമ്മുടെ നാരായണനുടെ

സമ്മർ വെക്കേഷനായ കാലത്ത്

നന്മയിൽ മേടമിതിൽത്താൻ

ചെമ്മേ ചാലക്കുടിയ്ക്കു വരിവൻ ഞാൻ

(നടുവത്തച്ഛൻ നമ്പൂതിരിയ്ക്ക് 30-07-66)

പൊണ്ണൻമാരുടെ മട്ടിലെന്റെ ഡിഗ്നിറ്റി -

റ്റിക്കല്പമൂനം വരും -

വണ്ണം -

(നടുവത്തച്ഛൻ നമ്പൂതിരിയ്ക്ക് 16-5-67)

ഒരുമാതിരി ലക്കോട്ടിനു-

മൊരു <u>ലറ്റർ പേപ്പ്ലിനും</u> സുമതേ!

(നടുവം മഹന് - 31-12-73)

സി.അന്തപ്പായിക്ക് കോയിപ്പിള്ളി പരമശ്വരക്കുറിപ്പിന് ഗുമസ്ത വേലയ്ക്കായി എഴുതിയ ശുപാർശക്കത്തിൽ

ശരിയായ് മലയാള ഭാഷയായാ -

ലുരിയാടാമെഴുതാം കവിത്വമാകാം

ഇവയുണ്ടു <u>രജിസ്റ്റർ</u> ചെയ്തിരിപ്പൂ - എന്നെഴുതിക്കാണുന്നു.

ഇംഗ്ലീഷ് പദങ്ങളെ മലയാളഭാഷാപദങ്ങൾക്കൊപ്പം പ്രയോഗിക്കുന്ന ഈ പുതുമ ഭാഷാശൈലിയിൽ വരുന്ന മാറ്റത്തിന്റെ തുടക്കമായി കാണാം.

ശീവൊള്ളി നമ്പൂതിരിയുടെ കത്തുകളിലും ഇത്തരം പ്രവണത കാണാനുണ്ട്.

മടത്തരം കൂടുമെനിക്കു മേഴാ-

മിടത്തിനും മറ്റിവിടുത്തുകാർക്കും

മിടുക്കനാം <u>മൈഡിയർസാർ,</u> വിശേഷാ-

ലടിക്കെടിന്നേവരെയൊന്നുമില്ല -

(എളേടത്തു തൈക്കാട്ട് അനുജൻ മൂസ്സിനയച്ച കത്ത്)

സർക്കാർ സൽക്കാരമാർന്നീഢരണി മുഴുവനും

കേളികേൾപ്പിച്ച സാക്ഷാൽ -

തയ്ക്കാട്ടിട്ടീരി മൂസ്സെൻ ഗുരുവരനമര-

ന്മാർക്കു <u>ഡാക്കട്ടരായി</u>

(നടുവത്തച്ഛൻ നമ്പൂതിരിയ്ക്ക്)

വടക്കാഞ്ചേരി നാരായണൻ വാധ്യാർക്കയച്ച കത്തിൽ തന്റെ ഇംഗ്ലീഷ് പഠനത്തിന്റെ കാര്യം സൂചിപ്പിക്കുന്നുണ്ട്. തിരുവിതാംകൂർ ഗവൺമെന്റിന്റെ ധനസഹായത്താൽ അയിരൂരിൽ സ്ഥാപിച്ച വൈദ്യശാലയിലെ വൈദ്യനായി ജോലിചെയ്തിരുന്ന കാലത്താണ് ഈ കത്തയയ്ക്കുന്നത്. ഇംഗ്ലീഷ് മരുന്നുകളും അവയുടെ

പ്രയോഗ വിധിയും ഇദ്ദേഹത്തിന് വശമായിരുന്നു എന്നും ഇംഗ്ലീഷ് ഭാഷ സംസാരിപ്പാൻ അറിവും ഉണ്ടായിരുന്നു എന്നും ശീവൊള്ളി കൃതികളുടെ അവതാരികയിൽ വെള്ളായ്ക്കൽ നാരായണ മേനോൻ സൂചിപ്പിക്കുന്നുണ്ട്.

ശമ്പളമോർത്തിംഗ്ലീഷിൽ
മുമ്പുളവായ് വന്ന പാഠവും പോയി
കമ്പൊളിവെന്തിനു? കാര്യം
കമ്പിളിയായിക്കലാശിച്ചു.
വേഷമൊന്നു പകരും വിഷൂചിതൻ
ദോഷമിത്തിരി കുറഞ്ഞുകിട്ടിയാൽ
ഈഷലില്ല, മരിയാതിരിക്കിലിം -
ഗ്ലീഷുപാഠമിനി ഞാൻ മുടക്കുമോ?

ഇംഗ്ലീഷ് പഠിക്കാൻ ശീവൊള്ളിയ്ക്ക് അതിയായ താത്പര്യമുണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഇംഗ്ലീഷ് നാടക വിവർത്തനങ്ങൾ ആ ഭാഷയോടും സാഹിത്യത്തോടും തമ്പുരാനുണ്ടായിരുന്ന താത്പര്യത്തിന് നിദർശനമാണ്.

മഹാകവി ഷേക്സ്പിയറുടെ ഹാംലെറ്റ്, ഒഥല്ലോ എന്നീ ദുരന്ത നാടകങ്ങളും ലോങ്ഫെല്ലോവിന്റെ ജീവകാല(The Psalm of life)വും തമ്പുരാൻ തർജമ ചെയ്തിട്ടുണ്ട്.

> *1072-ൽ കുംഭത്തിലെ ഭാഷാപോഷിണിയിൽ പ്രത്യക്ഷപ്പെട്ട "ഇംഗ്ലീഷ് നാടകങ്ങളുടെ വിലാപവിംശതി" എന്ന അജ്ഞാത കർതൃകമായ ഒരു ലേഖനമാണ് കൂടുതൽ നാടകങ്ങൾ തർജ്ജമ ചെയ്യാനുള്ള തമ്പുരാന്റെ ഉത്സാഹത്തെ കെടുത്തിയത്.*[14]

[14] ടി. പുറം 182 (എ.ഡി.ഹരിശർമ്മയെ ഉദ്ധരിച്ചത്, 'തമ്പുരാന്റെ ഇംഗ്ലീഷ് നാടക തർജ്ജമകൾ', *തിലകം* (1964, ഒക്ടോബർ) വാല്യം 3, ലക്കം 7, 8).

ഇംഗ്ലീഷ് ഭാഷയും സാഹിത്യവും അനുഭവ മണ്ഡലത്തിലേക്ക് കടന്നുവരുന്നതോടൊപ്പം ഇംഗ്ലീഷ് കമ്പനി ഭരണവും ഈ കവികളുടെ ഭാവനാമണ്ഡലത്തിലേക്ക് ഇറങ്ങി വരുന്നുണ്ട്.

ശീവൊള്ളി നാരായണൻ നമ്പൂതിരി നടുവം മഹനയച്ച ഒരു കത്തിൽ നടുവം മഹനെ കവികളുടെ റസിഡന്റായി വിശേഷിപ്പിച്ചിരിക്കുന്നു.

തിയ്യേന്തും കണ്ണു, തിങ്കൾക്കല, കല, ചുടല -
ച്ചാമ്പൽ, പാ, മെല്ലു, വെള്ളം
പെയ്യും തൃച്ചെഞ്ചിടക്കെട്ടിവ പലതുമെഴും
ദേവനെസ്സേവ ചെയ്ത്
കയ്യേറിക്കേളികേൾക്കും കവികടെ റസിഡ-
ണ്ടായി രണ്ടായിരത്താ-
ണ്ടിയ്യൂഴിത്തട്ടിൽ വാണീടുക വിമലമതേ,
താങ്കളാതങ്കമെന്യേ.

റസിഡന്റു ഭരണത്തിന്റെ പശ്ചാത്തലത്തിൽ നിന്നാവണം ഇത്തരമൊരു പ്രയോഗത്തിന്റെ സാധ്യത മനസിലാക്കേണ്ടത്.

കൃഷി, നിയമവ്യവസ്ഥ, കോടതി, വ്യവസായം, തീവണ്ടി, തപാൽ, റോഡുകൾ എന്നിങ്ങനെ ഉണ്ടായ മാറ്റങ്ങളെയെല്ലാം ഈ കവികൾ അനുഭവിക്കുകയും അവരുടെ കാവ്യരചനയ്ക്ക് വിഷയമാക്കുകയും ചെയ്തിട്ടുണ്ട്.

**കാർഷിക വൃത്തിയോടുള്ള മനോഭാവം**

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുവനന്തപുരം കോളേജിൽ ചെയ്ത പദ്യപ്രസംഗത്തിന്റെ തുടക്കം

''കൃഷി കൈത്തൊഴിൽ കച്ചവടം
വഴി മൂന്നിവയാം ത്രിമൂർത്തി ഭജനത്താൽ

സമ്പൽ ബ്രഹ്മാനന്ദം

സമ്പാദിച്ചൈകൃസിദ്ധി വിലസട്ടെ''

എന്ന പ്രാർത്ഥനയോടെയാണ്[15]

കൃഷിയും കച്ചവടവും കൈത്തൊഴിലുമാണ് അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ എന്ന പുരോഗമനവാദമാണിത്.

കാർഷികവൃത്തിയോട് എക്കാലത്തും പുറംതിരിഞ്ഞുനിന്നിട്ടുള്ള സവർണ വിഭാഗങ്ങളുടെ മനോഭാവത്തിൽനിന്നുള്ള ഒരു മാറ്റം വെൺമണിക്കവികളിൽ കാണാൻ സാധിക്കുന്നുണ്ട്.

പൂന്തോട്ടത്തച്ഛൻ നമ്പൂതിരിയുടെ

മൂടില്ലാത്ത മുണ്ടുകൊണ്ടു മുടിയും മൂടീട്ടു വൻകറ്റയും

ചൂടിക്കൊണ്ടരിവാൾ പുറത്തുതിരുകി പ്രാഞ്ചിക്കിതച്ചങ്ങനെ

നാടൻ കച്ചയുടുത്തു മേനിമുഴുവൻ ചേറും പുരണ്ടിപ്പൊഴി-

പ്പാടത്തീന്നു വരുന്ന

സ്ത്രീയുടെ വർണ്ണനയും

ചേലപ്പറമ്പ് നമ്പൂതിരിയുടെ

'കയ്പവള്ളി തരസാ പെറ്റുള്ള പൈതങ്ങളു'ടെ -

കയ്പക്ക പറിക്കുന്നതിന്റെ രസനീയതയുടെ വർണനയും ആശ്ചര്യപ്പെടുത്തുന്നതാണ്.

> *'കയ്പവല്ലി തരസാ പെറ്റുള്ള പൈതങ്ങൾ' വാടാതങ്ങനെ തന്റെ കൈയിൽ വന്നു ചേരട്ടെ എന്നു പറയുമ്പോൾ താൻ നട്ടുനനച്ചു വളർത്തിയ കയ്പവല്ലരിയിൽ കായ്ച കായ്കളെ കയ്യിലെടുത്തു താലോലിക്കുമ്പോഴുണ്ടാകുന്ന നിർവൃതിയെക്കൂടി വ്യഞ്ജിപ്പിക്കുന്നു. സാധാരണഗതിയിൽ അക്കാലത്തെ ഒരു നമ്പൂതിരി സ്വന്തം*

[15] പ്രിയദർശൻലാൽ, *നല്ല ഭാഷ*, 'പ്രവേശകം' (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1999) പുറം 11.

*കൈകൊണ്ടു കായ്കറികൾ കൃഷി ചെയ്യാറില്ല. ആ പതിവിൽനിന്നു വ്യത്യസ്തമായി ചേലപ്പറമ്പു കയ്പക്കൃഷി ചെയ്തോ എന്നും നമു ക്കറിഞ്ഞുകൂടാ. എന്നാൽ സ്വന്തം കൈകൊണ്ടു കൃഷിചെയ്ത ഒരു കർഷകന്റെ അനുഭൂതിയെയാണ് അദ്ദേഹം ഈ ശ്ലോകത്തിൽ ആവി ഷ്കരിക്കുന്നത്.*[16]

കൃഷി നശിച്ചതിൽ ദു:ഖിക്കുന്ന ഒരു ഹൃദയം നടുവത്തച്ഛന്റെ 'വയ്യോതാൻ മഴ.............. കിടയാ വക്കോലുപോലും സഖേ' എന്ന ശ്ലോകത്തിലുണ്ട്. മഴയുടെ കനിവും വൈക്കോലിന്റെ സമൃദ്ധിയുമൊക്കെ ഇല്ലാതാകുന്നത് മരണതുല്യമാണ്. കൃഷിയെ ഉപജീവനമാക്കിയ കേരളീയ മാനവ പ്രകൃതി വെൺമണിക്കവിതകളുടെ സ്ഥിരം പാശ്ചാത്തലമാണ്.

ഇതിനോടൊപ്പം പരിഗണിക്കേണ്ടതും വളരെ പ്രാധാന്യമുള്ളതുമായ ഒരു ഭാഷാമുക്തകമാണ് ശീവൊള്ളി നാരായണൻ നമ്പൂതിരിയുടേത്.

വെള്ളം, വെണ്ണീർ, വൃഷം, വെൺമഴു, വരകരിതോ-
ലാര്യ വിത്താധിപൻ തൊ-
ട്ടുള്ളൊരീ നൽകൃഷിക്കോപ്പുകളരികിലധീ-
നത്തിലുണ്ടായിരിക്കേ,
പള്ളിപ്പിച്ചയ്ക്കെഴുന്നള്ളരുതു, പുരരിപോ
കാടു വെട്ടിത്തെളീച്ചാ
വെള്ളിക്കുന്നിൽകൃഷി ചെയ്യുക; പണിവതിനും
ഭൂതവൃന്ദം സമൃദ്ധം.

പിച്ച തെണ്ടി നടക്കാതെ കയ്യിലുള്ള കൃഷിക്കോപ്പുകൾ കൊണ്ട് കൃഷിചെ യ്യാൻ ശിവനെ ഉപദേശിക്കുകയാണ് കവി. അതോടൊപ്പം കൃഷിരീതിയെക്കുറിച്ചു ള്ള അവബോധം കവിമനസ്സിൽ സദാ സന്നിഹിതമായിരുന്നു എന്ന് കാണാം.

---

16 സി. അച്യുതമേനോൻ 'ഭാഷയിലെ ഒറ്റശ്ലോകങ്ങൾ', ഉപന്യാസമാലിക 3 (പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1988) പുറം 150.

വെൺമണി കവികൾ തങ്ങൾക്കുചുറ്റുമുള്ള കർഷകസമൂഹത്തെ കണ്ടില്ലെന്നു പറയാൻ സാധിക്കുകയില്ല. തീർച്ചയായും ഈയൊരു സ്വതന്ത്രചിന്താഗതി കാലത്തിന്റെ ചലനങ്ങളുടെ പ്രതിഫലനമാണ്.

**വ്യവസായശാലകൾ**

കേരളത്തിലേക്ക് കടന്നുവരുന്ന പുതിയ വ്യവസായ ശാലകളും അതിനനുബന്ധമായ യന്ത്രസംവിധാനങ്ങളും കേരളത്തിന്റെ ഉത്പാദനഘടനയിൽ തന്നെ മാറ്റം വരുത്തുന്നുണ്ട്. കമ്പനിഭരണം കേരളത്തിൽ കൊണ്ടുവന്ന ഈ പരിഷ്കരണത്തെ ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി ഒരു ശ്ലോകത്തിൽ ഇങ്ങനെ കുറിക്കുന്നു.

സൃഷ്ടിക്കേകൻ പ്രതിഷ്ഠക്കൊരുവനതഖിലം
സംഹരിപ്പാനൊരാളീ-
മട്ടിൽക്കൂറിട്ടു മൂർത്തിത്രയ ബഹുലതയാ-
യിന്നു നിൻ പൂർവപുത്രൻ
കട്ടിക്കാരൻ ത്രിസൂത്രപ്പണി പണിതഴകോ-
ടുള്ളതെല്ലാം മറച്ചി-
ക്കെട്ടിക്കൂട്ടം ജഗൽകമ്പനിയുടെ മുതലാ-
ളത്തി നീയത്യുദാരേ!

ഈ ലോകത്തെ മുഴുവൻ ഒരു കമ്പനിയായും ദേവിയെ അതിന്റെ മുതലാളിയായും ചിത്രീകരിച്ചിരിക്കുന്നത് പുതിയ വ്യവസായശാലകളോടുള്ള പരിചയം മൂലമാവണം.

സൃഷ്ടി, സ്ഥിതി, സംഹാരം ഇവ യാന്ത്രികമായി ഇടതടവില്ലാതെ നടക്കുകയും ഇതിന്റെ രഹസ്യമെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന ഒരു വ്യവസായശാലയാണ് പ്രപഞ്ചമെന്നും അവിടെ ഓരോ വിഭാഗങ്ങളു

ടെയും മേൽനോട്ടക്കാരാണ് ബ്രഹ്മാവും വിഷ്ണുവും ശിവനും എന്നുമാണ് കവിഭാവന.

ബ്രിട്ടീഷുകാരുടെ കാലത്ത് കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതോടെ വ്യവസായശാലകൾ കേരളീയർക്ക് പരിചിതമായി. എന്നാൽ ഇവയുടെ പ്രവർത്തനം സാധാരണക്കാരിൽ ആകാംക്ഷയും അത്ഭുതവുമാണ് ജനിപ്പിച്ചത്. ചന്തുമേനോന്റെ ഇന്ദുലേഖയിൽ കേശവൻ നമ്പൂതിരിയും നൂൽക്കമ്പനിയെക്കുറിച്ച് ലക്ഷ്മിക്കുട്ടിയമ്മയോട് വിശദീകരിക്കുന്നത് നൂൽക്കമ്പനി എന്നാൽ ഒരു ഇരുമ്പുചക്രമാണ് എന്നാണ്. എന്നുമാത്രമല്ല ഈ ഇരുമ്പുചക്രത്തെ തിരിക്കുന്നത് പുകയാണ് എന്നും ഈ പുക കമ്പനിയ്ക്കകത്ത് എന്തോ ആഭിചാരക്രിയ ചെയ്യുന്നതുകൊണ്ടാണ് ഉണ്ടാകുന്നത് എന്നും അദ്ദേഹം പറഞ്ഞുവെക്കുന്നു.

> *കമ്പനികളെക്കുറിച്ച് സാമാന്യജനങ്ങൾക്കുണ്ടായിരുന്ന ധാരണ ഇതായിരുന്നു. കമ്പനിയുടെ പ്രവർത്തനത്തെ അജ്ഞേയമായ പ്രപഞ്ചത്തോടു സാദൃശ്യപ്പെടുത്താൻ കവിമനസ്സിനെ പ്രേരിപ്പിച്ചത് ഇതായിരിക്കണം. കമ്പനി നടത്തിപ്പുകാരായ വെള്ളക്കാരുടെ ശേഷിയിലും ശേമുഷിയിലുമുള്ള വിശ്വാസമാണ് ജഗൽക്കമ്പനിയുടെ ഉടമസ്ഥയായി ദേവിയെ സങ്കല്പിച്ചതിനടിസ്ഥാനം. അന്നത്തെ കാലത്ത് അതൊരു പുതുമ കലർന്ന കൽപ്പന തന്നെ.*[17]

**മാറുന്ന നിയമവ്യവസ്ഥകൾ**

ജാതിയ്ക്കനുസരിച്ച് വ്യത്യസ്ത നിയമസംവിധാനങ്ങൾ അനുഭവിച്ചുപോന്ന ജനത ഏകനിയമത്തിന്റെ വരുതിയിലാകുന്നു എന്നതാണ് ബ്രിട്ടീഷ് നിയമവ്യവസ്ഥ വരുത്തിയ പരിവർത്തനം. ഭരണകൂടത്തിന്റെ നേരിട്ടുള്ള അധികാ

[17] ടി.എൻ. സതീശൻ. *ഒറവങ്കരക്കവിതകളിലൂടെ*, പുറം 37-38.

രപ്രയോഗം ജാതീയവും പ്രാദേശികവുമായ വേർതിരിവുകളെ ഇല്ലാതാക്കുന്നതിന്റെ സൂചനകളും വെൺമണിക്കവികളുടെ രചനയിലുണ്ട്.

ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി ഒരിക്കൽ മന്ത്രവാദം കഴിഞ്ഞ് മടങ്ങും വഴി തൃശ്ശൂർവെച്ച് ഒരു ന്യൂയിസൻസ്കേസിൽ പെട്ടതിന്റെ വിവരങ്ങൾ നടുവം മഹന് അയച്ച കത്തിലുണ്ട്.

''അന്തിക്കാട്ടൊരു മന്ത്രവാദമതിനാ-
യഞ്ചെട്ടു നാൾ പാർക്കയാൽ
സ്വന്തം നാടണവാൻ പരിഭ്രമമൊടും
വഞ്ചിക്കു പോന്നേനഹം
അന്തിക്കൂണു കഴിച്ചു വണ്ടി കയറാ -
മെന്നോർത്തു, വൻപട്ടണ -
ച്ചന്തം പെട്ട ശിവാലയേ പകൽ തരും
പത്താം മണിക്കെത്തിനേൻ
കൊച്ചിക്കാവവനീശ്വരി സുരവന-
പ്പൂവല്ലി പൂത്തുള്ളൊര -
ക്കൊച്ചുണ്ണിക്ഷിതിപൻ വസിക്കുമവിടെ-
ക്കൊറ്റിന്നു പറ്റീടുവാൻ
ഇച്ഛിച്ചൂന്നീ നടന്നിടും പൊഴുതെഴു -
ന്നള്ളിക്കഴിഞ്ഞെന്നു കേ-
ട്ടുച്ചയ്ക്കൂണു കഴിച്ചു നീതിനിലമാം
പേഷ്കാരു പാർക്കും ഗൃഹേ.
.............................................................
വന്നൂ പോലീസുകാരങ്ങിരുവ,രവർ ഭവാ-
നൊന്നിനോ രണ്ടിനോ പോ -
യെന്നായീ, രണ്ടിനെന്നായഹ,മവരുടന-
സ്റ്റേഷനിൽക്കൊണ്ടുകേറ്റീ
അന്നിസ്പെക്ടരോടും നയകുലരിപുവാം

സ്റ്റേഷനാപ്പീസരോടും
പിന്നേയും പിന്നേയും ഞാനവതകളുര ചെ-
യ്തിട്ടു വിട്ടില്ല നമ്മെ.
എന്നെക്കോടതി വിസ്തരിച്ച സമയ-
ത്തിക്കാര്യമുണ്ടായതാ-
ണെന്നും നീതി നിഷിദ്ധമായ വിധമാ-
ണെന്നും വിശേഷാലിതിൽ
ഇന്നുണ്ടുത്തരവെങ്കി, ലായതറിയാൻ
ദൂരസ്ഥനാലാവത-
ല്ലെന്നും ഞാനവനെന്നതും വരികയാൽ
ഭേസ്സായി കേസ്സാകവേ.''

കവി അന്നാട്ടുകാരനല്ലെന്നതു പരിഗണിച്ചാണ് അദ്ദേഹത്തെ അന്ന് വിട്ടയച്ചത്.

പാലിയത്തു കുഞ്ഞുണ്ണിയച്ചന് നടുവംമഹൻ കൊ.വ.1077 മകരത്തിൽ അയച്ച കത്തിൽ കൊച്ചിയിൽ തീവണ്ടിപ്പാതയ്ക്കുവേണ്ടി തന്റെ കനകം കായ്ക്കും നിലം പോയതിന്റെ ദുഃഖത്തിൽ താൻ കോടതിയിൽ കേസ് നടത്തി ജയിച്ച വിവരമാണ് ഉള്ളടക്കം.

മിണ്ടാൻവയ്യവരോടു, വല്ലതുമുരച്ചെന്നാൽ ഗവർമ്മേണ്ടിൽനി -
ന്നുണ്ടാവും പിഴ, വിട്ടുവീഴ്ചകളതിൽപ്പാടില്ല-
യെന്നുണ്ടുപോൽ
കണ്ടാൽക്കാണികളമ്പരക്കു, മിവിടെക്കുപ്പായമിട്ടെ-
ത്തുമി -
പ്പണ്ടാരക്കഴുവേറികൾക്കു ദയയില്ലല്ലോ ദരിദ്രക്കഴു!
വേണ്ടും വണ്ണം വിചാരിച്ചലിവൊടു വിലത -
ന്നീടുവാൻ കൊച്ചിരാജൻ
ലാണ്ടക്വിസ്സിഷ്ഷനാഫീസറെയുടനടി കൽ-
പ്പിച്ചു തീർച്ചപ്പെടുത്തി -

ക്കണ്ടാൽ വേണ്ടില്ല, വാക്കോതുകിലകമലിയും
സ്വാമി കണ്ടങ്ങൾ നോക്കി -
ക്കണ്ടാൽ മിണ്ടില്ല; മൂളും, കടശി വിലകൊടു-
ക്കില്ല കേൾക്കില്ല കാര്യം.
ജില്ലാക്കോർട്ടിൽ കടന്നൂ തെളിവുകളഖിലം
വാങ്ങുവാൻ തീർച്ച വന്നൂ
മെല്ലെത്തർക്കം തുടർന്നൂ, ജഡ്ജിയവർകളും
സങ്കടം കേട്ടുണർന്നൂ
എല്ലാം പാകത്തിൽ വന്നൂ, പഴയവിധിയിലെ-
ത്തോതു തെറ്റെന്നു വന്നൂ
ചൊല്ലാം ഞങ്ങൾക്കു തന്നൂ, പണമനവധി മ-
റ്റോർക്കതിൽ തോൽവി വന്നൂ''.

ബ്രിട്ടീഷ് നിയമവ്യവസ്ഥയ്ക്ക് വിധേയമായാണ് കാര്യങ്ങൾ നീങ്ങുന്നത് എന്ന് ഈ വിവരണത്തിൽ കാണാം.

'കുപ്പായമിട്ടെത്തുമിപ്പണ്ടാരക്കഴുവേറികൾ' എന്ന് വിശേഷിപ്പിക്കുന്നത് ബ്രിട്ടീഷ് ഉദ്യോഗസ്ഥരെയാണ്. നിയമം നടത്തുന്നതിൽ അവർക്കുള്ള കാർക്കശ്യം ഇവിടെ വെളിവാകുന്നുണ്ട്.

ശീവൊള്ളിയുടെ *ഒരു കഥ* (1897) എന്ന കാവ്യത്തിൽ യമരാജധാനിയെ തിരുവിതാംകൂറിലെ കോടതിയായും യമന്റെ സേവകരെ കോടതി ശിപായിമാരായും കല്പിച്ച് വർണ്ണിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്.

**തീവണ്ടി എന്ന ദേശീയത**

പ്രദേശങ്ങൾ തമ്മിലുള്ള ദൂരവും അവിടെ എത്തിപ്പെടാനുള്ള സമയവും കുറച്ച് വേഗതയാർന്ന ഒരു പുതിയ ഗതാഗതവ്യവസ്ഥയുടെ സ്ഥാപനമാണ് തീവണ്ടിയുടെ വരവോടെ കേരളത്തിൽ സാധ്യമാകുന്നത്. കേരളത്തിൽ റെയിൽവേ

സ്ഥാപിക്കുന്നത് ബ്രിട്ടീഷ് ഭരണാധികാരികളാണെങ്കിലും വളരെ പെട്ടെന്ന് ഈ പുതിയ യാത്രാരീതി ആളുകൾ എറ്റെടുത്തു. അതോടൊപ്പം സാഹിത്യത്തിലും തീവണ്ടി എന്ന അത്ഭുതം വർണനാവിഷയമായി. എന്തും ഏതും കാവ്യത്തിനുവിഷയമാക്കിയിരുന്ന വെൺമണിക്കവികൾ തീവണ്ടിയെയും കാവ്യവിഷയമാക്കി. ഷൊർണൂർ - കൊച്ചി തീവണ്ടിപ്പാത ആരംഭിച്ചപ്പോൾ അക്കാലത്തെ പല കവികളും തീവണ്ടിയെപ്പറ്റി കാവ്യം എഴുതി.

ഇതിൽ എടുത്തുപറയേണ്ടത് കൊച്ചിത്തീവണ്ടി എന്ന പേരിൽ ഒറവങ്കര രാജാ രചിച്ച കാവ്യമാണ്.

മന്ദന്മാരുടെ ബുദ്ധിപോലിളകിയും
തട്ടിത്തടഞ്ഞും, കുഴ-
ങ്ങുന്നോരോ മുതുകാളവണ്ടി പെരുമാ-
റിപ്പോന്ന ദിക്കൊക്കെയും
നന്ദ്യാ നേർവഴിയേ മനീഷിമതിപോ-
ലോടുന്ന തീവണ്ടി പോ-
കുന്നൂ; ദൂരമടുത്തു;ബന്ധുവിരഹം
വേരറ്റു പാരിൽപ്പരം.

കുത്തില്ലാ, കുതറില്ല കിഞ്ചന ചവി-
ട്ടില്ലാ, ചടക്കങ്ങളി -
ല്ലത്യുല്ലാസമൊടായിരത്തിലധികം
മർത്യർക്കു വർത്തിച്ചിടാം,
എത്തും ലാഘവമോടു, യാനമിതഹോ!
മാന്ധ്യാതൃയാനാലയേ
ദത്തല്ലെന്നു വരുന്നതല്ലിതിനെഴും
വേഗം മഹാഗാരുഡം.

പേടിക്കില്ലൊരു കാരണം, ചുഴിയൊഴു-

ക്കോളം കഴുക്കോൽ നില-

ക്കേടുൽക്കൃഷ്ടതിമിംഗലം പ്രതിമരു-

ത്തെന്നേവമൊന്നിങ്കലും;

മോടിയ്ക്കേറി  വസിച്ചിടാം ത്വരിതമു-

ദ്ദേശിച്ച ദേശങ്ങളിൽ-

ച്ചാടിക്കും വസുധാവിമാനവരമി-

ത്തീവണ്ടി ധീവല്ലഭം

..................................................

കൊട്ടുന്നൂ, കുഴലൂതിടുന്നൂ, വലുതാ-

യുള്ളോരു ഘോഷം പുറ-

പ്പെട്ടന്യൂനമലച്ചിടുന്നു ഹരിതാം

വൃന്ദത്തിലിന്നെത്രയും,

പൊട്ടുന്നൂ വിനതാസുതന്റെ ഹൃദയം,

വാതത്തിനോ മാലിഖാൻ

കിട്ടുന്നൂ, ഭൂവി മാടരാജശകടീ-

യാനപ്രയാണോത്സവേ!

യാത്രാകാവ്യങ്ങൾ ധാരാളം എഴുതിയിട്ടുള്ള വെൺമണിക്കവികളിൽ പലരുടെയും കാവ്യങ്ങളിൽ തീവണ്ടിയാത്രയുടെ വർണ്ണനകൾ കടന്നുവരുന്നുണ്ട്.

നടുവത്തച്ഛന്റെ അഷ്ടമിയാത്രയിൽ കേരളവർമ്മ കോയിത്തമ്പുരാനും നടുവത്തച്ഛനും തമ്മിലുള്ള സംഭാഷണത്തിൽ

'ഹേ വിപ്ര, താങ്കളവിടുന്നു ജവേന പോന്ന-

താവിപ്രയോഗ ശകടം വഴിയായിരിക്കാം'-

''തീവണ്ടി കേറിയെറണാകുളമെത്തി പിന്നെ-

ക്കേവഞ്ചിയാണവിടെന്നിവിടം വരെയ്ക്കും''

എന്ന് തന്റെ യാത്രയുടെ സൂചന ഉണ്ട്. തീവണ്ടി പുറപ്പെടുന്നതിന് മുമ്പ് റെയിൽവേ ജീവനക്കാർ തങ്ങളുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിന്റെ ചിത്രവും രസകരമാണ്.

എന്നിട്ടങ്ങിനെ വാച്ചെടുത്തു മണിപ-
ത്തായെന്നു ചൊല്ലുമ്പൊഴേ-
യ്ക്കൊന്നൂതീ കുഴൽ, കൈയുവീണു, മണിമു-
ട്ടീ, വാച്ചരോടീ സഖേ!
നിന്നൂ വണ്ടി മറക്കൽ വന്നിതുടനെ
ബ്ലോക്കും കൊടുത്തദേരാൽ
വന്നൂ മാസ്റ്റർ വെറിക്കുഗാർഡിനുകരും
നൾകിസ്സലാം ചെയ്തുതേ.

പിന്നെച്ചെന്നു മുറയ്ക്കു മാസ്റ്റർമുറിയൊ-
ന്നപ്പോളൊഴിച്ചിട്ടുവ-
ന്നെന്നാൽ കേറുകയെന്നു ഞങ്ങളെയതിൽ
കൊണ്ടാക്കി വേണ്ടും വിധം
പിന്നെപ്പാസു പതിച്ചു പോർട്ടർ മുറിപൂ-
ട്ടിക്കൊണ്ടു നിൽക്കുമ്പൊഴേ-
യ്ക്കെന്നോട്ടീ ങ്കൊടി, ഗാർഡിതോർത്തു കുഴലൂ-
തീ, വണ്ടി മണ്ടീ സഖേ!

ജാതിമത വർഗ വേർതിരിവുകളെ ഇല്ലാതാക്കുന്ന ഒരു പൊതു സ്ഥലം തീവണ്ടിയിൽ രൂപപ്പെട്ടു വരുന്നതിന്റെ സൂചനയും ഈ കാവ്യത്തിൽ ഉണ്ട്.

അന്നോരോ മുറിയിൽസ്സുമാറിരുപതാ-
ളോളം കരേറീട്ടുമു-

ണ്ടെന്നല്ലോർക്ക മുറുക്കു, വീടി, പൊടി, തൊ-

ട്ടെന്തൊക്കെയോ ദുർഗ്ഘടം.

നമ്പൂരി, പട്ടര, ടിയോടികൾ, വാരിയന്മാർ,

നമ്പ്യാരും, കൊങ്ങിണി മഹമ്മദർ ക്രിസ്തീയന്മാർ

എമ്പ്രാന്തിരിപ്പരിഷ, യീഴവർ, ചെട്ടി, തൊട്ടി-

ട്ടമ്പാ മഹാലഹള വണ്ടിയിലന്നു ധീമൻ!

അഷ്ടമിക്കുഗമിക്കുന്ന

കൂട്ടരാണിവരൊക്കെയും

മൊട്ടച്ചിമാരുമോർക്കുമ്പോ-

ളെട്ടല്ലായതിലുള്ളതു

പിന്നത്തെക്കഥ ഞാനൊന്നും

ചൊന്നാലാവില്ല തോഴരേ!

നന്നെ വേഗത്തിലാവണ്ടി

ചെന്നെത്തിയെറണാകുളം.

നടുവത്തച്ഛന്റെ തന്നെ 'ശൃംഗേരിയാത്ര'യിൽ

'പെട്ടെന്നായവർ തത്രനിന്നു

മണിയഞ്ചിന്നേറി തീവണ്ടിയിൽ

തിട്ടം രാത്രിയിലെട്ടടിച്ച സമയം

'തുംകുരി'റങ്ങീടിനാർ,

പിറ്റന്നാൾ മണി പന്തിരണ്ടിനു പകൽ

തീവണ്ടി കേറീട്ടു പോ-

യ്പറ്റീ രാവതിലൊമ്പതായ സമയം

തെറ്റാതെ 'ബിന്ദൂരി'ലും

എന്ന ഭാഗം തീവണ്ടി ദേശങ്ങളെ തമ്മിൽ അടുപ്പിക്കുന്നതായ അനുഭവവും സാധ്യമാക്കുന്നു.

**സാഹിത്യം ഏകാധിപത്യത്തിൽനിന്ന് ജനാധിപത്യത്തിലേക്ക്:-**

സാഹിത്യത്തിൽ ജനാധിപത്യബോധം പ്രകടമാവുന്നത് വെൺമണിമാരുടെ കൃതികളിലാണെന്നു കാണാം. ഇത് കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനിൽ നിന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനിലൂടെ അക്കാലത്തെ കവികളിലേക്ക് പടർന്ന ബോധമായിരുന്നു.

നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ-

ക്രമക്കണക്കേശരണം ജനങ്ങൾ

സമസ്തരും സമ്മതിയാതെ കണ്ടി-

സ്സമർത്ഥനോതില്ലൊരു വാക്കുപോലും-എന്ന് കൊച്ചുണ്ണിത്തമ്പുരാൻ നിർദ്ദേശിക്കുന്നത് ജനസാമാന്യത്തിന്റെ സമ്മതം ഭാഷാപ്രയോഗത്തിൽപ്പോലും പ്രധാനമാവുന്നതിന്റെ സൂചനയായി കാണാം.

കേരളവർമ്മയും ഏ.ആർ. രാജരാജവർമ്മയും തമ്മിൽ നടന്ന പ്രാസവാദത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ വാദം ഇരുകൂട്ടർക്കും അനുകൂലമായല്ല ഭൂരിപക്ഷം വരുന്ന കാവ്യരസികർക്കൊപ്പമായിരുന്നു എന്നും കാണാം.

''പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും
പ്രാസ സൗഭാഗ്യമുണ്ടെ-
ന്നായേ ലോകം രസിക്കൂ, കവിതയിലതിനാൽ
ഭൂരിപക്ഷത്തെ നോക്കി
ചായേണം നമ്മളങ്ങോട്ടതിനിടയിൽ വെറും
വാഗ്വിവാദം തുടങ്ങി -
പ്പോയേച്ചാൽ കാര്യമുണ്ടോ? കവിതകളെഴുതി-
ക്കൂട്ടുവിൻ കൂട്ടുകാരേ.''

എന്നതിന്റെ ധ്വനി തങ്ങൾ ഭൂരിപക്ഷം വരുന്ന ജനാഭിപ്രായത്തെ മാനിക്കാൻ തയ്യാറാണ് എന്നുതന്നെയാണ്. പുതിയ കാലത്ത് നിലനിൽക്കേണ്ടത് ജനങ്ങളുടെ സാഹിത്യമാണ് എന്ന തിരിച്ചറിവ് ഇവർക്കുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയാണ് വെൺമണിക്കവികളിൽ കാണുന്ന നാനാവിധങ്ങളായ മാറ്റങ്ങൾ. മാത്രമല്ല, പൊതുസമൂഹത്തെയും ഒറ്റയൊറ്റ വ്യക്തികളെയും ചിത്രീകരിക്കാനും അവയുടെ സൂക്ഷ്മാംശത്തിൽ ശ്രദ്ധയൂന്നി കേരളീയാന്തരീക്ഷത്തെ കാവ്യ രചനയിൽ നിലനിർത്തുവാനും കൂടി വെൺമണിക്കവികൾ ശ്രദ്ധിച്ചു. ഇത്തരത്തിൽ കേരളീയതയുടെ അംശങ്ങൾ അതിനുമുമ്പ് സാഹിത്യത്തിൽ വിരളമായിരുന്നു എന്ന് ഈ സന്ദർഭത്തിൽ ഓർക്കണം.

**കേരളീയ പൊതുമണ്ഡലം - വെൺമണിക്കവികളിൽ**

സാഹിത്യത്തിലേക്ക് സാധാരണക്കാരന് പ്രവേശനം ലഭിക്കുന്നത് വെൺമണിമാരുടെ രചനകളിലാണ്.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ രചനയിൽ ഭ്രാന്തനും കുഷ്ഠരോഗിയുമെല്ലാം കഥാപാത്രങ്ങളായി പങ്കുചേരുന്നു. നോക്കുക:

നാറിക്കീറി മുഷിഞ്ഞമുണ്ടു വികടം
ചുറ്റീട്ടരക്കെട്ടിലായ്
വാരിക്കുത്തിയ കണ്ട കാട്ടിലയുമായ്,
ച്ചേറ്റിൽ ക്കുളിച്ചങ്ങിനെ
കീറപ്പാള പൊളിഞ്ഞതൊന്നു തലയിൽ -
ച്ചൂടിപ്പെരുത്താൾക്കിടെ-
പ്പീറപ്പാട്ടുകൾ പാടി നല്ല രസമായ് -
ഭ്രാന്തൻ കടന്നെത്തിനാൻ

എന്ന് ഭ്രാന്തനെപ്പറ്റിയും

നാറിക്കീറി മുഷിഞ്ഞിടുന്നൊരു തുണി-
ക്കണ്ടത്തിനാൽപ്പുണ്ണിൽവ-
ന്നേറെക്കൂടിടുമീച്ചയാട്ടി, വഴിയിൽ
ക്കുഷ്ഠം പിടിച്ചങ്ങിനെ
ഓരോ കൈവിരലറ്റു വീണു, കൃമിയും
ചാടും ചലക്കട്ടയും
നേരെ വെച്ചു കരഞ്ഞിടുന്നിതൊരുവൻ
നോക്കാനറയ്ക്കുന്നു മേ

എന്ന് കുഷ്ഠരോഗിയെപ്പറ്റിയും വർണിക്കുമ്പോൾ അസ്പൃശ്യരും അധമരുമായി കരുതുന്നവർക്കും കാവ്യലോകത്ത് ഇടം നൽകുകയാണ് ചെയ്യുന്നത്.

**പൂരപ്രബന്ധം ഒരാധുനിക കാവ്യം**

വ്യത്യസ്തരായ കേരളീയ ജനവിഭാഗങ്ങൾ ഒരുമിച്ച് പ്രത്യക്ഷപ്പെടുന്ന ഒരു കാവ്യം എന്ന നിലയിൽ പഠിയ്ക്കപ്പെടേണ്ട ഒരു കാവ്യമാണ് വെൺമണി മഹന്റെ പൂരപ്രബന്ധം. അലസനും അമാന്തക്കാരനുമായി വിലയിരുത്തപ്പെട്ടിട്ടുള്ള വെൺമണി മഹൻ രചിച്ച ഈ കൃതി അക്കാലത്തെ കേരളീയ സമൂഹത്തിന്റെ നേർച്ചിത്രം പകർന്നു നൽകുന്ന ഒന്നാണ്

തൃശ്ശൂർ പൂരത്തിനെത്തുന്ന വേശ്യാസ്ത്രീകളുടെയും മറ്റും വർണന കൊണ്ട് ഒരശ്ലീലകൃതിയായി പറഞ്ഞുപോരുന്ന പൂരപ്രബന്ധം യഥാർത്ഥത്തിൽ മലയാള സാഹിത്യത്തിന്റെ ഒരു പുതിയ മുഖത്തിന്റെ പ്രതിഫലമാണ് എന്ന് കാണാം.

ഒന്നാമതായി ശ്രദ്ധയിൽപ്പെടുന്നത് ഇത് പുതിയ ഒരു വൃത്താന്തമാണ് എന്ന് കവി തന്നെ പറയുന്നതാണ്. തൃശ്ശൂർപൂരം എന്ന വിഷയത്തെപ്പറ്റി രചിച്ച ഈ കാവ്യത്തിന് പ്രാധാന്യം കൈവരുന്നത് ഈയൊരു പ്രസ്താവനയിൽക്കൂടിയാണ്.

പൂരത്തെക്കുറിച്ചോ അതിന്റെ ഐതിഹ്യത്തെക്കുറിച്ചോ പൂരത്തിന്റെ ചടങ്ങുകളെ ക്കുറിച്ചോ പഴയമട്ടിൽ വർണിക്കാനല്ല കവി മുതിരുന്നത്. അവിടെക്കൂടിയിരിക്കുന്ന ജനസമൂഹത്തിന്റെ വൈവിധ്യങ്ങളെ സൂക്ഷ്മാംശത്തിൽ വെളിവാക്കുകയാണ് കവി യുടെ ലക്ഷ്യം.

'മതിവൈഭവമില്ലാത്തോരതിമൂഢനിതെങ്കിലും
പുതുതായൊരു വൃത്താന്തമതു തെല്ലോതിടുന്നുഞാൻ'

എന്ന് വെൺമണി പ്രസ്താവിക്കുമ്പോൾ അത് യഥാർത്ഥ ലോകജീവിതത്തെ കവി തയിലാവിഷ്ക്കരിക്കാനുള്ള ശ്രമമായി കരുതാം.

'മോടിക്കൊത്തൊരു മേടമാസമിരുപ-
ത്തഞ്ചാംദിനം തീർത്തയ-
ച്ചീടുന്നേനൊരുദന്തപദ്യപടലം'

എന്ന് ഈ കാവ്യം വർത്തമാനം പറയുന്ന മട്ടിൽ എഴുതിയതാണെന്നും കവി രേഖ പ്പെടുത്തിയിരിക്കുന്നു.

അലങ്കാര രഹിതവും വാസ്തവികവുമായ വർത്തമാനത്തെ കത്തിന്റെ രൂപ ത്തിൽ കവിതയ്ക്കു വിഷയമാക്കിയതാണ് പൂരപ്രബന്ധത്തിന്റെ പുതുമ.[18] പൂരപ്പറ മ്പിലെ കാഴ്ചകൾ ഭാഷയിൽ വർണിച്ച് അതിന്റെ കേവലത ബോധ്യപ്പെടുത്തുക യാണ് വെൺമണി മഹൻ നമ്പൂതിരി ചെയ്തത്. സാധാരണക്കാരുടെ ജീവിതപരി സരത്തുനിന്നു കൊണ്ട് ഉപരിവർഗ സംസ്കാരത്തിലെ പൊള്ളത്തരം അദ്ദേഹം തുറന്നുകാട്ടി[19] എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ പരിശോധിക്കുമ്പോൾ ഈ രച നയുടെ ഉദ്ദേശ്യശുദ്ധി തെളിയുന്നു.

---

[18] വി.സി. ശ്രീജൻ. 'പൂരപ്രബന്ധം', *അർത്ഥവാദങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006) പുറം 73.

[19] പി.കെ. തിലക്. 'പൂരപ്രബന്ധം ഒരു സാംസ്കാരികരേഖ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, (2015, ഫെബ്രുവരി) ലക്കം 48 പു.92, പുറം 88-89.

താനും കൂടി അടങ്ങുന്ന ഒരു സമൂഹത്തെ നിരീക്ഷിക്കുകയാണ് കവി ചെയ്യുന്നത്.

പൂരപ്രബന്ധമാണ് വെൺമണിമാരുടെ കാവ്യരചനാ വൈഭവത്തിന്റെ ഉദാഹരണമായി എടുത്തു കാട്ടാറുള്ള ഒരു കാവ്യം. കയ്യെഴുത്തു പ്രതിയായി കേരളത്തിലുടനീളം പ്രചരിച്ച ഈ കൃതി അതിലെ ശൃംഗാര പ്രതിപാദനം കൊണ്ടു മാത്രമായിരിക്കില്ല ശ്രദ്ധേയമായത്. അന്നത്തെ വിരസമായ മണിപ്രവാളരചനകൾ വായിച്ച് മടുത്ത വായനക്കാർക്കിടയിലേക്ക് സമകാലികമായ നാട്ടുകാര്യങ്ങളെ വിമർശനാത്മകമായി പ്രതിപാദിക്കുന്ന കൃതി കടന്നുവന്നപ്പോൾ അതുവരെ പുലർത്തിപ്പോന്ന കാവ്യാഭിരുചിയെ ഉടച്ചുവാർക്കാൻ അതിന് സാധ്യമായെന്നതാണ് പ്രധാനമായ വസ്തുത. ജീർണിച്ച സാമൂഹ്യ വ്യവസ്ഥിതിയ്ക്ക് നേരെയുള്ള ഒരു കടന്നാക്രമണം കൂടിയാകുന്നുണ്ട് പൂരപ്രബന്ധം.

ഇതിന് കവിയുടെ മാർഗ്ഗം താൻ തന്നെ സ്വയം ഒരു വിടനായി വേഷം കെട്ടുക എന്നതാണ്. പൂരപ്രബന്ധത്തിൽ കവിതന്നെ സ്വയം പരിഹാസപാത്രമാവുകയും കൂട്ടത്തിൽ അന്നത്തെ സാമൂഹികാന്തരീക്ഷത്തെ പരിഹസിക്കുകയും ചെയ്യുന്നു.

പൂരം കാണാനെത്തിയ ഒരു സുന്ദരിയോട് സംസാരിക്കുന്ന കൂട്ടത്തിൽ കവി തന്നെക്കുറിച്ച്

ഭാഗ്യമില്ല ഫലിതോക്തിയില്ല സൗ-
ഭാഗ്യമില്ല പണമില്ല തെല്ലുമേ
ശ്ലാഘ്യമാകിയൊരു കോപ്പുമില്ല ഞാൻ
യോഗ്യരെന്നു ചിലർ പിന്നെ വാഴ്ത്തുമോ?

എന്ന് പറയുന്നത് അക്കാലത്തെ സാമൂഹിക നിലവാരത്തിന്റെ സൂചനയാണ്. എന്നുമാത്രമല്ല ഇതൊരാത്മ പരിശോധനകൂടിയാണ്.

അവളെ കവി പരിചയപ്പെടുമ്പോൾ ആ സുന്ദരിയുടെ മറുപടി

.....യെന്നാഹ്വയമടിയനഹോ
വീട്ടുപേരിന്നതെന്നും
ചൊല്ലാം....ത്തെന്നറിക ശുഭമതേ
ശൂദ്രരാണന്തണേന്ദ്ര
കല്യാണാംഭോധിരാകാമൃതകര! പതിനേ-
ഴായ് വയസ്സിപ്പൊളേറ്റം
ചൊല്ലാർന്നുള്ളോരു വിദ്വൽകുല മകുടതട-
പ്രോല്ലസൽ പ്രൗഢ ബുദ്ധേ
മുപ്പത്താറതിൽ നാടുനീങ്ങിയ മഹാ-
വഞ്ചിക്ഷമാനാഥനാം
കല്പക്ഷ്മാരുഹ കല്പനായ കമനീ-
യാംഗൻ കൃപാസാഗരൻ
കെല്പോടീശ്വര പിള്ളയെന്നു വിളികൊ-
ണ്ടീടും വിചാരിപ്പുകാ-
രല്പം കാലമിരുന്നു മൽപ്രിയനതായ്
വിപ്രൗഘ ചൂഡാമണേ.
മൽപ്രേയാനായൊരങ്ങോരടിയനുടെ മഹാ-
ഭാഗ്യദോഷാലുപേക്ഷി-
ച്ചുൾപ്രേമം കൈവെടിഞ്ഞിയ്യടയതിലിവിടെ-
ക്കൊണ്ടുവന്നാക്കി പിന്നെ.
ഇപ്പോ .... നിതിപറയും
മേനവൻ പോയമാസം
മുപ്പത്തൊന്നാം ദിനം തൊട്ടടിയനു മുറി വാ-
ങ്ങിച്ചുവെന്നോർത്തിടേണം.

ഇത്തരത്തിൽ ഇന്ന് വിചിത്രമായി തോന്നുന്ന സ്ത്രീപുരുഷബന്ധം അക്കാലത്ത് തികച്ചും സ്വാഭാവികമായിരുന്നെന്നു കാണാം.

സമൂഹത്തിൽ അന്നുണ്ടായിരുന്ന ജീർണമായ ഒരു വ്യവസ്ഥയെ നോക്കിക്കാണുകയാണ് കവി. ഓരോ സമുദായത്തിലെയും വൈകൃതങ്ങളെയും കവി തിരിച്ചറിയുന്നുണ്ട് എന്നതിനും തെളിവുകൾ ഈ കൃതിയിലുണ്ട്.

ഇരുനൂറാം ശ്ലോകം മുതൽ ഇരുനൂറ്റിപ്പതിനേഴുവരെയുള്ള ശ്ലോകങ്ങൾ പൂരത്തിനുവന്ന ഓരോ കൂട്ടരെയും കുറിച്ചുള്ള വർണനയാണ്.

> പാളത്താറും പെരുത്തുന്തിന കുടവയറും
> വീശുവാനുള്ള കീറ-
> പ്പാളത്തട്ടും പൊളിഞ്ഞീടിന കുടവടിയും
> സഞ്ചിയും പഞ്ചപാത്രം
> തോളിൽക്കീറിപ്പറിഞ്ഞുള്ളൊരു ചെറിയ പഴം-
> ഭാണ്ഡവും ഭേസി വന്നാ-
> മേളത്തിൽ തള്ളിയുന്തിക്കശപിശ പറയും
> പട്ടരൊട്ടല്ല പാർത്താൽ

എന്നിങ്ങനെയുള്ള ശ്ലോകങ്ങൾ ഓരോ വിഭാഗത്തിൽപ്പെട്ടവരെയും സൂക്ഷ്മമായി നിരീക്ഷിച്ച് അവരുടെ പൊതുവായ സ്വഭാവവിശേഷങ്ങളെ അടയാളപ്പെടുത്തുന്നുണ്ട്.

ഇതോടൊപ്പം തന്നെ ജീർണിച്ച ഫ്യൂഡൽ സമുദായത്തിന്റെ അംശങ്ങളെയും കവി തിരിച്ചറിയുന്നുണ്ട്.

> പൃഷ്ഠത്തിൽ കുറിയും തുടുത്ത കരയും
> ചേർത്തുള്ളൊരാത്തോർത്തുമു-
> ണ്ടിഷ്ടം പോലെ വിടർത്തു ചുറ്റി വിരവിൽ

താക്കോലുമിട്ടങ്ങിനെ

കുട്ടിച്ചെല്ലവുമൊത്തു കൊച്ചു കുറിമു-

ണ്ടും കൊണ്ടു തമ്മിൽപ്പരം

ചേഷ്ടിത്തങ്ങൾ പറഞ്ഞുകൊണ്ടു പല-

നമ്പൂരാരെയും  കണ്ടു ഞാൻ

നാറിക്കീറിയ വസ്ത്രമൊക്കെ വെളിവിൽ

ക്കാണിച്ചുടൻ തറ്റുടു-

ത്തീറൻ കോണകവും മുഷിഞ്ഞ ചരടിൽ-

ക്കോർത്തിട്ടഹോ ഗോപിയും

പാരം ഭസ്മവുമങ്ങണിഞ്ഞു വടിയും

കുത്തീ മരച്ചെല്ലവും

പേറിക്കൊണ്ടു വയോധിക ദ്വിജരെയും

കാഴ്ചയ്ക്കു കണ്ടീടിനേൻ

ചുണ്ടെങ്ങാച്ചന്തി മൂടാത്തൊരു ചെറുവസനം-

കൊണ്ടഹോ തറ്റുടുത്തും -

കൊണ്ടോത്തിൻ കയ്യു കാട്ടി കുടവയറു തുളു-

മ്പിച്ചു വേർത്താർത്തിയോടെ

ശുണ്ഠിയ്ക്കും നല്ല തൃഷ്ണയ്ക്കുമൊരലർവിശിഖ-

ഭ്രാന്തിനും പാത്രമായി -

ട്ടുണ്ടോതിക്കദ്വിജൻമാൻ പലരുമവരെയും

കണ്ടു ഞാൻ കാഴ്ചരംഗേ

ചേഷ്ടിത്തങ്ങൾ പറഞ്ഞു നീങ്ങുന്ന നമ്പൂതിരിമാരും, നാറിക്കീറിയ വസ്ത്രം വെളിയിൽ കാണുന്ന തരത്തിൽ തറ്റുടുത്ത് മുഷിഞ്ഞ ചരടിൽ കോർത്ത കോണകവും കാണിച്ചു നടക്കുന്ന വൃദ്ധബ്രാഹ്മണരും, ശുണ്ഠിയും തൃഷ്ണയും ആർത്തിയും അലർശരഭ്രാന്തും ഒത്തുചേർന്ന ഓതിക്കദ്വിജൻമാരും കവിയുടെ

കാഴ്ചയിൽ വരുന്നത് അവരോടുള്ള ആദരവുമൂലമല്ല, മറിച്ച് അവരിൽ നില നിൽക്കുന്ന ജീർണതയെ കവി തിരിച്ചറിയുന്നതുകൊണ്ടു കൂടിയാണ്.

പൂരം കാണാനെത്തുന്ന വ്യത്യസ്ത ജനവിഭാഗങ്ങളുടെ വർണനയിലൂടെ കവി സൃഷ്ടിക്കുന്ന ഒരു കൂട്ടായ്മയുടെ തലം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

പലവിധത്തിലുള്ളോരു മർത്ത്യരെ-
പ്പലരേയും പരമാദ്ദിവസം പ്രിയേ!
അലഘുമോദഭരത്തൊടു കണ്ടു ഞാ-
നലസിടാതെ ലസന്മൃദുലാധരേ!

ഇവരിൽ രായന്മാരും ആയന്മാരും തിലുങ്കൻ തമിഴരിടയരും മൂത്ത മൊട്ടച്ചിമാരും മേനി മുഴുവൻ കാമദേവൻ പോലും തോറ്റുപോകും തരത്തിൽ ഭംഗിയാക്കുന്ന നമ്പൂതിരിമാരും നായന്മാരും, നതാംഗീമണികളും ആഢ്യൻമാരും പട്ടരും ഓതി ക്കൻമാരും നായ്ക്കത്തിമാരുമായി ഉല്ലസിച്ച് വരുന്ന നായ്ക്കൻമാരും ആരെയും കൂസാത്ത ഗോസായിമാരും ചീനക്കാൽക്കുടയും ചെരിപ്പും താക്കോൽക്കൂട്ടവും മുദ്രയും തുടങ്ങിയവയുമായി അത്യന്തം ഡീക്കോടെ വരുന്ന മേനവൻമാരും വടിയും പാപ്പാസുമായി പുറപ്പെടുന്ന ജഡ്ജിമാരും തഹസിൽദാർ തുടങ്ങിയ സർക്കാർ പണിക്കാരും തമ്പുരാക്കന്മാരും ചട്ടയും ചതുരചൊട്ടയിട്ട കുഴൽത്തോ ക്കും തൊപ്പികളും കാൽച്ചട്ടകളും അണിഞ്ഞ് കണ്ണിൽ ധാർഷ്ട്യവുമായി നിൽക്കുന്ന ശിപായിമാരും ഉണ്ണിനമ്പൂതിരിമാരും തുടങ്ങി വിവിധ ജാതിമതവർഗ മനുഷ്യർ ഒന്നിച്ച് പ്രത്യക്ഷപ്പെടുന്ന ഈ കാവ്യം വെൺമണിമാരുടെ കാലത്തെ കേരളത്തിന്റെ ഒരു നേർച്ചിത്രം പകർന്നു നൽകുന്നുണ്ട്.

മാത്രമല്ല, കേരളം എന്ന ഒരു ദേശത്തിന്റെ ഒരു വിദൂര പരിച്ഛേദവും വരച്ചി ടാൻ കവി ശ്രമിക്കുന്നുണ്ട്. മൂന്നായി കിടന്നിരുന്ന ദേശത്തെ ഒന്നിച്ച് ഒരൊറ്റ കുട ക്കീഴിൽ അണിനിരത്താനുള്ള ബോധപൂർവ്വമായ ശ്രമം കൂടി പൂരപ്രബന്ധത്തിൽ നിന്ന് വായിച്ചെടുക്കാൻ കഴിയും.

മാലെന്നിയേ തുരുതുരുക്കനെ മേൽക്കുമേലേ

മാലോകരങ്ങിനെ വരുന്നു വരോരുമൗലേ

എന്ന് പറഞ്ഞതിനുശേഷം കവി ആ മാലോകരുടെ ദേശത്തെ വിവരിക്കുകയാണ്. കേരളത്തിലെ അന്നത്തെ പ്രദേശങ്ങളുടെ പേര് മുറയ്ക്കു വിവരിച്ചതിനുശേഷം (നൂറ്റി അമ്പത്തേഴാം ശ്ലോകം മുതൽ നൂറ്റിത്തൊണ്ണൂറ്റാറു വരെ ശ്ലോകങ്ങൾ)

ഓരോരോ ചില ദിക്കു പേരു വെറുതേ

വെവ്വേറെയോതീടുവാ -

നാരംഭിച്ചതുമെന്തിനെന്നു പറയാം

സാരം സരോജേക്ഷണേ!

കന്യാകുമാരി ഗോകർണ്ണമെന്നുള്ളതിലകത്തഹോ

ഇങ്ങെഴും ലോകരൊട്ടുക്കുണ്ടെന്നല്ലേണായതേക്ഷണേ !

എന്ന് കന്യാകുമാരി മുതൽ ഗോകർണം വരെയുള്ള സ്ഥലത്തെ ഒറ്റ ദേശമായി കാണാനും കവിയ്ക്കു കഴിയുന്നു.

> *വാക്കുകൾകൊണ്ട് ലേഖ വരഞ്ഞ് കേരളമെന്ന ദേശത്തെ അടയാളപ്പെടുത്തുകയും തൃശൂരിനെ അതിന്റെ കേന്ദ്രമാക്കുകയാണ്. വിവിധ ദേശങ്ങളിൽ നിന്ന് ആളുകൾ പൂരത്തിനായി ഒത്തുചേരുമ്പോൾ അവിടെ ആധുനികം എന്നു വിശേഷിപ്പിക്കാവുന്ന ഒരാൾക്കൂട്ടം ഉണ്ടാവുകയും അത് കേരളമെന്ന ദേശമായി പരിവർത്തിക്കുകയും ചെയ്യുന്നു.*[20]

ഇത്തരത്തിൽ എല്ലാവർക്കും ഒന്നിച്ച് നിൽക്കാനുള്ള ഒരു പൊതു ഇടം സൃഷ്ടിച്ചെടുക്കുകയാണ് തൃശൂർ പൂരത്തെ മുൻനിർത്തി കവി ചെയ്യുന്നത്.

---

[20] വി.സി. ശ്രീജൻ. 'പൂരപ്രബന്ധം', *അർത്ഥവാദങ്ങൾ*, പുറം 74-75.

**ഭാഷ - മലയാളം**

പൂരം കാണാനെത്തുന്നവരിൽ സാധാരണക്കാരന് സംസ്കൃതത്തേക്കാൾ പ്രതിപത്തി മലയാളത്തിനോടാണെന്നും വെൺമണിക്കവിതകൾ അവർക്ക് വളരെ താത്പര്യമാണെന്നും കൂടി കവി ഭാവന ചെയ്യുന്നുണ്ട്. ഇരുനൂറ്റിഇരുപത്തഞ്ച്, ഇരു നൂറ്റിഇരുപത്തിയാറ് ശ്ലോകങ്ങൾ പൂരംകാണാനെത്തിയ ഒരുവളോട് സംസ്കൃത ത്തിൽ വിശേഷങ്ങൾ ചോദിക്കുന്നതായാണ് കാണുക. അപ്പോൾ അവളുടെ അപേക്ഷ

'ഗീർവ്വാണമായരുളിയാലറിവാനനന്താ -
ഗീർവ്വാണവര്യ വിരുതില്ല വിഭക്തിയില്ല
നിർവ്വാഹമില്ല മലയാളമതായ ഭാഷ
നിർവ്യാജമായടിയനോടരുളീടവേണം'

എന്നാണ്.

തുടർന്നുള്ള ശ്ലോകങ്ങൾ മേൽപറഞ്ഞ സംസ്കൃത ശ്ലോകങ്ങളുടെ വിവർത്തനമാണ്. മലയാളഭാഷയിലുള്ള ചോദ്യം കേൾക്കവേ ആ സുന്ദരിയുടെ പ്രതികരണം കവി രേഖപ്പെടുത്തുന്നതിങ്ങനെയാണ്.

ആമോദമോടു മലയാൺമയിലിത്തരം ഞാൻ
വാമാക്ഷിയാകുമവളോടു പറഞ്ഞനേരം
സോമപ്രകാശമുഖിയാമവളിപ്രകാരം
പ്രേമം നടിച്ചതിനുത്തരമൊന്നടിച്ചാൾ.

മറ്റൊരു സന്ദർഭത്തിൽ വെൺമണിമഹനെ തിരിച്ചറിഞ്ഞ ഒരു തരുണി

മഹൻ നമ്പൂതിരിപ്പാടോ മഹാഭാഗ്യനിധേ ഭവാൻ
മഹൻ നമ്പൂതിരിയാകുന്നതഹം തന്നെ ധരിക്ക നീ.

ധാർഷ്ട്യം ചൊല്ലുകയല്ല തങ്ങളിലഹോ
കണ്ടിട്ടതില്ലെങ്കിലും
കോട്ടം തീർന്നൊരു കൊണ്ടൽ വേണിമാർ
കൊണ്ടാടി വാഴ്ത്തിപ്പരം
നാട്ടിൽ കേളി നടന്നീടുന്ന ഭവദി-
യോദന്തമങ്ങൊക്കെയും
കേട്ടിട്ടുണ്ടടിയന്റെ ഭാഗ്യമധുനാ
കാൺമാൻ തരം വന്നതും.

ഇവിടുന്നഴകേറിടുന്നഭാഷാ
കവിതക്കാരനെന്നതു സിദ്ധമല്ലോ
ഇവിടുന്നരുളുന്ന വാക്കു കേൾപ്പാൻ
ചെവിപോരാത്തതു കൊണ്ടു കുണ്ഠിതം മേ

എന്നും പറയുമ്പോൾ ഭാഷാകവിതയ്ക്ക് സാധാരണക്കാർക്കിടയിലുണ്ടായ സ്വീകാര്യതയെ അടയാളപ്പെടുത്താൻ വെൺമണി ശ്രമിക്കുന്നതായി തോന്നാം. 'തികച്ചും ആധുനികമാണ് വെറും സുന്ദരിയിൽനിന്ന് വായനക്കാരിയിലേക്കുള്ള ഈ രൂപാന്തരം സരസസല്ലാപത്തിന്റെ നിർദോഷതലത്തിൽ അവരുടെ സംഭാഷണം ഒതുങ്ങുന്നു'[21] എന്ന് വി.സി. ശ്രീജൻ നിരീക്ഷിക്കുന്നുണ്ട്.

തികച്ചും പുതുമയാർന്ന രീതിയിൽ രചിച്ചിട്ടുള്ള പൂരപ്രബന്ധം പരിശോധിക്കുമ്പോൾ കവി ഉദ്ദേശിക്കുന്നത് മനസംസ്കരണവും സാമൂഹ്യവിമർശനവുമാണെന്ന് മനസിലാക്കാൻ സാധിക്കും.

*നന്മയുടെ സൗന്ദര്യത്തെ വളർത്തിക്കാട്ടിയോ, തിന്മയുടെ തിക്തഫലങ്ങളെ ചിത്രീകരിച്ചോ, അതിന്റെ തന്നെ വൈരൂപ്യങ്ങളെ വീണ്ടും വീണ്ടും കാണിച്ച് വെറുപ്പുണ്ടാക്കിയോ മനുഷ്യരെ നന്മയിലേക്ക്*

[21] ടി. പുറം 79.

*ആകർഷിക്കാം. ഇതിൽ ഒടുവിലത്തെ മാർഗ്ഗമാണ് വെൺമണി സ്വീകരിച്ചത്.*[22]

എന്ന് ബാലാമണിയമ്മ പറയുന്നത് *പൂരപ്രബന്ധ*ത്തിന്റെ രചനയിൽ പ്രസക്തമാണ്.

ആ വർഷത്തെ പൂരത്തിന് കവി പോയിട്ടേയില്ലെന്ന് അദ്ദേഹത്തെ അറിയുന്ന പലരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടി ചേർത്ത് വായിക്കുമ്പോൾ കവിഭാവന വിശാലമായ അർത്ഥത്തിൽ കേരളീയ ജനസമൂഹത്തെ ഉദ്ധരിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി കാവ്യ രചനയ്ക്ക് മുതിർന്നതാണ് എന്ന് തീർച്ചയാക്കാം. ചുരുക്കത്തിൽ *പൂരപ്രബന്ധം* വെൺമണി കൃതികളുടെ കൂട്ടത്തിൽ ഒരു നാഴികക്കല്ലായി കാണാം. കവിത ജനസാമാന്യ തലത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതോടൊപ്പം കേരളീയ ജനസംസ്കാരത്തിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്നു.

*പൂരപ്രബന്ധ*ത്തിന്റെ പ്രസക്തി താഴെപറയും പ്രകാരം സംഗ്രഹിക്കാം.

1. ആധുനികമായ ഒരു രചനാശൈലി പിന്തുടരുന്നു.
2. കേരളീയ ജനസമൂഹം സാഹിത്യത്തിൽ പ്രതിഷ്ഠ നേടുന്നു.
3. സവർണ സമുദായങ്ങളിലെ ജീർണതകളെ പ്രതിഫലിപ്പിക്കുന്നു.
4. കേരളം എന്ന ദേശീയതാബോധം പരത്തുന്നു.
5. ഒരു പുതിയ വായനാസമൂഹത്തെ തിരിച്ചറിയുന്നു.

ഇത്തരത്തിലുള്ള ഒരു പുനർവായന *പൂരപ്രബന്ധം* ആവശ്യപ്പെടുന്നുണ്ട്.

**അഷ്ടമിയാത്ര - സംസ്കാരപഠനത്തിനുള്ള ആധികാരിക രേഖ**

യാത്രാകാവ്യമായി രചിക്കപ്പെട്ടിട്ടുള്ള നടുവത്തച്ഛന്റെ അഷ്ടമിയാത്ര അക്കാലത്തെ ജനജീവിതസാമഗ്രികളെ പരിചയപ്പെടുത്തുന്ന ആധികാരിക രേഖ കൂടിയായി കാണാം.

[22] ബാലാമണിയമ്മ. *വെൺമണിസ്മാരക ഗ്രന്ഥം*, പുറം14.

മണിപ്രവാള കാവ്യങ്ങളിലെ അങ്ങാടിവർണനകളെ ഓർമിപ്പിക്കും വിധം വിപണിയിലെ വൈവിധ്യങ്ങളെ വിശദമായി നിരത്തുന്ന ശ്ലോകങ്ങൾ അഷ്ടമി യാത്രയെ കേരളീയ ജനജീവിതത്തിന്റെ, പ്രത്യേകിച്ചും കേരളമെന്ന ദേശത്തിന്റെ സാമൂഹ്യ ജീവിതക്രമത്തിൽ വരുന്ന മാറ്റങ്ങളെ വിശ്വസനീയമാം വിധത്തിൽ വര ച്ചുകാട്ടുന്നുണ്ട്. കടകളിൽ വില്പനക്കു വെച്ചിട്ടുള്ള ഈ ചരക്കുകൾ പരിശോധി ക്കുമ്പോൾ പത്തൊൻപതാം നൂറ്റാണ്ടിലെ ജനങ്ങളുടെ ജീവിതാവശ്യങ്ങളിൽ വരുന്ന മാറ്റവും അതിനനുസരിച്ച് കമ്പോളങ്ങൾ രൂപപ്പെടുന്നതും കാണാനാവും.

വൈക്കത്തഷ്ടമിയ്ക്ക് പല സ്ഥലങ്ങളിലും നിന്ന് കച്ചവടക്കാർ വന്നെത്തി പലതരം സാധനങ്ങൾ വില്പനക്കു വെച്ചിരിക്കുന്നതാണ് ഇരുപത്തൊന്നാം ശ്ലോകം മുതൽ അമ്പത്തൊന്നാം ശ്ലോകം വരെ വർണിച്ചിരിക്കുന്നത്.

കച്ചോടക്കാരനേകം കുടിലുകളിരുഭാ-
ഗങ്ങളിൽക്കെട്ടി, നന്നായ്
വെച്ചോരോരോ പദാർത്ഥങ്ങളെയതിനകമേ
മോടികൂടും പ്രകാരം
അച്ഛിന്നാഭം വിളക്കങ്ങിനെ നിരനിരയായ്
വച്ചു വാഴുന്നകണ്ടാൽ
കൊച്ചിക്കമ്പോളമെന്നല്ലുടനടിപണിയും
ബൊമ്പയും കമ്പമെന്യേ!

കൊച്ചിയിലെയും ബോംബെയിലെയും പരിഷ്കൃതമായ കമ്പോളങ്ങളോട് കിടപിടിക്കും മട്ടിലുള്ള വൈക്കത്തെ കച്ചവടസ്ഥാപനങ്ങളെ ഉപഭോഗസംസ്കാര ത്തിന്റെ കടന്നുവരവിന്റെ സൂചനയായി കാണാം.

പരിഷ്കാരത്തിനുതകും മട്ടിലുള്ള പലമാതിരി സാധനങ്ങളുടെ വൈവി ധ്യവും ആധിക്യവും ഇതിനടിവരയിടുന്നുണ്ട്.

'ബങ്കാളനാച്ചീനനെന്നെല്ലാനാട്ടിലെഴുന്ന
മറ്റു ഭരണിക്കൂട്ടങ്ങൾ' ചാരുള്ളകട്ടിൽ, വലുതായ
കസേര, ഈസിചെയർ, പലമാതിരി മേശ,
കൈയില്ലാത്ത കസേല, വട്ടച്ചെയർ
പണം പിടുങ്ങുന്ന യന്ത്ര ഊഞ്ഞാൽ,

അയ്യായിരം കെട്ടെങ്കിലുമായി ഒതുക്കിവെച്ചിട്ടുള്ള മെത്തപ്പായ, തഴപ്പായ, തടുക്ക്, വീട്ടികൊണ്ടുള്ള കോട്ടപ്പെട്ടി, എഴുത്തുപെട്ടി, ചെറിയ കയ്പെട്ടി, നെടുപ്പെട്ടി തുടങ്ങിയവ ഒരു ഭാഗത്ത്.

പുതിയ പരിഷ്കാരമായ വസ്ത്രവിധാനങ്ങൾ - കോട്ട്, ഷർട്ട്, ഹാഫ്ഷർട്ട്, ടൈ (കേൾക്ക കഴുത്തിലിയ്യിടെയണിഞ്ഞീടുന്നൊരാപ്പട്ടയും) ബെൽട്ട്, തൊപ്പികൾ, കൂമ്പൻ തൊപ്പി ഇവയുടെ കടകൾ മറ്റൊരിടത്ത്.

പലതരത്തിലുള്ള ശീലകൾ, ശീലക്കുടകൾ, റാന്തൽവിളക്ക്, ചിമ്മിനിവിളക്ക് തുടങ്ങിയവ.

പട്ടൻമാരുടെ പലഹാരങ്ങൾ - ഇവയിലെ പലതും അന്ന് കേരളീയർ പരിചയപ്പെട്ടു വരുന്നതേയുള്ളൂ -

പാലപ്പം വട ദോശയിഡ്ഡലിയത-
ല്ലുപ്പിട്ട റൊട്ടിത്തരം
ചേലഞ്ചുന്നൊരു പാൽമിഠായി, സുഖിയൻ,
പിട്ടെ,ന്നു തൊട്ടിങ്ങനെ
മാലോകർക്കു ഭുജിക്കുവാൻ പലതരം
ഭോജ്യങ്ങൾ നിർമ്മിച്ചുവ-
ച്ചാലോചിച്ചതു വിറ്റു ദമ്പടിപിടു-
ങ്ങും പട്ടരൊട്ടല്ലെടോ.

പുട്ട് - അത് പൂർണ്ണമായും ഈഴവന്റെ വകയാണോ അതോ ഇവിടെവന്ന മുസ്ലീമിന്റെയോ പോർട്ടുഗീസുകാരുടെയോ സംഭാവനയാണോ എന്ന് നിശ്ചയമില്ല. എന്തായാലും ഉണ്ടയും പുട്ടുമൊക്കെ ഈഴവന്റെ വകയെന്നാണ് വെയ്പ്.[23]

ബ്രാഹ്മണരുടെ ഭക്ഷണവിലക്കുകളെക്കുറിച്ച് ശാങ്കരസ്മൃതിയിൽ പറഞ്ഞിട്ടുള്ളത് ... പല്ലുകൊണ്ട് കടിച്ചുതിന്നുന്നതല്ലാതെ ഉരലിൽ കുത്തിയതൊന്നും ഭക്ഷിക്കരുത്. കഴിയുമെങ്കിൽ വായുഭക്ഷണമായിരിക്കുന്നതാണ് ഉത്തമപക്ഷം ... അശുചിയായിട്ടുള്ള ഏതന്നവും ഭക്ഷിക്കരുത്[24] എന്നാണ്.

ദോശയും ഇഡ്ഡലിയും ചട്ടിയപ്പവും വെള്ളയപ്പവും ഹൽവായും അൽബൂരിയും ഇടിയപ്പവുമെല്ലാം ഇവിടെ ഓരോരോ കാലങ്ങളിലായെത്തിയ കേരളത്തിനു പുറത്തുള്ളവരിൽനിന്നും വിദേശികളിൽ നിന്നും ലഭിച്ച വിഭവങ്ങളാണ്.[25]

മേൽ കൊടുത്ത വിവരണങ്ങൾ വച്ച് നോക്കുമ്പോൾ കേരളീയരുടെ ഭക്ഷണക്രമത്തിൽ വന്ന മാറ്റങ്ങളുടെ അടയാളങ്ങൾ ഈ ശ്ലോകത്തിലുണ്ട്.

സിന്ദൂരം, തീപ്പെട്ടികൾ, തുടൽ, കടലാസ്, റേസേഴ്സെന്ന കത്തി, പെൻസിൽ, മഷികൾ, ലക്കോട്ട്, ബ്ലോട്ടിങ് പേപ്പർ, ശീട്ട്, സോപ്പ്, പശ, പലതരം സ്റ്റീൽ പേനകൾ, പലതരം നൂൽപ്പെട്ടികൾ ഇവയും വിൽപനയ്ക്കുണ്ട്.

മുട്ടിച്ചെരുപ്പ്, വിലകൂടിയ തോൽചെരിപ്പുകൾ, മൊട്ടുസൂചി, പലതരം ഉണ്ട നൂലുകൾ, സ്ഫടിക പാത്രങ്ങൾ, കരിമണി, പൊൻമണി ഇവ ഒന്നിച്ചു കോർത്ത മാല, അടുക്ക്കൂട്, ചകലാസ്, ബോംബെകിടക്ക, കാർപെറ്റ്, ധൂളിമെത്ത, തലയിണ, അലൂമിനിയം പാത്രങ്ങൾ, സോഡാ, പോർട്ടുവെയിൻ ഇവ നിറച്ച കുപ്പികൾ പട്ടാളക്കാരെപ്പോലെ നിരന്നിരിക്കുന്നത്, ചീനച്ചട്ടി, കരണ്ടി, കിണ്ടി, തവി, നാരായം, ചട്ട

23 പി. ഭാസ്കരനുണ്ണി. 'ഭക്ഷണം', *പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം*, പുറം 44.

24 ടി. പുറം 53.

25 ടി. പുറം 44.

കം, ചോതനക്കുടം, ഇരുനാഴിക്കുടം, കാൽക്കുടം, താക്കോലുകൾ ഇരുമ്പുപാത്രങ്ങൾ (നാട്ടാർക്കുതകുന്നയസ്കൃതമതാം പാത്രങ്ങളും കണ്ടു ഞാൻ) എന്നിവയും കവി കാണുന്നു.

പൊന്നുപോലും തോൽക്കുന്ന മുക്കുപണ്ടങ്ങളുടെ വിവരവുമുണ്ട്.

പൂത്താലി, താലി, വള, തോട, പരന്ന നൂലിൽ-
ചേർത്തൊത്തതാകിയ പതക്ക,മുരുണ്ടനൂല്,
ചാർത്തുന്ന നൽക്കടക,മാക്കടിസൂത്ര, മേവം
തീർത്തന്നുകണ്ടു പല മുക്കുപണിത്തരങ്ങൾ
എന്നാലതിന്റെ ഗുണവും നിറവും നിനച്ചാൽ
പൊന്നാലയിൽക്കയറുകില്ലിനി മേലിലെന്നും
ഇന്നാലപിപ്പതിനു സംശയമില്ല പൊന്നു-
തന്നാലെ വിൽക്കുക, നമുക്കിനി മുക്കുനല്ലൂ

കൊട്ടക്കോരിക, കിണ്ടി, കോരിക, കുടം, വൻകുട്ടകം, ചെമ്പ്, തൊട്ടി, പൂവട്ട, പൂപ്പാലിക, വട്ടച്ചെമ്പുകൾ, കിണ്ണം തുടങ്ങിയവയും നിരത്തിവെച്ചിട്ടുണ്ട്.

പരദേശിമാരുടെ കടകളിൽ കോട്ടാറൻ കസവുമുണ്ടു തൂക്കിയിട്ടിട്ടുണ്ട്. അവർ റോഡിലൂടെ പോകുന്നവരെ വിളിച്ച് ആ മുണ്ടുകളുടെ മേന്മ വിവരിച്ച് പാട്ടിലാക്കുന്നുണ്ട്. പല തരത്തിലുള്ള നാഴികമണികളും കാണാൻ കഴിയുന്നുണ്ട്. സൂചി, ചരട്, പാശിച്ചുക്കിണ്ണി ഇവകൂടാതെ സ്ത്രീകൾക്കായി കേശങ്ങളും വില്പനയ്ക്കുണ്ട്.

മറ്റൊരിടത്ത് പലതരം വാഴപ്പഴങ്ങളും മാങ്ങ, ചക്ക തുടങ്ങിയവയും കൂട്ടിയിട്ട് വില്പന നടത്തുന്നു.

ഹോട്ടലുകളെക്കുറിച്ചും കവി പറയുന്നുണ്ട്.

''കാപ്പിയും ചായയും നല്ല

സാപ്പാടിനുള്ള വട്ടവും

ഏർപ്പെടുത്തീട്ടിരിക്കുന്ന

പാർപ്പിടം തത്രകണ്ടു ഞാൻ

ഇങ്ങനെ അന്നത്തെ ആളുകൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന സാധന ങ്ങളെക്കുറിച്ച് മനസ്സിലാക്കാനുള്ള മാർഗ്ഗം ഈ കൃതിയിലുണ്ട്. ഒന്നും താൻ കൂടു തലായി പറയുന്നതല്ല എന്ന് കവി പറയുന്നുമുണ്ട്.

ഓട്ടുപാത്രം പലതരം

കൂട്ടുപാകത്തിൽ വാർത്തതും

കൂട്ടീട്ടുണ്ടൊരു ദിക്കൊക്കെ-

കൂട്ടിച്ചൊല്ലുകയല്ല ഞാൻ

വൈക്കത്ത് കണ്ട കാഴ്ചകളെല്ലാം യഥാർത്ഥമായി വർണിച്ചതാണ് എന്ന് കവി തന്നെ സാക്ഷ്യപ്പെടുത്തുമ്പോൾ അത് കേരളീയസമൂഹജീവിതത്തിന്റെ ഒരു നേർക്കാഴ്ച കൂടിയാകുന്നു.

**സാഹിത്യവും ദേശീയതയും**

മലയാളഭാഷയിലും സാഹിത്യത്തിലും വരുത്തിയ പരിഷ്കാരങ്ങൾ ക്കൊപ്പം ദേശീയതയെക്കുറിച്ചുള്ള ചിന്തകളും വെൺമണിക്കവികളിൽ രൂപപ്പെട്ടിരു ന്നു. പൂരപ്രബന്ധത്തിൽ കേരളദേശത്തെക്കുറിച്ച് വെൺമണിമഹൻ പരാമർശിക്കു ന്നത് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചകൾ വെൺമണിക്കവികളിൽ പലരിലും കാണാൻ സാധിക്കുന്നുണ്ട്. ഇതിലേറ്റവും പ്രധാനം കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പരിശ്രമങ്ങളാണ്. സംസ്കൃതത്തിലുള്ള മഹാഭാര തത്തെ മലയാളത്തിലേക്ക് പദാനുപദം വിവർത്തനം ചെയ്തതിലൂടെ കേരളീയ മായ ഒരു വീക്ഷണം ആ കൃതിയ്ക്ക് കൈവരുത്താൻ കുഞ്ഞിക്കുട്ടൻതമ്പുരാന് കഴിഞ്ഞു. ഭാഷ വികസിക്കുന്നതോടെ വികസിച്ചുവന്ന ദേശീയതാബോധമാണ് ഇത്തരത്തിലുള്ള ഒരു വിവർത്തനത്തിലേക്ക് തമ്പുരാനെ നയിച്ചത്.

*കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭാരത തർജ്ജമയുടെ പ്രശസ്തിക്കു കാരണം അതിന്റെ വലിപ്പവും തർജ്ജമക്കെടുത്ത കുറഞ്ഞ സമയവും മാത്രമല്ല; ശുദ്ധപാഠം എന്ന നിലയിൽ മഹാഭാരതത്തിന് കൈവന്നിരുന്ന സമസ്ത ഭാരതീയമായ സ്വത്വതലത്തിന് ലഭിച്ച സ്വീകാര്യത കൂടിയാണ്.*

*ഒരു ശുദ്ധപാഠം എന്ന നിലയിൽ 'മഹാഭാരതം' രൂപപ്പെട്ടുവരുകയും മുഴുവൻ ഭാരതത്തെയും ഉൾക്കൊള്ളുന്നു എന്ന മട്ടിൽ അതിനൊരു സ്വത്വതലം വികസിക്കുകയും ചെയ്യുന്ന ഘട്ടത്തിലാണ് ഈ പദാനുപദ തർജ്ജമ വരുന്നത്. പുരാണങ്ങളുടെയും വേദങ്ങളുടെയും തുടർന്നുണ്ടാകുന്ന വിവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്. വിശാലമായ അർത്ഥത്തിൽ ദേശരൂപീകരണത്തെക്കുറിച്ചുള്ള ചിന്തകൾ ഈ വിവർത്തനങ്ങളിലെ അബോധങ്ങളാണ്.*[26]

വിവർത്തനത്തിന് പദാനുപദ വിവർത്തനരീതിയാണ് തമ്പുരാൻ തെരഞ്ഞെടുത്തത്. എഴുത്തച്ഛന്റേത് സ്വതന്ത്രവിവർത്തനമായിരുന്നു. പാഠത്തിനും (Text) ആഖ്യാതാവിനും പ്രാധാന്യം നൽകുന്ന പാശ്ചാത്യധാരയാണ് പദാനുപദ വിവർത്തനത്തിന് കുഞ്ഞിക്കുട്ടൻതമ്പുരാനെ പ്രേരിപ്പിച്ചത് എന്നൊരു നിരീക്ഷണം ഉമർ തറമേൽ നടത്തുന്നുണ്ട്.[27] ഭാരതീയ ഭാഷകളിൽ നിന്നും പാശ്ചാത്യഭാഷകളിലേക്കും തിരിച്ചും ധാരാളം വിവർത്തനപരിശ്രമങ്ങൾ ഉണ്ടാകുന്ന കാലത്താണ് തമ്പുരാന്റെ ഈ ഉദ്യമം. അതുവരെ കേരളത്തിൽ നിലനിന്നിരുന്ന വിവർത്തനരീതികളിൽനിന്നും വ്യത്യസ്തമായ ഒരു രീതി കൈക്കൊള്ളുന്നതിലൂടെ കേരളീയത

[26] സി. ആദർശ്. *വിഭാവങ്ങൾ വിനിമയങ്ങൾ കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2013) പുറം 131.

[27] ഉമർ തറമേൽ. 'ഇതിഹാസനോവലിനകത്തെ പാഠരൂപീകരണം: അകവും പുറവും', *തീവണ്ടി ഒരു ദേശീയമൃഗം* (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2008) പുറം 65 –66.

യിൽനിന്നും ഒരു ദേശീയ സംസ്കാരത്തിലേക്കുള്ള വിപുലനം കൂടി തമ്പുരാൻ സാധ്യമാക്കി.

കുഞ്ഞിക്കുട്ടൻതമ്പുരാൻ മഹാഭാരതം പരിഭാഷപ്പെടുത്താൻ തുടങ്ങുമ്പോൾ 'കുഞ്ഞിക്കുട്ടന്റെ ചെട്ടിപ്പായസം' എന്നാണത്രേ കൊടുങ്ങല്ലൂരിലെ പണ്ഡിതന്മാരായ തമ്പുരാക്കൻമാർ ആ പരിശ്രമത്തെ പരിഹാസരൂപേണ വിശേഷിപ്പിച്ചത്. എന്നാൽ പിന്നീട് അവർ തന്നെ ആ ഭാഷാന്തരത്തെ അഭിനന്ദിക്കുകയും കൊണ്ടാടുകയും ചെയ്തു എന്നത് സംസ്കൃതത്തിനുമേൽ മലയാളഭാഷയ്ക്ക് തന്റേടത്തോടെ തലയുയർത്തിപ്പിടിച്ച് നിൽക്കാനുള്ള കെല്പ് നേടിക്കൊടുക്കാൻ തമ്പുരാന് സാധിച്ചു എന്നതിന്റെ തെളിവുകൂടിയാണ്. കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിതമ്പുരാൻ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ചരമത്തെക്കുറിച്ചെഴുതിയ *മഹച്ച രമം* എന്ന കാവ്യത്തിൽ 'ശുകതാത സമാനനാകുമിസ്സുകവി' എന്നും 'മലയാള ക്ഷിതി ബാദരായണൻ' എന്നും അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുള്ളത് കാണുമ്പോൾ മലയാളഭാഷയുടെ മഹത്വപ്രഖ്യാപനം കൂടിയായി അതിനെ കണക്കാക്കാം.

കേരളത്തിന്റെ നാടോടിവിജ്ഞാനീയ (Folklore) രംഗത്ത് എന്തുകൊണ്ടും പരിഗണന അർഹിക്കുന്ന ഒരു കൃതിയാണ് കുഞ്ഞിക്കുട്ടൻതമ്പുരാന്റെ *കേരളം* മഹാകാവ്യം. ചരിത്രഗവേഷണ കുതുകിയായ തമ്പുരാൻ കേരളത്തിന്റെ പൂർവ്വ ചരിത്രത്തെ ആവിഷ്കരിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഇതിനായി അദ്ദേഹം കേരളത്തിലെ പല സ്ഥലങ്ങളും സന്ദർശിച്ച് അവിടുത്തെ ഐതിഹ്യങ്ങളും നാടോടിപ്പാട്ടുകളും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും കണ്ടെത്തുകയും ജാതിമ തവ്യത്യാസമോ വലിപ്പച്ചെറുപ്പമോ നോക്കാതെ ആളുകളോട് സംസാരിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. കേരള ചരിത്ര ഗ്രന്ഥങ്ങളിൽ പ്രഥമ സ്ഥാനം അർഹിക്കുന്ന ഈ കൃതി പൂർണ്ണമായും രചിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എങ്കിലും ഏഴാം സർഗം വരെ അച്ചടിച്ചതായി പഴയ മാസികകളിൽ കാണു

ന്നുണ്ട്. സ്വന്തം നാടിന്റെ ചരിത്രത്തിൽ അഭിമാനം കൊള്ളുന്ന ഒരാൾക്കുമാത്രമേ ഇത്തരത്തിലുള്ള ഒരു സംരംഭത്തിന് മുന്നിട്ടിറങ്ങാനാകൂ.

കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച ഒരു കവിതക്കത്തിൽ ഓരോ പഴയ ഗൃഹത്തിൽനിന്നും ചരിത്രഗ്രന്ഥങ്ങൾ അന്വേഷിച്ചു കണ്ടെത്താൻ ആവശ്യപ്പെടുന്നുണ്ട്. (24.1.78 ന് അയച്ച കത്ത്)

എന്നാൽച്ചരിത്ര വിഷയത്തിൽ നമുക്കു ലക്ഷ്യം
നന്നായ്ത്തിരഞ്ഞുപല വൃദ്ധഗൃഹങ്ങൾ തോറും
തന്നാൽപ്പെടുന്നപടി പിട്ടുപറഞ്ഞിളക്കൂ
തന്നാൽ പെരുത്തു ഗുണമാം കിടയായ്കിൽ വേണ്ട .........

ഇങ്ങനെ ലഭ്യമായ വസ്തുതകളെ യുക്ത്യനുസൃതമായി ക്രമപ്പെടുത്തി കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തെ രേഖപ്പെടുത്തി വെക്കുകയാണ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ ചെയ്യുന്നത്.

കന്യാകുമാരി ക്ഷിതിയാദിയായ് ഗോ-
കർണ്ണാന്തമായ് തെക്കുവടക്കു നീളേ
അന്യോന്യമംബാശിവർ നീട്ടിവിട്ട
കണ്ണോട്ടമേറ്റുണ്ടൊരു നല്ലരാജ്യം

എന്ന് *കേരളം* മഹാകാവ്യം ഒന്നാം സർഗ്ഗത്തിന്റെ തുടക്കത്തിൽ പറഞ്ഞുവെക്കുന്നു. തുടർന്ന്

ശ്രീഭാർഗവൻ പണ്ടു തപഃപ്രഭാവ-
സ്വാഭാവിക പ്രൗഢിമദോബലത്താൽ
ക്ഷോഭാകുലാംഭോധിയൊഴിച്ചെടുത്ത
ഭൂഭാഗമാണീ സ്ഥലമെന്നു കേൾപ്പൂ

എന്നാണ് വിവരിക്കുന്നത്. പരശുരാമകഥയെ അപ്പാടെ വിശ്വസിക്കുകയല്ല ഇത് വെറും കേട്ടുകേൾവിയാണെന്നാണ് കവി സൂചിപ്പിക്കുന്നത്.

ശ്രദ്ധേയമായ പല സംഗതികളും കേരളം മഹാകാവ്യത്തിലുണ്ട്. ജാതി വേർതിരിവുമൂലം പാലിക്കേണ്ട അയിത്തത്തെക്കുറിച്ച് പറയുന്നിടത്ത് എല്ലാ മനുഷ്യരുടെയും ആത്മാവ് ഒന്നാണ് എന്നു കുഞ്ഞിക്കുട്ടൻതമ്പുരാൻ സൂചിപ്പിക്കുന്നു.

ചണ്ടിത്തമേറും ചില നീചജാതി
കണ്ടിത്ര ദൂരെയ്ക്കൊഴിയാതടുത്താൽ
ഉണ്ടിങ്ങു തീണ്ടിക്കുളിയെന്നുവെച്ചൂ
പണ്ടിദ്വിജന്മാർ ശുചിതയ്ക്കുവേണ്ടി

എന്നാൽ നമ്പൂതിരിമാർ തന്നെ തങ്ങളുണ്ടാക്കിയ നിയമംകൊണ്ട് കുഴങ്ങുകയാണ്. അതുകൊണ്ടുതന്നെ ഇതത്ര കാര്യമാക്കേണ്ടതില്ല എന്നാണ് തമ്പുരാന്റെ പക്ഷം.

എന്നാലവർക്കും കുലധർമകർമ്മം
വന്നാലതിന്നൊത്തപടിക്കടുക്കാം
എന്നാണുചട്ടം, സകലർക്കുമാത്മാ-
വൊന്നാണ് .....

എന്ന പുരോഗമനചിന്ത ഇതിൽ പ്രകടമാണ്.

നമ്പൂതിരി രാജ്യഭരണം എന്ന രണ്ടാംസർഗത്തിൽ ശൂദ്രർ സംസ്കൃതം പഠിക്കരുതെന്ന നിയമം മലയാളനാട്ടിലില്ലായിരുന്നു എന്നു പറയുന്നുണ്ട്

ധിക്കൃതാന്വയജർ ശൂദ്രർ ചെയ്യൊലാ
സംസ്കൃതാദ്ധ്യയനമെന്നു നിശ്ചയം
സൽക്കൃതാര്യ മലയാള നാട്ടിലി-
ല്ലിക്കൃതക്രമമഹോ പുരാതനം

അത്യുക്തിയോ പക്ഷപാതമോ കൂടാതെ കേരളദേശത്തെ പ്രാചീന ആചാര ങ്ങളെയും ഐതിഹ്യങ്ങളെയും തന്റേതായ രീതിയിൽ വ്യാഖ്യാനിക്കുകയാണ് തമ്പുരാൻ ചെയ്യുന്നത്.

വള്ളത്തോളിലും ഉള്ളൂരിലുമെല്ലാം കാണുന്ന ദേശീയബോധത്തിന്റെ തുടക്കം വെൺമണിക്കവികളിലാണെന്ന് ഉറപ്പിച്ചുപറയാൻ ഇത്തരം കാവ്യങ്ങൾ ഉദാഹരണമായെടുക്കാവുന്നതാണ്. പൊതുവിൽ ദേശചരിത്രരചനയിൽ ആഭി മുഖ്യം കാണിച്ചിട്ടുള്ളത് പാശ്ചാത്യരാണ്. കേരളചരിത്രവും സംസ്കാരവുമെല്ലാം രേഖപ്പെടുത്താൻ തുടങ്ങിയത് അവരാണെന്നാണ് കരുതപ്പെടുന്നത്. എന്നാൽ ഈ അഭിപ്രായം തിരുത്തേണ്ടതുണ്ട് എന്നാണ് വെൺമണിമാരുടെ ആധുനികമായ ചരിത്രവീക്ഷണം ഉൾക്കൊള്ളുന്ന കാവ്യങ്ങളെ മുൻനിർത്തി എടുത്തുപറയേണ്ടത്.

കേരളത്തിന്റെ പൂർവചരിത്രം പുനഃസൃഷ്ടിയ്ക്കാൻവേണ്ടി ചരിത്രസംബ ന്ധിയും ഐതിഹ്യപ്രായമായതുമായ ധാരാളം ഗദ്യലേഖനങ്ങൾ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ചിട്ടുണ്ട്. പ്രാദേശികവിജ്ഞാനം രേഖപ്പെടുത്താനുള്ള ഈ ശ്രമം തീർച്ചയായും ദേശചരിത്രത്തിന്റെ മൂല്യം മനസ്സിലാക്കിയതുകൊണ്ടുതന്നെയാ വണം. അദ്ദേഹം രചിച്ച ഗദ്യപ്രബന്ധങ്ങൾ ഇവയാണ്.

കേളികേട്ട നമ്പൂതിരിമാർ (നമ്പൂതിരിമാരെപ്പറ്റിയുള്ള ഐതിഹ്യം)

മലയാളത്തിലെ ദേവാലയങ്ങൾ (ക്ഷേത്രങ്ങളെക്കുറിച്ച്)

തൃക്കണാമതിലകം

പെരുമനംഗ്രാമം

ആലത്തൂർഗ്രാമം

പ്രാചീന കേരളം

വെള്ള

പദ്മപാദാചാര്യർ

ശ്രീശങ്കരാചാര്യക്ഷേത്രം

മലയാളവും ബുദ്ധമതവും

ശുചീന്ദ്രം കൈമുക്ക്

കടവല്ലൂർ അന്യോന്യം

കൂറുമത്സരം

കുലുക്കമില്ലാവൂർ

ഇതുകൂടാതെ പുസ്തകപ്രദർശനത്തെപ്പറ്റി ആദ്യമായി മലയാളത്തിൽ ലേഖനമെഴുതിയതും കുഞ്ഞിക്കുട്ടൻ തമ്പുരാനാണ് എന്ന വിവരവും രേഖപ്പെടുത്തിക്കാണുന്നുണ്ട്.[28]

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ *മലയാംകൊല്ലം* എന്ന കാവ്യം കേരളത്തിൽ ഓരോ മാസത്തിന്റെയും പ്രകൃതിയെ വർണിച്ചുകൊണ്ടുള്ളതാണ്. കൊ.വ 1082 ചിങ്ങമാസം മുതൽ രസികരഞ്ജിനി മാസികയിൽ പ്രസിദ്ധീകരിച്ച ഈ കാവ്യം പന്ത്രണ്ട് സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നതാണ്.

ഇത്തരത്തിൽ കേരളദേശത്തെ കാവ്യത്തിൽ ആവിഷ്കരിക്കുകവഴി കേരളദേശീയതയെക്കുറിച്ചുള്ള ചിന്തകൾ സാഹിത്യത്തിലേക്കും ജനമനസ്സുകളിലേക്കും കടത്തിവിടാൻ ഈ കവികൾക്ക് കഴിഞ്ഞു.

സാഹിത്യത്തിനുണ്ടാകേണ്ട ജീവിതബന്ധവും മേന്മയും ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ചതുകൂടാതെ കേരളസമൂഹത്തിന്റെ ആഗ്രഹങ്ങൾ, അഭിനിവേശങ്ങൾ എന്നിവയിൽ പൂർണ്ണമായി പങ്കുപറ്റാനും സമകാലിക കേരളീയസമൂഹത്തോടും സംസ്കാരത്തോടും ജീവിതവീക്ഷണത്തോടും നീതിപുലർത്താനും വെൺമണിക്കവികൾക്കു കഴിഞ്ഞു.  കൺമുമ്പിൽകണ്ട കാര്യങ്ങളും സ്വയം അനുഭവിച്ച കാര്യ

[28] 'പുസ്തകപ്രദർശനം' ('ലക്ഷ്മീഭായി', 1909, ഡിസംബർ) ഈ ലേഖനം 'കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഗദ്യലേഖനങ്ങൾ' എന്ന പുസ്തകത്തിൽ കാണാം. എസ്.കെ.വസന്തൻ (സമ്പാ), (ഡി.സി.ബുക്സ്, കോട്ടയം, 1983).

ങ്ങളും പുരോഗമനപരമായ കാഴ്ചപ്പാടോടെ പകർത്തിവെയ്ക്കാനും ഇവർക്കുക ഴിഞ്ഞു.

ഈ പുരോഗമനചിന്ത കൂടുതൽ പ്രകടമാവുന്നത് ഈശ്വരാരാധനയിൽ ഇവർക്കുണ്ടായ കാലികമായ മാറ്റത്തിലാണ്. ഭക്തിയേക്കാൾ ഫലിതത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ഇവർ രചിച്ച മുക്തകങ്ങളിൽ നാസ്തികതയേക്കാൾ ദൈവവും മനുഷ്യനും തമ്മിലുള്ള വ്യത്യാസമില്ലായ്മയാണ് പലപ്പോഴും പ്രകടമാകുന്നത്. ദൈവങ്ങളിൽ കാണുന്ന ദൈവികത്വത്തേക്കാൾ വെൺമണിക്കവികൾ കാണാൻ ശ്രമിച്ചത് ദൈവങ്ങളിലെ മാനുഷികതയാണ്.

ചേലപ്പറമ്പ് നമ്പൂതിരിയുടെ

തണ്ടാർമാതാം രമയ്ക്കോ, തരളമിഴി-
ത്തയ്യലാളാമുമയ്ക്കോ
കൊണ്ടാടും മേനകയ്ക്കോ, സരസിജമുഖിയാ-
മുർവ്വശിക്കോ, ശചിക്കോ
വണ്ടാർപൂവേണിമാരാലടിമലർപണിയും
ഭാരതിയ്ക്കോ, രതിയ്ക്കോ
കണ്ടാൽ സൗന്ദര്യമേറുന്നത-
ഴകിയ പനയഞ്ചേരി നാരായണിയ്ക്കോ?

എന്ന ശ്ലോകത്തിൽ ദേവലോകത്തിലെ സൗന്ദര്യധാമങ്ങളെ പനയഞ്ചേരി നാരായണിയുമായി ഉപമിക്കുന്നു.

ഈയൊരു മനോഭാവം തന്നെയാണ് വെൺമണി മഹൻ നടുവത്തച്ഛന്റെ 'വെൺമണി ശ്രീരാമനെ കാണാനിടയായാൽ എന്താണ് ആദ്യം ചോദിക്കുക' എന്ന ചോദ്യത്തിന് 'അതുപിന്നെ സംശയിക്കാനുണ്ടോ? അങ്ങയുടെ ഭാര്യയെയല്ലേ രാവ

ണൻ കട്ടുകൊണ്ടുപോയത് എന്നായിരിക്കും' എന്ന മറുപടിയിൽ കാണുന്നത്. വെൺമണിക്കവിസംഘത്തിൽപ്പെട്ട മറ്റുപലരിലും ഇതിന്റെ അംശങ്ങൾ കാണാം.

ഒറവങ്കരയുടെ

പൂമാതല്ലേ കളത്രം? ചപലകളിലവൾ-
ക്കഗ്രഗണ്യത്വമില്ലേ?
പൂമെയ് പാമ്പിന്മെലല്ലേ? വിഷമെഴുവനൊ-
ന്നൂതിയാൽ ഭസ്മമല്ലേ?
ഭീമഗ്രഹാദിയാദോഗണമുടയ കടൽ-
ക്കുള്ളിലല്ലേ നിവാസം?
സാമാന്യം പോലെയെന്തുള്ളതു പറക, നിന-
ക്കത്രപൂർണത്രയീശാ! എന്ന ശ്ലോകത്തിൽ

സാധാരണക്കാർ സവിശേഷമായിക്കാണുന്ന വിഷ്ണുവിന്റെ ഗുണങ്ങളെല്ലാം - ഭാര്യയായി സുന്ദരിയായ ലക്ഷ്മീദേവി, അനന്തസർപ്പത്തിന്റെ പുറത്ത് ശയനം, പാലാഴിയിൽ വാസം ഇതെല്ലാം കവിയുടെ കണ്ണിൽ നിസ്സാരമാണ്.

ലക്ഷ്മിയെ ചപലകളിൽ ഒന്നാമത്തവളായും അനന്തനെ വിഷംചീറ്റി കൊല്ലാൻ കഴിവുള്ള ഭയപ്പെടേണ്ട പാമ്പായും, പാൽക്കടലിനെ ഭീമാകാരമായ ജലജന്തുക്കൾ വസിക്കുന്ന കടലായും കാണാൻ ഒറവങ്കരയ്ക്കു സാധിക്കുന്നു.

ശീവൊള്ളിയുടെ

നിന്നെത്താണുതൊഴുന്നവർക്കവരപേ-
ക്ഷിക്കാതെകണ്ടും, കട-
ന്നൊന്നാംക്ലാസുവരം കൊടുത്തു വിടുവാൻ
തെല്ലുപിശുക്കില്ലതേ
എന്നാലാപ്പണി ഞാനെടുക്കുകിലെനി-

ക്കെന്നും വരം നീ കൊടു-

ക്കുന്നീലായതു ഹന്ത! നിന്നുടെ കുറു-

മ്പല്ലേ കുരുംബേശ്വരി !

എന്ന ശ്ലോകത്തിലെ താണുതൊഴുന്നവർക്കുമാത്രം വരം കൊടുക്കുന്ന ദൈവങ്ങളെ പരിഹസിക്കുകകൂടിയാണ്.

കാടല്ലേ നിന്റെ ഭർത്താവിനു ഭവന,-മതേ,

നിന്റെയോ? നിൻമണാളൻ

ചൂടില്ലേ പന്നഗത്തെ;-ശ്ശൂരി, തവകണവൻ

പാമ്പിലല്ലേ കിടപ്പൂ?

മാടല്ലേവാഹനം നിൻദയിത;-നതിനെയും

നിൻപ്രിയൻ മേപ്പതില്ലേ?

കൂടില്ലേ തർക്കമിന്നെന്നുമ രമയെ മട-

ക്കും മൊഴിയ്ക്കായ്ത്തൊഴുന്നേൻ

ശിവന്റെയും വിഷ്ണുവിന്റെയും ഭാര്യമാർതമ്മിലുള്ള സംസാരമായി സങ്കല്പിച്ചു രചിച്ചിട്ടുള്ള ഈ ശ്ലോകം വേലിക്കൽനിന്നുവക്കാണിക്കുന്ന നാടൻപെണ്ണുങ്ങളുടെ വർത്തമാനംപോലെ അവതരിപ്പിക്കുന്നു.

നടുവത്തച്ഛന്റെ

തണ്ണീരല്ലേ തലയ്ക്കെപ്പോഴും, ഒരു ജലദോ-

ഷം പിടിച്ചീടുകില്ലേ?

വെണ്ണീറല്ലേ ശരീരം മുഴുനുമണിയാൻ?

തേ ചൊറിഞ്ഞീടുകില്ലേ?

കണ്ണല്ലേ തിയ്യു കഷ്ടം ! പുരഹര ! ഭഗവൻ !

ചൂടിനും പേടിയില്ലേ?

പെണ്ണല്ലേ പാതിദേഹം ? വിരുതകളിതുപോ-

ലോർക്കിൽ മറ്റാർക്കുമില്ലേ

എന്ന ശ്ലോകവും ദൈവികപരിവേഷങ്ങളെ മുഴുവൻ അഴിച്ചെടുത്ത് പകരം മാനുഷികമായ നിസ്സഹായതകളെ ഉയർത്തിക്കാണിക്കാനുള്ള ശ്രമമാണ്.

അന്ധമായ ഈശ്വരവിശ്വാസം കൈമുതലായി സൂക്ഷിച്ചിരുന്ന ഒരു വിഭാഗത്തിന്റെ പിൻമുറക്കാരായ ഈ കവികൾ ദൈവഭക്തിയേക്കാൾ ഫലിതപ്രധാനമായ ശ്ലോകങ്ങൾ രചിച്ചതിനു പിന്നിലെ യുക്തി എന്താണെന്ന് ചിന്തിക്കേണ്ടതുണ്ട്. സ്വന്തം ശക്തിയിൽ വിശ്വസിച്ചുകൊണ്ട് സമൂഹ പരിഷ്കരണത്തിന് ഇറങ്ങിത്തിരിക്കാൻ ഉള്ള മനസ്സാന്നിദ്ധ്യമാണ് ഈ ശ്ലോകങ്ങളിൽ നിന്ന് വായിച്ചെടുക്കാൻ സാധിക്കുന്നത്.

സാമൂഹ്യരംഗത്ത് അക്കാലത്തുണ്ടായ മാറ്റങ്ങൾ സാഹിത്യത്തിലേക്ക് കടന്നുവരുന്നതിന്റെ ശക്തമായ സൂചനയാണ് ഇത്തരം രചനകളിൽ നിന്ന് വായിച്ചെടുക്കാൻ കഴിയുക. കേരളീയ സമൂഹത്തിന്റെ പ്രതിഫലനം വെൺമണിക്കവികളിൽ ഓരോരുത്തരിലും കാണാൻ സാധിക്കുന്നുണ്ട്. വളരെ പതുക്കെ മാറിക്കൊണ്ടിരിക്കുന്ന ആ കാലഘട്ടത്തെ സാഹിത്യത്തിലൂടെ പ്രതിഫലിപ്പിക്കുകയായിരുന്നു വെൺമണിക്കവികൾ എന്ന് മനസ്സിലാക്കാൻ അവരുടെ കാവ്യങ്ങളിലൂടെ കടന്നുപോയാൽ മതി. എന്നാൽ ഇത് എല്ലാകവികളിലും അവരുടെ കാവ്യങ്ങളിലും ഒരുപോലെയല്ല പ്രകടമായത്. പൂന്തോട്ടത്തച്ഛൻ നമ്പൂതിരി മുതൽ തുടങ്ങുന്ന സാഹിത്യത്തിലെ ഈ സാമൂഹിക പ്രതിഫലനം ഓരോ കവികളിലൂടെയും ക്രമികമായി വികസിക്കുകയാണുണ്ടായത്. പൂന്തോട്ടത്തച്ഛൻ കേരളീയ ഭൂപ്രകൃതിയെയും സാധാരണക്കാരെയും കാവ്യങ്ങളിലേക്കാവാഹിച്ച് മാറ്റത്തിന് തുടക്കം കുറിച്ചപ്പോൾ വെൺമണി അച്ഛനും മഹനും കുഞ്ഞിക്കുട്ടൻതമ്പുരാനും ഒറവങ്കരയും ശീവൊള്ളിയും നടുവത്തച്ഛനും മഹനുമെല്ലാം ഓരോ രീതിയിൽ അവർ ജീവിച്ച സമൂഹത്തെ തങ്ങളുടെ രചനകളിൽ രേഖപ്പെടുത്തി ആവിഷ്ക്കരിക്കാൻ ബോധ

പൂർവ്വം തന്നെ ശ്രമിച്ചിട്ടുണ്ട്. ഈ ശ്രമത്തിൽ വായനക്കാരെ വളരെ അമ്പരിപ്പിക്കുന്ന തരത്തിൽ ജനവികാരങ്ങളെ ഉൾക്കൊണ്ട് ആധുനിക സാഹിത്യത്തെയും ജനസംസ്കാരത്തെയും ഉയർത്തിപ്പിടിക്കാൻ ശ്രമിച്ച കവി നടുവത്ത് മഹൻ നമ്പൂതിരിയാണ്. അദ്ദേഹത്തിന്റെ കാവ്യപരിശ്രമങ്ങളെ വേണ്ട രീതിയിൽ തിരിച്ചറിയാൻ കഴിയാതെ പോയത് സാഹിത്യ ചരിത്രകാരൻമാർക്ക് സംഭവിച്ച വലിയ ഒരു പിഴവാണെന്ന് പറയാതിരിക്കാൻ സാധ്യമല്ല.

**ദേശീയ സ്വാതന്ത്ര്യബോധവും നടുവത്ത് മഹൻ നമ്പൂതിരിയും**

ഭാരതമൊട്ടാകെയുള്ള ജനങ്ങളുടെ സ്വാതന്ത്ര്യവാഞ്ഛയെ മുന്നോട്ടുനയിച്ച വികാരമായിരുന്നു ഗാന്ധി. സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് ദേശാഭിമാന പ്രചോദിതമായ അനേകം കാവ്യങ്ങളും രചിയ്ക്കപ്പെട്ടിട്ടുണ്ട്. അക്കാലത്ത് നടുവം മഹൻ രചിച്ച ഗാന്ധി, ഗാന്ധി വിജയ പ്രാർത്ഥനാശതകം, ആശ്രമപ്രവേശം എന്നീ കാവ്യങ്ങൾ ഇവർ കാലത്തിനൊപ്പം തന്നെയാണ് സഞ്ചരിച്ചിരുന്നത് എന്നതിന് തെളിവായി ഉയർത്തിപ്പിടിക്കാവുന്നവയാണ്.

ഗാന്ധി (മഹാത്മാ) എന്ന പേരിൽ നടുവംമഹൻ എഴുതിയ കാവ്യം ബ്രിട്ടീഷ് ഭരണാധികാരികളെ വെല്ലുവിളിക്കുകയും നിസ്സാരമായി പരിഹസിക്കുകയും ഗാന്ധി എന്ന ശക്തനായ വ്യക്തിയുടെ ഔന്നത്യം തിരിച്ചറിഞ്ഞ് പുകഴ്ത്തുകയും ചെയ്യുന്ന കാവ്യമാണ്. രചിച്ച കാലത്ത് മഹത്വം തിരിച്ചറിയപ്പെടാതെ പോയ ഒരു കാവ്യമാണിത്. 'കവിതാചരിത്രമെഴുതുന്ന കാലത്ത് ഈ കാവ്യം വായിക്കാൻ കഴിഞ്ഞിരുന്നില്ലെന്ന് ലജ്ജയോടെ കുറ്റമേറ്റുപറയാൻ ഞാനീ സന്ദർഭം ഉപയോഗപ്പെടുത്തട്ടെ' എന്ന് എം. ലീലാവതി നടുവംകൃതികളുടെ അവതാരികയിൽ പറയുന്നുണ്ട്.[29]

1868-1944 കാലഘട്ടമാണ് നടുവം മഹന്റെ ജീവിതകാലം. ഈ കാലഘട്ടം

[29] എം. ലീലാവതി. *നടുവം കൃതികൾ*, അവതാരിക പുറം 37.

ഇന്ത്യൻ സ്വാതന്ത്ര്യസമരം വളരെ സജീവമായ കാലം കൂടിയാണ്. എന്നാൽ ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇത്രയും രൂക്ഷമായി ശബ്ദിക്കുന്ന ഒരു കൃതി അതിനുമുമ്പോ ശേഷമോ എഴുതപ്പെട്ടിട്ടില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തെക്കുറിച്ചുള്ള കൃത്യമായ ധാരണയും നടുവം മഹന്റെ കൃതിയെ ശ്രദ്ധേയമാക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രവും മലയാള സാഹിത്യത്തിൽ ഈ സമരത്തിന്റെ സ്വാധീനവും പഠനവിധേയമാക്കുമ്പോൾ അതിൽ പ്രാധാന്യപൂർവ്വം അടയാളപ്പെടുത്തേണ്ട ഒന്ന് നടുവം മഹന്റെ മേൽപ്പറഞ്ഞ മൂന്ന് കാവ്യങ്ങളാണ്. അന്നത്തെ ഒരു ബ്രാഹ്മണ സമുദായാംഗത്തിൽ നിന്ന് പ്രതീക്ഷിക്കാവുന്നതിൽ കൂടുതൽ ദേശീയ ബോധം നടുവം മഹന് ഉണ്ടായിരുന്നു എന്നതിന് ഈ കാവ്യങ്ങൾ തെളിവാണ്. ബ്രിട്ടീഷ് ഭരണത്തെ ഒളിഞ്ഞോ തെളിഞ്ഞോ എതിർക്കാൻ ഭയപ്പെട്ടിരുന്ന അക്കാലത്ത് ഈ കവി പ്രകടിപ്പിക്കുന്ന രാഷ്ട്രീയബോധം വിസ്മയിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്യും.

തൊണ്ണൂറ്റി രണ്ട് ശ്ലോകങ്ങളാണ് 'ഗാന്ധി'യിലുള്ളത്. രണ്ടാമത്തെ ശ്ലോകത്തിൽത്തന്നെ ഗാന്ധിജിയുടെ ഒരു യഥാർത്ഥ ചിത്രം വായനക്കാർക്ക് മനസിലാവും വിധം വരച്ചു ചേർത്തിട്ടുണ്ട്. കാശില്ലാത്ത ഇരവാളിപോലെയാണ് ഗാന്ധിജിയുടെ നടപ്പെന്നും പത്നിയും ഗാന്ധിയും കൂടി സ്വയം വരിച്ച ദാരിദ്ര്യത്തിലാണ് ജീവിതം എന്നും ഈ ശ്ലോകത്തിൽ പറഞ്ഞുവെയ്ക്കുന്നു.

ഗാന്ധിജിയെ തടവിലാക്കിയ ബ്രിട്ടീഷുകാരെ കവി കണക്കിനു കളിയാക്കുന്നുമുണ്ട്. ഗാന്ധി ഇന്ത്യക്കാരുടെ നന്മയെയും ഉയർച്ചയെയും മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നയാളാണ്. ആ ഗാന്ധി ജയിലിനെയും ആശ്രമതുല്യമായി കണക്കാക്കുന്നു എന്ന് സൂചിപ്പിക്കുന്നു. രൂക്ഷമായ പരിഹാസം ഈ കാവ്യത്തിൽ വേണ്ടുവോളമുണ്ട്.

കൃസ്ത്യന്മാർക്കേശു ഹള്ളാവഴകിയ മുസിൽമാ-
ന്മാർക്ക് ഹിന്തുക്കളായോർ-

ക്കത്യന്തം സത്യനിത്യപ്രഭ തടവിനചിൽ-
കാതലെന്നാണു ബോധ്യം
നിത്യസ്ഥാനത്തിവണ്ണം പരിചൊടു പരിശോ-
ഭിച്ചിടും ഗാന്ധിയിൽ ദു-
ഷ്കൃത്യം കല്പിച്ച സാക്ഷാൽ ജഡ്ജിയവർകളേ!
നിങ്ങളെ കൈതൊഴാം ഞാൻ

എന്ന ഒമ്പതാം പദ്യവും

എല്ലിന്മേൽ തൊലി തേച്ച മെയ്യും ഉദരവും, അക്രമം വെല്ലുന്ന ദൃഷ്ടിയും ചിരിച്ച മുഖവും ഒറ്റ വസ്ത്രവും ഒക്കെയായുള്ള ശാന്തരസത്തിന് പര്യായമായ ഗാന്ധിയെ തടവിലിട്ട ന്യായാധിപനെ തൊഴാം എന്നു പറയുന്ന പതിമൂന്നാം പദ്യവും ഇത്തരത്തിൽ വിപരീതാർത്ഥബോധം ജനിപ്പിക്കുന്നവയാണ്.

ദക്ഷിണാഫ്രിക്കയിൽ വെച്ച് ഗാന്ധിജിയ്ക്ക് നേരിടേണ്ടിവന്ന വൈഷമ്യങ്ങളുടെ സൂചനയും കവി നൽകുന്നുണ്ട്.

സൗത്താഫ്രിക്കയിൽ വെച്ചു ഗാന്ധിജിയെ ജയിലിലടച്ച് മർദ്ദിച്ചതും കോടതിയിൽ എത്താൻ കഴിയാതാക്കിയതും 'വഴിയിലിട്ടെന്തോക്കെയോ ചെയ്തതും' എല്ലാം അവഗണിച്ച് അദ്ദേഹം അവിടെ വിജയം കണ്ടെതുമെല്ലാം കവി വിവരിക്കുന്നുണ്ട്. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർ അനുഭവിക്കുന്ന കഷ്ടതകൾക്ക് എതിരായി ഗാന്ധിജി നടത്തിയ പ്രവർത്തനങ്ങൾ കവി മനസിലാക്കിയിരുന്നു.

ഗാന്ധിജിയെ ഒരു പക്ഷേ കൊല്ലാൻ കഴിഞ്ഞേക്കാം. എന്നാൽ ഗാന്ധിസിദ്ധാന്തത്തെക്കൊല്ലുവാൻ ഒരു തോക്കിനും കഴുമരത്തിനും ബോംബിനും കഴിയില്ല എന്നു കവി ഉറപ്പിക്കുന്നു.

ജൈലിൽ കൂട്ടുപിടിച്ചു നീ കലഹമു-
ണ്ടാക്കുന്നുവോ? പൽ പറി-

ച്ചാലിന്നെന്തിഹ വാതുറക്ക കുടിൽ ഞാൻ

നീർത്തട്ടെയെന്നോതവേ

ചേലിൽ പുഞ്ചിരിയോടു ഗാന്ധിജിയുടെ പ-

ല്ലാഫ്രിക്കരാജ്യത്തിലെ-

ജ്ജെജലിന്നുള്ളധിപൻ പറിച്ചതു വിഷ-

പ്പല്ലല്ലതോർമ്മിക്കുവിൻ!

എന്ന് താക്കീത് നൽകാനും കവി മറക്കുന്നില്ല

ബ്രീട്ടീഷുകാരെ നിശിതമായി വിമർശിക്കുന്ന അനേകം ഭാഗങ്ങൾ ഈ കാവ്യത്തിലുണ്ട്.

യുദ്ധകാലത്തു 'ലണ്ടൻ' നഗരിയിലമരും

ഗാന്ധി നിങ്ങൾക്കുവേണ്ടി-

ബ്ബദ്ധശ്രമം പ്രയത്നിച്ചതിനൊരു ഫലമ-

ദ്ദേഹമോർക്കാതിരിക്കെ

സദ്ധർമ്മം നാട്ടിലെങ്ങും നിയതമുയരുവാൻ

വൻതപം ചെയ്‌വതിന്നായ്

ബദ്ധപ്പെട്ടേകി ജേലാശ്രമവിജനപദം

നിങ്ങളൗദാര്യവാന്മാർ

'ലേഡിസ്മിത്തി'ൽ നടന്ന യുദ്ധമതില-

ത്യന്തം പ്രയത്നിക്കയാൽ

'ഫാർഡിഞ്ചാം' പ്രഭു 'കെയിസർഹിന്തി' മെഡലീ

ഗാന്ധിക്കു നൽകീടിനാൽ

റീഡിംഗെന്ന മഹാമഹാ പ്രഭുവതിൽ

തൃപ്തിപ്പൊടാഞ്ഞിന്നിതാ

'കേഡി' കൂടുകൊടുത്തു നമ്മുടെ മഹാ-

ത്മാവിന്നു രണ്ടും രസം

പൊതുസേവനത്തിനുള്ള ബഹുമതിയായി 1900-'47 കാലയളവിൽ ബ്രിട്ടീഷുകാർ നൽകിയിരുന്ന കൈസർ-ഇ-ഹിന്ദ് എന്ന ഈ ബഹുമതി ഗാന്ധിജിയ്ക്കും ലഭിച്ചിരുന്നു. 1921 ൽ അദ്ദേഹം ഈ ബഹുമതി തിരികെ നൽകി.

ഗാന്ധിജി ബ്രിട്ടീഷുകാർക്ക് നൽകിയ സഹായത്തിനു പകരമായി ഗാന്ധിജിക്ക് അവർ ജയിൽ ജീവിതം സമ്മാനിച്ചതാണ് എന്ന് ഇതിൽ വിമർശിച്ചിരിക്കുന്നു.

മലബാറിലെ ഖിലാഫത്ത് പ്രസ്ഥാനത്തെക്കുറിച്ചും വാഗൺ ട്രാജഡിയെക്കുറിച്ചും ആനുഷംഗികമായ പ്രസ്താവനകളും ഇതിലുണ്ട്.

അല്പാല്പം കൃഷിയും കഴിച്ചിലിനുപോയ്-
ത്തട്ടിപ്പറിക്കൊള്ളയെ
ന്നേർപ്പാടാക്കിയെഴുന്ന കൂട്ടർ മലബാർ
വാഴുന്നോരജ്ഞോനകർ
തപ്പായിങ്ങനെ മല്ലിടിച്ചു സൊയിര-
ക്കേടാ ഖിലാപത്തുകാ-
ർക്കിടപ്പാടൊക്കെ വരുത്തി ദുഷ്ടവികൃതി
ക്കൂട്ടങ്ങളച്ചേട്ടകൾ

എന്ന് മാപ്പിള ലഹളയെക്കുറിച്ചും

പഞ്ചാബീ മലബാറിതൊക്കെ നിരുപി-
ക്കുമ്പോൾ കരിങ്കല്ലിനും
നെഞ്ചാടും ഡയറാമതാതൊഡയറാ-
ത്തോമാസ്സുമമ്പമ്പടാ!
അഞ്ചാതുള്ള ജനങ്ങളില്ല കൊലയും
കൂത്താട്ടവും കൊള്ളയും

സഞ്ചാരത്തൊടു ദാഹമാർന്ന മൃതിയും
തീവണ്ടിയിൽസ്സങ്കടം

എന്ന് ജാലിയൻവാലാബാഗ് കൂട്ടക്കൊല, വാഗൺട്രാജഡി എന്നിവയെക്കുറിച്ചും രേഖപ്പെടുത്തുന്നു.

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഇന്ത്യക്കാർ മുഴുവൻ തടവിലാണ് എന്നാണ് നടുവം മഹന്റെ അഭിപ്രായം.

വയ്യേ! സ്വാതന്ത്ര്യമില്ലൊന്നിനുമൊരു പൊഴുതും
ദൈവമേ! ചൊന്നതൊക്കെ-
ച്ചെയ്യേണം ചെറ്റുമെന്നല്ലവരുടെ തുണിയും
വാങ്ങി ജീവിച്ചിടേണം
കയ്യേല്ക്കും സർവ്വഭോഗങ്ങളുമരികിലിരു-
ന്നൊക്കെയും കാണണം-

ഇങ്ങനെ യാതൊരു സ്വാതന്ത്ര്യവുമില്ലാതെ ബ്രിട്ടീഷുകാരുടെ അടിമകളായി ജീവിക്കുന്നതിൽ കവിയ്ക്കും അമർഷമുണ്ട്. അവരുടെ തുണിയും വാങ്ങി ജീവിച്ചി ടേണം എന്ന പ്രയോഗം ശ്രദ്ധിയ്ക്കുക. വിദേശവസ്ത്രം ബഹിഷ്ക്കരിക്കേണ്ട താണ് എന്ന ബോധ്യമാണിത്. മാത്രമല്ല ഞങ്ങൾ മനുജന്മാരാണ് പോത്തുകളല്ല. യുദ്ധം ഞങ്ങൾ ഭയക്കുന്നില്ല. സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്ത് ജയിലിൽ പോകാനും തങ്ങൾക്ക് ഭയമില്ല എന്നെല്ലാം നട്ടെല്ലുയർത്തിത്തന്നെ കവി പറയുന്നു.

മനുഷ്യരെല്ലാം സമന്മാരാണ്. എല്ലാ ജാതിക്കാരും ഒരുമിച്ച് മുന്നേറേണ്ട താണ്. അയിത്തം ആചരിക്കുന്നത് അജ്ഞാനികളാണ്. എന്നിങ്ങനെയുള്ള പുരോ ഗമനാത്മകമായ ചിന്തകളും ഈ കാവ്യം പകർന്നു നൽകുന്നുണ്ട്.

ഉള്ളിൽ തുള്ളൽ വരായ്ക, ജാതിമതഭേദത്തിൽ ഭ്രമം കാരണം 'ഭള്ളിൽപ്പെട്ടു മദിച്ചിടായ്ക', എല്ലാം സമമായി വിചാരിക്കുക, പള്ളിയിലും അമ്പല

ത്തിലും ഉള്ള ദൈവത്തെ വെവ്വേറെയെന്ന് കരുതിടായ്ക, ശുദ്ധാശുദ്ധങ്ങളെ പിൻതുടരുന്നത് അജ്ഞാനമാണെന്ന് മനസ്സിലാക്കുക, മദമാത്സര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുക, തീണ്ടൽ തൊടീൽ എന്നിങ്ങനെയുള്ള അനാചാരങ്ങളിൽ ഉള്ള ദുർവാശി വെടിയുക, ഇങ്ങനെ നടുവം മഹൻ ജീവിച്ച കാലത്തെ പുരോഗമ നാശയങ്ങളെ മുഴുവൻ അദ്ദേഹം അംഗീകരിക്കുന്നു എന്നതിന് ഇതിൽ കൂടുതൽ തെളിവ് വേണ്ട.

സാമ്രാജ്യത്വമേൽക്കോയ്മയ്ക്കെതിരെ സംഘടിച്ചു പ്രവർത്തിക്കാനും ബ്രിട്ടീഷ് സംസ്കാരത്തെയും ഭാഷയെയും തള്ളിപ്പറഞ്ഞുകൊണ്ട് മഹത്തായ ഭാരതീയ പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കാനും അദ്ദേഹം ഭാരതജനതയെ ആഹ്വാനം ചെയ്യുന്നു.

ലണ്ടൻപിട്ടിൽ മയങ്ങിടായ്ക, വിലയില്ലാത്ത ഇന്നത്തെ പരിഷ്കാരവും ഭാര തത്തിന്റെ പഴയ മഹത്തായ സ്ഥിതിയും ഓർക്കുക, ഇന്ത്യയുടെ നിലകേട് അക റ്റുക എന്നിങ്ങനെ പറയുന്ന കവി വെള്ളക്കാർ ഇന്ത്യയുടെ അഭിവൃദ്ധിയ്ക്ക് ഉപകാ രമുള്ള വകയല്ല എന്നും തിരിച്ചറിയുന്നുണ്ട്.

ഇംഗ്ലീഷുകാരുടെ മട്ടിൽ നടക്കുകയും അവരോട് കൂറു കാണിക്കുകയും ചെയ്യുന്ന ഇന്ത്യക്കാരെ സ്വന്തം വിലയറിയാത്ത പാവങ്ങൾ എന്നാണ് കവി വിശേ ഷിപ്പിക്കുന്നത്.

സായുബ്ഭാഷപഠിച്ചു ലണ്ടനിലുമാ-
പ്പാരീസ്സിലും പോകുകിൽ
സായുജ്യം വരുമെന്നുറച്ചു നിലയും
വിഖ്യാതിയും ജാതിയും
ആയുസ്സും കളയുന്നു, യോഗ്യതനടി -
ച്ചീടുന്നു, യൂറോപ്യരിൽ

ചായുന്നൂ വഴികേടിലൊക്കെ; യിവരെ-

പ്പാവങ്ങളെന്നോർക്കണം

എന്നും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ നിരർത്ഥകതയെക്കുറിച്ച്

ശാസ്ത്രം, ഗീത തുടങ്ങിയുള്ളതഖിലം

ചൊല്ലിപ്പഠിപ്പിക്കണം,

വസ്ത്രം നാം ഖദറാക്കണം, കളയണം

വൈദേശികാഡംബരം

അത്രത്യർക്കു പഠിപ്പിനുള്ള വിഷയം

നാം താനുറപ്പിക്കണം.

ചിത്രം! ലണ്ടനിലെപ്പഠിപ്പു മുഴുവൻ

ശുദ്ധം ബയസ്കോപ്പുതാൻ

എന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

വള്ളത്തോൾ നാരായണമേനോൻ രചിച്ച *എന്റെ ഗുരുനാഥൻ* എന്ന കവിതയാണ് ഗാന്ധിയെക്കുറിച്ച് രചിച്ചവയിൽ ഏറ്റവും പ്രശസ്തമായ മലയാള കാവ്യം. എന്നാൽ നടുവം മഹൻ പ്രകടിപ്പിക്കുന്ന ദേശീയ രാഷ്ട്രീയബോധവും ധൈര്യവും തന്റേടവും മലയാള സാഹിത്യത്തിൽ അതിനു മുമ്പോ ശേഷമോ കണ്ടിട്ടില്ല. ഭാരതസ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള പഠനഗവേഷണങ്ങൾക്ക് ഒരു ആധികാരിക രേഖയായി നടുവം മഹന്റെ 'ഗാന്ധി' എന്ന കവിതയെ പരിഗണിക്കാം.

ഗാന്ധിവിജയ പ്രാർത്ഥനാശതകം, ആശ്രമപ്രവേശം എന്നീ കാവ്യങ്ങളും സമാനമായ ഉള്ളടക്കം ഉൾക്കൊള്ളുന്നവയാണ്.

ഗാന്ധിജിയെ ജയിൽമുക്തനാക്കാനും ഭാരതത്തെ രക്ഷിക്കാനും ജഗദംബികയോട് പ്രാർത്ഥിക്കുകയാണ് ഗാന്ധിവിജയ പ്രാർത്ഥനാശതകത്തിൽ നടുവം മഹൻ ചെയ്യുന്നത്.

ഗാന്ധിജിയെ തുറുങ്കിലടച്ചത് നീതികേടായി എന്ന് കവി ഈ കാവ്യത്തിലും ആവർത്തിക്കുന്നുണ്ട്. എല്ലായിടത്തും അനീതി നിറഞ്ഞ ഭരണമാണെന്നും ജന്മഭൂമിയെ രക്ഷപ്പെടുത്താനുള്ള ശ്രമമാണ് ഗാന്ധിജി ചെയ്തതെന്നും കവി പറയുന്നു.

നൂലുനൂറ്റു തുണിനെയ്തു ലണ്ടനെ-
പ്പോലുയർത്തിവിടുമിന്ത്യയാ മഹാൻ,
നാലുനാളിനകമാപ്പദാശ്രിതൻ
ജേലുവിട്ടുവരണം, ജയിക്കണം

ഭാരതഭൂമിയുടെ സൗന്ദര്യവും ഐശ്വര്യവുമെല്ലാം കെട്ടുപോയിരിക്കുന്നു എന്നും കവി വിലപിക്കുന്നുണ്ട്. ഭാരതക്ഷിതിയുടെ മുടി ചാലിൽ വീണു കിടക്കുന്നു കഴുത്തിലെ താലിയും കെട്ടഴിഞ്ഞിരിക്കുന്നു; ചേല് ഇടിഞ്ഞു പോയിരിക്കുന്നു എന്നിങ്ങനെയുള്ള കല്പനകളിലൂടെ ബ്രിട്ടീഷ് ഭരണത്തോടെ ഇന്ത്യാരാജ്യത്തിന് വന്ന വിപത്ത് കവി രേഖപ്പെടുത്തിയിരിക്കുന്നു.

മർദ്ദനമുറകൾ കൊണ്ട് നാട്ടുകാർ പൊറുതിമുട്ടിയിരിക്കുന്നു. കോടിക്കണക്കിനാളുകളെ ജയിലിലടച്ചിരിക്കുന്നു എന്നിങ്ങനെ ബ്രിട്ടീഷുകാർ ഇന്ത്യക്കാരോടു ചെയ്യുന്ന ക്രൂരതകൾ കവി വിളിച്ചു പറയുന്നുണ്ട്.

ഗാന്ധി ജയിലിലായതിനു കാരണം ബ്രിട്ടീഷ് ഭരണത്തെ വിമർശിച്ചതാണെന്നും വ്യക്തമാക്കുന്നുണ്ട്.

ലണ്ടനിന്ത്യയിവയെബ്ഭരിപ്പവ-
ർക്കുണ്ടകത്തു പല പക്ഷപാതവും
കണ്ടറിഞ്ഞതു വിളിച്ചുചൊന്നചൊ-
ല്ക്കൊണ്ട ഗാന്ധി ഗിരിജേ! തുറുങ്കിലായ്.

വിദേശവസ്ത്രം ബഹിഷ്കരിച്ച് നമ്മൾ തന്നെ നെയ്ത വസ്ത്രങ്ങൾ പ്രചരിപ്പിക്കേണ്ടതിനെക്കുറിച്ച് ഈ കാവ്യത്തിലും കവി ഓർമ്മിപ്പിക്കുന്നുണ്ട്.

ക്ലേശിയായ്ക കളകാശു നമ്മൾ വൈ-
ദേശികങ്ങൾ പരവസ്ത്ര ഭൂഷകൾ
വാശിയായ്ത്തുണികൾ ചർക്കനൂറ്റനൂൽ
വീശിനെയ്യുക, നടന്നു വിൽക്കുക
ശക്തിയീസ്സഹകരിക്കയിൽ പരം
ശക്തികാര്യപരിപാടി പാളിയിൽ
മുക്തിമാർഗ്ഗമിതുതന്നെ നൊമ്മളിൽ
ഭക്തിയുള്ളവരിതൊക്കെ നോക്കണം

കാലഭേദമോ ദേശഭേദമോ ഇല്ലാതെ ആബാലവൃദ്ധം ജനങ്ങളും ഈ പ്രചാരണപരിപാടിയിലേക്ക് ഇറങ്ങണം എന്നും സുശീലകളായ വനിതകളും ഇതിനു വേണ്ടി പ്രവർത്തിക്കണം എന്നും ജയിക്കുന്നതുവരെ എല്ലാവരും ഒത്തൊരുമയോടെ നിൽക്കണം എന്നും കവി എഴുതിക്കാണുന്നു.

നിറഞ്ഞുനിൽക്കുന്ന ഗാന്ധിഭക്തിയും ഇന്ത്യൻ ജനതയുടെ കഷ്ടപ്പാടുകളും ബ്രിട്ടീഷ് വിരോധവും തന്നെയാണ് ഈ കാവ്യത്തിലെയും വിഷയം.

ആശ്രമപ്രവേശം ഇതിൽനിന്നും വ്യത്യസ്തമാണ്. കസ്തൂർബായോട് ഗാന്ധി ചെയ്യുന്ന ഉപദേശമാണ് ഇതിലെ പ്രമേയം. താൻ സ്വയം വരിച്ച സന്യാസാശ്രമത്തിലേക്ക് ഇഴുകിച്ചേരാൻ സഹധർമിണിയെക്കൂടി പ്രാപ്തയാക്കുന്ന തരത്തിൽ അവളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്ന ഗാന്ധിയെയാണ് ഈ കാവ്യത്തിൽ കാണാൻ സാധിക്കുന്നത്. ഇത്തരത്തിൽ സ്വതന്ത്രമായ ഒരു ഭാവന അക്കാലത്ത് മറ്റുള്ളവർക്ക് സങ്കല്പിക്കാൻ പോലും സാധ്യമായിരുന്നില്ല എന്നതാണ് ഈ കാവ്യത്തെ ശ്രദ്ധേയമാക്കുന്നത്. സഹധർമ്മിണിയെ നിർബന്ധപൂർവ്വം പുതിയ ജീവിത സാഹചര്യത്തിലേക്ക് കൂട്ടിക്കൊണ്ടു വരികയല്ല ഗാന്ധി ചെയ്യുന്നത്. സന്യാസാശ്രമവും ഗൃഹസ്ഥാശ്രമവും ഒരുമിച്ച് കൊണ്ടുപോകാം എന്ന വീക്ഷണമാണ് ഈ കാവ്യവിഷയത്തെ നൂതനമാക്കുന്നത്.

തന്റെ പത്നിയോട് അതിരറ്റ ആദരവോടെ മനുഷ്യജീവിതത്തിന്റെ മഹത്വ ത്തെക്കുറിച്ച് പല പുരാണകഥകളെ ഉദാഹരിച്ച് വിവരിക്കുന്നതിനിടയിൽ ഗാന്ധി ജിയെ ജയിലിലേക്ക് കൊണ്ടുപോകാൻ ആളെത്തി. ഈ സമയത്ത് തന്റെ പതി യുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കുകയും സത്യാഗ്രഹ സമരത്തിലേക്ക് കസ്തൂർബയും പങ്കു ചേരുകയും ചെയ്യുന്നു എന്നുമാണ് കവികല്പന. ഇതിൽ ഗാന്ധിയുടെ രക്ഷയ്ക്കായി ക്രിസ്തുവിനെക്കൂടി കസ്തൂർബ പ്രാർത്ഥിക്കുന്നതായി കാണുന്നു. ക്രിസ്തു ജനരക്ഷയ്ക്കായി ത്യാഗം ചെയ്തതുപോലെയാണ് ഗാന്ധി ജിയുടെ പ്രവർത്തനങ്ങളും എന്നാണ് കവി സൂചിപ്പിക്കുന്നത്.

ക്ലേശിച്ചൂഴിയുമിജ്ജനങ്ങളുമുഴ-
ന്നീടാതിരിക്കേണമെ-
ന്നാശിച്ചായതിനായ് തുനിഞ്ഞു വളരെ
ക്കാലം പ്രയത്നിച്ചവൻ,
വാശിക്കുള്ളിളകാതെ ചെന്നു കുരിശിൽ
തൂങ്ങിക്കിടന്നീടിനോ-
രേശിക്രൈസ്റ്റടിയന്റെ സൽഗുരുവിനെ
പാലിക്കണം കാന്തനെ

ഇവിടെ ഗാന്ധിജിയെ കസ്തൂർബാ ഗുരുവായി പരിഗണിച്ചിരിക്കുന്നു എന്നും കാണാം.

ചർക്കയും നൂൽനൂൽപ്പും വിദേശവസ്ത്ര ബഹിഷ്കരണവും ഗാന്ധിഭ ക്തിയും എല്ലാം സാഹിത്യത്തിലേക്ക് കടന്നുവരാനും സ്വാതന്ത്ര്യ സമരത്തിന്റെ തീക്ഷ്ണ ഭാവങ്ങൾ കാവ്യങ്ങളിലാവിഷ്ക്കരിക്കാനും മലയാളത്തിലെ കവികൾക്ക് മാർഗ്ഗ ദർശകമായത് ഈ രചനകളായിരിക്കണം. എന്നാൽ ദേശീയ പ്രസ്ഥാനത്തി ന്റെയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും ആശയങ്ങൾ സാഹിത്യത്തിലാവാഹി ക്കാൻ ശ്രമിച്ച വള്ളത്തോളിനോ ഉള്ളൂരിനോ നേരിട്ട് ബ്രിട്ടീഷുകാരെ മുഖത്തു

നോക്കി പരിഹസിക്കാനും പുച്ഛിക്കാനും നടുവം മഹൻ കാണിച്ച ധീരത ഇല്ലാതെ പോയി എന്നു പറയാം.

> *നടുവത്തു മഹന്റെ ഗാന്ധി, ആശ്രമ പ്രവേശം തുടങ്ങിയ കവിതകൾ കാഴ്ചവെയ്ക്കുന്ന അമ്പരപ്പിക്കുന്ന ദൂരവീക്ഷണവും ഉൾക്കാഴ്ചയും എന്റെ മനസ്സിൽ തട്ടി. സാധാരണ കവികൾ തിരുനാൾ മംഗളങ്ങൾ എഴുതി കാലയാപനം ചെയ്തിരുന്ന സമയത്താണ് അദ്ദേഹം ഏഷ്യയും ആഫ്രിക്കയും മറ്റും ഭരിച്ചിരുന്ന ധരമാരെ നട്ടെല്ലു നിവർത്തിനിന്ന് അർത്ഥമുള്ള വാക്കിനാൽ വെല്ലുവിളിച്ചത്. തന്നെയല്ല, ഗ്രീസും അയർലണ്ടും ഈജിപ്തും മറ്റ് പ്രാചീന സംസ്കൃതികളും ഭാരതത്തെപ്പോലെത്തന്നെ കോളനി ഭരണത്തിന്റെ ചങ്ങലയിൽ കിടക്കുന്ന സഹോദരിമാരായി അദ്ദേഹം കാണുന്നു. വള്ളത്തോൾ രംഗത്തെത്തും മുമ്പാണ് ഇതെന്ന് മറക്കരുത്.*[30]

നടുവം മഹൻ പ്രകടിപ്പിക്കുന്ന സാമൂഹികവീക്ഷണവും മാനവികതാബോധവുമാണ് ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനവുമായി മലയാള സാഹിത്യത്തെ അടുപ്പിച്ചത് എന്ന് കാണാം.

കൊടുങ്ങല്ലൂർക്കളരിയിൽ പയറ്റിത്തെളിഞ്ഞ കവികളുടെ ശൃംഖലയിൽ അവസാനത്തെ കണ്ണിയാണ് നടുവം മഹൻ[31] എന്നാണ് അകവൂർ നാരായണൻ മഹനെ വിലയിരുത്തുന്നത്.

ദേശീയബോധത്തിലേക്കും മാറുന്ന കാവ്യ സങ്കല്പങ്ങളിലേക്കും കണ്ണിചേരുകയായിരുന്നു ഇദ്ദേഹം ചെയ്തത് എന്ന് വ്യക്തമാണ്. നിയോക്ലാസിക്

[30] വിഷ്ണുനാരായണൻ നമ്പൂതിരി. 'ആശംസ', നടുവം കൃതികൾ 1, പുറം 48.

[31] അകവൂർ നാരായണൻ. *വെൺമണിപ്രസ്ഥാനം*, പുറം 197.

ശൈലിയെ പൂർണമായും വിട്ടു പോരാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെങ്കിലും അദ്ദേഹം ആവിഷ്ക്കരിച്ച ആശയങ്ങൾ പ്രബുദ്ധമായിരുന്നു.

പ്രാചീനമണിപ്രവാളകാവ്യങ്ങളുടെ തുടർച്ചയായുള്ള ശൃംഗാരരസസ്പർശം വെൺമണിക്കവികളിൽ തീരെ മാഞ്ഞു പോയിരുന്നില്ലെങ്കിലും അവയെ മറികടക്കാനും കാലത്തിനൊപ്പം മുന്നേറാനുമുള്ള ശ്രമം ഈ കവികൾ നടത്തിയത് കാണാതെ പോകരുത്. മണിപ്രവാള കാലസാഹിത്യത്തിൽ നിന്ന് ആധുനിക കാല സാഹിത്യത്തിലേക്ക് മലയാള സാഹിത്യത്തെ കൈപിടിച്ചുയർത്താൻ വെൺമണി ക്കവികൾക്ക് സാധിച്ചിട്ടുണ്ട്. ക്ലാസ്സിസിസത്തിന്റെയും നിയോക്ലാസ്സിസത്തിന്റെയും പരിമിതികളിൽ നിന്ന് കാല്പനികതയിലേക്കും അവിടുന്നങ്ങോട്ട് സാഹിത്യത്തിലെ വിശാലതകളിലേക്കും മലയാളസാഹിത്യത്തിന് സംഭവിച്ച മാറ്റത്തിന്റെ വേരുകൾ വെൺമണിപ്രസ്ഥാനത്തിലാണ് കണ്ടെത്താൻ കഴിയുന്നത്. മലയാള സാഹിത്യത്തിന് വിപ്ലവാത്മകവും പുരോഗമനപരവുമായ ഒരു മുഖം ലഭിച്ച വെൺമണിക്കവികളുടെ കാവ്യസപര്യയിലൂടെ അത് ജനങ്ങൾ അംഗീകരിച്ചിരുന്നു എന്നതിന് തെളിവാണ് അക്കാലത്തെ ജനങ്ങൾക്കിടയിൽ ഈ കവികളുടെ കാവ്യങ്ങൾക്കുണ്ടായിരുന്ന വമ്പിച്ച പ്രീതി.

കാവ്യ ഭാഷയുടെയും വിഷയത്തിന്റെയും ജനാധിപത്യവൽക്കരണത്തിലൂടെ തങ്ങൾ ജീവിച്ച സമൂഹത്തെ മുഴുവൻ തങ്ങൾക്കു പിമ്പേ നടത്താൻ ഈ കവികൾക്ക് സാധിച്ചു. ജനസാമാന്യം ആവേശത്തോടെ കവിതയെ പിൻതുടർന്ന മറ്റൊരു കാലവും മലയാളസാഹിത്യത്തിലുണ്ടായിട്ടില്ല.

നവോത്ഥാന ചിന്തകളും ബഹുലമായ സാംസ്കാരികതയും ഉൾക്കൊള്ളുന്ന ഈ കവികളുടെ കാവ്യങ്ങളുടെ തുടർപഠനങ്ങൾ സാഹിത്യാസ്വാദകർക്കിടയിൽ വെൺമണിപ്രസ്ഥാനമെന്ന സാഹിത്യപ്രസ്ഥാനത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണകൾ നീക്കേണ്ടതിന് ആവശ്യമാണ്.

**വെൺമണിപ്രസ്ഥാനത്തിന്റെ സ്വാധീനം പിൽക്കാല മലയാള സാഹിത്യത്തിൽ**

സാഹിത്യരംഗത്ത് പുരോഗമനാത്മകവും പരീക്ഷണാഭിമുഖ്യപരവുമായ നിലപാടുകൾ സ്വീകരിച്ച വെൺമണിപ്രസ്ഥാനം പിന്നീടുവന്ന കവികളെയും കവിതാപ്രസ്ഥാനങ്ങളെയും നേരിട്ടും അല്ലാതെയും സ്വാധീനിച്ചിട്ടുണ്ട്. ഈ പ്രസ്ഥാനത്തിന്റെ നേരിട്ടുള്ള പിന്തുടർച്ചക്കാരനായി വള്ളത്തോൾ നാരായണമേ നോനെ എടുത്തു കാണിക്കാൻ കഴിയും. വെൺമണിപ്രസ്ഥാനത്തോട് വള്ളത്തോ ളിനുണ്ടായിരുന്ന ചായ്‌വ് അകവൂർ നാരായണൻ *വെൺമണിപ്രസ്ഥാനം* എന്ന ഗ്രന്ഥത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. വള്ളത്തോൾ സ്വതന്ത്രമായി രചിച്ച കാവ്യങ്ങളിൽ പോലും വെൺമണി ശൈലിയുടെ നിഴൽ കാണാനാവുന്നുണ്ട്. വെൺമണിമാ രുടെ കവിതയെ കാലോചിതമായ പരിഷ്കാരമനുസരിച്ച് തങ്കപ്പട്ടുറവുക്കയിടുവിക്ക യാണ് വള്ളത്തോൾ ചെയ്തത് എന്നാണ് അകവൂരിന്റെ അഭിപ്രായം.[32]

വള്ളത്തോളിനൊപ്പം കാവ്യരചനയിൽ മുഴുകിയിരുന്ന കുറ്റിപ്പുറത്ത് കേശ വൻ നായർ, കിട്ടുണ്ണിനായർ, വള്ളത്തോൾ ഗോപാലമേനോൻ തുടങ്ങിയവരിലും പിന്നീടുവന്ന ചങ്ങമ്പുഴ, കുഞ്ഞിരാമൻ നായർ, പി.ഭാസ്കരൻ, ഒളപ്പമണ്ണ, വയലാർ എന്നിവരിലും കാണുന്ന കോമള പദരചനാശൈലിയും പ്രയോഗവിശേഷങ്ങളും വെൺമണിപ്രഭാവമുള്ള വള്ളത്തോൾശൈലിയുടെ പിന്തുടർച്ചയാണെന്നു കാണാം. ശക്തിയുടെ കവി എന്ന് ഖ്യാതി നേടിയ ഇടശ്ശേരി ഗോവിന്ദൻനായർ തന്റെ കവിതയ്ക്ക് വളക്കൂറുള്ള മണ്ണൊരുക്കിയത് വെൺമണിക്കവികളാണെന്ന് അനുസ്മരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശീവൊള്ളി സ്മരണ എന്ന കവിത തന്നെ ഇതിന് മതിയായ തെളിവ് തരുന്നു. (അനുബന്ധം ഒന്ന് നോക്കുക).

മലയാളസാഹിത്യം കാല്പനികപ്രസ്ഥാനത്തിലേക്ക് കാലൂന്നുന്നത് വെൺമ ണിപ്രസ്ഥാനത്തിന്റെ ചുവടുപിടിച്ചാണ്. വെൺമണിക്കവികൾ തുടങ്ങിവെച്ച

[32] അകവൂർ നാരായണൻ. *വെൺമണി* (സാഹിത്യ അക്കാദമി, ന്യൂഡൽഹി, 2005) പുറം 118.

ഖണ്ഡകാവ്യ രചനകളാണ് കാല്പനികപ്രസ്ഥാനകാവ്യങ്ങൾക്ക് മാതൃക എന്ന് പറയാൻ കഴിയും.

വിവർത്തനകൃതികളുടെ രചനയിലൂടെ മലയാളസാഹിത്യത്തിന് മുതൽക്കൂട്ടുണ്ടാക്കാൻ വള്ളത്തോളിനും മറ്റും കഴിഞ്ഞതും വെൺമണിമാർ തുടങ്ങിവെച്ച വിവർത്തന പരിശ്രമങ്ങളുടെ വിജയത്തിലൂടെയാണ്. മലയാളത്തിലെ ചെറുകഥകളുടെ ആദ്യരൂപങ്ങളും വെൺമണിമാരുടെ കഥാകാവ്യങ്ങളിൽ കണ്ടെടുക്കാം.

ദേശീയപ്രസ്ഥാനത്തിലേക്ക് മലയാളകവിതയെ അനായാസം നയിക്കാൻ നടുവം മഹന് കഴിഞ്ഞത് നേരത്തേ പരാമർശിച്ചിട്ടുണ്ട്. ഈ വഴിയാണ് വള്ളത്തോളും തിരഞ്ഞെടുത്തത്. ഇരുപതാം നൂറ്റാണ്ടിലെ മലയാള സാഹിത്യത്തെ സ്വാധീനിക്കുകയും മുന്നിൽനിന്ന് നയിക്കുകയും ചെയ്ത വള്ളത്തോളിനോടൊപ്പമാണ് കേരളവർമ്മ പ്രസ്ഥാനത്തോടൊട്ടിനിന്ന ഉള്ളൂരും രാജരാജവർമ്മ പ്രസ്ഥാനത്തോട് കൂറുകാണിച്ച കുമാരനാശാനും നിലകൊണ്ടത്. ഇവർ തെളിച്ച വഴിയിലൂടെയാണ് പിന്നീട് മലയാള സാഹിത്യത്തിന്റെ വളർച്ചയുണ്ടായത്.

ഏതാണ്ട് ഒന്നര നൂറ്റാണ്ടുകാലം മലയാളകവിതയിൽ സ്വാധീനം ചെലുത്തിയ ഈ പ്രസ്ഥാനം അതുവരെയുള്ള കാവ്യസങ്കല്പങ്ങളെ മുഴുവൻ ഉടച്ചുവാർത്ത അത്യാധുനിക കവിതയുടെയും ഉത്തരാധുനിക കവിതയുടെയും കാലം വരെ മലയാളകവിതയിൽ നിലനിന്നു.

ഇങ്ങനെ നോക്കുമ്പോൾ വെൺമണിപ്രസ്ഥാനത്തിന്റെ ഒഴുക്ക് നിലച്ചുപോകുകയല്ല, പിന്നീടു വന്ന കവികളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും മലയാള സാഹിത്യത്തെ മുന്നോട്ടു നയിക്കുകയാണുണ്ടായത് എന്ന് തീർച്ചയാക്കാം.

- സാഹിത്യനവോത്ഥാനത്തിന് തുടക്കം കുറിച്ച പ്രസ്ഥാനമാണ് വെൺമണി പ്രസ്ഥാനം.

- മാറുന്ന കാലത്തെ രചനകളിൽ ഉൾക്കൊള്ളിക്കാൻ വെൺമണിക്കവികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് ഓരോ കവികളിലും ഓരോ മട്ടിലാണ് പ്രകടമായത്.
- മനുഷ്യജീവിതപ്രശ്നങ്ങളെ കാവ്യത്തിന് വിഷയമാക്കാൻ ശ്രമിക്കുന്നതോടൊപ്പം സമൂഹവിമർശനവും ഇവർ ലക്ഷ്യമാക്കി.
- ദേശീയബോധം പ്രചരിപ്പിക്കുകയും ദേശീയസമരചരിത്രത്തിന്റെ ഭാഗമാകാൻ ശ്രമിക്കുകയും ചെയ്ത കവികൾ വെൺമണി പ്രസ്ഥാനത്തെ ശ്രദ്ധേയമാക്കുന്നു. ഇത് മലയാളസാഹിത്യചരിത്രത്തിൽ വേണ്ട രീതിയിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല.
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തെക്കുറിച്ചും മനുഷ്യപുരോഗതിയെക്കുറിച്ചും വെൺമണിക്കവികൾക്കുണ്ടായിരുന്ന നിലപാടുകളും പുനർനിർണയം ചെയ്യേണ്ടതുണ്ട്.
- വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളെ സാഹിത്യത്തിലൂടെ ആവിഷ്കരിക്കാനും കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സ്വയം പാകപ്പെടാനും ശ്രമിക്കുകയും അതിൽ ഈ കവികൾ ഏറെക്കുറെ വിജയിക്കുകയും ചെയ്തു.

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

# അധ്യായം 5

# പദ്യത്തിൽനിന്ന് ഗദ്യത്തിലേക്ക്

വെൺമണിപ്രസ്ഥാനത്തെ ഒരു ജനകീയ പ്രസ്ഥാനമായും ജനാധിപത്യമൂല്യമുൾക്കൊള്ളുന്ന മുന്നേറ്റമായും വിലയിരുത്തുമ്പോൾ ഈ പ്രസ്ഥാനത്തിന്റെ പിറവിക്ക് അരങ്ങൊരുക്കിയ കൊടുങ്ങല്ലൂർ ഗുരുകുലത്തിന്റെ സവിശേഷതകളെ പരിഗണിക്കേണ്ടതുണ്ട്. ഈ ഗുരുകുലം പരമ്പരാഗതമായ ഗുരുകുലങ്ങളിൽ നിന്ന് വ്യത്യസ്തവും വിശാലവുമായ വീക്ഷണം വെച്ചു പുലർത്തിയിരുന്ന ഒന്നായിരുന്നു എന്ന് കാണാം. 'വിദ്യാƒസ്മത് പരദേവതാ' എന്നാണ് ഇവരുടെ ആപ്തവാക്യം. ഇതിനു യോജിച്ച വിധത്തിൽ വിജ്ഞാനം ജാതിമതഭേദമില്ലാതെ എല്ലാവർക്കും പകർന്നു കൊടുക്കുന്ന ഒരന്തരീക്ഷം കൊടുങ്ങല്ലൂർ ഗുരുകുലത്തിൽ നിലനിന്നിരുന്നു. അവർണജാതിയിൽപ്പെട്ടവരെയും അവിടുത്തെ തമ്പുരാക്കന്മാർ ശിഷ്യരായി സ്വീകരിച്ചിരുന്നു എന്നത് അക്കാലത്ത് അവർ പ്രകടിപ്പിച്ച പുരോഗമന ചിന്തയ്ക്ക് തെളിവാണ്.

*കൊടുങ്ങല്ലൂർക്കളരി, അതിന്റെ ആനപ്പടിവാതിൽ വിദ്യാകാംക്ഷികളായ അവർണ ജാതിക്കാർക്കും തുറന്നു കൊടുത്തിരുന്നു. ആ കാലഘട്ടവും കോവിലകത്തിന്റെ രാജകീയപദവിയും പരിഗണിച്ചാൽ വിദ്യാദാനത്തിൽ അവിടത്തെ തമ്പുരാക്കന്മാർ പ്രദർശിപ്പിച്ച ഈ വിശാലമനസ്കത സ്തുത്യർഹമത്രേ*[1] എന്ന് പി.ജി.പുരുഷോത്തമൻപിള്ളയും *ജാതിമര്യാദകൾ കർശനമായി പരിപാലിച്ചു പോന്നിരുന്ന ആ കാലഘട്ടത്തിൽ, സ്വാഭാവികമായും അവർണ വിദ്യാർത്ഥികൾക്കു കോവിലകത്തു യഥേഷ്ടം പ്രവേശിക്കാനും മറ്റു വിദ്യാർത്ഥികളുമായി ഇടപഴകുവാനും സ്വാതന്ത്ര്യമനുവദിച്ചിരുന്നില്ല. തമ്പുരാക്കന്മാർ പടിപ്പുര മാളികയിൽ വെച്ച്*

[1] പി.ജി.പുരുഷോത്തമൻപിള്ള. 'കൊടുങ്ങല്ലൂർ കളരിയിലെ അന്തേവാസികൾ', *ഭാഷാപോഷിണി* (1987, ജൂൺ- ജൂലൈ) പുറം 89.

*അവർക്ക് പ്രത്യേകമായി ക്ലാസ്സെടുക്കുകയായിരുന്നു പതിവ്*[2] എന്ന് കെ.ടി.രാമ വർമയും ഇതേക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

അന്ന് സമൂഹത്തിൽ നിലനിന്നിരുന്ന ആചാരങ്ങളെ അതിനകത്തു നിന്നു തന്നെ പൊളിച്ചുകളയാനുള്ള ഒരു ശ്രമമാണിത്. ഇത്തരത്തിൽ കൊടുങ്ങല്ലൂർ കള രിയിൽനിന്ന് പരിശീലനം നേടിയവരാണ് കുണ്ടനി ഗോവിന്ദനാശാൻ, കെ.പി.കറു പ്പൻ തുടങ്ങിയ പ്രമുഖർ.

കൊടുങ്ങല്ലൂർ ഗുരുകുലത്തിന്റെ പുരോഗമനപരമായ മറ്റൊരു മുഖം സ്ത്രീ വിദ്യാഭ്യാസത്തിൽ അവർ പ്രകടിപ്പിച്ച താൽപര്യമാണ്. സ്ത്രീകൾ പഠിപ്പിച്ചിരു ന്നതും സ്ത്രീകൾക്ക് പഠിയ്ക്കാൻ സൗകര്യം നൽകിയിരുന്നതുമായ ഒരു ഗുരുകു ലവും ഇതായിരുന്നു.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഗുരുക്കൻമാരിൽ മുത്തശ്ശിയായ കൊച്ചു തമ്പുരാട്ടിയും ഉൾപ്പെടുന്നുണ്ട്. കൊടുങ്ങല്ലൂർ കൊച്ചിക്കാവു തമ്പുരാട്ടി കൊച്ചിയിലെ രാജകീയ പണ്ഡിത സദസിൽനിന്നു 'പണ്ഡിതരാജൻപട്ടം' ലഭിച്ച വിദുഷിയായിരുന്നു.

വിവേകാനന്ദസ്വാമി 1892 ൽ കൊടുങ്ങല്ലൂരെത്തിയതായും കൊടുങ്ങല്ലൂർ കോവിലകത്തെത്തിയ അദ്ദേഹം അവിടുത്തെ തമ്പുരാട്ടിമാർ സംസ്കൃതത്തിൽ സംസാരിച്ചത് കേട്ട് അത്ഭുതപ്പെടുകയും ചെയ്തതായി പറഞ്ഞു കേട്ടിട്ടുണ്ട്. സവർണാവർണ ഭേദമില്ലാതെ ഏതു വിഭാഗത്തിലുംപെട്ട സ്ത്രീകൾക്ക് വിദ്യ നിഷേധിച്ചിരുന്ന അക്കാലത്ത് ഇതൊരത്ഭുതം തന്നെയായിരുന്നു.

അന്നുവരെ കേരളത്തിൽ നിലവിലുണ്ടായിരുന്ന ഗുരുകുലങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമായിരുന്നു കൊടുങ്ങല്ലൂർ ഗുരുകുലം. അത് ഒരു അടഞ്ഞ വ്യവ സ്ഥയായിരുന്നില്ല. മറ്റ് വിജ്ഞാന ശാഖകൾക്കൊപ്പം ഭാഷാകവിതയ്ക്കും അവിടെ

[2] കെ.ടി. രാമവർമ. *കുഞ്ഞിക്കുട്ടൻ തമ്പുരാൻ*, പുറം 19.

സ്ഥാനം ലഭിക്കുന്നത് ഈയൊരു മനോഭാവത്തിന്റെ തണലിലാണ്. സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട കവികൾക്കും കവിയശഃപ്രാർത്ഥികൾക്കും ബന്ധപ്പെടാനും ഗുരുകുലത്തിലെ കവിതക്കളരി വഴിയൊരുക്കി. പത്തൊൻപതാം നൂറ്റാണ്ടിലെ ഭാഷാപദ്യശൈലിയുടെ കാതലായ മാറ്റത്തിന് വഴിയൊരുക്കിയത് ഈ കളരിയായിരുന്നു.

തെക്ക് തിരുവിതാംകൂറിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ നേതൃത്വത്തിൽ ഭാഷാപോഷണശ്രമങ്ങൾ ഇതിനു സമാന്തരമായി നടക്കുന്നതും ഈ കാലത്താണ്.

കൊല്ലവർഷം 1020 മുതൽ 1090 വരെയാണ് കേരളവർമ്മയുടെ ജീവിതകാലം. ഇക്കാലത്തിനിടയ്ക്ക് മലയാള ഭാഷയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുന്നതിന് തന്നെക്കൊണ്ടാവുംവിധം അദ്ദേഹം പരിശ്രമിച്ചു. ബഹുഭാഷാ പണ്ഡിതനും കലാസാഹിത്യരംഗങ്ങളിൽ അതീവ തത്പരനുമായിരുന്നു കേരളവർമ്മ വലിയ കോയിത്തമ്പുരാൻ. തിരുവിതാംകൂർ രാജകുടുംബാഗമായ അദ്ദേഹത്തിന് ഭരണകർത്താക്കളുടെ പ്രോത്സാഹനവും സഹായവും ലഭിയ്ക്കുകയും ചെയ്തതോടെ സാഹിത്യചക്രവർത്തിയായി ഉയരാൻ കഴിഞ്ഞു. സംസ്കൃതവും ഇംഗ്ലീഷുമായിരുന്നു അദ്ദേഹത്തെ കൂടുതൽ സ്വാധീനിച്ച ഭാഷകൾ. ഈ ഭാഷകളിൽ അഗാധമായ പാണ്ഡിത്യവും അദ്ദേഹത്തിനുണ്ടായിരുന്നു. മുപ്പതോളം സംസ്കൃത കൃതികൾ അദ്ദേഹം രചിട്ടുണ്ട്. ഭാഷാകൃതികൾ പതിനാലെണ്ണം വരും. *മയൂരസന്ദേശം* എന്ന സന്ദേശകാവ്യം, *ദൈവയോഗം* എന്നിവ സ്വതന്ത്ര ഭാഷാകൃതികളാണ്. *അമരുകശതകം, അന്യാപദേശശതകം, അഭിജ്ഞാനശാകുന്തളം* ഇവ വിവർത്തനങ്ങളാണ്. ഇത് കൂടാതെ *സോമവാരവ്രതം, ഹനുമദുത്ഭവം, മത്സ്യവല്ലഭ വിജയം, ധ്രുവചരിതം, പ്രലംബവധം, പരശുരാമവിജയം* എന്നിങ്ങനെ ആറ് ആട്ടക്കഥകളും ഭാഷാകൃതികളിൽ ഉൾപ്പെടുന്നു. ഇവയിൽ *അഭിജ്ഞാന ശാകുന്തളം, മയൂരസന്ദേശം* എന്നീ കാവ്യങ്ങളാണ് വലിയകോയിത്തമ്പുരാനെ ഏറെ പ്രശസ്തനാക്കിയത്.

1881 ൽ അദ്ദേഹം രചിച്ച ശാകുന്തളം പരിഭാഷയാണ് മലയാള നാടക വിവർത്തന ത്തിന് നാന്ദികുറിച്ചത്.

ഇംഗ്ലീഷ് പരിജ്ഞാനം വേണ്ടുവോളമുണ്ടായിരുന്നെങ്കിലും സംസ്കൃത ത്തോടും മണിപ്രവാള ശൈലിയോടുമായിരുന്നു ആദ്യകാലത്ത് അദ്ദേഹത്തിന് കൂടുതൽ അടുപ്പം. തിരുവിതാംകൂറിലെ സ്കൂൾ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കു ന്നതിന്റെ ഭാഗമായി ആയില്യം തിരുനാൾ മഹാരാജാവ് 1866 ൽ പാഠപുസ്തക കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ ആദ്യ അധ്യക്ഷനായി അണ്ണാജിരായരെ നിയ മിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണശേഷം ഇരുപത്തിരണ്ടാമത്തെ വയ സ്സിൽ  കേരളവർമ്മ വലിയ കോയിത്തമ്പുരാന് പാഠപുസ്തകക്കമ്മിറ്റി അധ്യക്ഷ സ്ഥാനം ഏറ്റെടുക്കേണ്ടി വന്നു. സ്കൂളുകളിൽ പഠിപ്പിക്കാൻ ഗദ്യപുസ്തകങ്ങൾ ആവശ്യമായി വന്നപ്പോൾ തമ്പുരാൻ അതിനു മുന്നിട്ടിറങ്ങി. കമ്മറ്റിയുടെ നേതൃത്വ ത്തിൽ ഓരോ ക്ലാസിലേക്കും ആവശ്യമായ പാഠാവലികൾ, വിജ്ഞാനമഞ്ജരി, തിരുവിതാംകൂർ ചരിത്രം, ഇന്ത്യാചരിത്രം, ഭൂമിശാസ്ത്രം, തുടങ്ങി വിവിധ വിഷയ ങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുസ്തകങ്ങൾ തയ്യാറാക്കേണ്ടിവന്നു.  ഈ ആവശ്യ ത്തിലേക്കായി ഇംഗ്ലീഷ് ഗദ്യമാതൃകയാണ് അദ്ദേഹം സ്വീകരിച്ചത്. ഇങ്ങനെ ആധു നിക മലയാള ഗദ്യത്തിന്റെ സമുദ്ധാരകനായി കേരളവർമ്മ വലിയകോയിത്തമ്പു രാൻ മലയാള ഭാഷയിൽ പുതിയൊരു മുന്നേറ്റത്തിന് തുടക്കം കുറിച്ചു. തിരുവിതാം കൂർ ദേശത്ത് അനേകം പേർ ഇദ്ദേഹത്തിന് പിന്തുണയുമായി സാഹിത്യരംഗത്ത് നിലയുറപ്പിച്ചു.

പദ്യരചനയിൽ നിയോക്ലാസിക് പാരമ്പര്യത്തെത്തന്നെയാണ് അദ്ദേഹം പിന്തുടർന്നത്. കൃത്രിമത്വം അദ്ദേഹത്തിന്റെ രചനകളെ സാധാരണക്കാരിൽ നിന്ന കറ്റി എന്നിരുന്നാലും വടക്കും തെക്കുമായി അന്ന് ഉണ്ടായിരുന്ന സാഹിത്യകാരന്മാ രെല്ലാം കേരളവർമ്മ വലിയ കോയിത്തമ്പുരാനെ ഭാഷാ സാഹിത്യചക്രവർത്തി യായി അംഗീകരിച്ച് ആദരിച്ചു. സാഹിത്യസംബന്ധിയായ എല്ലാ വിഷയങ്ങളിലും

ഇദ്ദേഹമായിരുന്നു അവസാന വാക്ക്. ഇദ്ദേഹത്തിന്റെ നിയോക്ലാസിക് ശൈലി പിന്തുടർന്ന് കാവ്യ രചന നടത്തിയ തെക്കൻ കവികളിൽ പ്രമുഖനാണ് ഉള്ളൂർ, എസ്.പരമേശ്വരയ്യർ.

കേരളവർമ്മ വലിയകോയിത്തമ്പുരാനോടൊപ്പം ഭാഷാഭിവൃദ്ധിയ്ക്കായി പ്രയത്നിച്ച ഏ.ആറിന്റെ സാഹിത്യാദർശങ്ങൾ അമ്മാവനിൽനിന്ന് ഏറെ വ്യത്യസ്തമായിരുന്നു. കേരളവർമ്മയുടെ യാഥാസ്ഥിതികകാവ്യ സങ്കല്പങ്ങളിൽ നിന്നു മാറി കാലത്തിനൊത്ത പരിഷ്കാരങ്ങൾക്കൊപ്പമായിരുന്നു ഏ.ആറിന്റെ നില.

അന്നുവരെ സാഹിത്യകാരന്മാർക്ക് ലഭ്യമാകാതിരുന്ന വലിയൊരു സൗകര്യം പത്തൊൻപതാം നൂറ്റാണ്ടിലെ സാഹിത്യകാരന്മാർക്ക് ഉണ്ടായി. തപാൽ, അച്ചടിയുടെ ആവിർഭാവത്തോടെ പ്രചാരത്തിൽ വന്ന പത്രമാസികകളുടെ വികാസം എന്നിവയാണവ. അന്നുവരെ പറയുന്നതും കേൾക്കുന്നതുമായ കാര്യങ്ങളായിരുന്നു അറിവിനടിസ്ഥാനമായിരുന്നതെങ്കിൽ എഴുതിയതും അച്ചടിക്കപ്പെട്ടതും വായിച്ചതുമായ കാര്യങ്ങളിലേക്കുകൂടി ജ്ഞാനാനുഭവങ്ങൾ പരിവർത്തിപ്പിക്കപ്പെട്ടു. അച്ചടിയ്ക്കപ്പെടുന്നതു വായിക്കുന്ന സഹൃദയരിൽ എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെട്ടു. പത്രപ്രവർത്തനവും സാഹിത്യരചനയും ബഹുജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതായി. എഴുത്തുകാരനും വായനക്കാരനും പരസ്പരം ഇടപെട്ടുകൊണ്ടും സ്വാധീനിച്ചുകൊണ്ടും നവീകരിക്കപ്പെട്ട കാലം കൂടിയാണിത്.

പലയിടങ്ങളിലായി ആരാലും അറിയപ്പെടാതെ കിടന്നിരുന്ന പല സാഹിത്യകാരന്മാർക്കും പുതിയ അവസരവും തുറന്നു കിട്ടി. ഇതോടൊപ്പം ഭാഷയെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും ദേശീയതയെക്കുറിച്ചുമുള്ള ചർച്ചകളും ഉണ്ടാകുന്നുണ്ട്.

വെൺമണിക്കവികളും കേരളവർമ്മ പ്രസ്ഥാനക്കാരും പരസ്പരം കത്തുകളിലൂടെയും മാസികകളിലൂടെയും നിരന്തരം ബന്ധപ്പെടുകയും ഭാഷ, സാഹിത്യം, ഇവയുടെ പുരോഗതിയെക്കുറിച്ചുള്ള ചിന്തകൾ ഇവരിൽ രൂപപ്പെടുകയും ചെയ്തു.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കത്തുകളിൽ പല സാഹിത്യകൃതികളെയും കുറിച്ചുള്ള അഭിപ്രായം, കവിതയെഴുതുന്നവർ അറിഞ്ഞിരിക്കേണ്ട അവശ്യ സംഗതികൾ, തർജ്ജമ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങി വിശദമായും സൂക്ഷ്മമായും പല സംഗതികളും പരാമർശിക്കുന്നതായി കാണാം. അക്കാലത്ത് കവികൾ കാവ്യങ്ങൾ പരസ്പരം പരിശോധനയ്ക്കയച്ച് കുറ്റവും കുറവും തീർത്തിരുന്നതിന്റെ വിശദാംശങ്ങളും ഈ കത്തുകളിൽ കാണാം.

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ദേവീവിലാസം നാടകത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാട്ടുകയാണ് 21-2-74 ന് ശങ്കുണ്ണിയ്ക്കയച്ച കത്തിൽ ചെയ്യുന്നത്.

രണ്ടാമങ്കത്തിലാ 'ക്കൗമുദി'യെയടവിയിൽ
കൊണ്ടുപോയിട്ടുപാരം
കുണ്ടാമണ്ടിയ്ക്കൊരുങ്ങീ ചില ഭടരതു ഹേ!
തെല്ലു പോരായ്മയല്ലേ?
കൊണ്ടാടിപ്പണ്ടു മാനിച്ചൊരു നരവരദാ-
രങ്ങളിൽ ദ്ദാസരാകും
രണ്ടാൾക്കും കാമമുണ്ടായൊരു വിഷയമിനി-
യ്ക്കത്ര ബോധിച്ചതില്ല.

ഒറ്റയ്ക്കരണ്യത്തിലുഴന്നു കേഴും
കറ്റക്കരിങ്കാർക്കുഴലാൾക്കു ധൈര്യം
വറ്റിയ്ക്കുമാ ദുഃഖഭരം ഗഭീരം
അതിലും പുറമെ നയജ്ഞനാകും
ക്ഷിതിപാലൻ ബഹുദുഷ്ടരേത്തദാനീം

മതിയിൽക്കൃപവെച്ചു വിട്ടതൊട്ടും
മതിയായോ? മതിയായ ശിക്ഷയെന്യേ?

ഇങ്ങനെ ഓരോ ദോഷങ്ങൾ ചൂണ്ടിക്കാണിച്ച് ഈ കൃതിയെ നന്നായി വിലയിരുത്തുന്നുണ്ട്. അതിനുശേഷം സൗഹൃദത്തിന്റെ വിലയെന്താണെന്ന് തമ്പുരാൻ വ്യക്തമാക്കുന്നു.

മിത്രാഗ്ര്യ! ദോഷം പറയായ്കിലെന്റെ
മൈത്രിയ്ക്കു പോരെന്നു നിനച്ചിവണ്ണം
ഇത്രയ്ക്കു മാത്രം പറയുന്നതാണ-
തത്രയ്ക്കു സത്തുള്ളവയല്ലേ താനും-

അച്ചടിയ്ക്കപ്പെട്ട പുസ്തകങ്ങൾ പ്രചാരത്തിലാവുന്നതും അവ എല്ലാവർക്കും വായനയ്ക്ക് ലഭ്യമാവുന്നതും ഇക്കാലത്താണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ നടുവത്തച്ഛന് 16.3.66 ന് അയച്ച കത്ത് കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ രണ്ട് പുസ്തകങ്ങളെപ്പറ്റിയുള്ളതാണ്.

വിശാഖവിജയം കാവ്യം
വിശാലഗുണവിസ്തൃതം
വിശേഷമാന്തുലാദാനാ-
ഖ്യശതം രണ്ടിതിങ്ങിനെ

അമ്പാ ശ്രീകാശിയിലും
ബമ്പായിലുമച്ചടിച്ചവയാണ്
സംഭൃത ഭംഗിയൊടും ബഹു-
വമ്പു തിരണ്ടൊരു പുസ്തകം രണ്ടും.

19.5.66 ന് നടുവത്തച്ഛന് അയച്ച മറ്റൊരു കത്തിൽ തന്റെ ലക്ഷണാസംഗം എന്ന നാടകം അച്ചടിപ്പിക്കാൻ പുറപ്പെടുന്നു എന്ന് എഴുതിയതായി കാണുന്നു.

ലക്ഷണാസംഗമൊന്നെന്റെ

ലക്ഷണം കെട്ട നാടകം

പക്ഷയൊന്നച്ചടിപ്പിപ്പാ-

നിക്ഷണം തുനിയുന്നു ഞാൻ

പുസ്തകം എഴുതിത്തീർന്ന ഉടനെ അച്ചടിപ്പിക്കുവാൻ കൊടുക്കുന്നത് പുതിയ വ്യവസ്ഥയുടെ ഭാഗമാണ്.

അച്ചടിയിൽ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങളെക്കുറിച്ചും ലിപിവ്യവസ്ഥയിൽ വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ചും ഉള്ള അഭിപ്രായവും നടുവം മഹന് കുഞ്ഞിക്കുട്ടൻതമ്പുരാൻ 6.1.67 ൽ അയച്ച കത്തിൽ പറയുന്നുണ്ട്.

എങ്കിൽ കൂട്ടക്ഷരങ്ങൾക്കൊരു വികടതപ-

റ്റാതെ സൂക്ഷിച്ചിടേണം

ശങ്കിയ്ക്കേണ്ടർദ്ധചന്ദ്രൻ മതിമതി സുമതേ!

പാതിയായോരുകാരം

വങ്കത്വം ചൊൽകയല്ലേ വടിവൊടിതു വട-

ക്കർക്കുമാത്തെക്കു ദേശ-

ത്തിങ്കൽ പാർക്കുന്നവർക്കും പരമൊരു വിധമൊ-

ക്കുന്ന സന്മാർഗ്ഗമല്ലോ

അരയുകാരത്തിന് അർദ്ധചന്ദ്രന്റെ ചിഹ്നമാണ് ചേർക്കേണ്ടത് എന്ന നിലപാടും കേരളദേശത്തിലെ വടക്കർക്കും തെക്കർക്കും ഒരുപോലെ സമ്മതവും സൗകര്യവും ആകുന്ന തരത്തിൽ ഭാഷയും ലിപിയുമെല്ലാം മാറണം എന്ന നിരീക്ഷണവും ഭാഷയും സാഹിത്യവും നിലവാരപ്പെടുത്താനുള്ള കൂട്ടായ യത്നത്തിന്റെ ഭാഗമാണ്.

മാത്രമല്ല പി.വി.കൃഷ്ണവാരിയർക്ക് 12.01.78 ന് അയച്ച കത്തിൽ ഗ്രന്ഥങ്ങൾ പകർത്തിയെഴുതേണ്ടത് അച്ചടിയുടെ നമ്പ്രദായമനുസരിച്ചാണ് എന്നും കുഞ്ഞിക്കുട്ടൻ തമ്പുരാൻ നിർദ്ദേശിക്കുന്നുണ്ട്.

വ്യവഹാരമാല, ലീലാ-
തിലകം, മാതംഗലീലയുടെ ഭാഷ,
വടിവൊടിതു മൂന്നുമൊരു പുറ-
മെഴുതുക വരിനിർത്തിയച്ചടിവിധത്തിൽ

എഴുത്തിന്റെ രീതിയിലും ശൈലിയിലും അച്ചടി സ്വാധീനം ചെലുത്തുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്.

വടക്ക് വെൺമണിപ്രസ്ഥാനത്തിൽപ്പെട്ട കവികളും തെക്ക് കേരളവർമ്മ പ്രസ്ഥാനത്തിൽപ്പെട്ട കവികളും തമ്മിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും കാര്യത്തിൽ നിരന്തരമായ സംവാദങ്ങൾ നടക്കുന്നതിന്റെ ഭാഗമായാണ് പ്രാസവാദം എന്ന പേരിൽ ഒരു വലിയ കോലാഹലം അക്കാലത്ത് സജീവമാകുന്നത്. തിരുവിതാംകൂർ-കൊച്ചി-മലബാർ എന്നിങ്ങനെ മൂന്നായി കിടന്നിരുന്ന കേരളം ഒരു സവിശേഷ സാഹിത്യ ദേശീയതയായി രൂപം പ്രാപിക്കുന്നത് മുഖ്യകാരണം ഈ പ്രാസവാദമാണെന്ന് പറയാം.

സാഹിത്യസംബന്ധിയായി മലയാളത്തിൽ നടന്ന ശ്രദ്ധേയമായ സംവാദമാണ് ദ്വിതീയാക്ഷര പ്രാസവാദം. മലയാള കവിതാസാഹിത്യത്തിന്റെ ആരംഭം മുതൽ കവികൾ പാലിച്ചു പോന്നിട്ടുള്ള പ്രാസത്തിന്റെ കാര്യത്തിൽ പാരമ്പര്യ രീതിയിൽ നിന്നുമാറി നടക്കേണ്ടതുണ്ടോ എന്ന ചർച്ചകൾ അന്ന് സാഹിത്യ രംഗത്തെ അക്ഷരാർത്ഥത്തിൽ പിടിച്ചുകുലുക്കി.

1891 മാർച്ച് 28 ലെ മലയാള മനോരമയിൽ 'ഒരു കൃത്യകൃത്ത്' എന്ന തൂലികാനാമത്തിൽ ഒരു ലേഖകൻ മലയാളത്തിലെ പദ്യങ്ങളുടെ പ്രധാന വൈകല്യ

ങ്ങൾ സൂചിപ്പിച്ച് വിദ്വാൻമാർ അവയെക്കുറിച്ച് അഭിപ്രായം പറയണം എന്നാവശ്യ പ്പെട്ടു. എന്നാൽ അതിന് ആരും മറുപടി കൊടുക്കായ്കയാൽ അതേ തൂലികാ നാമത്തിൽ 'പ്രാസം' എന്ന പേരിൽ ഒരു ലേഖനം 1891 മെയ് 9 നുള്ള മലയാള മനോരമയിൽ എഴുതി. ദ്വിതീയാക്ഷര പ്രാസം മൂലം അർത്ഥത്തിന് പ്രാധാന്യം ലഭിക്കായ്കയാൽ ശബ്ദാഡംബരത്തിൽ കുടുങ്ങി പദ്യം ദുഷിച്ചു പോകുന്നു എന്നായിരുന്നു ഇതിന്റെ താത്പര്യം.

ഇതിനെത്തുടർന്ന് കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, നടുവത്തച്ഛൻ തുടങ്ങിയവർ പ്രാസത്തെ അനുകൂലിച്ചും രാജരാജ വർമ്മ, പുന്നശ്ശേരി, അന്തപ്പായി തുടങ്ങിയവർ പ്രാസത്തെ എതിർത്തും ലേഖന ങ്ങൾ എഴുതി. ഇതോടുകൂടി പ്രാസവാദം കൂടുതൽ സജീവമായി. ഇവയിൽ സജാ തീയ ദ്വിതീയാക്ഷര പ്രാസത്തിനോട് അനുഭാവം പുലർത്തിയ കേരളവർമ്മ ഒരു ഭാഗത്തും അർത്ഥത്തിന്റെ പക്ഷത്ത് നിലയുറപ്പിച്ച ഏ.ആർ മറുഭാഗത്തും അവർക്കു പിന്നിൽ ഇരുപക്ഷത്തുമായി അക്കാലത്തുണ്ടായിരുന്ന സാഹിത്യകാര ന്മാരും അണിനിരന്നപ്പോൾ അത് പാരമ്പര്യവാദികളും പുരോഗമനവാദികളും തമ്മി ലുള്ള തുറന്ന ചർച്ചയായി മാറി. ഒരു പാടുകാലം ഒച്ചപ്പാടുണ്ടാക്കിയ ഈ വാദം മുരിങ്ങൂർ നാരായണൻ പോറ്റിയുടെയും കുമാരമംഗലസ്സു നീലകണ്ഠൻ നമ്പൂതിരി പ്പാടിന്റെയും അഭ്യർത്ഥനപ്രകാരം കേരളവർമ്മ വലിയ കോയിത്തമ്പുരാനും കുഞ്ഞിക്കുട്ടൻതമ്പുരാനുമെഴുതിയ ഒരു ലേഖനത്തോടെ (1891 ഒക്ടോബർ 11 ന്) അവസാനിച്ചു.

പ്രാസവാദത്തിന്റെ രണ്ടാംഘട്ടം 1908 മുതൽ 1909 വരെയുള്ള കാലത്താണു ണ്ടായത്. ഉള്ളൂരും കെ.സി.കേശവപിള്ളയുമാണ് ഇക്കാലത്ത് പ്രാസവാദത്തിൽ മുന്നിട്ടിറങ്ങിയത്. 1909 ൽ ഭാഷാപോഷിണിയിൽ വന്ന മധ്യസ്ഥ തീരുമാനത്തോടെ യാണ് ഈ ഘട്ടം അവസാനിച്ചത്.

അന്ധമായ ദ്വിതീയാക്ഷര പ്രാസഭ്രമത്തെ പരിഹസിച്ചുകൊണ്ട് ഏ.ആർ. രചിച്ച

പാദം നാലിലുമൊത്തുവെന്നു വരണം
രണ്ടാമതക്ഷരം
വൃത്തം പൂർത്തി വരായ്കിലോ വിടവട-
ച്ചീടാം നിരർത്ഥോക്തിയാൽ
യത്നിക്കേണ്ട യതിയ്ക്കു സംസ്കൃതപദം
കുത്തിച്ചെലുത്താം മുറ -
യ്ക്കർത്ഥം ചേർന്നുവരും മുറയ്ക്കു തനിയേ
ശ്ലോകം ചമച്ചേയ്ക്കണം

എന്ന ശ്ലോകം അർത്ഥത്തിനെ കളഞ്ഞ് ശബ്ദഭംഗിയിൽ അഭിരമിയ്ക്കുന്നവ രോട് അദ്ദേഹത്തിനുണ്ടായിരുന്ന എതിർപ്പിന്റെ പ്രകടനമാണ്.

എന്തുതന്നെയായാലും രൂപത്തെക്കാൾ ഭാവത്തിനാണ് പ്രാധാന്യം എന്ന നിലപാടിലേക്ക് സാഹിത്യ രചനയെ വഴിതിരിച്ചു വിടാനുള്ള ശ്രമമായി വേണം പ്രാസവാദത്തെ കണക്കാക്കേണ്ടത്.

ഏ.ആറിന്റെ അപേക്ഷയെ മാനിച്ച് പിന്നീട് 'ദൈവയോഗം' എന്നൊരു കൃതി പ്രാസം ഉപേക്ഷിച്ച് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ രചിക്കുകയുണ്ടായി.

പ്രാസവാദത്തിനു തുടക്കം കുറിച്ച 1891 ൽ പ്രാസം വേണം എന്ന പക്ഷ ത്താണ് കുഞ്ഞിക്കുട്ടൻതമ്പുരാൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, നടുവത്ത് അച്ഛൻ നമ്പൂതിരി, കുണ്ടൂർ തുടങ്ങിയവർ നിലയുറപ്പിച്ചത്. എന്നാൽ ആളുകൾക്ക് രസിക്കുന്നതെന്തോ അവിടേയ്ക്കാണ് കവികൾ മാറേണ്ടത് എന്ന കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നിലപാടിനോട് വെൺമണിക്കവികൾ ചേർന്നുനിന്നു എന്നു കരുതാം.

മലയാള ഭാഷയോടു കാണിച്ച ചായ്‌വിലൂടെ പാരമ്പര്യത്തിന്റെ ചങ്ങലകളെ മറികടക്കാൻ ഇവർ ശ്രമിക്കുകയും ചെയ്തു.

1881 ൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ശാകുന്തളം തർജ്ജമ ചെയ്തപ്പോൾ അതിലെ ഭാഷയുടെ കാഠിന്യത്തെ രൂക്ഷമായി എതിർത്തത് വെൺമണി മഹനായിരുന്നു. ശാകുന്തളത്തിന്റെ ആവലാതി എന്ന പേരിൽ 'കോയിപ്പണ്ടാല'യുടെ മാന്തലിനെ കളിയാക്കി അദ്ദേഹമെഴുതിയ അഭിപ്രായം തന്നെയായിരുന്നു ഏ.ആർ.രാജരാജവർമയ്ക്കും ഉണ്ടായിരുന്നത്. ഏ.ആർ മലയാള ശാകുന്തളം എന്ന പേരിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ശാകുന്തള പരിഭാഷ പരിഷ്ക്കരിക്കാൻ ശ്രമിക്കുന്നത് ഈ തോന്നലിൽനിന്നാണ്.

ഭാഷാസാഹിത്യ പുരോഗതിയിൽ കവികളെ മുന്നോട്ടു നയിക്കാൻ അക്കാലത്ത് പത്രമാസികകളും മുന്നിട്ടിറങ്ങി. വിദ്യാവിനോദിനി (1889) മലയാള മനോരമ (1890) കവനകൗമുദി (1904) തുടങ്ങിയ മാസികകൾ സാഹിത്യകാരൻമാരുടെ വിഹാര രംഗങ്ങളായിരുന്നു.

**വിദ്യാവിനോദിനി (1889)**

മലയാളത്തിലെ രണ്ടാമത്തെ സാഹിത്യമാസികയായി കരുതപ്പെടുന്ന വിദ്യാവിനോദിനി സി.പി.അച്യുതമേനോന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽ നിന്ന് തുടക്കം കുറിച്ചു. സാഹിത്യ നിരൂപണത്തിന് പ്രാധാന്യം നൽകി എന്നതാണ് ഈ മാസികയെ ശ്രദ്ധേയമാക്കുന്നത്. അന്നത്തെ പ്രമുഖരായ സാഹിത്യകാരന്മാരുടെയെല്ലാം കൃതികൾ ഈ മാസികയിൽ പ്രത്യക്ഷപ്പെട്ടു. *വാസനാവികൃതി* എന്ന ഭാഷയിലെ ആദ്യത്തെ ചെറുകഥ 1891 ഫെബ്രുവരി ലക്കത്തിൽ ഈ മാസികയിൽ അച്ചടിച്ചുവന്നു. പച്ചമലയാളപ്രസ്ഥാനത്തിന് കാരണമായ *നല്ല ഭാഷ*യുടെ രചന സി.പി. അച്യുതമേനോന്റെ വെല്ലുവിളി മൂലമാണ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഏറ്റെടുക്കുന്നത്.

**മലയാള മനോരമയുടെ സ്ഥാപനവും ഭാഷാപോഷണശ്രമങ്ങളും**

പൗരസമൂഹത്തിന്റെ രൂപീകരണത്തിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞു കൊണ്ട് 'തിരുവിതാംകോട്ട് സംസ്ഥാനത്തെ പുലയരുടെ വിദ്യാഭ്യാസം' എന്ന മുഖ പ്രസംഗത്തോടെ 1890 മാർച്ച് 22 ന് കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ പത്രാധിപ ത്യത്തിൽ മലയാള മനോരമ പത്രം ആരംഭിച്ചത് ഒരു മതനിരപേക്ഷ സമൂഹത്തിന്റെ രൂപീകരണത്തിലേക്ക് ഉള്ള ചുവടുവെപ്പാകുന്നതോടൊപ്പം അഖില കേരളാടിസ്ഥാ നത്തിൽ ജാതിമതഭേദമെന്യേ നിരപ്പായ ഒരു ഭാഷയുടെ പ്രചാരണത്തിനുള്ള യത്നം കൂടിയായിത്തീർന്നു. പൊതുസമൂഹത്തിന്റെ വിജ്ഞാനാർജ്ജനത്തിനുള്ള ഉപാധിയായി പ്രവർത്തിക്കാനും അതുവഴി ഒരു ഐക്യബോധം ജനങ്ങൾക്കിടയിൽ ഉണർത്തുവാനുമുള്ള ശ്രമമാണ് കണ്ടത്തിൽ വറുഗീസ് മാപ്പിള നടത്തിയത്. കേരള വർമ്മ വലിയ കോയിത്തമ്പുരാന്റെ ഉറ്റമിത്രമായിരുന്ന വറുഗീസ്മാപ്പിള ആദ്യകാ ലത്ത് 'കേരളമിത്രം' എന്ന വാരികയുടെ പത്രാധിപത്യം ഏറ്റെടുത്തു. പിന്നീടാണ് മലയാള മനോരമ തുടങ്ങുന്നത്. മൂന്നായി മുറിഞ്ഞു കിടന്ന കേരളത്തെ ഒന്നിപ്പി ക്കുക എന്ന ലക്ഷ്യത്തിൽ അദ്ദേഹം ആദ്യം ചെയ്തത് മലയാള മനോരമയുടെ ഒരു പുറം മുഴുവൻ അന്നത്തെ കവികൾക്കും അവരുടെ രചനകൾക്കുമായി വിട്ടുകൊടു ക്കുക എന്നതായിരുന്നു. സമസ്യാപൂരണം, തർജ്ജമയ്ക്കായുള്ള പദ്യങ്ങൾ എന്നിവ നൽകി ആ പ്രദേശങ്ങളിലെ കവികളെ മുഴുവൻ മനോരമയ്ക്കു കീഴിൽ അണി നിരത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. അതോടൊപ്പം പുതുതായി വളർന്നുവ രുന്ന ഗദ്യത്തെ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം ശ്രമിച്ചു. ഇതിന് കേരളവർമ്മ യുടെ പ്രോത്സാഹനവുമുണ്ടായിരുന്നു.

മലയാള മനോരമയുടെ കവിതാ പംക്തിയിലൂടെ കവികൾക്ക് അന്യോന്യം പരിചയപ്പെടാനും ആശയങ്ങൾ പങ്കുവെക്കാനുമുള്ള അവസരം ലഭിച്ചു. ഇതോടെ എല്ലാവർക്കും പരസ്പരം കാണാനും ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് എല്ലാവരും ഒന്നിച്ച് നിന്ന് പ്രവർത്തിക്കാനും ഉള്ള സന്നദ്ധത ഇവർക്കി

ടയിൽ ഏറിവന്നു. ഒരു സംഘടന ഇതിനായി രൂപീകരിക്കണം എന്നൊരാവശ്യവും പലരിൽനിന്നും ഉണ്ടായി. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഇതിനുവേണ്ടി സമ്മർദ്ദം ചെലുത്തുകയും കൂടി ചെയ്തപ്പോൾ 1891 ൽ കവിസമാജം എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കപ്പെട്ടു. എന്നാൽ കവിസമാജം എന്ന പേര് കവി കൾക്കാണ് പ്രാമുഖ്യം എന്നൊരു തെറ്റിദ്ധാരണ ഉണ്ടാക്കിയെടുക്കും എന്ന് ചിലർ അഭിപ്രായപ്പെട്ടതിനാൽ ഇത് ഭാഷാപോഷിണിസഭ എന്ന് പുനർനാമകരണം ചെയ്തു. ഇതിന്റെ ലക്ഷ്യങ്ങൾ താഴെപറയും പ്രകാരമായിരുന്നു.

1. തിരുവിതാംകൂർ-കൊച്ചി-മലബാർ എന്നിവിടങ്ങളിലെ എഴുത്തുകാരുടെ ഭാഷാരീതിയ്ക്ക് ആകാവുന്നത്ര ഐകരൂപ്യമുണ്ടാക്കുക.

2. ദുർബലമായ ഗദ്യശാഖയെ പരിപോഷിപ്പിക്കുക

3. ക്ലാസിക്കുകൾക്ക് വ്യാഖ്യാനസഹിതം പുതിയ പതിപ്പുകൾ നിർമിക്കുക.

ഭാഷാപോഷിണി എന്ന പേരിൽ ഒരു മാസിക ആവിർഭവിക്കാനുള്ള കാരണം ഇതാണ്.

ഭാഷാപോഷിണി സഭയുടെ അധ്യക്ഷനായി വലിയ കോയിത്തമ്പുരാനും കാര്യദർശിയായി വറുഗീസ് മാപ്പിളയും സ്ഥാനമേറ്റെടുത്തു. അതോടെ ഗദ്യത്തിന്റെ വികാസം ഈ സഭയുടെ പ്രഖ്യാപിത ലക്ഷ്യമായിത്തീരുകയും ചെയ്തു.

**ഭാഷാപോഷിണിസഭയും വെൺമണിപ്രസ്ഥാന കവികളും**

കേരളത്തിലെ വിവിധ ഇടങ്ങളിലായി ഭാഷാപോഷിണി സഭയുടെ ഒമ്പ തോളം സമ്മേളനങ്ങൾ നടന്നതായി കാണുന്നുണ്ട്. ഇവയിലെല്ലാം വെൺമണിക്ക വികൾ സജീവമായിരുന്നതിൻെറ ചിത്രങ്ങൾ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കത്തുക ളിലുണ്ട്. മാത്രമല്ല, സഭയുടെ സമ്മേളനത്തിന്റെ ഭാഗമായി നടന്നിരുന്ന സാഹിത്യ മത്സരങ്ങളിലും സംവാദങ്ങളിലും ഇവർ ഉത്സാഹത്തോടെ പങ്കെടുക്കുകയും

സമ്മാനം നേടുകയും ചെയ്തു. മലയാള ഭാഷയുടെ മഹത്വത്തെ ഉറപ്പിക്കാനുള്ള വ്യഗ്രത ഇതിൽ കാണുന്നുണ്ട്.

ഭാഷാപോഷിണി സഭയുടെ ഒന്നാംസമ്മേളനം കോട്ടയത്തുവെച്ചാണ് നടന്നത്. രണ്ടാംസമ്മേളനം തൃശ്ശൂർ വെച്ചു നടത്താൻ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും വെൺമണിമഹൻ നമ്പൂതിരിപ്പാടുമാണ് മുൻകയ്യെടുക്കുന്നത് 1892 മേടം 28, 29, 30 തിയ്യതികളിൽ ഭാഷാപോഷിണി സഭയുടെ ദ്വിതീയ സമ്മേളനം കൈക്കുളങ്ങര രാമവാര്യരുടെ അധ്യക്ഷതയിൽ തൃശ്ശൂരിൽ വെച്ചു നടന്നു.

1894 തുലാം 25, 26, 27 തിയ്യതികളിൽ കോഴിക്കോട് വെച്ച് നടന്ന സഭയുടെ മൂന്നാം സമ്മേളനത്തിൽ പി.സി.മാനവിക്രമൻ ഏട്ടൻ തമ്പുരാൻ, കടത്തനാട്ട് ഉദയ വർമ്മ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

1895 കന്നി 18, 19, 20 തിയ്യതികളിൽ തിരുവനന്തപുരത്തുവെച്ച് നടന്ന നാലാം സമ്മേളനത്തിൽ റസിഡന്റ് ഗ്രീൻസായ്‌വാണ് അധ്യക്ഷത വഹിച്ചത്. ഈ സമ്മേളനത്തിൽ വെച്ചാണ് വറുഗീസ് മാപ്പിള സഭയുടെ കാര്യദർശിസ്ഥാനം ഒഴിയുന്നത്.

സി.പി.അച്യുതമേനോൻ കാര്യദർശി സ്ഥാനം ഏറ്റെടുത്തെങ്കിലും സഭാപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. തുടർന്ന് വറുഗീസ് മാപ്പിള കാര്യദർശിസ്ഥാനം ഏറ്റെടുത്ത് 1897 കന്നിമാസം മുതൽ ഭാഷാപോഷിണി മാസിക പുതിയ രൂപത്തിൽ തുടങ്ങുകയും 1898 ൽ അഞ്ചാംസഭാസമ്മേളനം കോട്ടയത്ത് നടത്തുകയും ചെയ്തു.

ആറാം സമ്മേളനം തിരുവനന്തപുരത്തും ഏഴാം സമ്മേളനം 1904 ചിങ്ങം 26, 27 തിയ്യതികളിൽ തലശ്ശേരിയിലും നടന്നു.

വറുഗീസ് മാപ്പിളയുടെ മരണശേഷം രണ്ട് സമ്മേളനങ്ങൾ കൂടി നടന്നതായി കാണുന്നു. 1906 മകരം നാലാം തിയ്യതി തിരുവനന്തപുരത്തും 1911 ൽ

വൈക്കത്തുവെച്ചും നടന്ന സമ്മേളനങ്ങൾക്കു ശേഷം പിന്നീട് ഭാഷാപോഷിണി സഭയുടെ പ്രവർത്തനങ്ങൾ നിലച്ചുപോയി.

ഭാഷാപോഷിണി സഭാസമ്മേളനങ്ങളിൽ പങ്കെടുക്കേണ്ടതിനെക്കുറിച്ചുള്ള ആലോചനകൾ പല കത്തുകളിലും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ സൂചിപ്പിക്കുന്നത്.

കൊട്ടാരത്തിൽ ശങ്കുണ്ണിയ്ക്കയച്ച കത്തിൽ (19-3-67).

മടിച്ചിരിക്കാതവിടുന്നു വന്നു

തുടച്ചു നന്നാക്കി മിനുക്കിടായ്കിൽ

തടിച്ചു കാണേണ്ട സമാജമൊന്നു

ചടച്ചിടും തദ്വിരഹം നിമിത്തം -

പാടുണ്ടെങ്കിൽ വരുത്തുവാൻ പണി പണി -

ഞ്ഞീടേണ്ടതിന്നായൊരു -

മ്പാടുണ്ടാവണമേവനും ''കവിസമാ-

ജ'' ത്തേത്തടിപ്പിക്കുവാൻ;

പാടുണ്ടിജ്ജനമെന്നുമെന്നുമതിലേ-

യ്ക്കായിട്ടു കാലേ പുറ-

പ്പാടുണ്ടെന്നുമിനി ക്രിയോത്തരമതും

വേറേ കഥിക്കേണമോ?

എന്ന് കാണുന്നുണ്ട്.

21.2.69 ന് കൊട്ടാരത്തിൽ ശങ്കുണ്ണിയ്ക്കയച്ച കത്ത് ദേവീവിലാസം നാടകത്തിന് ശങ്കുണ്ണിയ്ക്ക് ഭാഷാപോഷിണി സഭാ സമ്മേളനത്തിൽ നടന്ന മത്സരത്തിൽ സമ്മാനം ലഭിച്ചു എന്ന് സൂചിപ്പിക്കുന്നുണ്ട്.

വെൺമണി മഹൻ നമ്പൂതിരിപ്പാടിനയച്ച കത്തിൽ (27.3.67)

കോട്ടം വിട്ടൊരു കോട്ടയം ''കവിസമാ-
ജ''ത്തിൽ ജയിച്ചാക്കവി -
ശ്രേഷ്ഠൻമാർക്കു വിശേഷമായ് വിരുതു നൽകാൻ

തിരുവനന്തപുരത്ത് നടത്തുന്ന സഭയിൽ ചെല്ലണോ എന്ന തന്റെ സംശയത്തെക്കുറിച്ച് പറയുന്നുണ്ട്.

14.3.67 ന് നടുവത്തച്ഛൻ നമ്പൂതിരിയ്ക്കയച്ച കത്ത് കോട്ടയം സമാജത്തിന് പോകാൻ അദ്ദേഹത്തെ നിർബന്ധിച്ചുകൊണ്ടെഴുതിയതാണ്.

അങ്ങില്ലെന്നാകിൽ ഞാനില്ലതിനുടെ പുറമേ
കൊച്ചുകൊച്ചുണ്ണി ഭൂപൻ
മങ്ങില്ലെന്നോർത്തിടുന്നോ? മഹിതമതി മഹൻ
പിന്നെയുണ്ടാവതുണ്ടോ?
ഇങ്ങെല്ലാരും മടിച്ചാലരിയ ''കവിസമാ-
ജ''ത്തിലീക്കൊച്ചിയിൽക്കാ-
രങ്ങില്ലാതായ് ഭവിക്കും പറയണമതു നൊ-
മ്മൾക്കു മാനത്തിനാമോ?
....................................................
ഏറെസ്സങ്കടമായ് ഭവിയ്ക്കുമിതുഹാ-
പത്രാധിപർക്കത്രയ-
ല്ലോരോ തെക്കൻ കവീന്ദ്രരായ്പരിചയം
പറ്റുന്നതും തെറ്റിടും -

തെക്കരായ കവികളെ പരിചയപ്പെടാനുള്ള അവസരം പാഴാക്കരുത് എന്നാണ് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പക്ഷം.

കോഴിക്കോട് ഭാഷാപോഷിണി സഭായോഗത്തിന് പോകുന്നതായി പറയുന്ന ഒരു കത്ത് മടവൂർ സി.നാരായണപിള്ള ഓർത്തെടുക്കുന്നുണ്ട്.

കോഴിക്കോട്ടെബ്ഭാഷാ -
പോഷിണിസഭയിൽ സമാജ കൃത്യത്തെ
ഘോഷമൊടു നിർവ്വഹിപ്പാ-
നേഷഗമിക്കുന്നു മറ്റന്നാൾ

എന്നാണത്.

അക്കാലത്തെ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിലെല്ലാം വെൺമണിക്കവികൾ സജീവമായിരുന്നു എന്നതും അവർ നവീനതയെ എല്ലാം ഉൾക്കൊള്ളാൻ ഉത്സാഹം കാണിച്ചു എന്നതും ഇതിൽനിന്നും മനസിലാക്കാം.

**ഭാരതവിലാസം സഭ**

1905 ൽ രൂപംകൊണ്ട ഭാരതവിലാസം സഭ ഭാഷാകേന്ദ്രിതമായ ഒരു ദേശ ബോധത്തെ ഉയർത്തിക്കൊണ്ടു വരുന്നുണ്ട്. ഭാഷാപോഷിണി സഭയുടെ മാതൃക യിൽ സംഘടിപ്പിക്കപ്പെട്ട ഈ സഭയുടെ ആദ്യ സമ്മേളനത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ അവതരിപ്പിക്കുന്ന മംഗളപദ്യം

'ഭാരതവിലാസ'മെന്നും
ഭാരതഖണ്ഡത്തിൽ മേലെയായ് നില്പാൻ
ഭാരതി ഭഗവതി കരുണാ-
ഭാരതിരിപ്പുള്ള ദൃഷ്ടി ചാട്ടട്ടേ

എന്നാണ്.

തൃശ്ശൂരിൽ 1906 ൽ നടന്ന ഭാരതവിലാസം സഭയുടെ ആദ്യസമ്മേളനത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനാണ് അധ്യക്ഷസ്ഥാനം വഹിക്കുന്നത്. ഗദ്യത്തെ ഉയർത്തിക്കൊണ്ടുവരിക എന്നതായിരുന്നു ഈ സഭയുടെ ലക്ഷ്യം.

ചുരുക്കത്തിൽ പദ്യം മാത്രമല്ല സാഹിത്യം എന്നും ഗദ്യത്തിന്റേതായ ഒരു പുതിയ മണ്ഡലം വികസിച്ചു വരേണ്ടതുണ്ടെന്നും മൊത്തത്തിൽ അംഗീകരി

ക്കപ്പെട്ടു. കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ പരിഷ്കരണ ശ്രമങ്ങൾ കൂടുതൽ കരുത്തോടെ പൊതുജനങ്ങളിലേക്ക് എത്തിത്തുടങ്ങുകയും ഫലത്തിൽ ഒരു പുതിയ സാഹിത്യ വ്യവഹാര ഭാഷയായി ഗദ്യം അംഗീകരിക്കപ്പെടുകയും ചെയ്തു. ഭാഷാപോഷിണിസഭ, ഭാരതവിലാസം സഭ തുടങ്ങിയ സാംസ്കാരിക സംഘടനകളിലൂടെ ഗദ്യത്തിന്റെ സാധ്യതകളെക്കുറിച്ച് സാഹിത്യകാരൻമാർ മനസ്സിലാക്കി. കേരളവർമ്മ വലിയകോയിത്തമ്പുരാനടക്കമുള്ളവർ സാഹിത്യത്തിൽ പൊതുവെയും ഗദ്യത്തിൽ വിശേഷിച്ചും സാധാരണ ജനങ്ങളെക്കൂടി ഉൾക്കൊണ്ടുകൊണ്ട് രചനകൾ നടത്തേണ്ടത് പുരോഗതിയുടെ ആവശ്യമായി കരുതി.

ഭാഷാപോഷിണി സഭയുടെ ഒരു യോഗത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ സ്വയം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ചിന്തിക്കുന്നുണ്ട്.

> മുപ്പതുവർഷങ്ങൾക്കു മുമ്പിലുണ്ടായിരുന്ന മലയാള വാചകരീതിയിൽനിന്നും ഭേദിച്ച് ഇപ്പോൾ ഉപയോഗിക്കപ്പെട്ടു വരുന്നതിന് പൂർവാപേക്ഷയാ വല്ലതും ചില പരിഷ്കാരങ്ങളുണ്ടെങ്കിൽ അതിനു ഞാൻകൂടി കാരണഭൂതനാണെന്നുള്ള ബോധം എനിക്കു നിരതിശയമായ ചാരിതാർത്ഥ്യത്തെ ജനിപ്പിക്കുന്നുണ്ട്. എന്നാൽ എന്റെ കൃതികളായ പുസ്തകങ്ങളിൽ സംസ്കൃതപദപ്രയോഗം കുറെ അധികമായിട്ടുണ്ടെന്നുള്ള ഒരാക്ഷേപം പ്രായേണ സംസ്കൃത പരിചയമില്ലാത്ത വിദ്യാതത്പരൻമാരിൽനിന്നും ഉത്ഭവിക്കാറുള്ളതായി ഞാൻ അറിഞ്ഞിട്ടുണ്ട്. ആ ആക്ഷേപത്തെ ഞാൻ അഭ്യുഗമിക്കുന്നു. സംസ്കൃതശബ്ദങ്ങളെ ധാരാളമായി പ്രയോഗിച്ചാൽ വാചകത്തിന് അധികഭംഗിയുണ്ടാകുമെന്നുള്ളൊരു മിഥ്യയായ വിചാരം ഇപ്പോൾ പലർക്കും ഉള്ളതുപോലെ ആദ്യം എനിക്കും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഞാനതിനെ തീരെ നിരസിച്ചിരിക്കുന്നു. എങ്ങ

നെയായാലാണ് പ്രതിപാദ്യമായ വിഷയം വായിക്കുന്നവർക്ക് വിരസതയും ക്ലേശവും കൂടാതെ സുഗ്രഹമായി ഭവിക്കുന്നത് അങ്ങനെയുള്ള രീതിയിൽ വാചകം എഴുതണമെന്നു മാത്രമെ ഇപ്പോൾ മുഖ്യമായി കരുതാറുള്ളൂ.... വിനോദത്തിനും ലോകപരിജ്ഞാനത്തിനുമായി നിർമ്മിക്കപ്പെടുന്ന സാഹിത്യഗ്രന്ഥങ്ങളിൽ വാചകത്തിനും പദങ്ങൾക്കും ശുദ്ധിയും ഭംഗിയും ഉണ്ടായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.[3]

കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഗദ്യരീതിയെ നിലവാരപ്പെടുത്താൻ ഉള്ള ശ്രമം നടത്തുന്നുണ്ട് എന്നു കാണാം.

നോവൽ, ചെറുകഥ തുടങ്ങിയ സാഹിത്യരൂപങ്ങൾ വായനക്കാരിലേക്കെത്തുന്ന കാലം കൂടിയാണ് പത്തൊമ്പതാം നൂറ്റാണ്ട്. ഗദ്യത്തിന്റെ ഈ പുതിയ ആവിഷ്ക്കരണങ്ങൾ പൊതുസമൂഹത്തിന്റെ വായനാശീലങ്ങളിൽ മാറ്റം വരുത്തുന്നുണ്ട്. ഇതിന്റെ സ്വാധീനം വെൺമണിക്കവികളിലും കാണാനുണ്ട്.

കവിതയെ സംഭാഷണഭാഷയോടടുപ്പിക്കാൻ ശ്രമിച്ച വെൺമണിക്കവികൾക്ക് ഗദ്യത്തോട് അടുപ്പം തോന്നിയതിൽ അത്ഭുതപ്പെടാനില്ല. കവിതക്കത്തുകളുടെ രചനയിലൂടെയും മറ്റും വെൺമണിമാർ സാധിച്ചത് ഗദ്യത്തെ പദ്യത്തിലേക്ക് തിരുകിക്കയറ്റുകയും പദ്യത്തിന് ഗദ്യരൂപം നൽകുകയുമാണ്.

മാർത്താണ്ഡവർമ പോലുള്ള നോവലുകൾ ആസ്വദിച്ചു വായിക്കുന്നതിന്റെ സൂചനകൾ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കത്തുകളിലുണ്ട്.

---

3 എം.ആർ.ബാലകൃഷ്ണവാര്യർ *കേരളവർമ്മദേവ*നിൽ പ്രസ്താവിച്ചത് ടി.എം. ചുമ്മാർ *ഭാഷാഗദ്യസാഹിത്യചരിത്ര*ത്തിൽ ഉദ്ധരിച്ചത് (എൻ .ബി..എസ്, കോട്ടയം, 1955).

17.8.67 ന് നടുവത്തച്ഛനയച്ച കത്തിൽ മാർത്താണ്ഡവർമ്മ എന്ന നോവലിനെക്കുറിച്ചുള്ള നിരൂപണമാണ്. ഈ നോവൽ നടുവത്തച്ഛന് വായിക്കാൻ കൊടുക്കുന്നത് കുഞ്ഞിക്കുട്ടൻതമ്പുരാനാണെന്നു കാണാം.

എന്നാൽ ''മാർത്താണ്ഡവർമാ'' വിതിബതമലയാ-
ളത്തിൽ ''നോവൽ'' ക്രമത്തി-
ന്നൊന്നാം ക്ലാസായ്പ്പുകൾത്തപ്പെടുമരിമപെടും
പുസ്തകം ന്യസ്തകമ്പം
നന്നായ്ത്താങ്കൾക്കയയ്ക്കുന്നിതു മുഴുവനുമേ
ബുദ്ധിവെച്ചിട്ടു വായി-
ച്ചെന്നാലേ സാരമെല്ലാമറിവതിനിടയാ-
വുള്ളൂവെന്നുള്ളതോതാം.

കഥാഘടനയെക്കുറിച്ചും കഥാപാത്രങ്ങളെക്കുറിച്ചും സൂചിപ്പിച്ച ശേഷം

സംസ്കൃത സന്ധിപ്പിഴ പലതിക്കൃതി-
ബുക്കിൽ കിടക്കുമാകട്ടെ
അക്കവി സംസ്കൃത വിത്തല്ലക്കഥയൊ-
ന്നുണ്ടതിൽ സമാധാനം

എന്നും പറഞ്ഞു പോകുന്നു. ഒരു പുതിയ മട്ടിലുള്ള കൃതിയിൽ കാണുന്ന ചെറിയ പിഴയുടെ പേരിൽ ആ കൃതിയെ വിമർശിക്കേണ്ടതില്ല എന്ന കാഴ്ചപ്പാടാണ് തമ്പുരാന്റേത്.

നോവലിനോടും അതിന്റെ ആഖ്യാന രീതിയോടും കുഞ്ഞിക്കുട്ടൻതമ്പുരാൻ പ്രകടിപ്പിച്ച താത്പര്യം മറ്റൊരിടത്തും കാണാം.

കൂത്താമ്പള്ളി രാമൻ നമ്പ്യാർക്കയച്ച ഒരു കത്തിൽ

ക്വിന്തൻ ദർവ്വേദെടുത്തു കുതുകമൊടിത
ഞാൻ നോവൽ മൂന്നാമതിപ്പോ-

ളിന്ത്യൻമാർ മന്ദരാഖ്യായികയിൽ

വിരുതനീ വിദ്യയിൽ സ്കോട്ടുതന്നെ

എന്ന് ആ കൃതിയെയും തൽക്കർത്താവിനെയും അഭിനന്ദിക്കുന്നു. കൂടാതെ

നോവൽ നോക്കിത്തീർത്തിടുമ്പോ-

ളാവതും ബുദ്ധി വച്ചുഞാൻ

ആ വഴിക്കെഴുതിത്തീർക്കാൻ

ഭാവമുണ്ടൊരു പുസ്തകം

എന്നു രേഖപ്പെടുത്തുന്നു. നോവൽ എന്ന ഗദ്യരൂപത്തോട് തമ്പുരാനുണ്ടായിരുന്ന പ്രതിപത്തി ഇത് വെളിവാക്കുന്നുണ്ട്.

ഇത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മാത്രം കാര്യമല്ല. മാറുന്ന സാഹിത്യരൂപം വെൺമണിക്കവികളിൽ പലരുടെയും രചനകളെ സ്വാധീനിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റേതായി *കാട്ടുകൃഷി, മേനോൻ കൊശവനായത്* എന്നീ രണ്ടു കഥകളും വെൺമണി മഹന്റേതായി 'കഥകളിയും നാടകവും' എന്നൊരു ലേഖനവും ഉണ്ട്. പുതിയ ഗദ്യമാതൃകയോട് അടുത്തുനിൽക്കുന്ന രചനകളാണിവ.[4]

ശീവൊള്ളി നാരായണൻ നമ്പൂതിരിയുടെ *ഒരു കഥ* എന്ന കാവ്യം ഗദ്യത്തോട് അടുത്തുനിൽക്കുന്ന രചനയാണ്. കാവ്യത്തിന്റെ തലക്കെട്ടുതന്നെ ഇത് ഒരു കഥയാണ് കവിതയല്ല എന്ന സൂചന നൽകുന്നു. നൂറ്റിപ്പതിനൊന്ന് ശ്ലോകങ്ങളേ കണ്ടുകിട്ടിയിട്ടുള്ളൂ എങ്കിലും അന്നത്തെ രചനാരീതി വെച്ചു നോക്കുമ്പോൾ പല പരിഷ്കാരങ്ങളും ഈ ഭാഗത്ത് കാണാം.

---

[4] കാട്ടുകൃഷി, മേനോൻ കൊശവനായത് എന്നീ കഥകൾ *കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഗദ്യലേഖനങ്ങൾ,* (എസ്.കെ.വസന്തൻ (സമ്പാ), 1983) എന്ന പുസ്തകത്തിലുണ്ട്. വെൺമണിമഹന്റെ ലേഖനം *വിദ്യാവിനോദിനി*യിൽ കൊ.വ.1069 തുലാം-വൃശ്ചികം ലക്കങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പു. 5, ലക്കം 1, 2.

1897 ൽ രചിക്കപ്പെട്ട ഈ കാവ്യത്തിലെ നായികയ്ക്ക് 1889 ൽ ഒ.ചന്തുമേനോൻ രചിച്ച നോവലിലെ നായികയായ ഇന്ദുലേഖയോടുള്ള സാമ്യം ശ്രദ്ധയിൽപ്പെടും.

ഏകദേശം മൂന്നുവയസ്സു പ്രായമായപ്പോൾ തന്റെ അമ്മാമനും ഇംഗ്ലീഷ്, സംസ്കൃതം, സംഗീതം മുതലായ വിദ്യകളിൽ അതിനിപുണനും ഒരു ദിവാൻ പേഷ്കാരുദ്യോഗത്തിൽ എണ്ണൂറുറുപ്പിക ശമ്പളമായിരുന്ന ആളും ആയ കൊച്ചു കൃഷ്ണമേനോൻ, തന്റെ കൂടെ താൻ ഉദ്യോഗം ചെയ്തിരുന്ന ദിക്കിൽ കൊണ്ടുപോയി പതിനാറു വയസ്സുവരെ വിദ്യാഭ്യാസങ്ങൾ ചെയ്യിപ്പിച്ചു. ഇംഗ്ലീഷ് നല്ലവണ്ണം പഠിപ്പിച്ചു. സംസ്കൃതത്തിൽ നാടകാലങ്കാരങ്ങൾ വരെ പഠിപ്പിച്ചു. സംഗീതത്തിൽ പല്ലവി രാഗവിസ്താരം വരെ പാടാനും പിയാനോ, ഫിഡിൽ, വീണ ഇതുകൾ വിശേഷമായി വായിപ്പാനും ആക്കിവെച്ചു. പിന്നെ ചില്ലറയായി സ്ത്രീകളെ യൂറൊപ്പിൽ അഭ്യസിപ്പിക്കുന്ന തുന്നൽ ചിത്രം മുതലായതുകളിലും തന്റെ അതിമനോഹരിയായ മരുമകൾക്കു പരിചയം വരുത്തി.[5]

ശീവൊള്ളിയുടെ കഥയിലെ നായികയ്ക്ക് പാരമ്പര്യപ്പേരും വിളിപ്പേരും ഉണ്ട്. ഇന്ദുലേഖയ്ക്കും മാധവി എന്ന് ജാതകത്തിൽ വെച്ച പേരുണ്ട്. ശീവൊള്ളിയുടെ നായികയ്ക്ക് ഉദ്ദേശം പതിനേഴിനൊന്നര കുറഞ്ഞീടും വയസ്സാണ്. കൂടാതെ

സംഗീതത്തിലവൾക്കു വാസന വിശേ-
ഷിച്ചുണ്ട്, പിന്നെക്കുറ-
ച്ചിംഗ്ലീഷും ചില തൂശിവേലകളുമു-
ണ്ടെന്നല്ല സാഹിത്യവും,
ശൃംഗാരപ്പുതു മോടിയിൽ പല പകി -
ട്ടുണ്ടെങ്കിലും പാംസുലാ-
സംഗം പോലുമസഹ്യമാ,ണതിൽ വെറു-
പ്പേറും ചെറുപ്പം മുതൽ

5 ഒ. ചന്തുമേനോൻ. *ഇന്ദുലേഖ* (ഡി.സി.ബുക്സ്, കോട്ടയം) പുറം 25.

ഇങ്ങനെയൊക്കെയാണെങ്കിലും 'കാലത്തെഴുന്നേറ്റു കുളിച്ച് കുളിർക്കുന്നിൻകിടാവിന്റെ തൃക്കാൽത്താണുവണങ്ങിയല്ലാതെ' അവൾ കാപ്പിപോലും കുടിക്കില്ല.

ചന്തുമേനോന്റെ *ഇന്ദുലേഖ*യും 'ഇംഗ്ലീഷ് പഠിച്ചതിനാൽ താൻ ഒരു മലയാള സ്ത്രീയാണെന്നുള്ള നില ലേശം വിട്ടിട്ടില്ല.'[6]

ഇങ്ങനെയുള്ള രൂപസാദൃശ്യം ശീവൊള്ളിയ്ക്ക് ഈ നോവലുമായുള്ള പരിചയത്തിൽ നിന്ന് സാധ്യമായതാവണം.

പുതിയ ഗദ്യരൂപം നിലവിലെ സാഹിത്യരൂപങ്ങളിൽ കടന്നുകയറുന്നതിന്റെ സൂചനയാണിത്. ഇതിനെത്തുടർന്ന് *ചിരുതേയി* എന്ന ഒരു നോവൽ ശീവൊള്ളി എഴുതിയിട്ടുണ്ട്. ചാരിത്ര്യത്തിന്റെ മേൻമയെക്കുറിച്ചാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. വെൺമണിപ്രസ്ഥാന കവികളിൽ നോവൽ രചിച്ചിട്ടുള്ള ഒരേയൊരാൾ ശീവൊള്ളിയാണ്.

ഇതിനു ശേഷമാണ് ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ ചെറുകഥകളെഴുതിത്തുടങ്ങിയത്. *നാലുകഥകൾ* എന്ന സമാഹാരത്തിൽ *കല്യാണിക്കുട്ടി, ജാനു, നാരായണിക്കുട്ടി, കേളുണ്ണിമൂപ്പിൽനായർ* എന്നിങ്ങനെ നാലു കഥകളും *മാലതി* എന്ന മറ്റൊരു കഥയുമാണ് അദ്ദേഹത്തിന്റെ പ്രധാന ചെറുകഥകൾ.

> *സാമുദായിക ഛായയിൽ ആദ്യമായി കഥകളെഴുതിത്തുടങ്ങിയത് ഒടുവാണ്. പാത്രസൃഷ്ടിയിലും ആഖ്യാന രീതിയിലും അദ്ദേഹം വിജയിച്ചിട്ടുണ്ടെന്നുള്ളതിന് സംശയമില്ല. ശോകാന്തങ്ങളല്ല അദ്ദേഹത്തിന്റ കഥകൾ എന്നുള്ളതുകൊണ്ടു മാത്രം അവയ്ക്ക് അപകർഷം കല്പിക്കുന്നത് ശരിയല്ല. അക്കാലത്തെ സഹൃദയന്മാരെ ചില വിശേഷ സംഭവങ്ങൾ വിവരിച്ച് വിനോദിപ്പിക്കുന്നതിൽ കവിഞ്ഞ് അന്നത്തെ ചെറുകഥാകാരന്മാർക്ക് ഉദ്ദേശ്യമൊന്നും ഉണ്ടായിരുന്നി*

[6] ടി. പുറം 26.

*ല്ല. ഒടുവിന്റെ കഥകൾക്ക് ചില വൈകല്യങ്ങൾ ഇല്ലാതില്ല. എന്നാൽ അന്ന് ആ ഇനത്തിലുള്ള സാഹിത്യം അത്രമാത്രമേ വികസിച്ചിരുന്നുള്ളൂ എന്ന് നാം ഓർക്കേണ്ടതാണ്.*[7]

ബഹുജനങ്ങൾക്കിടയിൽ മാത്രമല്ല കവികളിലും ഗദ്യത്തിന്റെ പ്രചാരം മാറ്റം വരുത്തുന്നുണ്ട്. ഇതിന് ഏറ്റവും വലിയ ഉദാഹരണം കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണ്. വെൺമണിപ്രസ്ഥാനത്തിന്റെ പ്രചാരകരിൽ ഏറ്റവും പ്രമുഖനായിരുന്ന തമ്പുരാൻ പിന്നീട് അപ്പൻ തമ്പുരാന്റെ ശ്രമഫലമായി തുടങ്ങിയ രസികരഞ്ജിനി എന്ന ഗദ്യപത്രത്തിന്റെ പത്രാധിപരായത് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ പോലും മാറ്റം വരുത്താൻ കണ്ടത്തിൽ വറുഗീസ് മാപ്പിളയെയും കേരളവർമ വലിയ കോയിത്തമ്പുരാനെയും പോലുള്ളവർക്ക് കഴിഞ്ഞു എന്നതു കൊണ്ടു തന്നെയാണ്.

മനോരമയും ഭാഷാപോഷിണിയും ഇവിടെവന്ന് കവിതയെഴുതുന്നവരെ ഗദ്യമെഴുതാൻ പഠിപ്പിച്ചതിന്റെ ഫലമായി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രസികരഞ്ജിനി എന്ന ഗദ്യപത്രത്തിന്റെ പത്രാധിപരായി. തമ്പുരാൻ ആദ്യമായി ഗദ്യമെഴുതുന്നത് 'രസികരഞ്ജിനി'യിലെ എഡിറ്റോറിയലിലാണ്.[8]

കൊ.വ.1078 ചിങ്ങമാസത്തിൽ എറണാകുളം വിദ്യാവിലാസം അച്ചുകൂടത്തിൽ അച്ചടിച്ച രസികരഞ്ജിനിയുടെ ആദ്യലക്കം പുറത്തിറങ്ങി. പത്രാധിപരായിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാന്റെ

പ്രസന്ന പ്രൗഢ സരസ-
പ്രസംഗങ്ങൾ നിറഞ്ഞിനി
രസജ്ഞർക്കു കൊടുക്കട്ടെ
രസം രസിക രഞ്ജിനി

7 ഉള്ളൂർ, എസ്.പരമേശ്വരയ്യർ. *കേരളസാഹിത്യ ചരിത്രം*, വാ. 4, പുറം 520.

8 സുകുമാർ അഴീക്കോട്, 'യുഗസ്രഷ്ടാവ്', *ഭാഷാപോഷിണി*, (2004, ഓഗസ്റ്റ്) പുറം 9.

എന്ന ശ്ലോകമായിരുന്നു ഈ മാസികയുടെ മുദ്രാവാക്യം

രസികരഞ്ജിനി പത്രം തുടങ്ങുന്നതിനെക്കുറിച്ച് കൊട്ടാരത്തിൽ ശങ്കുണ്ണി യ്ക്കയച്ച ഒരു കത്ത് ഇവിടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നുണ്ട്. തമ്പുരാന്റെ മറ്റ് കത്തുകൾക്കില്ലാത്ത ഒരു പ്രത്യേകത ഈ കത്തിനുണ്ട്. ഇതിലെ മംഗളശ്ലോകം എഡ്വേഡ് രാജാവിനെ സ്തുതിച്ചു കൊണ്ടുള്ളതാണ്.

ഉദ്വേഗമുള്ളിലുദിയാതെ ജഗത്തിലെല്ലാ-
മുദ്വേല പുഷ്ടിയരുളുന്നൊരു ചക്രവർത്തി
സദ്വേദ വേദ്യ പരദൈവകൃപാകടാക്ഷാ-
ലെഡ്വേഡ് മഹീപതി ജവാൽ സുഖമാർന്നിടട്ടെ.
തിങ്ങും മുദാ 'രസികരഞ്ജിനി' യെന്നും പേരു
പൊങ്ങുന്ന മാസികയെ ഞങ്ങൾ തുടങ്ങുമെന്നും
ചിങ്ങം മുതൽക്കതു മുറയ്ക്കു നടത്തുമെന്നു-
മങ്ങുന്നു നമ്മുടെ മനോരമ കണ്ടറിഞ്ഞോ?

ലേഖനമയച്ച് രഞ്ജിനിയെ സഹായിക്കണം എന്ന് അഭ്യർത്ഥിക്കാനും തമ്പുരാൻ മടിക്കുന്നില്ല.

'കവിതകളെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ'

എന്ന് പറഞ്ഞ സരസദ്രുത കവികിരീടമണി കുഞ്ഞിക്കുട്ടൻതമ്പുരാൻ ലേഖനം എഴുതാൻ എല്ലാവരേയും പ്രേരിപ്പിക്കുന്ന സംഗതി എന്താണെന്ന് അന്വേഷിച്ചാൽ കാലം സാഹിത്യരൂപത്തിൽ വരുത്തിയ മാറ്റത്തിന്റെ പ്രതിഫലനം അദ്ദേഹത്തിലും കാണാം എന്നു മാത്രമേ പറയാൻ കഴിയൂ.

ഒട്ടുനാളായ് 'രഞ്ജിനി'ക്കു - കിട്ടുമാറില്ല ലേഖനം

മട്ടുനന്നല്ല, യിപ്പാണ്ടി-പ്പിട്ടുപറ്റില്ല തോഴരേ

എന്ന് ഉള്ളൂരിനോടും രസികരഞ്ജിനിയ്ക്കായി ലേഖനം ആവശ്യപ്പെടുന്നുണ്ട്.

ഉള്ളൂർ വള്ളത്തോളിനയച്ച ഒരു കവിതക്കത്തിൽ വായനക്കാരുടെ മനോഭാവത്തിൽ വന്ന മാറ്റത്തെ ഇങ്ങനെ അടയാളപ്പെടുത്തുന്നു.

കാലം മാറി, കവീന്ദ്രർ തൻകഥ കുഴക്കായ്ത്തീർന്നു,
പേർത്തും നമു-
ക്കാലംബിപ്പതിനാരുമില്ല, കവിതാസാരം ഗ്രഹിച്ചീടുവാൻ
നാലഞ്ചില്ല ജനങ്ങൾ, പണ്ഡിത ജഗന്നാഥന്റെ വാക്കിൽ, ദ്ധരാ-
പാലന്മാർ ''കമലാവിലാസമദിരോന്മീലന്മദാഘൂർണ്ണിതർ''.

ഈ കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് സ്വയം മാറാനും ഗദ്യത്തിന്റെ പ്രചാരകരാകാനും വെൺമണിക്കവികൾക്ക് കഴിഞ്ഞു എന്നിടത്താണ് ഇവരുടെ സാഹിത്യസംഭാവനകൾ വിലയിരുത്തേണ്ടത്. കാലത്തിനൊപ്പം പിടിച്ചുനിൽക്കാൻ കഴിയാതെ വെൺമണിപ്രസ്ഥാനം നാമാവശേഷമായി എന്ന നിരീക്ഷണം ഇവിടെ പുനഃപരിശോധിക്കേണ്ടതുണ്ട്. കാലികമായ പുരോഗതികളെ ഉൾക്കൊണ്ട് മലയാള സാഹിത്യത്തെ മുന്നോട്ട് നയിക്കുകയാണ് വെൺമണിക്കവികൾ ചെയ്തത്. പദ്യത്തിന്റെ പ്രോത്സാഹകരായിരുന്ന ഇവർ ഗദ്യത്തിന്റെകൂടി പ്രോത്സാഹകരായിത്തീരുന്ന കാഴ്ചയാണ് പിന്നീട് കാണുന്നത്. വെൺമണിമാരുടെ ഇത്തരത്തിലുള്ള ഒരു വികാസം എവിടെയും രേഖപ്പെടുത്തി കാണുന്നില്ല.

*മലയാളകവിതാസാഹിത്യചരിത്ര*ത്തിൽ എം.ലീലാവതി ഈ പ്രസ്ഥാനത്തെ മുളങ്കാട് പൂക്കുന്നതിനോടാണ് ഉപമിക്കുന്നത്. അവരുടെ തന്നെ വാക്കുകളിൽ 'സമൃദ്ധമായി പൂത്തുതഴച്ചുകതിരണിഞ്ഞു വിളയുക; ക്രമേണയങ്ങ് നീർവറ്റി വരളുക. ഈ രണ്ടു ധർമ്മത്തിനും മുളങ്കാടുകൾ പൂക്കുമ്പോലുള്ള ഒരു സവിശേഷ വസന്തമായി'[9] വെൺമണിപ്രസ്ഥാനത്തെ കാണുന്നു. എന്നാൽ നീർവറ്റിവരണ്ടു പോകുകയല്ല പാരമ്പര്യമട്ടിൽനിന്ന് തുടങ്ങി പുരോഗമനത്തിന്റെ സവിശേഷതകളെ എല്ലാം ആവാഹിച്ച് സ്വയം നവീകരണത്തിന് തയ്യാറായ കവികളാണ് ഇവരിൽ

---

[9] എം. ലീലാവതി. *മലയാളകവിതാസാഹിത്യചരിത്രം*, പുറം 135.

ഓരോരുത്തരും. വെൺമണിപ്രസ്ഥാനം എന്ന ഒരൊറ്റ ശീർഷകത്തിലേക്കൊതുക്കി ഇവരെ വിലയിരുത്തുന്നത് ഈ കവികളോട് ചെയ്യുന്ന നീതികേടാണ്. സാഹിത്യ വികാസത്തിനും സാമൂഹിക പരിഷ്കരണത്തിനും ഇവർ നല്കിയ സംഭാവനക ളുടെ തുടർപഠനങ്ങളിലൂടെ കാലാകാലങ്ങളായി ഇവരിൽ ചാർത്തികൊടുത്ത വികല മുദ്രകൾ മാറ്റി എഴുതേണ്ടതുണ്ട്.

ഈ അധ്യായത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളെ താഴെ പറയും പ്രകാരം ക്രോഡീകരിക്കാം.

1. വെൺമണിപ്രസ്ഥാനത്തിന് സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും ആകാശങ്ങൾ കാണിച്ചുകൊടുത്തത് കൊടുങ്ങല്ലൂർ ഗുരുകുലമാണ്.
2. കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ഏ.ആർ. രാജരാജവർമ്മ തുടങ്ങിയ തെക്കൻ കേരളത്തിലെ അക്കാലത്തെ പ്രമുഖ സാഹിത്യകാരന്മാരോടൊപ്പം സാഹിത്യപോഷണത്തിന് തോളോടുതോൾചേർന്ന് പ്രവർത്തിക്കാൻ വെൺമണിക്കവികൾ സന്നദ്ധരായി.
3. അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന പത്രമാസികകളെ ഉപയോഗപ്പെടു ത്താനും അതുവഴി ഉളവായ സാഹിത്യസൗഹൃദങ്ങളെ കേരളം എന്ന സാംസ്കാരികബോധത്തിലേക്ക് പരിവർത്തിപ്പിക്കാനും ശ്രമിച്ചു.
4. മലയാള മനോരമ, ഭാഷാപോഷിണി തുടങ്ങിയ മാസികകളുടെ ഗദ്യപോ ഷണ പ്രയത്നത്തിൽ പങ്കാളികളായി.
5. പദ്യത്തെയും ഗദ്യത്തെയും ഒരുപോലെ സ്വീകരിക്കാനുള്ള സന്നദ്ധത ഇവരെ ആധുനികരാക്കി.
6. പിന്നീട് ഗദ്യത്തിൽ അധിഷ്ഠിതമായി വളർന്ന മലയാള സാഹിത്യ വികാസ ത്തിൽ വെൺമണിക്കവികളും പങ്കുചേരുന്നുണ്ട്.

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

# ഉപസംഹാരം

വെൺമണിപ്രസ്ഥാനത്തെ സംസ്കാരപഠനത്തിന്റെ കാഴ്ചപ്പാടിലൂടെ വിശ കലനം ചെയ്യാനാണ് അഞ്ച് അധ്യായങ്ങളുള്ള പ്രബന്ധത്തിലൂടെ ശ്രമിച്ചത്. ഫ്യൂഡൽ സമൂഹവ്യവസ്ഥയുടെ തകർച്ച സമൂഹത്തിൽ വിവിധങ്ങളായ സാംസ്കാ രിക വൈവിദ്ധ്യങ്ങൾ സൃഷ്ടിച്ചു. നിലവിലുണ്ടായിരുന്നവയിൽനിന്ന് പുതിയൊരു സാംസ്കാരികാവസ്ഥയിലേക്കുള്ള മാറ്റം ജനജീവിതത്തിന്റെ സർവ്വ മേഖലകളിലും സ്വാധീനം ചെലുത്തി. അതുവരെ ആശ്രിതരായി കഴിഞ്ഞിരുന്നവർ സ്വാതന്ത്ര്യം നേടുകയും വിദ്യാഭ്യാസത്തിലൂടെ പുതിയൊരു ലോകവീക്ഷണം നേടിയെടു ക്കുകയും ചെയ്തു. ഫ്യൂഡൽ പാരമ്പര്യത്തിന്റെ പ്രതിനിധികളായിരുന്ന വെൺമ ണിക്കവികളിലും സാമൂഹിക മാറ്റത്തിന്റെ പ്രതിഫലനങ്ങൾ ദൃശ്യമാകുന്നുണ്ട്. പുതുമയോട് പൊരുത്തപ്പെടാനുള്ള ഈ കവികളുടെ മനോഭാവം സാഹിത്യ ഭാഷാ പരിഷ്ക്കരണത്തിലൂടെയും പുതിയ രചനാരൂപങ്ങളുടെ അന്വേഷണത്തിലൂടെയും പ്രകടമാകുന്നു. ഇത് ഏറ്റവും തീവ്രമായി അനുഭവപ്പെടുന്നത് വെൺമണിമഹ നിലും കുഞ്ഞിക്കുട്ടൻതമ്പുരാനിലുമാണ്. ഈ പ്രസ്ഥാനത്തിൽപ്പെട്ട മറ്റ് കവിക ളിലും ഏറിയും കുറഞ്ഞും പുതുമയോടുള്ള താല്പര്യം കാണാം. വെൺമണിപ്രസ്ഥാനത്തിന്റെ ആരംഭം മുതൽ സമൂഹത്തിലെ മാറ്റങ്ങൾക്കനുസ രിച്ച് ചരിക്കാനുള്ള വ്യഗ്രത ഈ കവികളിൽ കണ്ടെത്താൻ കഴിയും. ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തോടും ഗാന്ധിയോടും നടുവം മഹൻ കാണിക്കുന്ന അനുഭാവം ഇതിന്റെ തുടർച്ചയാണ്. കവിതാരചനയിൽനിന്ന് ഗദ്യരചനയിലേക്ക് വെൺമണിക്കവികളെ നയിച്ചത് പുരോഗമനവാഞ്ഛയാണ്. വെൺമണിക്കവിക ളുടെ ഇത്തരത്തിലുള്ള പരിശ്രമങ്ങൾ തിരിച്ചറിയപ്പെടാതെ പോകരുത് എന്നതാണ് ഈ പ്രബന്ധം മുന്നോട്ട് വെക്കുന്ന പ്രധാന ആശയം.

വിവിധ അധ്യായങ്ങളിലായി നടത്തിയ ഈ പഠനത്തിൽനിന്ന് ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട നിഗമനങ്ങൾ താഴെ പറയുംപ്രകാരം സംഗ്രഹിക്കാം.

1. വെൺമണിപ്രസ്ഥാനം അതുണ്ടായ കാലഘട്ടത്തിലെ മലയാളസാഹിത്യത്തെ സ്വാധീനിക്കുകയും മുന്നോട്ടു നയിക്കുകയും ചെയ്തിട്ടുണ്ട്. അക്കാലത്തുണ്ടായ സാമൂഹികമാറ്റങ്ങളെ അടയാളപ്പെടുത്താനുള്ള ശ്രമം ഇവരുടെ രചനകളെ ശ്രദ്ധേയമാക്കുന്നു.
2. സാഹിത്യത്തെ പാരമ്പര്യത്തിന്റെ കെട്ടുപാടുകളിൽനിന്ന് മോചിപ്പിക്കുകയും ലാളിത്യത്തെ മുഖമുദ്രയാക്കി നവോത്ഥാനത്തിന്റെ പാതയിലൂടെ മുന്നേറാൻ തങ്ങളെ തുടർന്നുവന്ന സാഹിത്യകാരന്മാരെ പ്രചോദിപ്പിക്കുകയും ചെയ്തു. സാഹിത്യത്തെ സാധാരണക്കാരനോട് അടുപ്പിച്ചതും വെൺമണിക്കവികളുടെ കാവ്യപരിശ്രമങ്ങളാണ്.
3. കേരളീയ സമൂഹവും സംസ്കാരവും യാഥാർത്ഥ്യബോധത്തോടെ കൃതികളിൽ ആവിഷ്കരിക്കാൻ വെൺമണിക്കവികൾക്ക് കഴിഞ്ഞു.
4. മലയാള കവിതയുടെ കാല്പനികതയിലേക്കും ആധുനികതയിലേക്കുമുള്ള വളർച്ചയ്ക്ക് നിലം ഒരുക്കി.
5. കൃഷി, വ്യവസായം, തീവണ്ടി, കമ്പിത്തപാൽ, വർത്തമാനപത്രങ്ങൾ, ഗദ്യവികാസം, ദേശീയതാബോധം എന്നിങ്ങനെ പത്തൊൻപതാം നൂറ്റാണ്ടിലെ കേരളസമൂഹത്തിന്റെ വളർച്ചക്ക് കാരണമായ അന്തരീക്ഷത്തെ സാഹിത്യകൃതികളിൽ ആവാഹിക്കാൻ ശ്രമിച്ചു.
6. നവോത്ഥാനാശയങ്ങളോട് തികഞ്ഞ ആഭിമുഖ്യം പ്രകടിപ്പിച്ചു.
7. രൂപത്തിൽനിന്ന് ഭാവപ്രധാനമായ ആവിഷ്കാരത്തിലേക്കുള്ള മലയാള കവിതയുടെ വികാസത്തിൽ പങ്കുചേർന്നതോടൊപ്പം ഗദ്യത്തിലുള്ള ആവിഷ്കാരരൂപങ്ങളേയും പ്രോത്സാഹിപ്പിച്ചു. ഗദ്യവികാസത്തിനായി കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ഏ.ആർ.രാജരാജവർമ്മ എന്നിവരോടൊപ്പം ചേർന്ന് പ്രവർത്തിച്ചു.

8. നോവൽ, ചെറുകഥ തുടങ്ങിയ ആഖ്യാനരൂപങ്ങളെ പ്രാധാന്യപൂർവ്വം പരിഗണിക്കാൻ വെൺമണിക്കവികൾക്ക് കഴിഞ്ഞു.

9. ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സേവനങ്ങൾ കൂടാതെ സാമൂഹ്യ പരിഷ്കരണത്തിനും അനുകൂലമായ ഒരന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ പരിശ്രമിച്ചു.

10. വെൺമണിപ്രസ്ഥാനത്തിൽപ്പെട്ട ഓരോ കവികളും അവർ ജീവിച്ച കാലത്തോട് നീതി പുലർത്തി. എന്നാൽ പിന്നീട് വന്നവർ കൈക്കൊണ്ട സാംസ്കാരിക പക്ഷപാതവും മാറിയ സദാചാരമൂല്യബോധവും വെൺമണിക്കവികളുടെ പ്രാധാന്യം വിസ്മരിക്കപ്പെടാൻ കാരണമായിട്ടുണ്ട്.

വെൺമണിപ്രസ്ഥാനത്തിൽപ്പെട്ട പല കവികളെയും അവരുടെ കൃതികളെയും കുറിച്ചുള്ള ഗൗരവപൂർണ്ണമായ പഠനങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്. അവരുടെ ജീവിതപശ്ചാത്തലത്തെക്കുറിച്ചും മൺമറഞ്ഞുകിടക്കുന്ന സാഹിത്യരേഖകളെക്കുറിച്ചുമുള്ള പഠനങ്ങൾ കേരളീയ സംസ്കാരപഠനത്തിനു തന്നെ മുതൽക്കൂട്ടായിരിക്കും എന്നതിൽ തർക്കമില്ല. മലയാളസാഹിത്യത്തിന്റെ ഇന്നുകാണുന്ന തരത്തിലുള്ള വളർച്ചയിലേക്ക് അളവറ്റ സംഭാവനകൾ നൽകിയ വെൺമണിപ്രസ്ഥാനത്തെക്കുറിച്ചുള്ള തുടർപഠനങ്ങൾക്ക് ഈ പ്രബന്ധത്തിലെ നിഗമനങ്ങൾ കൂടുതൽ വെളിച്ചം നൽകുമെന്ന് പ്രത്യാശിക്കുന്നു.

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

# സഹായക ഗ്രന്ഥങ്ങൾ


അച്യുതൻ, എം. *ചെറുകഥ-ഇന്നലെ ഇന്ന്* (സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1985).

അച്യുതൻ നമ്പൂതിരി, നടുവത്ത്. *അഷ്ടമിയാത്ര* (ഭാരതവിലാസം, തൃശ്ശൂർ, കൊ. വ. 1124).

അബൂബക്കർ, കാതിയാളം. (എഡി), *കൊടുങ്ങല്ലൂർ ഡയറക്ടറി* (വാർത്താ പബ്ലിക്കേഷൻസ്, പി. വെമ്പല്ലൂർ, 1992).

ആദർശ്, സി. *വിഭാവനകൾ വിനിമയങ്ങൾ കൊടുങ്ങല്ലൂരിന്റെ വ്യാവഹാരിക ഭൂമിശാസ്ത്രം* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2013).

ആര്യൻ നമ്പൂതിരി, പി.കെ. *നടുവം കവികൾ* (സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1977).

ഇ.എം.എസ്, പി.ഗോവിന്ദപിള്ള. *ഗ്രാംഷിയൻ വിചാരവിപ്ലവം* (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2008).

കരീം, സി.കെ. *മലയാളത്തിന്റെ മഹാവൃക്ഷം മലയാള മനോരമയുടെ ചരിത്രം* (കേരള ഹിസ്റ്ററി അസോസിയേഷൻ, കൊച്ചി, 2001).

കുഞ്ഞികൃഷ്ണമേനോൻ, ഒടുവിൽ. *ഒടുവിൽ കൃതികൾ* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1988).

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ. *കേരളം* (ദേവി ബുക്സ്റ്റാൾ, കൊടുങ്ങല്ലൂർ, 2008).

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ. *നല്ലഭാഷ* (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1999).

കൃഷ്ണപിള്ള, എൻ. *കൈരളിയുടെ കഥ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

കൃഷ്ണപ്പൂതുവാൾ, കെ.പി. (പ്രസാ) *ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (രാജാ) തിരുമനസ്സിലെ കൃതികൾ* (ലക്ഷ്മീ സഹായം അച്ചുകൂടം, കോട്ടയ്ക്കൽ).

കൃഷ്ണയ്യർ, ചെന്നിത്തല. *മൺമറഞ്ഞ ഭാഷാകവികൾ* 2 (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1976).

കൃഷ്ണവാരിയർ, പി.വി. (പ്രസാ.) *കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൃതികൾ* 1 (ലക്ഷ്മീസഹായം അച്ചുകൂടം, കോട്ടയ്ക്കൽ, കൊ.വ.1097).

കൃഷ്ണവാരിയർ, പി.വി. (പ്രസാ.) *കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൃതികൾ* 5 (ലക്ഷ്മീസഹായം അച്ചുകൂടം, കോട്ടയ്ക്കൽ, കൊ.വ. 1103).

ചന്തുമേനോൻ, ഒ. *ഇന്ദുലേഖ* (ഡി.സി.ബുക്സ്, കോട്ടയം, 2014).

ചുമ്മാർ.ടി.എം. *കവിരാമായണ യുദ്ധം* (എൻ.ബി.എസ്, കോട്ടയം, 1980).

ചുമ്മാർ, ടി.എം. *ഗദ്യസാഹിത്യചരിത്രം* (എൻ.ബി.എസ്, കോട്ടയം, 1969).

ജോർജ്, കെ.എം. (ജന.എഡി).*സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ* (സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 1989).

നടുവത്തച്ഛൻ നമ്പൂതിരി. *നടുവംകൃതികൾ* (തൃശ്ശിവപേരൂർ യോഗക്ഷേമം കമ്പനി ക്ലിപ്തം വക മംഗളോദയം പ്രസ്സ്, 1926).

നമ്പൂതിരിപ്പാട്, ഇ.എം.എസ്. *കേരളം മലയാളികളുടെ മാതൃഭൂമി* (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1987).

നാരായണൻ, അകവൂർ. *വെൺമണി* (സാഹിത്യ അക്കാദമി, ന്യൂഡൽഹി, 2005).

നാരായണൻ, അകവൂർ. *വെൺമണിപ്രസ്ഥാനം* (എൻ.ബി.എസ്, കോട്ടയം, 2000).

നാരായണൻ നമ്പൂതിരി, ശീവൊള്ളി. *ശീവൊള്ളികൃതികൾ* 1 (ദി മംഗളോദയം ലിമിറ്റഡ്, തൃശ്ശൂർ, 1952).

നാരായണമേനോൻ, കുണ്ടൂർ. *നാലുഭാഷാകാവ്യങ്ങൾ* (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002).

നാരായണൻ, ശീവൊള്ളി (എഡി). *വെൺമണികൃതികൾ* (കറന്റ് ബുക്സ്, കോട്ടയം, 1988).

പദ്മനാഭപ്പണിക്കർ, എസ്.മൂലൂർ. *കവിരാമായണം* (സരസകവി മൂലൂർ സ്മാരക കമ്മിറ്റി, ഇലവുന്തിട്ട, 2004).

പരമേശ്വരൻ, കടലായിൽ. *സാഹിത്യനവോത്ഥാനത്തിന് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ സംഭാവന* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2011).

പരമേശ്വരൻ, കോയിപ്പിള്ളി. *സുവർണയുഗം* (പി.കെ. ബ്രദേഴ്സ്, കോഴിക്കോട്, 1955).

പരമേശ്വരക്കുറുപ്പ്, കോയിപ്പിള്ളി. (പ്രണേതാവ്) *കേരള ഭാഷാ പ്രണയികൾ* 1 *കൊടുങ്ങല്ലൂർ കുഞ്ഞിക്കട്ടൻ തമ്പുരാൻ* (വി.വി. പ്രസിദ്ധീകരണശാല, തിരുവനന്തപുരം, കൊ.വ.1107).

പരമേശ്വരൻ നമ്പൂതിരി, പി.എൻ. (പ്രസാ) *നടുവംകൃതികൾ* 1, 2 (ഇൻവിഷൻ മീഡിയ, തൃശ്ശൂർ, 2012).

പരമേശ്വരൻ നായർ, പി.കെ. *സാഹിത്യപഠനങ്ങൾ ഭാഗം 1* (സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 2001).

പരമേശ്വരൻ പിള്ള, എരുമേലി. *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ* (പ്രതിഭ ബുക്സ്, മാവേലിക്കര, 2006).

പരമേശ്വരയ്യർ.എസ്.ഉള്ളൂർ. *കേരള സാഹിത്യ ചരിത്രം 4* (കേരള സർവകലാശാല, തിരുവനന്തപുരം, 1964).

പ്രശോഭൻ, കെ. *പച്ചമലയാളം - കൃതികളും പഠനവും* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996).

പ്രിയദർശനൻ,ജി. *ആദ്യകാലമാസികകൾ* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2007).

പ്രിയദർശനൻ, ജി. *പഴമയിൽനിന്ന്* (മനോരമ പബ്ലിക്കേഷൻ ഡിവിഷൻ, കോട്ടയം, 2010).

പ്രിയദർശനൻ, ജി. *മലയാളപത്ര പ്രവർത്തനം പ്രാരംഭസ്വരൂപം* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2010).

ബാലകൃഷ്ണൻ, പി.കെ. *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (ഡി.സി. ബുക്സ്, കോട്ടയം, 2012).

ബാലകൃഷ്ണൻ, കല്പറ്റ. *മലയാളസാഹിത്യ ചരിത്രം* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005).

ഭാസ്ക്കരനുണ്ണി, പി. *പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2012).

മലയാള പഠനസംഘം. *സംസ്കാരപഠനം ചരിത്ര സിദ്ധാന്തം പ്രയോഗം* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2011).

രവീന്ദ്രൻ.പി.പി. *സംസ്കാരപഠനം ഒരു ആമുഖം* (എസ്.പി.എസ്, കോട്ടയം, 2013).

രാഘവ വാരിയർ, എം.ആർ, രാജൻ ഗുരുക്കൾ. *കേരളചരിത്രം 1, 2* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, എടപ്പാൾ, 2011).

രാജാ, കെ.കെ. *ഭാഷാമുക്തകങ്ങൾ* (മംഗളോദയം പ്രസ്സ്, തൃശ്ശൂർ, 1955).

രാമചന്ദ്രൻ നായർ, പന്മന. *കേരള സംസ്കാരപഠനങ്ങൾ 1, 2* (കറന്റ് ബുക്സ്, കോട്ടയം, 2013).

രാമചന്ദ്രൻ നായർ, പന്മന. *നവയുഗശില്പി രാജരാജവർമ്മ* (കറന്റ് ബുക്സ്, കോട്ടയം, 2009).

രാമചന്ദ്രൻ നായർ, പന്മന. *സമ്പൂർണ മലയാള സാഹിത്യ ചരിത്രം* (കറന്റ് ബുക്സ്, കോട്ടയം, 2014).

രാമവർമ്മ, കെ.ടി. *കൈരളീവിധേയൻ രാമവർമ്മ അപ്പൻ തമ്പുരാൻ* (ദക്ഷിണ ബുക്സ്, ശുകപുരം, 1983).

രാമവർമ്മ, കെ.ടി. *മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ* (സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം, 1992).

ലീലാവതി, എം. *മലയാള കവിതാ സാഹിത്യചരിത്രം* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2002).

വസന്തൻ, എസ്.കെ. (സമ്പാ) *കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഗദ്യലേഖനങ്ങൾ* (ഡി.സി.ബുക്സ്, കോട്ടയം, 1983).

വാര്യർ, പി.എസ്. *ഒറവങ്കരയും വെൺമണിപ്രസ്ഥാനവും* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1992).

വിജയൻ, ചമ്പാടൻ. *വെൺമണിയുടെ പിറകെ* (അലൈഡ് പബ്ലിഷേഴ്സ്, തലശ്ശേരി, 1973).

വിജയൻ.എം.എൻ. (ജന. എഡി) *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം 1901–2000* ഭാഗം 2, 3 (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000).

വിഷ്ണു നമ്പൂതിരി, എം.പി. *കുഞ്ഞിക്കുട്ടൻ തമ്പുരാൻ* (കേരള സർവ്വകലാശാല, തിരുവനന്തപുരം, 1998).

വേലായുധൻ പിള്ള. പി.വി.(എഡി.) *നവോത്ഥാന സംസ്കാരം കേരളത്തിൽ* (കേരള സർവ്വകലാശാല, തിരുവനന്തപുരം, 1998).

ശ്രീകുമാർ, ഏ.ജി. *അച്ചുകൂടത്തിലെ കേരളം* (കൈരളി ബുക്സ്, കണ്ണൂർ, 2014).

ശ്രീധരമേനോൻ, ഏ. *കേരളചരിത്രം* (ആനന്ദ് ബുക് ഡിപ്പോ, ചെന്നൈ, 1999).

സതീശൻ, ടി.എൻ. *ഒറവങ്കരക്കവിത* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, എടപ്പാൾ, 2012).

സിൽവേരി, ഒ.വി. *മതിലകം ചരിത്രവും സംസ്കാരവും* (മാജിക് ലാന്റേൺ ബുക്സ്, തൃശ്ശൂർ).

Adorno,T. *The Culture Industry* (Routledge, London, 1991).

Althusser, L. *Essays on Ideology* (Verso, London, 1984).

Das, Sisir Kumar. *History of Indian Literature – 1* (The Sahithya Academy, New Delhi, 2005).

Eagleton, Terry. *The Idea of Culture* (Black Well Publishers, Massachusetts, 2000).

Edgar Andrew & Peter Sedgwick (Ed). *Key Concepts in Cultural Theory* (Routledge, London, 1999).

Gramsci, Antonio. *Selections from the Prison notebooks* (Lawrence and Wishart, London, 1976).

Hoggart, Richard. *The Uses of Literacy* (Penguin, London, 1958).

Marx, Karl. *A contribution to the critique of the Political Economy* (Progress Publishers, Moscow, 1982).

Nayar.K.Pramod, *An Introduction to Cultural Studies* (Viva Books, New Delhi, 2009).

Thompson, E.P. *Making of the English Working Class* (Penguin, Harmondworth, 1980).

William, Raymond. *Culture* (Fontana, London, 1986).

________________. *Culture and Society* (Chatto and Windus, London, 1958).

________________. *Marxism and Literature* (Oxford, London, 1985).

**ലേഖനങ്ങൾ**

അച്യുതമേനോൻ, സി. 'ഭാഷയിലെ ഒറ്റശ്ലോകങ്ങൾ', *ഉപന്യാസമാലിക-3* (പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1988). പുറം 141-155.

ഉമർ തറമേൽ. 'ഇതിഹാസ നോവലിനകത്തെ പാഠരൂപീകരണം: അകവും പുറവും', *തീവണ്ടി ഒരു ദേശീയ*മൃഗം (ലിപി പബ്ലിക്കേഷൻസ്, കോഴി ക്കോട്, 2008) പുറം 58-69.

കുഞ്ഞഹമ്മദ്, കെ.ഇ.എൻ. 'സാഹിത്യകലാരംഗത്തെക്കുറിച്ച് ഇ.എം.എസ്. സംസാരിക്കുന്നു', *പ്രണയം, കവിത, സംസ്കാരം* (അരീന, എടപ്പാൾ, 1999), പുറം 195-200.

കുഞ്ഞുണ്ണിരാജ, കൊടുങ്ങല്ലൂർ. 'കേരളത്തിലെ രാജവംശങ്ങൾ', *ക്ഷാത്രസന്ദേശം* (ജനുവരി-മാർച്ച്, 2009).

ഗുപ്തൻനായർ, എസ്. 'കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ', *കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക പ്രഭാഷണങ്ങൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

ചുമ്മാർ, ടി.എം. 'കണ്ടത്തിൽ വറുഗീസ് മാപ്പിള', *കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക പ്രഭാഷണങ്ങൾ*' (ഡി.സി.ബുക്സ്, കോട്ടയം, 2005).

ജോസഫ്, മുണ്ടശ്ശേരി. 'കുഞ്ഞിക്കുട്ടൻതമ്പുരാൻ', *ഗദ്യമഞ്ജരി-2* (കോഴിക്കോട് സർവ്വകലാശാല, 1979) പുറം 5-10.

തിലക്, പി.കെ.'അംബോപദേശം ചരിത്രത്തിലൂടെ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* ലക്കം 51. പുസ്തകം 92 (2015, മാർച്ച്) പുറം 88-89.

___________'കവിപുഷ്പമാല', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* ലക്കം 49. പുസ്തകം 92 (2015, ഫെബ്രുവരി) പുറം 88-89.

__________'ചിലങ്ക കെട്ടിയ വെൺമണി', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* ലക്കം 50. പുസ്തകം 92 (2015, മാർച്ച്) പുറം 88-89.

__________'പൂരപ്രബന്ധം ഒരു സാംസ്കാരികരേഖ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* ലക്കം 48. പുസ്തകം 92 (2015, ഫെബ്രുവരി) പുറം 88-89.

__________'മഹൻ നമ്പൂതിരിയും മണിപ്രവാളവും', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* ലക്കം 47. പുസ്തകം 92 (2015, ഫെബ്രുവരി) പുറം 88-89.

__________'വെൺമണിയിലെ തനതു ശീലുകൾ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* ലക്കം 52. പുസ്തകം 92 (2015, മാർച്ച്) പുറം 88-89.

__________ 'വെൺമണി പ്രസ്ഥാനം മലയാള കവിതയിൽ', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* ലക്കം 45 പുസ്തകം 92 (2015, ജനുവരി) പുറം 88-89.

__________'വെൺമണി ഭാഷയും സംസ്കാരവും', *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* ലക്കം 46. പുസ്തകം 92 (2015, ഫെബ്രുവരി) പുറം 88-89.

നാരായണൻ, അകവൂർ. 'കത്തുകൾ കവിതകളിലൂടെ', *അർത്ഥരുചി* (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2004).

നാരായണൻ, അകവൂർ. 'പണ്ടത്തെ ചില കവിതാവിനോദങ്ങൾ', *ഭാഷാപോഷിണി* ലക്കം-23, പുസ്തകം 26 (2002, ജൂലൈ) പുറം 62-66.

നാരായണൻ, അകവൂർ. 'വെൺമണിപ്രസ്ഥാനം - ഒരു മൂല്യാങ്കനം', *വകതിരിവ്* (ഡി.സി.ബുക്സ്, കോട്ടയം, 2001).

പരമേശ്വരൻ നായർ, പി.കെ. 'വെൺമണിക്കവിതയിലേക്ക് ഒരുതിരിഞ്ഞു നോട്ടം', *സാഹിത്യ പഠനങ്ങൾ*, (ഡി.സി.ബുക്സ്, കോട്ടയം, 1990).

പ്രഭാകരൻ.ടി.ടി. 'നിരൂപണകാവ്യങ്ങൾ' *ഭാഷാസാഹിതി* , ലക്കം 4, പുസ്തകം 12. (1988 ഒക്ടോബർ-ഡിസംബർ) പുറം 54-62.

പ്രിയദർശനൻ, ജി. 'ഭാഷയിലെ പദ്യലേഖശാഖ', *ഭാഷാപോഷിണി* ലക്കം 11. പുസ്തകം 28 (2005, ഏപ്രിൽ) പുറം.82.

ബാലകൃഷ്ണൻ, പി.കെ. 'സമൂഹവും സൗന്ദര്യം എന്ന മൂല്യവും', *പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ*, (ഡി.സി.ബുക്സ്, കോട്ടയം) പുറം 11-21.

ബാലകൃഷ്ണവാരിയർ, എ. 'ശീവൊള്ളി നാരായണൻ നമ്പൂതിരിയുടെ സാഹിത്യ സംഭാവനകൾ', *ബാലകൃഷ്ണവാരിയരുടെ പ്രബന്ധങ്ങൾ*, (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2000).

മുരളീധരൻ, എം. 'ഉപോദ്ഘാതം', *എം.പി.പോളിന്റെ സാഹിത്യ വിമർശനം, (വള്ളത്തോൾ വിദ്യാപീഠം,* ശുകപുരം, 2011).

രവിവർമ്മ, ആർ.ടി. 'കൊടുങ്ങല്ലൂർ രാജവംശപ്പെരുമ', കൊച്ചി രാജവംശം *കഥയും കാര്യവും* (മനോരമ ബുക്സ്, കോട്ടയം, 2013).

രവീന്ദ്രൻ,പി.പി.'സംസ്കാരവും ജാതിബാധ്യതകളും', *ആധുനികാനന്തരം വിചാരം വായന* (കറന്റ് ബുക്സ്, തൃശ്ശൂർ, 1999) പുറം 85-90.

രാമചന്ദ്രൻ, ടി.കെ. 'കേരളത്തിലെ സാംസ്കാരിക രംഗം: ഒരു മാർക്സിയൻ വിശകലനം'. *കാഴ്ചയുടെ കോയ്മ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006).

ലീലാവതി, എം. 'നടുവത്ത് അച്ഛൻ നമ്പൂതിരി', *കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക പ്രഭാഷണങ്ങൾ* (സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2005).

ലീലാവതി, എം. 'വെൺമണിപ്രസ്ഥാനം', *നവരംഗം*, (സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 1976).

വസന്തൻ, എസ്.കെ. 'കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കത്തുകൾ', *സാഹിത്യ ലോകം*, ലക്കം 4, പുസ്തകം 24, (1999, ജൂലൈ) പുറം 5-24.

വസന്തൻ, എസ്.കെ. 'കുണ്ടൂരും മലയാളവും', *കാവ്യാനുശീലനം* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2011).

വേലായുധൻ, പണിക്കശ്ശേരി. 'കൊടുങ്ങല്ലൂർ', *കേരളത്തിലെ രാജവംശങ്ങൾ* (ഡി. സി. ബുക്സ്, കോട്ടയം, 2012).

ശങ്കുണ്ണി, കൊട്ടാരത്തിൽ. 'വെൺമണി നമ്പൂരിപ്പാടന്മാർ', ഐതിഹ്യമാല (കറന്റ് ബുക്സ്, തൃശ്ശൂർ, 2006) പുറം 116-121.

ശർമ, വി.എസ്. 'വെൺമണിക്കവികളുടെ സാഹിത്യ സംഭാവന', *കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക പ്രഭാഷണങ്ങൾ* (ഡി.സി.ബുക്സ്, കോട്ടയം, 2005).

ശ്രീജൻ, വി.സി. 'പൂരപ്രബന്ധം', *അർത്ഥവാദങ്ങൾ* (മാതൃഭൂമി ബുക്സ്, കോഴി ക്കോട്, 2006). പുറം 72-88.

സതീശൻ, ടി.എൻ. 'വെൺമണിപ്രസ്ഥാനവും ഒറവങ്കരക്കൃതികളും', *മലയാള വിമർശം* (1986, ജൂലൈ-ഡിസംബർ) പുറം 121-131.

സുകുമാർ, അഴീക്കോട്. 'യുഗസ്രഷ്ടാവ്', *ഭാഷാപോഷിണി,* ലക്കം 3. പുസ്തകം 28 (2004, ഓഗസ്റ്റ്) പുറം 5-9.

സുനിൽ, പി.ഇളയിടം. 'സംസ്ക്കാരവിമർശം: സാധ്യതകളും ബാധ്യതകളും', *ദേശാ ഭിമാനി* (27-11-2011).

**മാസികകൾ**

ഭാഷാപോഷിണി, കണ്ടത്തിൽ വറുഗീസ് മാപ്പിള ചരമശതാബ്ദിപ്പതിപ്പ്, ലക്കം 3 പുസ്തകം 28 (ഓഗസ്റ്റ്, 2004).

ഭാഷാപോഷിണി, സിംപോസിയം, കൊടുങ്ങല്ലൂർ ഗുരുകുലം ലക്കം 1 പുസ്തകം 11 (ജൂൺ-ജൂലായ്, 1987).

**സ്മാരക ഗ്രന്ഥം**

വെൺമണി ശതാബ്ദി മഹാമഹം വിശേഷാൽ പ്രതി (മംഗളോദയം, കൊ.വ. 1120).

ശീവൊള്ളി സ്മാരകഗ്രന്ഥം (ശീവൊള്ളി ജന്മശതാബ്ദി ആഘോഷകമ്മിറ്റി, ഏപ്രിൽ, 1970)

## Websites

chirakkalkovilakam.blogspot.in

https://Kodungallurkovilakam.wordpress.com

www.namboothiri.com

Jayasree K.M. “Venmani movement : A cultural study” Thesis. Department of Malayalam and Kerala studies, University of Calicut, 2015.

# അനുബന്ധം ഒന്ന്

## ശീവൊള്ളിസ്മരണ: ഇടശ്ശേരി ഗോവിന്ദൻ നായർ

## ശീവൊള്ളിസ്മരണ: ഇടശ്ശേരി ഗോവിന്ദൻ നായർ

മുല്ലപ്പൂവല്ലിയിന്മേൽപ്പുതുമഴ പൊതിരെ -

പ്പെയ്തുദിക്കുന്ന മൊട്ടിൻ

നിർല്ലോഭത്തള്ളലില്ലേ പരമതുവിധമാ -

യോരു സങ്കല്പപൂരം

ഉല്ലാസത്തോടു ചേർത്തെൻ കവനലതികയെ -

ക്കൂത്തടിപ്പിച്ചിരുന്നോ -

രുല്ലാഘശ്രീ ശീവൊള്ളിക്കൃതികൾ പുതിലിറ -

ക്കുന്നിതെന്നുള്ളിലിന്നും.

വാണീക്ഷേത്രത്തിലെത്തീട്ടവിടെ വിലസിടു -

ന്നോരുസൗന്ദര്യധാമ -

ശ്രേണീമധ്യത്തിലമ്പോടനിഭൃതകരരായ് -

സ്സഞ്ചരിയ്ക്കുന്നതാരോ

താണീ നമ്പൂരിമാരോടടിമലർ തടവീ -

ട്ടഭ്യസിച്ചേൻ സ്വകാവ്യ -

ശ്രോണീക്ഷൗമാഞ്ചലത്തിൽച്ചില ഞെറികളിടും

വേല ഞാൻ വേറെ വേറെ.

പോരേ പൂരം ശീവൊള്ളീസിതമണിധരണീ -

ദേവരാം കാവ്യകാര-

ന്മാരെ, നിങ്ങൾക്കൊരാത്മാർത്ഥത കവനകലാ-

ദേവിയോടില്ല പോലും

നേരേ തൽച്ചൊല്ലു, പക്ഷേ, ഭുവനമറിയുമോ

നിങ്ങളേ, നിത്യമുക്തൻ-

മാരേ, തദ്ദേവിയാത്മാർപ്പണമൊടഭിസരി-

ച്ചീടിനാളെന്ന സത്യം.

ചൊല്ലാമീബ്ഭാരതത്തിൽക്കവികുലവരസം-

സങ്ങളിൽച്ചൂളിടാതേ

ചൊല്ലാം സുസ്വാഗതം ഞങ്ങളൊടിനിയൊരുനാൾ

വിശ്വസാഹിത്യവേദി

എല്ലാം കൈവന്നു യുഷ്മാദൃശർ ചിലർ കവിത-

ഭ്രാന്തരെന്നുള്ള പേരിൻ

പൊല്ലാപ്പു, പേറിയിട്ടീ വഴി വിവശിതരായ്

മുൻ നടന്നോരു മൂലം.

പണ്ടത്രെയ്ക്കാറ്റുനോറ്റിസ്സരളസരളയെ-

സംസ്കൃതപ്രത്യയത്തിൻ

പണ്ടം കെട്ടിച്ചു വിദ്വൽകുലതിലകിതരി-

ക്കൈരളിത്തയ്യലാളെ

തണ്ടാർപ്പൂമാലയാക്കീ തനതു കൃതികളെ-

ശുദ്ധിയാലിക്കവീന്ദ്രൻ

വണ്ടാർവേണിക്കു വാസന്തികമധുരിമയാൽ

മാറുയർന്നോരു നാളിൽ.

ദേവന്മാർ ദേവിമാരെന്നവരുടെ വഷളാം

ചര്യയെച്ചൂണ്ടിയെന്തി-

ന്നാവാമിസ്സൽക്കവീന്ദ്രൻ കവനലഹരിയോ-

ടത്ര പൊട്ടിച്ചിരിച്ചു?

ഭാവത്തെത്തള്ളി രൂപത്തിനു പിറകെയല-

ഞ്ഞോരു ഭക്തർക്കു പാർത്താ-

ലാവശ്യം തന്നെയാം താദൃശമൊരു പരിഹാ-

സൈകധാരാപ്രയോഗം.

കിട്ടിപ്പോന്നൂ ശകാരാത്മകമധുരനിവേ-

ദ്യങ്ങളെൻ ശൈലജാതേ

തട്ടിക്കേറുന്നോരബ്ഭൂസുരകവിവരനോ;-

ടത്രയും പ്രീതയായ് നീ

ഒട്ടിപ്പോളില്ലെനിക്കദ്ഭുത, മതുവിധമാം

പൂജതാനെന്നുമെന്നും

കിട്ടിക്കൊള്ളാനിണങ്ങീട്ടിവിടെയരുളിപോൽ

നാണിയും വാണിതാനും

രോഗംപോലേ പരക്കാൻ പ്രവണത കലരും

ദുഷ്ക്കവിത്വത്തെ വേണ്ടും

യോഗം ചേരുന്ന ഹാസ്യാത്മകകവനകഷാ-

യങ്ങളാലൂട്ടിനില്ക്കേ

ആഗസ്സിൻ ശങ്കയെന്യേ സഹൃദയഹൃദയാ-

ഹ്ലാദനം തന്റെ ധർമ്മ-

വ്യൂഹത്തിൽ ശ്രേഷ്ഠമെന്നെണ്ണിയ മഹിതശിവോ-

ള്ളിദ്വിജന്നെൻ പ്രണാമം.

നൂറായീ കൊല്ല, മമ്മാതിരിയൊരു കവിയെ-
    പെറ്റെണീറ്റോരു ശേഷം
മാറാതേ നിൽപു ഭാഗ്യം മഹിതചരിതയായ്
    വാഴുമീ കൈരളിയ്ക്ക്
പാരാകെക്കീർത്തികേട്ടോരനുജരിവിടെയു-
    ണ്ടെന്നതല്ലക്കവീന്ദ്ര-
ന്മാരാരും തന്നെയില്ലഗ്രജപദകമല-
    പ്പൂമ്പൊടിക്കമ്പമറ്റോർ.

രണ്ടാളുണ്ടായി ഭാഷാകവിതകളെഴുതി-
    ക്കേളികേട്ടോർ യഥേഷ്ടം
തിണ്ടാടുന്നെന്നു ഭാവിപ്പളവിലുമകതാ-
    രാത്മതേജസ്കമാക്കി
കൊണ്ടാടും മൃത്യുവിന്നായ്ത്തനതുടലുകളെ-
    സ്വേച്ഛയാ ഭൈക്ഷ്യമാക്കി-
ക്കൊണ്ടാരത്രേ; ശീവൊള്ളിക്കവിവരനതി-
    ലൊന്നൊന്നു ചേലപ്പറമ്പൻ.

ഇടശ്ശേരിക്കവിതകൾ സമ്പൂർണ്ണ സമാഹാരം (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012) പുറം 670-672

# അനുബന്ധം രണ്ട്


- പ്രസ്ഥാനനായകർ
- കോവിലകങ്ങൾ
- കോവിലകത്തെ തമ്പുരാട്ടിമാർ

ചിത്രം - 1



# ഭാഗവതർ കുഞ്ഞുണ്ണി തമ്പുരാൻ

ചിത്രം - 2




ചെറിയ കൊച്ചുണ്ണി തമ്പുരാൻ

ചിത്രം - 3



കുഞ്ഞിക്കുട്ടൻ തമ്പുരാൻ

**ചിത്രം - 4**




## ശീവൊള്ളി

ചിത്രം - 5



**നടുവത്ത് അച്ഛൻ നമ്പൂതിരി**

ചിത്രം - 6




**നടുവം മഹൻ നമ്പൂതിരി**

ചിത്രം - 7



**കൊട്ടാരത്തിൽ ശങ്കുണ്ണി**

ചിത്രം - 8



കുണ്ടൂർ നാരായണമേനോൻ

ചിത്രം - 9



ചിറക്കൽ കോവിലകം

ചിത്രം - 10



പുത്തൻ കോവിലകം

ചിത്രം - 11



# ചരിത്രം പറയുന്ന ചിത്രം

തൃശൂർ ● സ്വാമി വിവേകാനന്ദനെ വിസ്മയിപ്പിച്ച കേരളത്തിന്റെ വനിതാ പണ്ഡിത സമ്പത്തിന്റെ സാക്ഷ്യമാണീ ചിത്രം. കേരള സന്ദർശന വേളയിൽ കൊടുങ്ങല്ലൂർ കോവിലകത്തെത്തിയ സ്വാമി വിവേകാനന്ദനുമായി സംസ്കൃതത്തിൽ ചർച്ചയിൽ ഏർപ്പെട്ട തമ്പുരാട്ടിമാരിൽ ചിലരാണ് ചിത്രത്തിൽ. ചിത്രത്തിൽ മധ്യത്തിൽ ഇരിക്കുന്ന കുഞ്ഞിപ്പിള്ള തമ്പുരാട്ടിയും (രണ്ടാംനിരയിൽ വലത്തു നിന്ന് നാലാമത്) പണ്ഡിതരാജ കൊച്ചിക്കാവ് തമ്പുരാട്ടിയുമാണ് (പിൻനിരയിൽ ഏറ്റവും പൊക്കമുള്ള വനിത) വിവേകാനന്ദനുമായി സംസ്കൃത വാഗ്വാദത്തിൽ ഏർപ്പെട്ടുവെന്ന് കരുതുന്നത്.

കേരള വ്യാസൻ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ അമ്മയാണ് കുഞ്ഞിപിള്ള തമ്പുരാട്ടി. വിവേകാനന്ദന്റെ സന്ദർശനത്തിന് എട്ടു വർഷത്തിന് ശേഷം 1900ലാണ് ചിത്രം എടുത്തതെന്ന് കരുതുന്നു. പാശ്ചാത്യ സന്ദർശന വേളയിൽ കേരളത്തിലെ വനിതകളുടെ പുരോഗമന ചിന്തയെയും സംസ്കൃത വിദ്യാഭ്യാസത്തെയും കുറിച്ച് സ്വാമി വിവേകാനന്ദൻ അനുസ്മരിക്കുന്നുണ്ട്.

കൊടുങ്ങല്ലൂരിലെ കാവിൽ കടവ് ജെട്ടിയിൽ വഞ്ചിയിറങ്ങിയ വിവേകാനന്ദൻ മൂന്നു ദിവസം ഇവിടെ തങ്ങിയതായി പറയപ്പെടുന്നു. കൊടുങ്ങല്ലൂരിൽ ധ്യാനനിരതനായി ഏതാനും സമയം ചെലവഴിച്ച ശേഷമാണ് അദ്ദേഹം കോവിലകത്ത് എത്തുന്നത്.

കോവിലകത്തെ അംഗവും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഷിപ് ടെക്നോളജി വിഭാഗം അധ്യാപകനുമായ ഡോ. ശിവപ്രസാദിന്റെ ശേഖരത്തിലുള്ളതാണ് ചിത്രം. എ.ആർ. ശ്രീനിവാസന്റെ വിവേകാനന്ദൻ കേരളത്തിൽ, വി.ടി. ഇന്ദുചൂഡന്റെ സ്വാമിജി കൊടുങ്ങല്ലൂരിൽ എന്ന ചരിത്ര പുസ്തകത്തിലാണ് സ്വാമി വിവേകാനന്ദന്റെ മലബാർ സന്ദർശനത്തെക്കുറിച്ചും കൊടുങ്ങല്ലൂരിലെ സന്ദർശനത്തെക്കുറിച്ചും വിവരിക്കുന്നത്.

സ്വാമി വിവേകാനന്ദന്റെ 'ഇൻസ്പയേഡ് ടോക്സ്' പുസ്തകത്തിലും സ്വാമിയുടെ മലബാർ സന്ദർശനത്തെക്കുറിച്ചും മലബാറിലെ സ്ത്രീകളുടെ (കൊടുങ്ങല്ലൂർ കോവിലകത്തെ തമ്പുരാട്ടിമാരുടെ) സംസ്കൃത സംഭാഷണവും എടുത്തു പറയുന്നുണ്ട്.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും കൊച്ചുണ്ണി തമ്പുരാനും ഭട്ടൻ തമ്പുരാനും സ്വാമിജിയുമായി വാഗ്വാദത്തിലേർപ്പെട്ടിരുന്നത്രെ.

**അവലംബം :** ChirakkalKovilakam.blogspot.in/2013/01/kodungallur-kovilakam-members-picture.html.

# അനുബന്ധം മൂന്ന്

**ലേഖനം (ഗവേഷണ ജേർണലിൽ പ്രസിദ്ധീകരിച്ചത്)**

**വിജ്ഞാനകൈരളി, 5 ആഗസ്ത് 2014, വാല്യം 45, ലക്കം 8**

ജയശ്രീ. കെ.എം

# വെണ്മണി പ്രസ്ഥാനം - സംസ്കാരപഠന സമീപനം

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അക്കാദമിക മേഖലകളിൽ ശ്രദ്ധപിടിച്ചുപറ്റിയ ഒരു ജ്ഞാനവിഷയമാണ് സംസ്കാരപഠനം (Cultural Studies). സംസ്കാര വിമർശനത്തിന്റെയും സാഹിത്യവിമർശനത്തിന്റെയും ചുവടുപിടിച്ച് രൂപപ്പെട്ട സംസ്കാര പഠനത്തിന് ബ്രിട്ടനിലെ ബർമിങ്ഹാം സർവകലാശാലയിൽ 1964-ൽ ആരംഭിച്ച CCCS (Centre for Contemporary Cultural Studies) ലൂടെ പഠനപദ്ധതിയായി പ്രാമാണ്യം ലഭിച്ചു. സവിശേഷമായ രീതിയിൽ വിഷയാന്തരത്വവും രാഷ്ട്രീയ വീക്ഷണവും സൈദ്ധാന്തികാഭിമുഖ്യവും പുലർത്തുന്ന ഈ പഠനപദ്ധതി വിഷയമാക്കുന്നത് മാനവരാശി നിത്യജീവിത വ്യവഹാരങ്ങൾ നിർമിച്ചെടുക്കുന്നതിന് പ്രേരണ ചെലുത്തുന്ന ശക്തികളെയാണ്. അതായത് സംസ്കാരത്തെ സമൂഹത്തിന്റെ ചില ഉൽപ്പന്നങ്ങളിലേക്ക് വെട്ടിച്ചുരുക്കുകയും അവയുടെ മഹത്വകീർത്തനത്തിലൂടെ സംസ്കാരത്തെ വരേണ്യതയുടെ പ്രതീകങ്ങളിലേക്ക് ഒതുക്കുകയും ചെയ്യുന്ന സാമ്പ്രദായിക സാംസ്കാരിക പഠനത്തെ തലകീഴായി മറിക്കുകയും സാമൂഹ്യ ഘടനയിലും ചരിത്രഗതിയിലും വിപ്ലവരാഷ്ട്രീയ പ്രവർത്തനത്തിലും സംസ്കാരത്തിനുള്ള നിർണായക പ്രാധാന്യത്തെ വിശകലനം ചെയ്യുകയുമാണ് സംസ്കാരപഠനം ചെയ്യുന്നത്. *സമഗ്രജീവിതശൈലിയാണ് സംസ്കാരം*[1] (Culture is a whole way of life) എന്ന് റെയ്മണ്ട് വില്യംസും (1921-88) പോരാട്ടത്തിന്റെ സമഗ്രശൈലിയാണ് സംസ്കാരം (Whole Way of Struggle) എന്ന് എന്ന് ഇ.പി. തോംസണും (1924-93) സംസ്കാരത്തെ നിർവചിച്ചത് ഇതുമായി കൂട്ടിവായിക്കേണ്ടതാണ്. ചുരുക്കത്തിൽ ഒരു സമൂഹത്തിന്റെ മൂല്യങ്ങളും വിശ്വാസാചാരങ്ങളും പ്രത്യയശാസ്ത്രവും എല്ലാമടങ്ങിയ സമഗ്രമായ ജീവിതശൈലിയാണ് സംസ്കാരം. ഈ സംസ്കാരം വിനിമയം ചെയ്യപ്പെടുന്നത് ഭാഷാപ്രയോഗങ്ങളിലൂടെയും ഇതര ചിഹ്നവ്യവസ്ഥകളുടെ അർഥവത്തായ ക്രമീകരണങ്ങളിലൂടെയുമാണ്. അസമമായ സാമൂഹികബന്ധങ്ങളിൽ നിലനിൽക്കുന്ന ഒരു സാമൂഹികവ്യവസ്ഥയിൽ ഓരോ വിഭാഗവും തങ്ങളുടെ സാംസ്കാരിക അധീശത്വം നേടുന്നതിനായി ശ്രമിച്ചുകൊണ്ടേയിരിക്കും.

ഇത് സാധിക്കുന്നത് സമൂഹത്തിൽ വിനിമയം ചെയ്യപ്പെടുന്ന ചിഹ്നങ്ങളിലൂടെയും ആ ചിഹ്നങ്ങൾ പ്രകടമാക്കുന്ന പ്രതിനിധാനങ്ങളിലൂടെയുമാണ്. അധീശത്വം സ്ഥാപിക്കുന്ന വിഭാഗം തങ്ങളുടെ പ്രത്യയശാസ്ത്രങ്ങളെ മറ്റു സാംസ്കാരിക വ്യവസ്ഥകളിൽ അംഗീകരിപ്പിക്കാൻ നടത്തുന്ന തന്ത്രപരമായ ശ്രമങ്ങളും അത് മറ്റ് സാംസ്കാരിക സമൂഹങ്ങളിൽ ഉയർത്തിവിടുന്ന സംഘർഷങ്ങളും അതിനോടനുബന്ധിച്ച പ്രതിഷേധങ്ങളുമാണ് ഒരു പുതിയ സാംസ്കാരിക വ്യവസ്ഥിതിക്ക് നിദാനമാവുന്നത്.

കേരളത്തെ സംബന്ധിച്ച് അനേകം സാംസ്കാരിക സംഘർഷങ്ങൾക്കും പരിവർത്തനങ്ങൾക്കും സാക്ഷ്യം വഹിച്ച കാലമാണ് പത്തൊൻമ്പതാം നൂറ്റാണ്ട്. കേരളത്തിന്റെ സാംസ്കാരിക പരിസരത്തിൽ വ്യത്യസ്തങ്ങളായ പ്രവണതകൾ ഈ നൂറ്റാണ്ടിൽ രൂപപ്പെട്ടു. *ഒരു സംസ്കാരം മറ്റൊരു സംസ്കാരവുമായി ഏറ്റുമുട്ടുമ്പോൾ മാത്രമാണ് പുതിയ ചോദ്യങ്ങൾ ഉണ്ടാകുന്നത്. അപ്പോഴാണ് പുതിയ ഉത്തരങ്ങൾക്കു വേണ്ടിയുള്ള അന്വേഷണങ്ങളും ഉണ്ടാകുന്നത്. പാശ്ചാത്യസംസ്കാരവുമായി ഏറ്റുമുട്ടുന്നതുവരെ നമ്മുടേത് തികച്ചും പാരമ്പര്യ*

*ബദ്ധമായ, നിശ്ചലവും ജീർണവുമായ ഒരു സമൂഹമായിരുന്നു. പാശ്ചാത്യ സംസ്കാരവുമായുള്ള ഏറ്റുമുട്ടൽ കേരളത്തിലെ എല്ലാ സമുദായങ്ങളെയും സ്വന്തം അവസ്ഥയെക്കുറിച്ചുള്ള വീണ്ടുവിചാരങ്ങൾക്കും പുതിയ അന്വേഷണങ്ങൾക്കും പ്രേരിപ്പിച്ചു. സ്വന്തം എന്ന് ഉറപ്പിച്ചു പറയാവുന്ന സാഹിത്യരൂപങ്ങൾക്കും ആശയങ്ങൾക്കും വേണ്ടിയുള്ള അന്വേഷണമാണ് അത്.*[2]

എന്നാൽ പാശ്ചാത്യ സംസ്കാരത്തിന്റെ സംഘർഷങ്ങൾക്കടിമപ്പെടാതെതന്നെ സാഹിത്യത്തിൽ ഒരു പുതിയ ഭാവുകത്വത്തിന് നാന്ദികുറിച്ച വെണ്മണി പ്രസ്ഥാനമെന്ന സാഹിത്യപ്രസ്ഥാനത്തിന്റെ സാംസ്കാരികസ്വത്വത്തെ അടയാളപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം.

## വെണ്മണിപ്രസ്ഥാനം

പത്തൊൻപതാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ കേന്ദ്രമാക്കി രൂപംകൊണ്ട കൊടുങ്ങല്ലൂർ ഗുരുകുലമാണ് വെണ്മണിപ്രസ്ഥാനത്തിന്റെ പിറവിക്ക് കാരണമായത്. *വിദ്വാൻ ഇളയതമ്പുരാന്റെ കാലത്ത് കൊടുങ്ങല്ലൂർ കോവിലകത്തു മുളച്ച് പിന്നീട് വടവൃക്ഷം പോലെ വളർന്നു പടർന്നു പന്തലിച്ചതാണ് വെണ്മണിപ്രസ്ഥാനം.*[3] സംസ്കൃതത്തിന്റെ അധീശത്വത്തെ തട്ടിമാറ്റി ശുദ്ധ മലയാളഭാഷയിൽ കാവ്യങ്ങൾ രചിച്ചു എന്നതാണ് ഈ കവികളെ ശ്രദ്ധേയരാക്കിയത്.

ചേലപ്പറമ്പു നമ്പൂതിരി, പൂന്തോട്ടത്ത് അച്ഛൻ, പൂന്തോട്ടത്ത് മകൻ, വെണ്മണി അച്ഛൻ, കോട്ടപ്പടിക്കൽ ഗോദവർമൻ തിരുമുൽപ്പാട് എന്നിവരാണ് ഈ പ്രസ്ഥാനത്തിലെ ആദ്യകാല കവികൾ

*മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും*
*മൂടീട്ടു വൻകറ്റയും*
*ചൂടിക്കൊണ്ടരിവാൾ പുറത്തുതിരുകി*
*പ്രാഞ്ചിക്കിതച്ചങ്ങനെ*
*നാടൻ കച്ചയുടുത്തു മേനി മുഴുവൻ*
*ചേറും പുരണ്ടിപ്പൊഴി-*
*പ്പാടത്തുന്നു വരുന്ന നിൻ വരവുക*
*ണ്ടേറെക്കൊതിക്കുന്നു ഞാൻ*

പൂന്തോട്ടത്തച്ഛന്റെ ലളിതമായ ഈ ശ്ലോകം മലയാളഭാഷയുടെ മണവും ഗുണവും ഉൾക്കൊള്ളുന്നതാണ്.

ഇവർക്കുശേഷം വന്ന കവികളാണ് വെണ്മണി പ്രസ്ഥാനത്തെ പരിപോഷിപ്പിച്ചത്. ഇവരിൽ പ്രധാനികളാണ് വെണ്മണി മഹൻ, കുഞ്ഞുക്കുട്ടൻ തമ്പുരാൻ, നടുവത്തച്ഛൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, നടുവം മഹൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ഒറവങ്കര രാജാ, കൊച്ചുണ്ണിത്തമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ തുടങ്ങിയവർ.

സാമൂഹികാവസ്ഥയുടെ ഉൽപ്പന്നം എന്ന നിലയിലാണ് കലയും സാഹിത്യവും സാംസ്കാരിക പ്രവർത്തനങ്ങളും നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ ഒരുയിർത്തെഴുന്നേൽപ്പിന് ഈ കവികളെ പ്രേരിപ്പിച്ച സാംസ്കാരിക സാഹചര്യങ്ങളെക്കൂടി കണക്കിലെടുത്താവണം വെണ്മണി പ്രസ്ഥാനത്തെ വിലയിരുത്തേണ്ടത്.

ഇവരെക്കൂടാതെ കാത്തുള്ളിൽ അച്യുതമേനോൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ, പെട്ടരഴിയം രാമനെളയത്, കറുത്തപാറ ദാമോദരൻ നമ്പൂതിരി, പി.വി. കൃഷ്ണവാര്യർ, തൊട്ടേക്കാട്ട് ഇക്കാവമ്മ തുടങ്ങി ഒരുനിര കവികൾ വെണ്മണിപ്രസ്ഥാനത്തിന്റെ അനുഗാമികളായുണ്ടായി. വെണ്മണിപ്രസ്ഥാനം വളരെ പെട്ടെന്ന് സാധാരണക്കാരുമായി അടുക്കുകയും ജനസ്വാധീനം നേടുകയും ചെയ്തു. സാഹിത്യരംഗത്ത് അടിമുടി മാറ്റം വരുത്താൻ ഇവരുടെ സാഹിത്യപരിശ്രമങ്ങൾക്ക് കഴിഞ്ഞു. അന്നുവരെ മലയാളസാഹിത്യം കണ്ടിട്ടില്ലാത്ത ഒരുൻമേഷം സാഹിത്യരംഗത്തുണ്ടായി. നിരുൻമേഷികളായിരുന്ന ഒരു സമൂഹത്തിന്റെ പ്രതിനിധികളായിരുന്ന ഒരുകൂട്ടം ആളുകൾ പെട്ടെന്നുണർന്നു കർമരംഗത്തേക്ക് കടന്നുവന്നതിന്റെ ചരിത്രം കൂടിയാണിത്. സാമൂഹികാവസ്ഥയുടെ ഉൽപ്പന്നം എന്ന നിലയിലാണ് കലയും സാഹിത്യവും സാംസ്കാരിക പ്രവർത്തനങ്ങളും നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ ഒരുയിർത്തെഴുന്നേൽപ്പിന് ഈ കവികളെ പ്രേരിപ്പിച്ച സാംസ്കാരിക സാഹചര്യങ്ങളെക്കൂടി കണക്കിലെടുത്താവണം വെണ്മണിപ്രസ്ഥാനത്തെ വിലയിരുത്തേണ്ടത്.

## പത്തൊൻമ്പതാം നൂറ്റാണ്ടിലെ കേരളവും വെണ്മണിമാരും

ജാതിശ്രേണിയിൽ ഉയർന്ന സ്ഥാനം കയ്യാളിയിരുന്നവരാണ് വെണ്മണിമാരും അനുഗാമികളും. വെണ്മണിപ്രസ്ഥാനത്തിന്റെ ചരിത്ര പശ്ചാത്തലം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു സാമുദായിക വ്യവസ്ഥയുടെ ജീർണിച്ച മുഖമാണ്. പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പ്രഭാവം സാധാരണക്കാരെ അറിവിലേക്ക്, ഒരു പുതിയ ലോക ബോധത്തിലേക്ക് നയിച്ചു. ഭൂസ്വത്തും അധികാര പദവിയും കയ്യാളിയിരുന്ന നമ്പൂതിരി സമുദായത്തിന്റെ ആഭിജാത്യം ചോദ്യംചെയ്യപ്പെടുകയും ഇവരുടെ ആജ്ഞാനുവർത്തികളായിരുന്ന മറ്റ് സമുദായങ്ങൾ പ്രബലമാവുകയും ചെയ്തു. ഇങ്ങനെ സാമ്പത്തികവും സാംസ്കാരികവുമായ തകർച്ചയുടെ പശ്ചാത്തലത്തിലാണ് ഈ സമുദായാംഗങ്ങളിൽ ചിലർ സാഹിത്യമണ്ഡലത്തിലേക്ക് കടന്നുവരുന്നത്.[4]

തങ്ങളുടെ പശ്ചാത്തലം ഈ കവികൾ കൃത്യമായി മനസ്സിലാക്കിയിരുന്നു. 'അഷ്ടമിയാത്ര'യിൽ നടുവത്തച്ഛൻ

*"തെക്കും വടക്കും ഗതിചെയ്തു കാലം*
*പോക്കും, പഠിക്കില്ല, പണത്തിനായി*
*വിൽക്കും സ്വതേയുള്ളൊരു ജന്മവസ്തു*
*നോക്കുമ്പോളെന്തോ കഥ തമ്പുരാനേ"*

(222-ാം ശ്ലോകം)

എന്ന് വിലപിക്കുന്നുണ്ട്.

*കാലത്തിന്റെ മാറ്റം തിരിച്ചറിഞ്ഞ ഇവർ ആദ്യം ചെയ്തത് സാഹിത്യത്തിലെ സംസ്കൃതാധിപത്യത്തെ ചോദ്യംചെയ്യുകയാണ്. അതിരുകവിഞ്ഞ സംസ്കൃതാധിപത്യത്തിന്റെ നേർക്ക് അബോധപൂർവമായി നടത്തിയ ഒരു പ്രതിഷേധമായിരുന്നു അവരുടെ കവിത. ഈ അവർ ആരായിരുന്നു? സംസ്കൃതത്തിനെ തറവാട്ടു സ്വത്തായി കണക്കാക്കി സംരക്ഷിക്കാൻ ചുമതലപ്പെട്ടവർ തന്നെ. നമ്പൂതിരിമാരും തമ്പുരാക്കൻമാരും. അവർ തന്നെയാണ് അതിനെതിരെ ശ്ബ്ദമുയർത്തിയത്.*[5] മാത്രമല്ല അന്നത്തെ സാഹിതീയ സങ്കൽപ്പങ്ങളെ ഈ കവികൾ വെല്ലുവിളിക്കുകയും ചെയ്തു. *സാഹിത്യ സാമൂഹ്യരംഗത്തെ ചലനങ്ങൾ നേരിട്ട് കലയിലേക്ക് കടക്കുകയല്ല.*



*അത് കലയിൽ പ്രതിഫലിപ്പിക്കുന്ന പ്രക്രിയ വളരെ സങ്കീർണമാണ്. സമൂഹത്തിന് പൊതുവെ ഒരു മനസ്സാക്ഷിയുണ്ട്. സമൂഹത്തിന്റെ ചരിത്രത്തെ പ്രതിനിധാനം ചെയ്യുന്ന ഓരോ ഘട്ടത്തെയും അത് പ്രതിഫലിപ്പിക്കുന്നുണ്ട്. അതിനെയാണ് നാം സാമൂഹ്യ മനസ്സാക്ഷി എന്നു പറയുന്നത്. അത് ഓരോ വ്യക്തിയിലും പ്രതിഫലിക്കുക ഓരോ തരത്തിലായിരിക്കും. ഉദാഹരണമായി മലയാള സാഹിത്യത്തിലെ ആധുനികതയ്ക്ക് തുടക്കമിട്ട കൊടുങ്ങല്ലൂർ കവികളെ പരിശോധിക്കുക. അന്നവർ പ്രതിനിധാനം ചെയ്ത സാമൂഹ്യ മനസ്സാക്ഷി വളരെ പതുക്കെ വളരാൻ തുടങ്ങിയ ബൂർഷ്വാ സമൂഹമാണ്. പഴയ ജാതി ജൻമി നാടുവാഴി കാലത്ത് പതുക്കെ പതുക്കെയായി ബുർഷ്വാ സമൂഹവുംസംസ്കാരവും വളർന്നുവരികയായിരുന്നു. അത് പ്രകടമായി കണ്ടത് ഭാഷയുടെയും സാഹിത്യത്തിന്റെയും രൂപത്തിലാണ്. കൊടുങ്ങല്ലൂർ കവികൾക്കെല്ലാമുള്ള പൊതുവേയുള്ള ഒരു സ്വഭാവം ജനങ്ങളിലേക്ക് അവർ ഇറങ്ങിച്ചെന്നു എന്നതാണ്. ഇത് കൊടുങ്ങല്ലൂർ കവികൾക്ക് മുഴുവൻ ബാധകമാണ്.*[6] ഇങ്ങനെ സമൂഹത്തിൽ തങ്ങളുടെ സ്ഥാനം (position) കൃത്യ

മായി അടയാളപ്പെടുത്താൻ ഈ കവികൾക്ക് കഴിഞ്ഞു.

**വെണ്മണിപ്രസ്ഥാനത്തിന്റെ ഇടപെടൽ ഭാഷയിലും സാഹിത്യത്തിലും സമൂഹത്തിലും**

സാഹിത്യരംഗത്തും സാമൂഹികരംഗത്തും സാംസ്കാരികരംഗത്തും തങ്ങളുടെ സ്ഥാനമുറപ്പിക്കാൻ ഒരു കൂട്ടം കവികൾ നടത്തിയ ബോധപൂർവമായ ശ്രമമായി വേണം വെണ്മണിപ്രസ്ഥാനത്തെ കരുതാൻ. കാവ്യഭാഷയിൽ ഇവർ നടത്തിയ അഴിച്ചുപണികളാണ് എടുത്തുപറയേണ്ടത്.

കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻ തമ്പുരാൻ കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച എഴുത്തിൽ

നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ-
ക്രമക്കണക്കേ ശരണം, ജനങ്ങൾ
സമസ്തരും സമ്മതിയാതെ കണ്ടീ-
സമർഥനോതില്ലൊരു വാക്കുപോലും[7] എന്ന്

സംസ്കൃതഭാഷയോടുള്ള അകൽച്ചയും

മറ്റൊരു കത്തിൽ 'ഹാംലെറ്റ്' തർജുമയെപ്പറ്റി

"ആകപ്പാടെ നമുക്കതത്ര ശരിയായ്-
ത്തൃപ്തിപ്പെടുന്നീലെടോ
ശ്ലോകപ്പാടുമതിന്റെ ഗദ്യരചനാ-
ഭേദങ്ങളേർപ്പാടുമേ
ലോകത്തിൽ ജനസമ്മതത്തിനുതകാ-
ത്തിംഗ്ലീഷു നാമങ്ങളും
പാകത്തിൽപ്പെടുകയില്ല ശുദ്ധമലയാള-
ക്കാർക്കതെന്നേ വരൂ
എന്നാലുമിംഗ്ലീഷറിയും ജനങ്ങൾ
നന്നായിയെന്നായ്പ്പറയും ചിലേടം
ഒന്നാണിനിക്കിയ്യിതിൽ മെച്ചമിംഗ്ലീ
ഷിന്നാറ്റമേൽക്കാതിതു ചെയ്തുവല്ലോ"[8]

എന്ന് ഇംഗ്ലീഷിനോടുള്ള അതൃപ്തിയും തങ്ങൾ ആരുടെ ഭാഷയ്ക്കൊപ്പമാണെന്ന് പ്രഖ്യാപിക്കുന്നുണ്ട്.

വെണ്മണിപ്രസ്ഥാന കവികളെക്കുറിച്ചുള്ള പരാതി അവർ ഒരേമട്ടിലുള്ള കാവ്യങ്ങൾ രചിച്ച് കവിത്വസിദ്ധി വ്യയംചെയ്തു എന്നതാണ്. എന്നാൽ അവർ ഭാഷയ്ക്കു നൽകിയ പുതിയ കാവ്യരൂപങ്ങൾ-കവിതയിലുള്ള യാത്രാവിവരണം, വർണനാത്മക കാവ്യങ്ങൾ, കഥാകാവ്യങ്ങൾ, കവിതക്കത്തുകൾ തുടങ്ങിയവ കൂടാതെ സമസ്യാപൂരണങ്ങൾ, ഛായാശ്ലോകങ്ങളുടെ നിർമാണം എന്നിവയെല്ലാം ഭാഷയിൽ ആധിപത്യം നേടിയെടുക്കാനുള്ള ഇവരുടെ ശ്രമങ്ങളാണെന്നു മനസ്സിലാക്കാൻ സാധിക്കും. സാധാരണക്കാരന്റെ ഭാഷയിൽ ലളിതമായ കാര്യങ്ങളാണ് അവർ പറഞ്ഞത്. ഇത് സാമാന്യജനങ്ങളെ വെണ്മണിപ്രസ്ഥാനത്തിലേക്കടുപ്പിക്കുകയും ചെയ്തു. സംസ്കൃത വിഭക്ത്യന്ത പദങ്ങളെ ഒഴിവാക്കി, നാടൻപദങ്ങളെയും സംസാരഭാഷയെയും കവിതയിലിണക്കി. ഇങ്ങനെ ശുദ്ധമലയാള ഭാഷയോടുള്ള സ്നേഹം മലയാള പദങ്ങൾ മാത്രം ഉപയോഗിച്ച് കാവ്യമെഴുതാനുള്ള വെല്ലുവിളി (പച്ചമലയാള പ്രസ്ഥാനം) ഏറ്റെടുക്കാനും ഇവരെ പ്രേരിപ്പിച്ചു.

സംസ്കൃതത്തിന്റെ ആധിപത്യപരമായ വാഴ്ചക്കെതിരെ നടത്തിയ പോരാട്ടത്തിൽ സംസ്കൃത പക്ഷപാതികളായിരുന്ന കേരളവർമപ്രസ്ഥാനക്കാരോട് ചിലപ്പോഴെങ്കിലും സൗഹാർദ്ദപരമായ ഒരിണക്കുത്ത് ഇവർ മനസ്സിൽ സൂക്ഷിച്ചിരുന്നു എന്നു സംശയിക്കണം. കുഞ്ഞുകുട്ടൻ തമ്പുരാന്റെ ഒരു കത്തിൽ

*"തെക്കരിൽ ചില തിരക്കുകാർകളു-*
*ണ്ടൊക്കെ ഞാനറിയുമോതിടേണ്ടടോ*
*മുക്കുമൂലകളിൽ വാണു ദൂഷണം*
*കക്കുമെങ്കിലതുമിങ്ങു ഭൂഷണം"*[9] എന്ന

പരാമർശം ഇങ്ങനെയൊരു സൂചനകൂടി തരുന്നുണ്ട്.

മാറുന്ന പൊതുമണ്ഡലത്തെക്കുറിച്ചും (Public Sphere) പുതിയ വായനാസമൂഹത്തെക്കുറിച്ചും (Reading Public) ഇവർക്ക് തിരിച്ചറിവുണ്ടായിരുന്നു. നുടവത്തച്ഛന്റെ അഷ്ടമിയാത്രയിലും, വെണ്മണിമഹന്റെ പൂരപ്രബന്ധത്തിലും കാണുന്ന വിവിധജനവിഭാഗങ്ങളുടെ സൂക്ഷ്മാംശത്തിലുള്ള വർണനകൾ ഇവർ തങ്ങൾക്കു ചുറ്റും ജീവിക്കുന്നവരെ കൺതുറന്നു നോക്കി എന്നുതന്നെയാണ് സൂചിപ്പിക്കുന്നത്. മാറുന്ന കാലത്തിന്റെ സങ്കേതങ്ങളെ-അച്ചടി, തപാൽ-ഇതോടെ വ്യാപകമായ വർത്തമാന പത്രങ്ങൾ, മാസികകൾ എന്നിവയെ സമർഥമായും അധീശത്വപരമായും ഉപയോഗിക്കാൻ വെണ്മണിക്കവികൾക്ക് കഴിഞ്ഞു.

1888-ൽ കണ്ടത്തിൽ വറുഗീസ്മാപ്പിള മലയാളമനോരമ പത്രം ആരംഭിക്കുകയും അതിൽ കവിതയ്ക്കായി ഒരു പേജ് മാറ്റിവെക്കുകയും ചെയ്തു. ഒരു വർഷം കഴിഞ്ഞപ്പോൾ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി കിടന്നിരുന്ന കേരളത്തിലെ സാഹിത്യ

മലയാളസാഹിത്യത്തിന് പുതിയ ഭാവുകത്വങ്ങൾ ഉൾക്കൊള്ളാൻ പ്രാപ്തമാക്കിയ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയും മലയാളകവിതയ്ക്ക് പുതിയ ദിശാബോധം ഉണ്ടാക്കിയെടുക്കുകയും ചെയ്ത വെണ്മണി പ്രസ്ഥാനത്തെ തിരിച്ചറിയാൻ സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രങ്ങൾ സഹായിക്കും.

കാരൻമാരെ കൂട്ടി 'കവിസമാജം' എന്ന സംഘടനയും രൂപീകരിച്ചു. ഇത് പിന്നീട് 'ഭാഷാപോഷിണി സഭ'യായി. ഈ സഭയുടെ നേതൃത്വത്തിൽ ഏഴ് സമ്മേളനങ്ങൾ കേരളത്തിൽ പലയിടങ്ങളിലായി നടന്നു. ഇതിലെല്ലാം വെണ്മണിക്കവികൾ സജീവമായി പങ്കെടുക്കുകയും അവിടെ നടത്തിയ കവിപരീക്ഷകളിൽ വാശിയോടെ വിജയം വരിക്കുകയും ചെയ്തു.

കുഞ്ഞുകുട്ടൻ തമ്പുരാൻ നടുവത്തച്ഛനയച്ച കത്തിൽ (കൊ.വ.67) കോട്ടയത്ത് നടക്കുന്ന കവിസമാജത്തെക്കുറിച്ച്[10]

*"ഇങ്ങെല്ലാവരും മടിച്ചാലരിയ 'കവി*
*സമാജ'ത്തിലീക്കൊച്ചിയിൽക്കാ-*
*രങ്ങില്ലാതായ് ഭവിക്കും പറയണമതു നൊ-*
*മ്മൾക്ക് മാനത്തിനാമോ?"* എന്ന് പരാമർശിച്ചിട്ടുണ്ട്.

കവനകൗമുദി, വിദ്യാവിനോദിനി തുടങ്ങിയ അക്കാലത്തെ മാസികകളിലും വെണ്മണിക്കവികൾ രചനകൾ പ്രസിദ്ധീകരിച്ചിരുന്നു. ഇവരുടെ കാവ്യങ്ങൾ കേരളസമൂഹത്തിന് പരിചിതമാവാൻ ഇത്തരം പ്രസിദ്ധീകരണങ്ങൾ കാരണമായിട്ടുണ്ട്.

വെണ്മണിമാരുടെ കൃതികളെല്ലാം ഒരേ അച്ചിലിട്ട് വാർത്ത രൂപങ്ങളാണെന്ന തെറ്റിദ്ധാരണയും ഇടക്കാലത്ത് കടന്നുകൂടിയിട്ടുണ്ട്. എന്നാൽ ഇവരുടെ രചനകൾ മുഴുവൻ വായിച്ചുനോക്കാതെയാണ് പലരും ഇത്തരത്തിൽ അഭിപ്രായപ്പെട്ടത്. വളരെ വ്യത്യസ്തവും നവീനവുമായ ആശയങ്ങളെയും പ്രമേയങ്ങളെയും ഈ കവികളിൽ പലരും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ എടുത്തു പറയേണ്ടത് നടുംമഹന്റെ ഗാന്ധി, ഗാന്ധിവിജയപ്രാർഥനാ ശതകം, ആശ്രമപ്രവേശം എന്നിവയാണ്.

"പുല്ലും വല്ലഭനായുധം കരുതുകിൽ
ഗാന്ധിക്കു ജേലും ജയം
ചൊല്ലും സർവജനങ്ങളും കഴൽതൊഴും
കണ്ടാൽ മഹാത്മാവിനെ
വെല്ലും നിശ്ചയമേതു ശക്തികളെയും
സ്വന്തം മനശ്ശക്തിയാൽ-
ചെല്ലും ജേലിലുമൂക്കെഴും കഴുകിലും
തോക്കിന്റെ നേർക്കും സുഖം" (ഗാന്ധി)

എന്ന ഭാഗം ഗാന്ധിയോടും ദേശീയ പ്രസ്ഥാനത്തോടും കവിയുടെ മനോഭാവം വ്യക്തമാക്കുന്നതാണ്.

*നടുവത്തുമഹന്റെ ഗാന്ധി, ആശ്രമപ്രവേശം തുടങ്ങിയ കവിതകൾ കാഴ്ച വെയ്ക്കുന്ന അമ്പരപ്പിക്കുന്ന ദൂരവീക്ഷണവും ഉൾക്കാഴ്ചയും എന്റെ മനസ്സിൽ തട്ടി. സാധാരണ കവികൾ തിരുനാൾ മംഗളങ്ങൾ എഴുതി കാലയാപനം ചെയ്തിരുന്ന സമയത്താണ് അദ്ദേഹം ഏഷ്യയും ആഫ്രിക്കയും മറ്റും ഭരിച്ചിരുന്ന ധീരമാരെ നട്ടെല്ലു നിവർത്തി നിന്ന് അർഥമുള്ള വാക്കിനാൽ വെല്ലുവിളിച്ചത്. തന്നെയുമല്ല, ഗ്രീസും അയർലണ്ടും ഈജിപ്തും മറ്റ് പ്രാചീന സംസ്കൃതികളും ഭാരതത്തെപ്പോലെത്തന്നെ കോളനിഭരണത്തിന്റെ ചങ്ങലയിൽ കിടക്കുന്ന സഹോദരിമാരായി അദ്ദേഹം കാണുന്നു. "വള്ളത്തോൾ രംഗത്തെത്തും മുമ്പാണിതെന്ന് മറക്കരുത്.*[11] എന്ന് വിഷ്ണുനാരായണൻ നമ്പൂതിരി രേഖപ്പെടുത്തിയിരിക്കുന്നത് ഈ കവിതയുടെ പ്രാധാന്യം വ്യക്തമാക്കുന്നു.

വയർനിറച്ച് ഉണ്ട് ഏമ്പക്കവും വിട്ട് ദാരിദ്ര്യദുഃഖം എന്തെന്നറിയാതെ കഴിഞ്ഞ ഒരു കൂട്ടം സവർണകവികളുടെ നേരമ്പോക്കുകൾ എന്ന നിലയിലാണ് പിന്നീട് വന്ന പലരും വെണ്മണിക്കവിതകളെ വിലയിരുത്തിയത്. എന്നാൽ ദാരിദ്ര്യദുഃഖവും വൈയക്തിക ദുരന്തങ്ങളും വേണ്ടുവോളം ഉണ്ടായിരുന്നിട്ടും തങ്ങൾക്കു വന്നുചേർന്ന ദുഃസ്ഥിതിയെ പ്രതിഭാശക്തികൊണ്ടും സമന്വയഭാവനകൊണ്ടും നേരിടുകയും മാറിവരുന്ന സാമൂഹിക ചലനങ്ങളെ ഉൾക്കൊണ്ട് ഒരു പുതിയ ജീവിതക്രമം കരുപ്പിടിപ്പിക്കാൻ ഒരു കൂട്ടം കവികൾ നടത്തിയ പരിശ്രമവും ആയി വേണം ഈ കാവ്യങ്ങളെ വിലയിരുത്താൻ.

അശ്ലീല സാഹിത്യമെന്നും ശൃംഗാരാഭാസമെന്നുമുള്ള പഴി ഒട്ടേറെ കേൾക്കേണ്ടി വന്നിട്ടുണ്ട് വെണ്മണികൾക്ക്. ഇതിനു കാരണം വെണ്മണിപ്രസ്ഥാനത്തെ പിന്നീട് വിലയിരുത്തി

യവർ കൈക്കൊണ്ട സാംസ്കാരിക പക്ഷപാത മാണ്. ഇവരുടെ കാവ്യങ്ങളിൽ കാണുന്ന ചില പരാമർശങ്ങൾ ചൂണ്ടിക്കാട്ടി കാവ്യം മുഴുവൻ അശ്ലീലമാണെന്ന് വിലയിരുത്തുന്നത് ശരിയല്ല. ഈ കവികൾ കാവ്യസൃഷ്ടി നടത്തിയ കാലത്തെ ചില കാവ്യസങ്കേതങ്ങൾ ഇവരുടെ കാവ്യങ്ങളിൽ കാണാമെന്നേയുള്ളൂ. വെണ്മണി പ്രസ്ഥാനത്തെ പിന്നീടുള്ളവർ വിലയിരുത്തിയത് അതെഴുതിയ കാലത്തെ സദാചാര സങ്കൽപ്പത്തി നനുസൃതമായല്ല, മറിച്ച് ദേശീയപ്രസ്ഥാനത്തി ന്റെയും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും അതിനോടനുബന്ധിച്ച് സ്ഥാപിതമായ പുതിയ മൂല്യവ്യവസ്ഥയുടെയും പശ്ചാത്തലത്തിലാണ്. അതുകൊണ്ടുതന്നെ വെണ്മണി പ്രസ്ഥാന ത്തിന്റെ സാംസ്കാരിക പശ്ചാത്തലം തിരിച്ചറി യപ്പെടാതെ പോയി.

മലയാളസാഹിത്യത്തിന് പുതിയ ഭാവുകത്വ ങ്ങൾ ഉൾക്കൊള്ളാൻ പ്രാപ്തമാക്കിയ ക്രിയാത്മ കമായ ഇടപെടലുകൾ നടത്തുകയും മലയാള കവിതയ്ക്ക് പുതിയ ദിശാബോധം ഉണ്ടാക്കിയെ ടുക്കുകയും ചെയ്ത വെണ്മണിപ്രസ്ഥാനത്തെ തിരിച്ചറിയാൻ സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രങ്ങൾ സഹായിക്കും.

### കുറിപ്പുകൾ

1. റെയ്മണ്ട് വില്യംസ്, 1958, "*Culture and Society*'
2. എം.എൻ. വിജയൻ, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം Vol. 2. മുഖക്കുറിപ്പ്
3. അകവൂർ നാരായണൻ, വെണ്മണിപ്രസ്ഥാ നം, പേജ്.66
4. അവലംബം:എഡി. ഡോ:ശീവൊള്ളി നാരാ യണൻ, വെണ്മണികൃതികൾ അവതരണിക പേജ് 13
5. ഡോ. എം. ലീലാവതി, നവരംഗം, (പേജ് 8)
6. കെ. ഇ. എൻ, പ്രണയം കവിത സംസ്കാരം (1999 മെയ്) ലേഖനം: സാഹിത്യ കലാരംഗ ത്തെക്കുറിച്ച് ഇ.എം.എസ്. സംസാരിക്കുന്നു. പേജ്. 196
7. പ്രസാധകർ: പി.വി. കൃഷ്ണവാരിയർ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൃതികൾ, ലക്ഷ്മിസഹായം അച്ചുകൂടം കോട്ടയ്ക്കൽ
8. പ്രസാധകർ: പി.വി. കൃഷ്ണവാരിയർ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൃതികൾ, ലക്ഷ്മിസഹായം അച്ചുകൂടം കോട്ടയ്ക്കൽ - കത്ത് 33
9. പ്രസാധകർ: പി.വി. കൃഷ്ണവാരിയർ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൃതികൾ II, ലക്ഷ്മി സഹായം അച്ചുകൂടം കോട്ടയ്ക്കൽ
10. പ്രസാധകർ: പി.വി. കൃഷ്ണവാരിയർ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കൃതികൾ, ലക്ഷ്മിസഹായം അച്ചുകൂടം കോട്ടയ്ക്കൽ
11. പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി നടുവം കൃതികൾക്കുള്ള ആശംസ, പേജ്. 48. നടുവം കൃതികൾ- സമ്പൂർണ സമാഹാരം (2012 ഡിസം.) ഇൻവിഷൻ മീഡിയ, തൃശ്ശൂർ

### സഹായകഗ്രന്ഥങ്ങൾ


1. ഇ.എം.എസ്, ഗോവിന്ദപ്പിള്ള.പി: ഗ്രാംഷിയൻ വിചാരവിപ്ലവം, 2008 മാർച്ച്, ചിന്ത പബ്ലിക്കേഷൻസ്.
2. നാരായണൻ അകവൂർ: വെണ്മണിപ്ര സ്ഥാനം,1982,നാഷണൽ ബുക്സ്റ്റാൾ.
3. '' :വകതിരിവ്, 2001, ഡി.സി.ബുക്സ്.
4. പരമേശ്വരൻ നമ്പൂതിരി.എൻ.പി: സമാഹ രണം നടുവം കൃതികൾ വാല്യം 1, 2, 2012, ഡിസംബർ, ഇൻവിഷൻ മീഡിയ, തൃശ്ശൂർ.
5. പരമേശ്വരൻ നായർ. പി.കെ : സാഹിത്യ പഠനങ്ങൾ 1-ാം ഭാഗം, 1990. ഡി.സി. ബുക്സ്.
6. പ്രിയദർശനൻ.ജി: മൺമറഞ്ഞ മാസിക കൾ,1971ജൂലായ്, സാഹിത്യപ്രവർത്തക സഹകരണസംഘം.
7. മലയാളപഠനസംഘം:സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം, 2011.
8. രവീന്ദ്രൻ. പി.പി:സംസ്കാരപഠനം - ഒരു ആമുഖം:2013, ജനുവരി, സാഹിത്യ പ്രവർത്തക സഹകരണസംഘം.
9. ലീലാവതി.എം:നവരംഗം,1973, സാഹിത്യപ്ര വർത്തകസഹകരണസംഘം.
10. വസന്തൻ.എസ്.കെ : കാവ്യാനുശീലനം, 2011,നവംബർ,കേരളസാഹിത്യ അക്കാദമി.
11. വിജയൻ.എം.എൻ (ജന.എഡി) : നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം വാല്യം, 1, 2, 2000, ജനുവരി കേരളസാഹിത്യ അക്കാ ദമി. 12.ശീവൊള്ളി (എഡി): വെണ്മണി കൃതി കൾ, കറന്റ്ബുക്സ്.



**ജയശ്രീ കെ.എം**
അസിസ്റ്റന്റ് പ്രൊഫസർ മലയാളവിഭാഗം
എം.ഇ.എസ് പൊന്നാനി കോളേജ്
പൊന്നാനി